

കമ്മ്യൂണിസ്റ്റുകാർ വന്ന വഴി മറക്കുന്നവർ
-ശ്രീകുമാരൻതമ്പി

രാഹുൽഗാന്ധിയെ രാജ്യം ഉറ്റുനോക്കുന്നു



₹20
ഡിസംബർ 16 – 31, 2019

# കേരളശബ്ദം

www.keralasabdam.in

സ്ഥാനമാറ്റം അഴിമതിക്കാരുടെ ആവശ്യം
-സൗമിനി ജെയിൻ(കൊച്ചി മേയർ)



ISSN 2455-1228

ബി.ജെ.പി സംസ്ഥാന പ്രസിഡന്റ്

## ശോഭാ സുരേന്ദ്രനോ സുരേന്ദ്രനോ?

മലയാളത്തിലെ ഒരേയൊരു സമ്പൂർണ്ണ വിനോദമാസിക

# ഹാസ്യകൈരളി

**Online Payment**
**www.nanafilmweekly.com**




വാർഷിക വരിസംഖ്യ 110 രൂപ

വരിസംഖ്യ അടയ്ക്കാം Paytm ചെയ്യൂ

**SCAN QR Code or PAY to 9846010772**

To Pay, Scan QR Code in Paytm App

തുക മണിയോർഡർ ആയി അയയ്ക്കാം

**MO അയയ്ക്കേണ്ട വിലാസം**

**HASYAKAIRALI Monthly, LEKSHMINADA, KOLLAM 13**

HELPLINE: 0474-2750330, 9495036615

കേരളശബ്ദം

ഡോ. ബി.എ. രാജാകൃഷ്ണൻ:
ഞങ്ങളുടെ മാർഗ്ഗദർശി

Member: I.N.S.

ഭാരതമെന്ന പേർ കേട്ടാലഭിമാന-
പൂരിതമാകണമന്തരംഗം
കേരളമെന്നു കേട്ടാലോ തിളയ്ക്കണം
ചോര നമുക്കു ഞരമ്പുകളിൽ.

# പ്രസാധകക്കുറിപ്പ്

യു.എ.ഇയിൽപ്പെട്ട ഗൾഫ് രാജ്യങ്ങൾ നേരിടുന്ന സാമ്പത്തിക മാന്ദ്യവും, തൊഴിൽ മേഖലയിലെ വൻ പ്രതിസന്ധിയും മൂലം ലക്ഷക്കണക്കിനു മലയാളികൾ ഇതിനകം നാട്ടിലേക്ക് മടങ്ങിയെത്തിയിട്ടുണ്ട്. മലയാളികളെ സംബന്ധിച്ച് ഒരു വലിയ തൊഴിലിടമാണ് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നത്. ഇത് നമ്മുടെ സാമ്പത്തിക, സാമൂഹ്യ മേഖലകളിൽ സൃഷ്ടിക്കുന്ന പ്രത്യാഘാതം എത്ര ഭീകരമാണെന്ന് ആർക്കും ഊഹിക്കാവുന്നതേയുള്ളു. ഈ അവസ്ഥയിലാണ് ഏറ്റവും കൂടുതൽ മലയാളികൾ പണിയെടുക്കുന്ന സൗദി അറേബ്യയിലും പ്രതികൂല സാഹചര്യം സംജാതമായിരിക്കുന്നത്.

സൗദി പൗരന്മാർക്ക് തൊഴിൽ ഉറപ്പാക്കാനുള്ള ലക്ഷ്യത്തോടെ തൊഴിൽ-സാമൂഹിക വികസനമന്ത്രാലയത്തിന്റെ നേതൃത്വത്തിൽ നടപ്പിലാക്കിവരുന്ന നിതാഖാത്ത് പദ്ധതി കർശനമാക്കിയതാണ് മലയാളികളുൾപ്പെടെയുള്ള വിദേശ തൊഴിലാളികൾക്ക് തിരിച്ചടിയായിരിക്കുന്നത്. രണ്ടു വർഷത്തിനിടെ 20 ലക്ഷത്തിലധികം വിദേശ തൊഴിലാലികൾ, സൗദി വിട്ടതായിട്ടാണ് തൊഴിൽ മന്ത്രാലയത്തിന്റെ ഔദ്യോഗിക വെളിപ്പെടുത്തൽ. പ്രതിദിനം ജോലി നഷ്ടപ്പെട്ടു നാട്ടിലേക്ക് മടങ്ങുന്ന മലയാളികളുടെ എണ്ണം 400 ൽ അധികമാണെന്നാണ് കണക്കാക്കപ്പെടുന്നത്. അപ്പോൾ ഒരു വർഷം എത്രപേർ മടങ്ങിയെത്തുമെന്ന് ഊഹിക്കാനാവും.

സൗദിവൽക്കരണ അനുപാതത്തിന്റെ അടിസ്ഥാനത്തിൽ സ്വകാര്യ സ്ഥാപനങ്ങളെ ചുവപ്പ്, മഞ്ഞ, പച്ച, പ്ലാറ്റിനം എന്നീ വിഭാഗങ്ങളായി തരം തിരിക്കുമെന്നതാണ് നിതാഖാത്ത് പദ്ധതി. സൗദി വൽക്കരണത്തിന്റെ തോത്, അതായത് ഇത്ര ശതമാനം സൗദിക്കാരെ നിയമിക്കണം എന്ന നിയമം പാലിക്കാത്ത സ്ഥാപനങ്ങൾ വിലക്ക് നേരിടും. നിതാഖാത്ത് പാലിക്കുന്ന സ്ഥാപനങ്ങൾക്ക് സർക്കാർ ആനുകൂല്യങ്ങൾ ലഭിക്കുകയും ചെയ്യും. ഇതിനായി സ്ഥാപനങ്ങൾ മത്സരിക്കുമ്പോൾ പുറത്താക്കപ്പെടുന്നത് മലയാളികൾ ഉൾപ്പെട്ട വിദേശികളാണ്.

വിദേശ തൊഴിലാളികൾ അടുത്ത മാസം (ജനുവരി) മുതൽ കൂടുതൽ ലെവി അടയ്ക്കണം. 50 ശതമാനത്തിലധികം സൗദി പൗരന്മാർ ജോലി ചെയ്യുന്ന സ്ഥാപനങ്ങളിലെ വിദേശികൾ പ്രതിമാസം 700 റിയാൽ (ഏകദേശം 13373 രൂപ) അടയ്ക്കണം. 50 ശതമാനത്തിൽ താഴെ സ്വദേശി തൊഴിലാളികളുള്ള സ്ഥാപനങ്ങളിൽ ഇത് 800 റിയാൽ (ഏകദേശം 15283 രൂപ) ആയി ഉയരും. വിദേശ തൊഴിലാളികളുടെ ഇഖാമ (താമസാനുമതി രേഖ) പുതുക്കുന്നതിന് 650 റിയാൽ (ഏകദേശം 12417 രൂപ) ആണ് ഇനി മുതൽ വിദേശകമ്പനികൾ അടയ്ക്കേണ്ടത്. ഇതിനു പുറമേ ആരോഗ്യ ഇൻഷ്വറൻസും ലെവിയുമടക്കം രണ്ടുലക്ഷത്തിലധികം രൂപ പ്രതിവർഷം സൗദി സർക്കാരിനു നൽകണം. ഇതുതാങ്ങാനാവാത്തതിനാൽ നിരവധി



വിദേശകമ്പനികൾ ഇതിനകം സൗദി വിട്ടുപോയിട്ടുണ്ട്. ഇതും മലയാളികളുൾപ്പെടെയുള്ള വിദേശികളുടെ തൊഴിൽനഷ്ടത്തിന് കാരണമായിരിക്കുന്നു.

2020 ജനുവരി ആദ്യം മുതൽ 14 തൊഴിൽ മേഖലകളിൽ ഘട്ടം ഘട്ടമായി സ്വദേശികൾക്ക് കൂടുതൽ പ്രാതിനിധ്യം ലഭിക്കും. മെഡിക്കൽ, ഐ.ടി, അക്കൗണ്ട്സ് തുടങ്ങിയ മേഖലകളിൽ പ്രവർത്തിക്കുന്ന മലയാളികൾക്ക് ഇത് വൻ തിരിച്ചടിയാകും. അവർക്ക് നാട്ടിലേക്ക് മടങ്ങേണ്ടിവരും. കൂടുതൽ മേഖലകളിലേക്ക് സ്വദേശിവൽക്കരണം കർശനമായി നടപ്പിലാക്കപ്പെടുന്നതോടെ സ്ഥിതിഗതികൾ കൂടുതൽ പ്രതികൂലമാകാനാണ് സാദ്ധ്യത. ഇത് മലയാളികളെ എങ്ങനെ ബാധിക്കുമെന്ന കാര്യം കണ്ടറിയേണ്ടതാണ്.

DATE OF RELEASE
13-12-2019

16-31 ഡിസംബർ 2019
പുസ്തകം 59
ലക്കം 7

കേരളശബ്ദം

ആനത്തലവട്ടം ആനന്ദന്റെ രോഷം;
ഗതാഗതമന്ത്രിയുടെ ദേശാടനം 50
*-കെ.ജി. പരമേശ്വരൻ നായർ*

ശബരിമലയിൽ പ്രശ്നങ്ങൾ ഉണ്ടാക്കുന്നത് സ്വകാര്യ ക്ഷേത്രങ്ങളുടെ ആൾക്കാർ 5
–എൻ. വാസു(തിരുവിതാംകൂർ ദേവസ്വംബോർഡ് പ്രസിഡന്റ്)

ഗ്രൂപ്പ് വടംവലിയിൽ ഉലയുന്ന ബി.ജെ.പി രാഷ്ട്രീയം 8

ജൂലൈയിലെ അയോഗ്യർ ഡിസംബറിലെ മന്ത്രിമാർ 13

പി. ഭാസ്ക്കരനോട് കമ്മ്യൂണിസ്റ്റുകാർ കാട്ടിയ അനീതി 14
-ശ്രീകുമാരൻ തമ്പി

ഈ രാജ്യത്ത് എന്താണ് സംഭവിക്കുന്ന്? 18

മലയാള സർവ്വകലാശാല 10 നിയമനങ്ങൾ ഹൈക്കോടതി റദ്ദാക്കി 26

രാജ്യത്ത് നിശ്ശബ്ദമായ അടിയന്തിരാവസ്ഥ 30
-രൺജി പണിക്കർ

കേരളാബാങ്ക് സി.പി. എമ്മിന്റെ കാമധേനു 38
- നെടുങ്ങോലം രഘു

പൊതു വിദ്യാഭ്യാസരംഗം എങ്ങോട്ട്? 42

ബലാൽസംഗ പ്രതികളെ വെടിവെച്ചുകൊന്ന സംഭവം 46

യുവാക്കൾ തെറ്റിനെ വിമർശിക്കാൻ മുന്നോട്ടുവരണം 48
–സലിൽ അറക്കൽ
(മത്സ്യത്തൊഴിലാളി കോൺഗ്രസ് നേതാവ്)



സഫ എന്ന ഏറനാടൻ മൊക്കന മൊഞ്ചത്തി 35

സ്വകാര്യ മൊബൈൽ ചാർജ്ജ് വർദ്ധന 53
–ഡോ.എം. ശാർങ്ഗധരൻ

ആർ.സി. ഇ.പി. കരാർ 56
–കെ.ജി. രവി

ഒന്നാംകൂനംകുരിശ് സത്യം 64
–ഡോ. കെ.പി. പൗലോസ്

സൗമിനി ജെയിനുമായി അഭിമുഖം 68

## പുസ്തക പരിചയം

ആനന്ദബോസിന്റെ നാട്ടുനന്മകൾ കേട്ടുതീരുമോ? 67

## പംക്തികൾ

വീക്കിലി സ്ട്രൈക്ക് 25

നോവൽ
സ്നേഹസാന്ദ്രം രവിനിവേശം 58

തലസ്ഥാനവിശേഷം 61

കത്തുകൾ 62

പാർലമെന്റ് സ്ട്രീറ്റ് 72

പ്രതികരണവേദി
*-സി.കെ.ശശി കൊടുങ്ങല്ലൂർ* 74



*Editorial address: Andamukkam ward, kollam-1*
*editorkeralasabdam@gmail.com , phone-0474 2761524*
*Advertisement: 09747105777, circulation 0474 2766280, subscription 0474 2750330*

**എനിക്ക് തോന്നുന്നത്, അല്ലെങ്കിൽ ഞാൻ മനസ്സിലാക്കുന്നത് ഏഴംഗ ബെഞ്ചിന്റെ തീരുമാനം വരുംവരെ, 2018 ന് മുൻപുള്ള സ്ഥിതി തുടരാനാണ് ബഹുമാനപ്പെട്ട കോടതി പറയാതെ പറഞ്ഞിട്ടുള്ളത് എന്നാണ്.**



ഫോട്ടോ കാർത്തിക് ഗോപൻ

പി. ജയചന്ദ്രൻ

# ശബരിമലയിൽ പ്രശ്നങ്ങളുണ്ടാക്കുന്നത് സ്വകാര്യക്ഷേത്രങ്ങളുടെ ആൾക്കാർ

## എൻ. വാസു

**(പ്രസിഡന്റ്, തിരുവിതാംകൂർ ദേവസ്വം ബോർഡ്)**

**1949** ൽ ഒരു കവനന്റ് പ്രകാരം രൂപംകൊണ്ട തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ പുതിയ പ്രസിഡന്റ് എൻ. വാസുവിന്, ബോർഡിന്റെ ചരിത്രത്തിൽ ഒരു സ്ഥാനമുണ്ട്. ബോർഡിന്റെ പ്രസിഡന്റ് പദത്തിലെത്തുന്ന മൂന്നാമത്തെ ഈഴവസമുദായാംഗമാണ് എൻ. വാസു. ആർ. ശങ്കറിനെപ്പോലുള്ള പ്രഗത്ഭമതികൾ പലരും അംഗങ്ങളായിട്ടുണ്ടെങ്കിലും പ്രസിഡന്റാകുവാനുള്ള ആദ്യാവസരം ലഭിച്ചത് മങ്കുഴി മാധവനായിരുന്നു; രണ്ടാമത് ഡോ. ബാബുവിനും. അതിനുശേഷം ഇപ്പോൾ എൻ. വാസുവിനും ആ ഒരവസരം കൈവന്നിരിക്കുന്നു.

ശ്രീ. വാസുവുമായി 'കേരളശബ്ദം' നടത്തിയ അഭിമുഖത്തിൽ നിന്ന്....

**?** *തിരുവിതാംകൂർ ദേവസ്വം ബോർഡ് ഏറ്റവുമധികം പ്രതിസന്ധി നേരിടുന്ന ഘട്ടത്തിലാണല്ലോ താങ്കൾ അതിന്റെ പ്രസിഡന്റ് പദത്തിലെത്തിയിട്ടുള്ളത്. ഈ ഒരു സാഹചര്യത്തിൽ പ്രശ്നങ്ങളെ എങ്ങനെതരണം ചെയ്യാമെന്നാണ് താങ്കൾ കരുതുന്നത്.*

ദേവസ്വം ബോർഡിനെസംബന്ധിച്ചിടത്തോളം ശബരിമല സ്ത്രീ പ്രവേശനവുമായി ബന്ധപ്പെട്ട ചില പ്രതിസന്ധികൾ നിലവിലുണ്ട് എന്നുള്ളത് വാസ്തവമാണ്. അതുപക്ഷേ അത്ര വലിയൊരു കീറാമുട്ടിയാണെന്നൊന്നും ഞാൻ കരുതുന്നില്ല. കഴിഞ്ഞവർഷം ഈ പ്രശ്നങ്ങളുണ്ടാകുമ്പോൾ ഞാൻ കമ്മീഷണറായി ബോർഡിലുണ്ട്. അതുകൊണ്ടുതന്നെ വിഷയങ്ങൾ എനിക്ക് നന്നായിട്ടറിയാം. പിന്നെ, അതെങ്ങനെപരിഹരിക്കും അല്ലെങ്കിൽ തരണം ചെയ്യും എന്ന് ചോദിച്ചാൽ, ഈ രാജ്യത്ത് വ്യവസ്ഥാപിതമായ എന്തെല്ലാം മാർഗ്ഗങ്ങളുണ്ട്. ബഹുമാനപ്പെട്ട സുപ്രീംകോടതി ഈ വിഷയം



ഏഴംഗബെഞ്ചിന്റെ പരിഗണനയ്ക്ക് വിട്ടിട്ടുള്ളതിനാൽ അവിടുന്ന് അന്തിമമായ ഒരു വിധി വരും വരെ എല്ലാവരും സഹിഷ്ണുത പുലർത്തണമെന്നാണ് എന്റെ അഭിപ്രായം. നിർഭാഗ്യവശാൽ കോടതിയുടെ തീരുമാനത്തെ തങ്ങൾക്ക് സൗകര്യപ്പെടും വിധം വ്യാഖ്യാനിക്കുവാനും ബോധപൂർവ്വം പ്രശ്നങ്ങൾ സൃഷ്ടിക്കുവാനുമാണ് പലരുടെയും ശ്രമം. ഏഴംഗ ബെഞ്ചിന്റെ വിധി വരും വരെ പഴയ വിധി നിലനിൽക്കുമെന്നോ ഇല്ലെന്നോ കോടതി വ്യക്തമാക്കിയിട്ടില്ല. അതാണ് എല്ലാവരും വ്യാഖ്യാതാക്കളാകാൻ കാരണം.

എനിക്ക് തോന്നുന്നത്, അല്ലെങ്കിൽ ഞാൻ മനസ്സിലാക്കുന്നത് ഏഴംഗബെഞ്ചിന്റെ തീരുമാനം വരുംവരെ, 2018 ന് മുൻപുള്ള സ്ഥിതി തുടരാനാണ് ബഹുമാനപ്പെട്ട കോടതി പറയാതെ പറഞ്ഞിട്ടുള്ളത് എന്നാണ്. എന്നാൽ അങ്ങനെയല്ല, 2018 ലെ വിധി നിലനിൽക്കുകയാണെന്ന് ഒരു കൂട്ടരുടെ വാദം. അതുകൊണ്ടുതന്നെ സ്ത്രീപ്രവേശനം ആകാമെന്നും ഇവർ വാദിക്കുന്നു. ഇങ്ങനെരണ്ട് വിരുദ്ധാഭിപ്രായങ്ങൾ നിലനിൽക്കുമ്പോൾ സ്വാഭാവികമായും പ്രശ്നങ്ങൾ ഉണ്ടായെന്നുവരാം. ആരെങ്കിലുമൊക്കെ മല കയറാൻ വന്നു എന്നും വരാം. അപ്പോൾ എന്ത് നടപടി സ്വീകരിക്കണം എന്നു തീരുമാനിക്കേണ്ടത് ദേവസ്വം ബോർഡല്ല; ഗവൺമെന്റാണ്. കാരണം ക്രമസമാധാനപാലനം ഗവൺമെന്റിന്റെ ചുമതലയാണ്. അത് ഗവൺമെന്റ്

**സ്ത്രീപ്രവേശനം അനുവദിക്കുകയില്ല എന്നുപറയുമ്പോൾതന്നെ, പ്രശ്നങ്ങൾ സൃഷ്ടിക്കുവാനായി അത് പ്രോത്സാഹിപ്പിക്കുന്ന സമീപനമാണ് അവർ കൈക്കൊള്ളുന്നത്. അതിനി അനുവദിക്കുകയില്ല.**

ഭംഗിയായി നിർവ്വഹിക്കുക തന്നെ ചെയ്യും. പ്രവേശനത്തിനായി വരുന്ന സ്ത്രീകളെ കാര്യങ്ങൾ പറഞ്ഞ് മടക്കി അയയ്ക്കുന്ന സമാധാനപരമായ നിലപാടായിരിക്കും ഗവൺമെന്റ് സ്വീകരിക്കുക എന്നു വേണം കരുതുവാൻ. അതാണല്ലോ ഇപ്പോൾ കണ്ടത്.

പക്ഷേ, പ്രശ്നങ്ങളുണ്ടാക്കണം എന്ന് ചിന്തിക്കുന്ന ഒരു കൂട്ടരുണ്ട്. അവരതിന് ശ്രമിക്കും എന്നുതന്നെ കരുതണം. ഒരു ഭാഗത്ത് ആചാരസംരക്ഷണം എന്നുപറയുകയും മറുഭാഗത്ത് ബോധപൂർവ്വം പ്രശ്നങ്ങൾ സൃഷ്ടിച്ച് മുതലെടുപ്പ് നടത്തുകയുമാണ് അവരുടെ ലക്ഷ്യം. സ്ത്രീപ്രവേശനം അനുവദിക്കുകയില്ല എന്നു പറയുമ്പോൾതന്നെ, പ്രശ്നങ്ങൾ സൃഷ്ടിക്കുവാനായി അത് പ്രോത്സാഹിപ്പിക്കുന്ന സമീപനമാണ് അവർ കൈക്കൊള്ളുന്നത്. അതിനി അനുവദിക്കുകയില്ല.

**?** *അങ്ങനൊരു സമീപനം സ്വീകരിക്കുന്നതിന് പിന്നിൽ എന്തെങ്കിലും ഹിഡൻ അജണ്ടകളുണ്ടോ.*

ഉണ്ടാകണം. ദേവസ്വം ബോർഡിന്റെ ഭരണനിയന്ത്രണം തങ്ങളുടെ കൈകളിൽ വരില്ല എന്ന് ഉറപ്പുള്ളതിനാൽ ഏത് വിധേനയും ബോർഡിനെതകർക്കുക തന്നെയാകണം ഇവരുടെ ലക്ഷ്യം. ക്ഷേത്രങ്ങളിൽ കാണിക്കയിടരുതെന്നും മറ്റുമുള്ള ഇവരുടെ വ്യാപകമായ പ്രചരണം അതിന് തെളിവാണ്. അതേസമയം സ്വകാര്യക്ഷേത്രങ്ങളെ ഇവർ ആവശ്യത്തിൽ കൂടുതൽ പ്രോത്സാഹി

പ്പിക്കാറുമുണ്ട്. ഇവർക്കുതന്നെ സ്വന്ത മായി ക്ഷേത്രങ്ങളുണ്ടെന്നും മനസ്സിലാക്കണം. അതൊക്കെക്കൊണ്ടാണ് ദേവസ്വം ബോർഡിനെതിരെ നിലപാട് സ്വീകരിക്കുവാൻ ഇവർ തയ്യാറാകുന്നത്. ക്ഷേത്രങ്ങളിൽ കാണിക്കയിടരുതെന്നും മറ്റുമുള്ള പ്രചരണം അതാണ് വെളിപ്പെടുത്തുന്നത്. അതുപറയുന്നവർ തങ്ങളുടെ ക്ഷേത്രങ്ങളിൽ കാണിക്ക സ്വീകരിക്കാതിരിക്കുന്നുണ്ടോ എന്ന് ചിന്തിക്കണം.

**?** *ആ പ്രചരണം കുറേയൊക്കെ ലക്ഷ്യം കണ്ടു എന്നുള്ളതിന്റെ തെളിവല്ലേ കഴിഞ്ഞ ശബരിമല സീസണിലെ വരുമാനക്കുറവ്.*

എന്നുപറയാനാവില്ല. പ്രളയവും മറ്റുമായിരുന്നു പ്രധാനകാരണം. എന്നാലിക്കുറി അതിനുമാറ്റം വന്നതായാണ് കാണുന്നത്. ഇവിടെ നമ്മൾ ഒരു കാര്യം മനസ്സിലാക്കേണ്ടതുണ്ട്; തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിൽ ആയിരത്തി ഇരുന്നൂറിൽപ്പരം ക്ഷേത്രങ്ങളുണ്ട്. അതിൽ അൻപതോളം ക്ഷേത്രങ്ങൾ മാത്രമാണ് സ്വയം പര്യാപ്തമായിട്ടുള്ളവ. അവിടങ്ങളിൽ നിന്നും ശബരിമലയിൽ നിന്നുമുള്ള വരുമാനം കൊണ്ടാണ് സ്വയം പര്യാപ്തമല്ലാത്ത ക്ഷേത്രങ്ങളിലേയും നിത്യനിദാനച്ചെലവ് നടത്തേണ്ടത്; ആറായിരത്തോളം ജീവനക്കാരുടെ ശമ്പളവും നാലായിരത്തോളം പെൻഷൻകാരുടെ പെൻഷനും കൊടുക്കേണ്ടത്; ക്ഷേത്രങ്ങളുടെ മെയിന്റനൻസിനും മറ്റും പണം കണ്ടെത്തേണ്ടതും ഈ വരുമാനങ്ങളിൽ നിന്നുമാണ്. അതിനൊക്കെ പ്രതിസന്ധി സൃഷ്ടിക്കുവാൻ കച്ച കെട്ടിയിറങ്ങുന്നവർ, സ്വകാര്യക്ഷേത്രങ്ങളിൽ നടക്കുന്നതൊക്കെയും ആചാരവിധി പ്രകാരമുള്ള കാര്യങ്ങളാണെന്ന് പറയുമോ? അല്ലെങ്കിൽ എന്തുകൊണ്ട് എതിർക്കുന്നില്ല. ചെയ്യുന്നില്ല. കാരണം അവരുടെ ലക്ഷ്യം ദേവസ്വം ബോർഡാണ്. ദേവസ്വം ബോർഡിനെതകർക്കുകയും സ്വകാര്യക്ഷേത്രങ്ങളെ വളർത്തുകയുമാണ് അവരുടെ ലക്ഷ്യം.

**?** *ശബരിമലയെ പ്രത്യേകം ദേവസ്വമാക്കണമെന്നും അതിനായി നിയമമുണ്ടാക്കണമെന്നുമാണല്ലോ. സുപ്രീംകോടതി പറഞ്ഞിട്ടുള്ളത്. അങ്ങനെവന്നാലും അത് മറ്റ് ക്ഷേത്രങ്ങളെ ബാധിക്കില്ലേ.*

തീർച്ചയായും. കാരണം ശബരിമലയാണ് തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ പ്രധാനവരുമാനമാർഗ്ഗം. ആ ശബരിമലയെ പ്രത്യേകം ദേവസ്വം ആക്കണമെന്നുള്ളത്, പന്തളം കൊട്ടാരം കൊടുത്ത ഒരു കേസിന്റെ വാദത്തിനിടയിൽ കോടതി, പറഞ്ഞതല്ല ചോദിച്ചതാണ്. അത് പന്തളം കൊട്ടാരത്തിന്റെ താൽപ്പര്യമാണ്. ശബരിമല ക്ഷേത്രത്തിന്റെ നിയന്ത്രണം തങ്ങളുടെ കയ്യിൽ എത്തിക്കാനുള്ള താൽപ്പര്യം. അത് അംഗീകരിക്കുവാൻ കഴിയില്ല. കാരണം, ശബരിമല പ്രത്യേകം ദേവസ്വമായാൽ



അവിടുന്നുള്ള വരുമാനം ബോർഡിന്റെ മറ്റ് ക്ഷേത്രങ്ങളുടെ നിലനിൽപ്പിനായി ഉപയോഗിക്കുവാൻ കഴിയില്ല. അതുകൊണ്ടുതന്നെ അതിനോട് യോജിക്കാനാവില്ല.

**?** *ദേവസ്വം വക ഏക്കറ് കണക്കിന് ഭൂമി അന്യാധീനപ്പെട്ടിട്ടുണ്ടല്ലോ. അത് തിരിച്ചുപിടിക്കാനുള്ള നടപടികൾ ഇഴയുകയല്ലേ.*

ദേവസ്വം ഭൂമി ധാരാളമായി അന്യാധീനപ്പെട്ടിട്ടുണ്ട്. അത് തിരിച്ചുപിടിക്കാനുള്ള നടപടിക്രമങ്ങൾ നടന്നുകൊണ്ടിരിക്കുകയുമാണ്. പക്ഷേ നിയമത്തിലെ നൂലാമാലകൾ കാരണം, കാലതാമസം വരുന്നുണ്ടെന്നുള്ളത് വാസ്തവമാണ്. ഇത്രയും നാളിനകം വളരെ കുറച്ചുഭൂമി മാത്രമേ തിരിച്ചുപിടിക്കാൻ കഴിഞ്ഞിട്ടുള്ളൂ. എങ്കിലും ഒരു കാര്യം വ്യക്തമായി പറയാം, അൽപ്പം കാലതാമസം നേരിട്ടാലും ദേവസ്വം ഭൂമി ദേവസ്വം ബോർഡിന്റെ കയ്യിൽ തന്നെ വന്നുചേരും. അക്കാര്യത്തിൽ സംശയം വേണ്ട.

**ഭക്തന്റെ കാണിക്കയാണ് തന്റെ അന്നം എന്ന് ക്ഷേത്രജീവനക്കാർ മനസ്സിലാക്കണം. അത് മനസ്സിലാക്കി കൊടുക്കുകയാണ് എന്റെ പ്രഥമ പരിഗണനാവിഷയം.**

**?** *ദേവസ്വം ബോർഡ് പ്രസിഡന്റ് എന്ന നിലയിൽ താങ്കൾക്ക് ചില സ്വപ്നങ്ങൾ കാണുമല്ലോ; ചില ഭരണപരിഷ്ക്കാര തീരുമാനങ്ങൾ കാണുമല്ലോ; എന്താണത്.*

ക്ഷേത്രങ്ങളും ദേവസ്വം ബോർഡും ഭക്തർക്കുവേണ്ടിയുള്ളതാണ്. അതുകൊണ്ടുതന്നെ ക്ഷേത്രങ്ങളിലെത്തുന്ന ഭക്തർക്ക് ആരാധനയ്ക്കുള്ള സൗകര്യവും സംവിധാനവും ഉണ്ടാകണം. ഓരോ ക്ഷേത്രജീവനക്കാരനും അക്കാര്യത്തിൽ പ്രതിജ്ഞാബദ്ധനായിരിക്കണം. എന്നാൽ നിർഭാഗ്യകരമെന്നുപറയട്ടെ, പല ക്ഷേത്രങ്ങളിലും ഇതിനൊക്കെ വിരുദ്ധമായിട്ടാണ് കാര്യങ്ങൾ നടക്കുന്നത്. ഇനി അതനുവദിക്കില്ല. ഭഗവാൻ കഴിഞ്ഞാൽ പിന്നെ ഭക്തനായിരിക്കണം ക്ഷേത്രത്തിൽ പ്രാമുഖ്യം. അത് മനസ്സിലാക്കി പ്രവർത്തിക്കുവാൻ ജീവനക്കാർ തയ്യാറാവുക തന്നെ വേണം. അതാണ് എന്റെ പ്രധാനലക്ഷ്യവും സ്വപ്നവും. തന്റെ ജീവിതപ്രയാസങ്ങളുടെ ഭാണ്ഡക്കെട്ട് ഭഗവാന്റെയോ ഭഗവതിയുടെയോ തിരുമുൻപിൽ സമർപ്പിച്ച്, പരിഹാരമോ ആശ്വാസമോ നേടി മടങ്ങാനാഗ്രഹിച്ചുവരുന്ന ഭക്തന് കൂടുതൽ പ്രയാസങ്ങൾ അനുഭവിക്കേണ്ടിവരുന്ന സാഹചര്യം ഇനിയുണ്ടാകില്ല. ഭക്തന്റെ കാണിക്കയാണ് തന്റെ അന്നം എന്ന് ക്ഷേത്രജീവനക്കാർ മനസ്സിലാക്കണം. അത് മനസ്സിലാക്കി കൊടുക്കുകയാണ് എന്റെ പ്രഥമ പരിഗണനാവിഷയം. ●

**പ്രദീപ് ഉഷസ്സ്**

'എന്നെ തല്ലേണ്ട അമ്മാവാ, ഞാൻ നന്നാവില്ല' എന്ന് മുൻകൂർ ജാമ്യമെടുത്ത അവസ്ഥയിലാണ് കേരളത്തിലെ ബി.ജെ.പി നേതൃത്വം. മറ്റൊരിക്കലുമില്ലാത്ത വിധത്തിൽ, പൊതുസ്വീകാര്യതയും വേരോട്ടവും കേരളത്തിൽ ബി.ജെ.പിക്ക് ഇന്നുണ്ട്. എന്നാൽ, രാഷ്ട്രീയമായത് ഉപയോഗപ്പെടുത്തി, സംഘടനാശേഷി വർദ്ധിപ്പിക്കാൻ പാർട്ടി നേതൃത്വത്തിന് കഴിയുന്നുണ്ടോ, എന്നന്വേഷിച്ചാൽ, ഇല്ലായെന്നാണ് രഹസ്യമായെങ്കിലും



*വി. മുരളീധരൻ*



*കെ. സുരേന്ദ്രൻ*

# ഗ്രൂപ്പ് വടംവലിയിലുലയുന്ന ബി.ജെ.പി രാഷ്ട്രീയം

## സംസ്ഥാന പ്രസിഡന്റ് ശോഭാസുരേന്ദ്രനോ, സുരേന്ദ്രനോ...?

നേതാക്കൾ സമ്മതിക്കും. അതിന് കാരണക്കാരായി ഇതര ഗ്രൂപ്പുനേതാക്കളെ നിശിതമായി കുറ്റപ്പെടുത്തുകയും ചെയ്യും.

നേതാക്കളും, അണികളും, കുതികാൽവെട്ടും, പരസ്പരം പാരപണിയുമായി, ഗ്രൂപ്പ് രാഷ്ട്രീയം കളിക്കാതിരുന്നുവെങ്കിൽ, ഒരു മനസ്സോടെ കൈകോർത്ത് നിന്നിരുന്നുവെങ്കിൽ, നിയമസഭയിൽ ഇന്നുള്ള ഏകാംഗപ്രതിനിധി എന്ന അവസ്ഥ എന്നേ മാറിയേനെ... എൽ.ഡി.എഫ്-യു.ഡി.എഫ് മുന്നണികളിൽ നിന്നും തികച്ചും വ്യത്യസ്തമായ രാഷ്ട്രീയാന്തരീക്ഷവും, അതിന് പിൻബലമേകുന്ന വിധത്തിലുള്ള സാമുദായികകൂട്ടുകെട്ടുകളും ഇവിടെ നിലനിൽക്കുന്നുവെങ്കിലും, ഗുണപരമായതിനെവിനിയോഗിക്കാൻ നേതൃത്വത്തിന് കഴിയാത്തതെന്ത് എന്ന ചോദ്യം പലതവണ ദേശീയനേതൃത്വം തന്നെ ആരാഞ്ഞിട്ടുള്ളതാണ്.

> **നിർണ്ണായകമായ ഘട്ടങ്ങളിൽ കൃഷ്ണദാസ് പക്ഷം, മുരളീധരൻ പക്ഷവുമായി ചേർന്ന് ഒത്തുതീർപ്പുണ്ടാക്കുകയാണ് പതിവ്. അപ്പോഴെല്ലാം ദേശീയനേതൃത്വത്തിന് മുന്നിൽ തന്റെ നിലപാട് വെട്ടിത്തുറന്ന് പറഞ്ഞിട്ടുള്ള നേതാവാണ് ശോഭാ സുരേന്ദ്രൻ.**

### പാരപണിയുന്ന ഗ്രൂപ്പ് രാഷ്ട്രീയം

സി.പി.എം കഴിഞ്ഞാൽ കൃത്യമായ കേഡർ സംവിധാനമുള്ള പാർട്ടിയാണ് ബി.ജെ.പിയെന്നാണ് വിലയിരുത്തിപ്പോരുന്നത്. എന്നാൽ അച്ചടക്കരാഹിത്യവും, ഗ്രൂപ്പ് വടംവലികളും ഇന്ന് പാർട്ടിയുടെ മുഖമുദ്രകളായി മാറിക്കഴിഞ്ഞിരിക്കുന്നുവെന്ന് അണികൾ വെട്ടിത്തുറന്ന് പറയുന്ന സാഹചര്യമാണ് ഇപ്പോൾ നിലനിൽക്കുന്നത്. പ്രബലമായ രണ്ട് ഗ്രൂപ്പുകൾ, ഗ്രൂപ്പ് നേതാക്കന്മാരെ, അനിഷേധ്യരായി വാഴ്ത്തുന്ന വിധത്തിൽ ജില്ലതോറുമുള്ള ഗ്രൂപ്പ് മാനേജർമാർ, ഓരോ ഗ്രൂപ്പ് നേതൃത്വത്തേയും മഹത്വവത്ക്കരിക്കാനുള്ള സോഷ്യൽ മീഡിയാ പ്രൊമോട്ടർമാർ വേറെയും. കേരളത്തിലരങ്ങേറുന്ന ഏതെങ്കിലുമൊരു സംഭവവികാസത്തെ തുടർന്ന് വരുന്ന പ്രതികരണങ്ങൾ മാത്രം വീക്ഷിച്ചാലിത് വ്യക്തമാകും.

സർക്കാർ കൈക്കൊള്ളുന്ന ഏതെങ്കിലുമൊരു നയസമീപനത്തിനെതിരെ,



*പി.കെ. കൃഷ്ണദാസ്*



*എം.ടി. രമേശ്*



*എ.എൻ. രാധാകൃഷ്ണൻ*

ബി.ജെ.പി സംസ്ഥാന അദ്ധ്യക്ഷൻ ഒരു പ്രതികരണമിറക്കി എന്നിരിക്കട്ടെ. അധികം വൈകും മുമ്പേ, ഗ്രൂപ്പ് നേതാവിന്റെ പേരിൽ, കിടിലൻ പ്രസ്താവനകളും ആഹ്വാനങ്ങളുമെത്തും. ഒപ്പം തന്നെ മറുഗ്രൂപ്പ് നേതാവിന്റെ ഫോട്ടോയടക്കം വർണ്ണശബളമായ പ്രതികരണവുമെത്തും. സോഷ്യൽ മീഡിയാ പ്ലാറ്റ്ഫോമുക്കളിലൂടെ ഗ്രൂപ്പ് മാനേജർമാർ ഇതെല്ലാം അണികളിലുമെത്തിക്കും. ഒരേ വിഷയത്തിൽ, സമാനപ്രതികരണങ്ങളുമായി പ്രസ്താവനകൾ ഇറക്കി മാധ്യമങ്ങളിലെത്തിക്കുന്നതിലും ഈവിധം ഗ്രൂപ്പ് നേതാക്കന്മാർക്ക് ഒരു ചമ്മലുമില്ല. അതായത് ഗ്രൂപ്പ് രാഷ്ട്രീയം ആദ്യമൊക്കെ, രഹസ്യസ്വഭാവത്തിൽ പാർട്ടിക്കുള്ളിലാണ് നടന്നിരുന്നതെങ്കിൽ, ഇപ്പോൾ എല്ലാ സീമകളും ലംഘിച്ച് പരസ്യമായിത്തന്നെ അരങ്ങേറുകയാണെന്ന് ചുരുക്കം.

വി. മുരളീധരന്റേയും, പി.കെ. കൃഷ്ണദാസിന്റേയും നേതൃത്വത്തിൽ രണ്ട് പ്രബല ഗ്രൂപ്പുകളാണ് കേരള ബി.ജെ.പിയിൽ അരയും തലയും മുറുക്കി നിലകൊള്ളുന്നത്. ഇതിൽ കെ. സുരേന്ദ്രനാണ് വി. മുരളീധരൻ പക്ഷത്തെ പ്രമുഖൻ. എം.ടി. രമേശ്, എ.എൻ. രാധാകൃഷ്ണൻ തുടങ്ങിയവർ മറുപക്ഷത്തെ പ്രമുഖരാണ്. കുമ്മനം രാജശേഖരൻ, ഒ. രാജഗോപാൽ, ശോഭാസുരേന്ദ്രൻ എന്നിവർക്ക് പ്രകടമായ ഗ്രൂപ്പ് വിധേയത്വമില്ല. പല സമയങ്ങളിലും പ്രശ്നാധിഷ്ഠിത സമീപനമാണിവർ കൈക്കൊണ്ടിട്ടുള്ളത്. എന്നാൽ ശോഭാസുരേന്ദ്രൻ, വി. മുരളീധരൻ വിരുദ്ധചേരിക്കൊപ്പമാണ് പലപ്പോഴും നിലകൊണ്ടിട്ടുള്ളത്.



**പാലക്കാട് സീറ്റ് കിട്ടിയില്ലെങ്കിൽ, സ്വദേശമായ തൃശൂരിൽ ശോഭാസുരേന്ദ്രൻ മത്സരിക്കാനുള്ള സാധ്യത തടയുന്നതിന് വേണ്ടിയാണ് സുരേഷ് ഗോപിയെ തൃശൂരിൽ സ്ഥാനാർത്ഥിയായി പ്രഖ്യാപിച്ചതും, ആറ്റിങ്ങൽ ശോഭാസുരേന്ദ്രന് നൽകിയതും.**

സംസ്ഥാനരാഷ്ട്രീയത്തിൽ, തങ്ങളുടെ നിലപാടുകൾ, ദേശീയനേതൃത്വത്തെ ബോദ്ധ്യപ്പെടുത്തുന്നതിലും, ദൈനംദിനപ്രവർത്തനങ്ങളിൽ അണികളെ സജ്ജരാക്കുന്നതിലും, കൃഷ്ണദാസ് പക്ഷത്തിന് കഴിയുന്നില്ലെന്നത് രാഷ്ട്രീയയാഥാർത്ഥ്യമാണ്. അതുകൊണ്ടുതന്നെ സ്ഥാനാർത്ഥി നിർണ്ണയമടക്കമുള്ള നിർണ്ണായകചർച്ചകളിൽ ഇവരുടെ സ്വരം ദുർബലമാകുന്നു. വിട്ടുവീഴ്ചകളും, കീഴടങ്ങലുമായി ഈ ഗ്രൂപ്പ് നിലകൊള്ളുന്നതിൽ നേതൃനിരകളിൽ തന്നെ പ്രതിഷേധമുണ്ടുതാനും. എന്നാൽ, ഇതിൽനിന്നും തികച്ചും വിഭിന്നമാണ് മുരളീധരപക്ഷത്തിന്റെ നീക്കം. സംസ്ഥാനരാഷ്ട്രീയത്തിൽ ഇടപെടുന്നതിൽ, തങ്ങൾക്കാണ് മേൽക്കൈയെന്ന് ദേശീയനേതൃത്വത്തെ ധരിപ്പിക്കുന്നതിലും, സ്ഥാനമാനങ്ങൾ സ്വന്തമാക്കുന്നതിലും മുരളീധരപക്ഷമാണ് മുന്നിലെന്നത് എതിർചേരിക്കാരും സമ്മതിക്കും. കെ. മുരളീധരൻ കേന്ദ്രമന്ത്രിയായി ചുമതല ഏറ്റതിനുശേഷം, ആ ഗ്രൂപ്പിന്റെ ശക്തി ഗണ്യമായി വർദ്ധിച്ചിട്ടുമുണ്ട്.

നിർണ്ണായകമായ ഘട്ടങ്ങളിൽ കൃഷ്ണദാസ് പക്ഷം, മുരളീധരൻ പക്ഷവുമായി ചേർന്ന് ഒത്തുതീർപ്പുണ്ടാക്കുകയാണ് പതിവ്. അപ്പോഴെല്ലാം ദേശീയനേതൃത്വത്തിന് മുന്നിൽ തന്റെ നിലപാട് വെട്ടിത്തുറന്ന് പറഞ്ഞിട്ടുള്ള നേതാവാണ് ശോഭാസുരേന്ദ്രൻ. അതുകൊണ്ടുതന്നെ ഈ വിഭാഗത്തിന്റെയും സംഘടിതമായ ആക്രമണം ശോഭാസുരേ

ന്ദ്രന് നേരിടേണ്ടി വന്നിട്ടുമുണ്ട്. അപ്പോഴെല്ലാം വലിയ വിഭാഗം പ്രവർത്തകരെ ഒപ്പം നിർത്താനും, ഇരുമുന്നണികളിലേയും വോട്ടുബാങ്കുകളിൽ വിള്ള ലുണ്ടാക്കുവാനും കഴിയുന്ന നേതാവ് എന്ന പരിഗ ണനയാണ് ദേശീയനേതൃത്വം ശോഭാസുരേന്ദ്രന് നൽകിയിട്ടുള്ളത്. സംസ്ഥാനനേതാക്കൾ ഇടപെട്ട് പലതവണ വെട്ടിമലർത്താൻ ശ്രമിച്ചിട്ടും, പതറി വീഴാതെ പിടിച്ചുനിൽക്കാൻ ശോഭാസുരേന്ദ്രന് കഴി ഞ്ഞതും, ദേശീയ നേതൃത്വത്തിന്റെ ഈവിധത്തി ലുള്ള പിൻബലം കൂടിയുണ്ടായതുകൊണ്ടാണ്.

തെരഞ്ഞെടുപ്പുവേളയിൽ അനുയോജ്യരായ മണ്ഡലങ്ങളിൽ, ജയസാധ്യതയുള്ള സ്ഥാനാർത്ഥി കളെ അവതരിപ്പിക്കുന്നതിൽ ഇരുമുന്നണികളും ശ്രദ്ധ കേന്ദ്രീകരിക്കുന്നത് പുതിയ കാര്യമല്ല, രാഷ്ട്രീയം മാത്രമല്ല, സാമുദായിക അടിയൊഴുക്കു കളും സ്ഥാനാർത്ഥി നിർണ്ണയത്തെ സ്വാധീനിക്കുമെ ന്നതും പരസ്യമായ രഹസ്യം. എന്നാൽ



സ്ഥാനാർത്ഥിയുടെ ജനപിന്തുണയും, ജയസാധ്യ തയും പരിഗണിക്കാതെ ഗ്രൂപ്പ് രാഷ്ട്രീയത്തിന്റെ പേരിൽ സ്ഥാനാർത്ഥികളെ കണ്ടെത്തുന്ന കാര്യ ത്തിൽ ബി.ജെ.പി നേതൃത്വം മറ്റാരേക്കാളും മുന്നി ലാണിപ്പോൾ. കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പു വേളയിൽ, ദേശീയനേതൃത്വത്തെപ്പോലും തെറ്റിദ്ധരി പ്പിക്കാൻ ബി.ജെ.പിയെ ഗ്രൂപ്പ് മേലാളന്മാർക്ക് കഴി ഞ്ഞിരുന്നു എന്നതുകൂടി തിരിച്ചറിയുമ്പോഴേ ഈ 'പാര പണിയൽ രാഷ്ട്രീയം' എത്തിനിൽക്കുന്ന തിന്റെ ആഴം വ്യക്തമാവുകയുള്ളൂ.

പത്തനംതിട്ട, തൃശൂർ, പാലക്കാട്, തിരുവനന്തപു രം, കാസർഗോഡ് എന്നീ മണ്ഡലങ്ങളിലെ രാഷ്ട്രീയ അടിയൊഴുക്കുകൾ മറച്ചുവെച്ചുകൊ ണ്ടുള്ള സ്ഥാനാർത്ഥി നിർണ്ണയമാണ് അന്നുണ്ടായ ത്. ജയസാധ്യത എന്നതിനേക്കാളുപരി, തങ്ങൾക്കി ഷ്ടമില്ലാത്തവർ മികച്ച പ്രകടനം നടത്തുന്നത് തട യുക എന്ന ലക്ഷ്യം കൂടി ഇതിന് പിന്നിലുണ്ടായിരു ന്നുവെന്ന്, ദേശീയനേതൃത്വം പിന്നീട് തിരിച്ചറിഞ്ഞി ട്ടുണ്ട്. സ്ഥാനാർത്ഥി നിർണ്ണയവേളയിൽ മേധാവിത്തം പതിവുപോലെ മുരളീധര പക്ഷത്തുതന്നെയായിരുന്നു, ചില വിട്ടുവീഴ്ചകൾക്ക് വഴങ്ങി കൃഷ്ണദാസ് പക്ഷവും വിധേയരായി. ഒ. രാജഗോപാലിനെയും, കുമ്മനത്തേയും പോലുള്ള മുതിർന്ന നേതാക്കളുടെ വിയോജിപ്പ് പരിഗ ണിക്കാൻ പോലും സംസ്ഥാനഅദ്ധ്യക്ഷനും കൂട്ടരും തയ്യാറായിരുന്നതുമില്ല. 'പുതുതായി ബി.ജെ.പിയിലേക്ക് വന്നുകൊണ്ടിരിക്കുന്ന അണികൾ, ക്രിസ്ത്യൻ, മുസ്ലീം ന്യൂനപക്ഷ മേഖലകൾ നൽകുന്ന പിൻബലം, ശബരിമല സംഭവവികാസങ്ങൾ പോലുള്ള സുവർണ്ണാവസരം' തുട ങ്ങിയ കെട്ടുകാഴ്ചകൾ നിരത്തി ദേശീയനേതൃത്വത്തെ താൽക്കാലികമായി തെറ്റിദ്ധരിപ്പിക്കാനും സംസ്ഥാനനേതൃത്വത്തിന് അന്ന് കഴിഞ്ഞിരുന്നു.

### കാസർഗോട്ടുനിന്ന് പത്തനംതിട്ടയിലേക്ക് പാലക്കാട്ടുനിന്ന് ആറ്റിങ്ങലിലേയ്ക്ക്

മഞ്ചേശ്വരത്തും, കാസർഗോട്ടും മികച്ച പ്രകടനം നടത്തിയിരുന്ന ട്രാക്ക് റിക്കാർഡുണ്ടായിരുന്നുവെങ്കി ലും, കാസർഗോഡ് മത്സരി ക്കാൻ കെ. സുരേന്ദ്രൻ താൽപ്പര്യം കാണിച്ചില്ല. പാല ക്കാട്ട് തിളങ്ങുന്ന പോരാട്ടം കാഴ്ച വെയ്ക്കുകയും, വർഷ ങ്ങളായി പാലക്കാട് കേന്ദ്രീക രിച്ച് പ്രവർത്തനം നടത്തുകയും ചെയ്തിരുന്ന ശോഭാസുരേന്ദ്രന് പാലക്കാട് മണ്ഡലം നൽകാതെ, പ്രവർത്തനപരിചയം തീരെയി ല്ലാത്ത ആറ്റിങ്ങൽ മണ്ഡലത്തിൽ ടിക്കറ്റ് നൽകി. ആറൻമുള, ശബ രിമല മേഖലകളിൽ കക്ഷി രാഷ്ട്രീയത്തിനതീതമായി വേരോട്ടമുള്ള കുമ്മനം രാജശേ ഖരനെപത്തനംതിട്ടയിൽ മത്സരി പ്പിക്കാതെ, തിരുവനന്തപുരത്തേയ്ക്ക് മാറ്റി. ശബരി മലസമരത്തിന്റെ വെളിച്ചത്തിൽ സുരേന്ദ്രൻ പത്തനംതിട്ട യിൽ മത്സരിച്ചുവെങ്കിലും, അത്ഭുതമൊന്നുമുണ്ടായതുമി ല്ല. സുരേഷ് ഗോപിയെ തൃശൂരിൽ അവതരിപ്പിച്ചിട്ടും നേട്ടമുണ്ടായില്ല. സുരേഷ് ഗോപിയുടെ താരപരിവേഷ വും, സാമുദായികപിൻബലവുമെല്ലാം വിലയിരുത്തു മ്പോൾ, തിരുവനന്തപുരത്ത് മത്സരിപ്പിച്ചിരുന്നുവെങ്കിൽ കാര്യമായ ഇടപെടൽ നടത്താൻ കഴിയുമായിരുന്നു എന്ന വിലയിരുത്തലാണ് ദേശീയനേതൃത്വത്തിന് ഇപ്പോഴുള്ള ത്.

പാലക്കാട് സീറ്റ് കിട്ടിയില്ലെങ്കിൽ, സ്വദേശമായ തൃശൂ രിൽ ശോഭാസുരേന്ദ്രൻ മത്സരിക്കാനുള്ള സാധ്യത തടയു ന്നതിന് വേണ്ടിയാണ് സുരേഷ് ഗോപിയെ തൃശൂരിൽ സ്ഥാനാർത്ഥിയായി പ്രഖ്യാപിച്ചതും, ആറ്റിങ്ങൽ ശോഭാ സുരേന്ദ്രന് നൽകിയതും. സി.പി.എം കോട്ടയായ ആറ്റി ങ്ങലിൽ ശോഭാസുരേന്ദ്രന് കാര്യമായി പ്രവർത്തിക്കാനാ വില്ലെന്ന കണക്കുകൂട്ടലാണ് ചില നേതാക്കൾക്ക് ഉണ്ടാ യിരുന്നത്. എന്നാൽ കേരളരാഷ്ട്രീയത്തിൽ എന്നെന്നും

അടയാളപ്പെടുത്തുന്നവിധത്തിലുള്ള പോരാട്ടമാണ് ആറ്റിങ്ങലിൽ ഉണ്ടായത്. ആറ്റിങ്ങലിലെ ചുവപ്പ് കോട്ടകളിൽ കടന്നുകയറിയ ശോഭാസുരേന്ദ്രൻ ഇടത് വോട്ടുബാങ്കുകളിൽ വിള്ളൽ ഉണ്ടാക്കിക്കൊണ്ട് ബി.ജെ.പിയുടെ വോട്ട് വിഹിതം ഗണ്യമായി വർദ്ധിപ്പിച്ചു. ഈ വോട്ടുചോർച്ച പ്രബല ഇടതുസ്ഥാനാർത്ഥിയായ അഡ്വ. എ. സമ്പത്തിന്റെ വീഴ്ചയ്ക്ക് വഴിയൊരുക്കുകയും ചെയ്തു. ലോക്സഭാ തെരഞ്ഞെടുപ്പിലെ ഈവിധ സാഹചര്യങ്ങൾ വിലയിരുത്തിയാണ്, സംസ്ഥാനനേതൃത്വത്തെ മാത്രം മുഖവിലക്കെടുത്തുകൊണ്ടുള്ള സംഘടനാപ്രവർത്തനം പോരാ എന്ന തീരുമാനത്തിലേക്ക് ദേശീയനേതൃത്വമെത്തിയത്.


ദേശീയനേതൃത്വത്തിന് വിശ്വാസമുള്ള പല പ്രമുഖരുടേയും, വ്യക്തിപരമായ നിലപാടുകൾ കൂടി ഇന്ന് അമിത്ഷാ അടക്കമുള്ള നേതാക്കൾ തേടുന്നുണ്ട്. സംഘപരിവാർ നേതൃത്വവുമായുള്ള ആശയപരമായ അകൽച്ചകൾ പരിഹരിച്ച് അവരെ പാർട്ടിയുമായി അടുപ്പിച്ചുകൊണ്ടുപോകാനുള്ള നീക്കങ്ങൾ, ദേശീയ നേതാക്കൾ ആരംഭിച്ചതും ഈ സാഹചര്യത്തിലാണ്. സംസ്ഥാനഘടകത്തിന്റെ ശുപാർശകൾ ഏകപക്ഷീയമായി നടപ്പിലാക്കുന്ന സാഹചര്യം അവസാനിച്ചുവരികയാണെന്ന് ചുരുക്കം.

**ഗ്രൂപ്പുകളുടെ പിൻബലം ഇല്ലാതിരുന്നിട്ടും, വിവിധ തെരഞ്ഞെടുപ്പുകളിൽ നേടിയ മികച്ച ജനകീയാംഗീകാരവും, പാരിസ്ഥിതിക,മനുഷ്യാവകാശ വിഷയങ്ങളിലെ വേറിട്ട ഇടപെടലുകളും ശോഭാസുരേന്ദ്രന്റെ പ്ലസ്പോയിന്റുകളായി കേന്ദ്രനേതൃത്വം പരിഗണിക്കുന്നുണ്ട്.**

അദ്ധ്യക്ഷസ്ഥാനത്തിനായി കുപ്പായം തുന്നിച്ച് വെച്ചിരിക്കുന്നവരും, അതിനുവേണ്ടി ചരടുവലികൾ നിരന്തരം നടത്തിക്കൊണ്ടിരിക്കുന്നവരുമുണ്ട്. പക്ഷേ, അവരാരുമത് സമ്മതിച്ച് തരില്ല എന്നുമാത്രം. ഗ്രൂപ്പ് രാഷ്ട്രീയത്തിന്റെ എല്ലാവിധ ആക്രമണോത്സുക പ്രകടനങ്ങളും വ്യക്തമാകാറുള്ളത് പാർട്ടി പ്രസിഡന്റ് സ്ഥാനത്തെ ചൊല്ലിയുള്ള തർക്കസമയങ്ങളിലാണല്ലോ. കുമ്മനം രാജശേഖരൻ മിസോറാം ഗവർണ്ണറായി നിയമിതനായപ്പോൾ ഈ തർക്കം നമ്മൾ കണ്ടതാണ്. അങ്ങനെയാണ് ഇരു ഗ്രൂപ്പുകൾക്കും സ്വീകാര്യനായ അഡ്വ. പി.എസ്. ശ്രീധരൻപിള്ള പാർട്ടി അദ്ധ്യക്ഷനായി എത്തിയത്. ഇപ്പോഴിതാ ചരിത്രം വീണ്ടും ആവർത്തിച്ചിരിക്കുന്നു. ശ്രീധരൻപിള്ള മിസോറാം ഗവർണ്ണറായിരിക്കുന്നു. സ്ഥാനത്തിനായി, കസേരകളി ഗംഭീരമായി തുടരുകയും ചെയ്യുന്നു.

ആദ്യഘട്ടത്തിൽ ഒട്ടേറെ പേരുകൾ ഉയർന്നുവന്നിരുന്നുവെങ്കിലും, മുരളീധരപക്ഷത്തുനിന്ന് കെ. സുരേന്ദ്രൻ, കൃഷ്ണദാസ് പക്ഷത്തുനിന്ന് എം.ടി. രമേശ്, ഈ ഗ്രൂപ്പുകളിലും പെടാതെ നിൽക്കുന്ന ശോഭാസുരേന്ദ്രൻ, ആർ.എസ്.എസ്. നേതാവ് വത്സൻ തില്ലങ്കേരി എന്നിവരുടെ പേരുകൾ സജീവ പരിഗണനയിലാണുള്ളത്. രാജ്യസഭാ എം.പി.യായ സുരേഷ് ഗോപിയോട് ദേശീയനേതൃത്വത്തിന് താൽപ്പര്യമുണ്ടായിരുന്നുവെങ്കിലും അദ്ദേഹം വിസമ്മതം നേതൃത്വത്തെ നേരിട്ട് അറിയിച്ചിട്ടുമുണ്ട്.

മുരളീധരപക്ഷത്തെ പ്രമുഖനായ കെ. സുരേന്ദ്രനെപാർട്ടി പ്രസിഡന്റാക്കാനുള്ള നീക്കം എത്രയോ മുമ്പ് ആരംഭിച്ചതാണ്. കുമ്മനം അധികാരമൊഴിഞ്ഞപ്പോൾതൊട്ട് സുരേന്ദ്രനെ അദ്ധ്യക്ഷനാക്കാനുള്ള




നീക്കം പലവിധത്തിൽ അരങ്ങേറിയതുമാണ്. അന്ന് ആർ.എസ്.എസ്. നേതൃത്വത്തിന്റെ വിയോജിപ്പാണ് സുരേന്ദ്രന് മാർഗ്ഗതടസ്സമായത്. അതേസമയം കെ. മുരളീധരൻ കേന്ദ്രമന്ത്രി സ്ഥാനത്തെത്തുകയും മറ്റൊരു പ്രമുഖസ്ഥാനം മുരളീധരന്റെ വലംകൈയായ സുരേന്ദ്രൻ സ്വന്തമാക്കുകയും ചെയ്യുന്നതോടെ, തങ്ങളുടെ ഗ്രൂപ്പിന്റെ അടിത്തറതന്നെ നഷ്ടമാകുമെന്ന തിരിച്ചറിവ് കൃഷ്ണദാസ് പക്ഷത്തിനുമുണ്ട്.

എന്തുതന്നെയായാലും കെ. സുരേന്ദ്രനെലക്ഷ്യമിട്ട് സോഷ്യൽ മീഡിയ വഴിയും ബി.ജെ.പി പാർട്ടി ഗ്രൂപ്പുകൾ വഴിയും കടുത്ത ആക്രമണം ഇപ്പോൾ നടന്നുവരുന്നുണ്ട്. സുരേന്ദ്രൻ മുമ്പ് മത്സരിച്ച കാസർഗോട്ടും, പത്തനംതിട്ടയിലും, 'സേവ് ബി.ജെ.പി' എന്ന പേരിൽതുടങ്ങിയ നോട്ടീസുകളിൽ ഗുരുതര ആരോപണങ്ങളാണ് ഈ നേതാവിനെതിരെ ഉന്നയിച്ചിരിക്കുന്നത്. പാർട്ടി തീരുമാനങ്ങളിൽനിന്ന് വ്യത്യസ്തമായി, ശബരിമല സമരത്തെ ഏകപക്ഷീയമായി ഹൈജാക്ക് ചെയ്യാൻ നടത്തിയശ്രമങ്ങളും, ഇരുമുടിക്കെട്ടിനെ രാഷ്ട്രീയലാഭത്തിനായി ഉപയോഗിച്ചു


വെന്ന ആരോപണങ്ങളും, ഒപ്പം ഇലക്ഷൻ ഫണ്ട് വിനിയോഗത്തിലെ സുതാര്യത ഇല്ലായ്മയുമെല്ലാം പാർട്ടിക്കുള്ളിൽ ചിലർ ചർച്ചയായി ഉയർത്തുന്നതിന് പിന്നിലും പാർട്ടി അദ്ധ്യക്ഷസ്ഥാനത്ത് എത്തുന്നതിൽനിന്ന് സുരേന്ദ്രനെതടയുക എന്ന ലക്ഷ്യംതന്നെയാണുള്ളത്. ഇതെല്ലാം കെട്ടിച്ചമച്ച ആരോപണങ്ങളാണെന്ന് ചൂണ്ടിക്കാട്ടി മുരളീധരപക്ഷത്തെ സൈബർ പോരാളികളും സജീവമായി രംഗത്തുണ്ട്.

മികച്ച വാഗ്മിയും സംഘാടകനുമായ എം.ടി. രമേശിനെയും അദ്ധ്യക്ഷസ്ഥാനത്തിന് ഉയർത്തിക്കാണിക്കുന്നുണ്ടെങ്കിലും അദ്ദേഹത്തിന്റെ മുന്നിലും വൈതരണികൾ ഏറെയാണ്. അതിൽ പ്രധാനം മെഡിക്കൽ കോളേജ് കോഴ വിവാദത്തിൽ രമേശിനെതിരെ ഉയർന്ന ആരോപണം തന്നെയാണ്. തൽക്കാലം സംസ്ഥാനനേതൃത്വം ക്ലീൻചിറ്റ് നൽകിയെങ്കിലും, ദേശീയ രാഷ്ട്രീയത്തിൽ അതുണ്ടാക്കിയ അവ മതിപ്പ് കേന്ദ്ര നേതാക്കൾ മറന്നിട്ടില്ല. അമിത്ഷായ്ക്കുതന്നെ പാർലമെന്റിൽ മെഡിക്കൽ കോളേജ് കോഴ സംബന്ധിച്ച് വിശദീകരണം നൽകേണ്ടിവന്നതുമാണല്ലോ?

ഗ്രൂപ്പുകളിലെ അംഗമല്ലെങ്കിലും, ഇരുഗ്രൂപ്പിലുംപെട്ട അണികളുടെയും, ഗ്രൂപ്പിനുപുറത്തുള്ള പ്രവർത്തകരുടെയും പിന്തുണയുള്ള നേതാവാണ് ശോഭാസുരേന്ദ്രൻ. ഈ വസ്തുത തിരിച്ചറിഞ്ഞാണ് ഗ്രൂപ്പ് മാനേജർമാർ പല സന്ദർഭങ്ങളിലും ഇവരെ വെട്ടിമലർത്താൻ ശ്രമം നടത്തിയിട്ടുള്ളത്. ഇത്രത്തോളം ഗ്രൂപ്പ് രാഷ്ട്രീയത്തിന്റെ ഇരയായി മാറിയ മറ്റൊരു നേതാവ് സംസ്ഥാനബി.ജെ.പിയിലുണ്ടോ എന്നതുതന്നെ സംശയം. ഇപ്പോൾ കേന്ദ്രനേതൃത്വത്തിന്റെ പരിഗണനയിൽ ശോഭാസുരേന്ദ്രനുംകൂടി ഉണ്ടെന്ന് വ്യക്തമായതോടെ, അണിയറയിൽ ഇവർക്കെതിരായ ചരടുവലികളും ശക്തമായി കഴിഞ്ഞിരിക്കുന്നു.

ഗ്രൂപ്പുകളുടെ പിൻബലം ഇല്ലാതിരുന്നിട്ടും, വിവിധ തെരഞ്ഞെടുപ്പുകളിൽ നേടിയ മികച്ച ജനകീയാംഗീകാരവും, പാരിസ്ഥിതിക,മനുഷ്യാവകാശ വിഷയങ്ങളിലെ വേറിട്ട ഇടപെടലുകളും ശോഭാസുരേന്ദ്രന്റെ പ്ലസ്പോയിന്റുകളായി കേന്ദ്രനേതൃത്വം പരിഗണിക്കുന്നുണ്ട്. ശബരിമല സമരവേളയിൽ നിരാഹാരമടക്കമുള്ള നിലപാടുകളുമായി ഉറച്ചുനിന്നതും, സംഘപരിവാർ കേന്ദ്രങ്ങളുടെ അടക്കം പിന്തുണ ഉറപ്പിക്കാൻ പര്യാപ്തമായിട്ടുമുണ്ട്. ലോക്സഭാ തെരഞ്ഞെടുപ്പിൽ ആറ്റിങ്ങലിൽ കൈവരിച്ച മിന്നുന്ന പ്രകടനത്തിനുള്ള അംഗീകാരമായാണ്, ദേശീയ മെമ്പർഷിപ്പ് ക്യാംപയിന്റെ കോ- കൺവീനറായി, അമിത്ഷാ ശോഭാ സുരേന്ദ്രനെ നിയോഗിച്ചത്. മധ്യപ്രദേശ് രാഷ്ട്രീയത്തിലെ തലമുതിർന്ന നേതാവായ ശിവരാജ് സിംഗ് ചൗഹാന്റെ നേതൃത്വത്തിലുള്ള കമ്മിറ്റിയിൽ ശോഭാസുരേന്ദ്രൻ നടത്തിയ പ്രവർത്തനങ്ങളെ ദേശീയ നേതൃത്വവും അംഗീകരിച്ചതാണ്. മെമ്പർഷിപ്പിന്റെ ദേശീയ ക്യാമ്പയിനിൽ കേരളത്തിൽ നിന്നുള്ള ആദ്യത്തെ നേതാവായിരുന്നു ശോഭാസുരേന്ദ്രൻ. എന്നിട്ടും ഈ വിഷയം മാധ്യമശ്രദ്ധ നേടാതിരിക്കാൻ ഗ്രൂപ്പ് മാനേജർമാർ കിണഞ്ഞ് ശ്രമിച്ചിരുന്നു

ശോഭാസുരേന്ദ്രനെ അദ്ധ്യക്ഷ സ്ഥാനത്ത് എത്തിക്കുന്നതിലൂടെ, ദേശീയതലത്തിൽതന്നെ വനിതാപ്രാതിനിധ്യം ഉയർത്തിപ്പിടിക്കാനാകുമെന്ന് കരുതുന്നവരും നേതൃത്വത്തിലുണ്ട്. തമിഴ്നാട്ടിൽ തമിൾഇശൈ സൗന്ദര്യരാജൻ എന്ന വനിതാനേതാവായിരുന്നു ബി.ജെ.പി പ്രസിഡന്റ്. അവർ ഇപ്പോൾ തെലുങ്കാനയിലെ ഗവർണറായി അവരോധിക്കപ്പെട്ടിരിക്കുകയാണ്. ഇതോടെ സംസ്ഥാനങ്ങളിലെ അദ്ധ്യക്ഷസ്ഥാനത്ത് വനിതകളിൽ ഇല്ലാത്ത സ്ഥിതിയാണ്. ഇതും ശോഭാസുരേന്ദ്രന് അനുകൂലഘടകമാണെന്ന് ചൂണ്ടിക്കാണിക്കുന്നവരുണ്ട്.



**എന്തുതന്നെയായാലും അണികൾക്കിടയിൽ വേരോട്ടമുള്ള നേതാവിനെ അദ്ധ്യക്ഷസ്ഥാനത്ത് എത്തിക്കുകയും, അതുവഴി ജനകീയ അടിത്തറ ശക്തപ്പെടുത്തുകയും ചെയ്യണമെന്ന ലക്ഷ്യമാണ് ദേശീയ നേതൃത്വത്തിനുള്ളത്.**

അതേസമയം, നേതൃത്വനിലപാടുകൾക്കെതിരെ ഏകപക്ഷീയസമീപനം കൈക്കൊള്ളുന്നു, പൊതുചർച്ചകളിലെ വിവാദപരാമർശങ്ങൾ പാർട്ടിയെ പ്രതിസന്ധിയിലാഴ്ത്തുന്നു തുടങ്ങി ഒട്ടേറെ ആരോപണങ്ങൾ ശോഭാസുരേന്ദ്രന് നേരെയും ഉയർന്നിട്ടുണ്ട്. ഗ്രൂപ്പുകളുടെ പിൻബമില്ലാത്ത നേതാവ് എന്നപരിമിതിയും ഇതിനോടൊപ്പം കാണേണ്ടതുമുണ്ട്.

ഇതെല്ലാമാണ് അടിയൊഴുക്കുകൾ. പാർട്ടി ബി.ജെ.പി. ആയതിനാൽ എന്തെല്ലാം അത്ഭുതങ്ങൾ അരങ്ങേറുമെന്നത് കാത്തിരുന്ന് കാണേണ്ടതുതന്നെയാണ്...

എന്തുതന്നെയായാലും അണികൾക്കിടയിൽ വേരോട്ടമുള്ള നേതാവിനെഅദ്ധ്യക്ഷസ്ഥാനത്ത് എത്തിക്കുകയും, അതുവഴി ജനകീയ അടിത്തറ ശക്തപ്പെടുത്തുകയും ചെയ്യണമെന്ന ലക്ഷ്യമാണ് ദേശീയ നേതൃത്വത്തിനുള്ളത്.

കേരളത്തെ ടാർഗറ്റ് ചെയ്ത് അമിത്ഷാ കരുക്കൾ നീക്കാൻ തുടങ്ങിയിട്ട് കാലം കുറച്ചായി. അത് പ്രാവർത്തികമാക്കാനുള്ള അണിയറനീക്കങ്ങളും തകൃതിയായി നടക്കുന്നുണ്ട്. തീർച്ചയായുമത് സംസ്ഥാനപാർട്ടി ഘടകങ്ങൾ നൽകുന്ന റിപ്പോർട്ടുകളും വിലയിരുത്തലുകളും മാത്രം പരിഗണിച്ചുകൊണ്ടാവില്ല. പാർട്ടിയുടേതല്ലാത്ത സംവിധാനങ്ങൾ വഴി അമിത്ഷാ കൃത്യമായ ചില നീക്കങ്ങൾ നടത്തിവരുന്നുണ്ട്. സംസ്ഥാനനേതാക്കൾക്കെല്ലാം ഇതറിയുകയും ചെയ്യാം.

സംസ്ഥാന അദ്ധ്യക്ഷപദവി മോഹികൾക്കെല്ലാം ചങ്കിടിപ്പേറുന്നതും ഇതുകൊണ്ടുകൂടിയാണ്.

**വിഷ്ണുമംഗലം കുമാർ, ബംഗളൂരു**



# ജൂലൈയിലെ അയോഗ്യർ ഡിസംബറിലെ മന്ത്രിമാർ

## കർണാടകത്തിൽനിന്ന് മറ്റൊരു രാഷ്ട്രീയപാഠം കൂടി

കർണാടകത്തിൽ അരങ്ങേറിയ അവിശുദ്ധ രാഷ്ട്രീയ നാടകത്തിൽ ഇറങ്ങിക്കളിച്ച മുഖ്യമന്ത്രി യദിയൂരപ്പ വിജയിയായി. അദ്ദേഹം കരുത്തുനേടുകയും മുഖ്യമന്ത്രി കസേരയുടെ ഇളക്കം നിൽക്കുകയും ചെയ്തു .കോൺഗ്രസിന്റെ പതിനാലും ജെഡിഎസിന്റെ മൂന്നും എംഎൽഎമാർ രാജിവെച്ചതിനെതുടർന്നാണ് കോൺഗ്രസ്-ജെഡിഎസ് കൂട്ടുമന്ത്രിസഭ നിലംപതിക്കുകയും, ബി എസ് യദ്യൂരപ്പയുടെ നേതൃത്വത്തിൽ സംസ്ഥാനത്ത് ബിജെപി മന്ത്രിസഭ അധികാരത്തിൽ വരികയും ചെയ്തത്. രാജിവെച്ച എംഎൽഎമാരെ സ്പീക്കർ അയോഗ്യരാക്കിയതിനാൽ അവർക്ക് നിയമസഭയുടെ കാലാവധി കഴിയുന്നതുവരെ തെരഞ്ഞെടുപ്പുകളിൽ മത്സരിക്കാനോ അധികാര സ്ഥാനങ്ങൾ വഹിക്കാനോ സാധിക്കുമായിരുന്നില്ല. എന്നാൽ പ്രശ്നത്തിൽ ഇടപെട്ട സുപ്രീംകോടതി, അയോഗ്യത കൽപ്പിച്ച സ്പീക്കറുടെ നടപടി ശരിവെച്ചെങ്കിലും ആ എംഎൽഎമാർക്ക് ഉപ തെരഞ്ഞെടുപ്പിൽ മത്സരിക്കാൻ അനുവാദം നൽകി. ഡിസംബർ അഞ്ചിനായിരുന്നു ഉപതെരഞ്ഞെടുപ്പ് .സുപ്രീംകോടതി വിധി വന്നതിന്റെ പിറ്റേന്നുതന്നെ അയോഗ്യരാക്കപ്പെട്ട എംഎൽഎമാർ ബിജെപിയിൽ ചേർന്നു .കോൺഗ്രസിന്റെയും ജെഡിഎസിന്റെയും പ്രമുഖ നേതാക്കളായിരുന്നു ഈ എംഎൽഎമാരിൽ മിക്കവരും.


ഒന്നരക്കൊല്ലം മുമ്പ് കോൺഗ്രസിന്റെയും ജെഡിഎസിന്റെയും ചിഹ്നത്തിൽ മത്സരിച്ചു ജയിച്ചവർ ഉപ തെരഞ്ഞെടുപ്പിൽ അതേ മണ്ഡലത്തിൽ തന്നെ ബിജെപി ചിഹ്നത്തിൽ മത്സരിക്കുന്ന കാഴ്ചയാണ് കണ്ടത് .തർക്കം നിലനിൽക്കുന്ന രണ്ടു മണ്ഡലങ്ങൾ ഒഴിച്ച് 15 മണ്ഡലങ്ങളിലാണ് ഉപതിരഞ്ഞെടുപ്പ് നടന്നത് . 13 മണ്ഡലങ്ങളിൽ 'അയോഗ്യരായ' കോൺഗ്രസ്-ജെഡിഎസ് എംഎൽഎമാർക്കാണ് ബിജെപി ടിക്കറ്റ് നൽകിയത് .കൗതുകം നിറഞ്ഞതായിരുന്നു ഈ നേതാക്കളുടെ തെരഞ്ഞെടുപ്പ് പ്രചരണം .സ്ഥാനത്യാഗം ചെയ്ത കോൺഗ്രസ്- ജെഡിഎസ് എംഎൽഎമാരാണ് ബിജെപിയെ അധികാരത്തിൽ എത്തിച്ചതെന്നും ഉപതെരഞ്ഞെടുപ്പിൽ ജയിച്ചുവന്നാൽ അവർക്ക് മന്ത്രിസ്ഥാനം നൽകുമെന്നും യദിയൂരപ്പ പരസ്യമായി പ്രഖ്യാപിച്ചിരുന്നു .പാർട്ടിയുടെയും ഗവൺമെന്റിന്റെയും സ്വാധീനം അദ്ദേഹം അവരുടെ തെരഞ്ഞെടുപ്പ് പ്രചരണത്തിന് ഉപയോഗപ്പെടുത്തുകയും ചെയ്തു. മഹാരാഷ്ട്രയിലുണ്ടായ തിരിച്ചടിയുടെ വെളിച്ചത്തിൽ ,ഉചിതമായ തീരുമാനം കൈക്കൊള്ളാനുള്ള സ്വാതന്ത്ര്യം ബിജെപി കേന്ദ്രനേതൃത്വം മുതിർന്ന നേതാവായ യദിയൂരപ്പയ്ക്ക് നൽകിയിരുന്നു.

പതിനൊന്നു മണ്ഡലങ്ങളിൽ കോൺഗ്രസിന്റെയും ജെഡിഎസിന്റെയും കോട്ടകൾ തകർത്ത് ബിജെപി കുപ്പായമിട്ട പഴയ കോൺഗ്രസ്- ജെഡിഎസ് എംഎൽഎമാർ ജയിച്ചുകയറി. ജെഡിഎസ് മുൻ സംസ്ഥാനപ്രസിഡൻറ് എ. എച്ച് .വിശ്വനാഥിന്റെ ഹുൻസൂറും അതിസമ്പന്നനേതാവായ എം ടി ബി നാഗരാജിന്റെ ഹോസ്പേട്ടുമാണ് അയോഗ്യരാക്കപ്പെട്ടവർക്ക് തിരിച്ചു പിടിക്കാൻ സാധിക്കാതെ പോയ രണ്ട് മണ്ഡലങ്ങൾ .ഹുൻസൂറിൽ കോൺഗ്രസ്സും ഹോസ്പേട്ടയിൽ സ്വതന്ത്രനായി മത്സരിച്ച ശരത് ബച്ചേഗൗഡയുമാണ് (ബിജെപി എംപി ബച്ചേഗൗഡയുടെ മകൻ) ജയിച്ചത്.

ശിവാജിനഗറാണ് കോൺഗ്രസിന് കിട്ടിയ രണ്ടാമത്തെ മണ്ഡലം. ആഭ്യന്തര പ്രശ്നങ്ങളുടെ പേരിൽ കോൺഗ്രസിൽ നിന്നും രാജിവെച്ച മുൻമന്ത്രിയും എംഎൽഎയുമായ റോഷൻ ബാഗിനെ ബിജെപി കൂടെ കൂട്ടിയിരുന്നില്ല. അയോഗ്യരാക്കപ്പെട്ടവർ ജയിച്ചു വരുമ്പോൾ നൽകാനായി യദിയൂരപ്പ മന്ത്രിസ്ഥാനങ്ങൾ ഒഴിച്ചിട്ടിരുന്നു. ജൂലായിൽ അയോഗ്യരാക്കപ്പെട്ട എംഎൽഎമാർ ഡിസംബറിൽ മന്ത്രിമാരായി വിലസുന്ന അത്ഭുതക്കാഴ്ചയാണ് കർണാടകത്തിൽ കാണുന്നത്. ഇപ്പോൾ 222 അംഗങ്ങളുള്ള നിയമസഭയിൽ ബിജെപിക്ക് 118 പേരുടെ പിന്തുണയുണ്ട്.. മുഖ്യമന്ത്രി യദിയൂരപ്പ കൂടുതൽ കരുത്തനും സുരക്ഷിതനുമായി തീർന്നിരിക്കുന്നു ●

# കമ്മ്യൂണിസ്റ്റുകാർ വന്നവഴി മറക്കുന്നവർ

## – ശ്രീകുമാരൻ തമ്പി



**അനീഷ് മോഹനചന്ദ്രൻ**

**ക**മ്മ്യൂണിസ്റ്റുകാർക്ക് പഴയകാര്യങ്ങൾ ഓർമ്മയില്ല. അവർ വന്ന വഴി മറക്കുന്നു. പണ്ട് അവർക്കുവേണ്ടി അ ധ്വാനിച്ചവരെ അവർ ബോധപൂർവ്വം മറക്കുകയാണ്. അ തേസമയം, ഇന്നലെ വന്ന് ഒപ്പം ചേർന്നവരെ അംഗീകരി ക്കുകയും ചെയ്യുന്നു. അതുകൊണ്ടാണല്ലോ പി.ഭാസ്‌ക രൻ മാഷിനെപ്പോലുള്ള മഹാരഥൻമാരെ അവർ തഴ ഞ്ഞത്. അദ്ദേഹത്തിന് അർഹമായ അംഗീകാരം നൽകാ തിരുന്ന കമ്മ്യൂണിസ്റ്റുകാർ ഒ.എൻ.വി. ഉൾപ്പെടെയുള്ളവ രെ അളവറ്റ് സഹായിക്കുകയും ചെയ്തു. ഇത് ഇരട്ടത്താ പ്പാണ്. ഞാനൊരു ഇടതനുഭാവിയാണ്. എന്നിരുന്നാലും തെറ്റുകൾ കണ്ടാൽ പറയാതിരിക്കാനാകില്ല. നവോത്ഥാ നം എന്നുപറയുന്നതിന് വിശാലമായ അർത്ഥതലങ്ങളാ ണുള്ളത്. അത് ശബരിമലയിൽ മാത്രമൊതുങ്ങുന്നതല്ല. കുറേ പെണ്ണുങ്ങൾ റോഡിൽ നിരന്നുനിന്നാലൊന്നും ന വോത്ഥാനം നടപ്പാകില്ല. അത് ജീവിതത്തിന്റെ അടിത്ത ട്ടിൽ നിന്നും ഉയർന്നുവരേണ്ട സംഗതിയാണ് – സംവിധാ യകനും ഗാനരചയിതാവുമായ ശ്രീകുമാരൻ തമ്പി പറ യുന്നു. നവകേരളത്തിൽ സാംസ്‌കാരികരംഗം നേരിടുന്ന മൂല്യച്യുതിയെക്കുറിച്ചും മലയാളസിനിമാരംഗത്തെ മാറു ന്ന പ്രവണതകളെക്കുറിച്ചും 'കേരളശബ്ദ'ത്തോട് മനസ്സു തുറക്കുകയായിരുന്നു അദ്ദേഹം.

*പി.ഭാസ്കരന് അർഹമായ അംഗീകാരം ലഭിച്ചില്ല എ ന്ന് അങ്ങ് അടുത്തിടെ പറയുകയുണ്ടായി. ഏത് സാഹച ര്യത്തിലാണ് അത്തരമൊരു പരാമർശം നടത്തിയത് ?*

പി.ഭാസ്‌കരന്റെ പേരിലെ പുരസ്‌കാരം വിതരണം ചെ യ്യുന്ന ചടങ്ങായിരുന്നു അത്. അവിടെ ഞാൻ പി.ഭാ സ്‌കരനെക്കുറിച്ചല്ലേ പറയേണ്ടത്. മലയാളം കണ്ട മഹാനായ കവിയായിരുന്നു അദ്ദേഹം. അദ്ദേഹത്തി ന് അർഹമായ അംഗീകാരം ലഭിച്ചില്ല എന്നാണ് ഞാൻ പറഞ്ഞത്.

*വ്യക്തമാക്കാമോ ?*

പി.ഭാസ്‌കരൻ എന്ന പ്രതിഭയെ മനസ്സുകൊണ്ട് ഗുരുവായി കാണുന്ന വ്യക്തിയാണ് ഞാൻ. 18-ാം വ

> **18-ാം വയസിൽ പി. ഭാസ്‌ക്കരൻ കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ അംഗമായി. തുടർന്ന് കമ്മ്യൂണിസ്റ്റുപാർട്ടിക്കുവേണ്ടി അദ്ദേഹം നിരവധി വിപ്ലവഗാനങ്ങൾ രചിച്ചു. പാർട്ടിയുടെ വളർച്ചയിൽ അദ്ദേഹം നൽകിയ സംഭാവനകൾ അവിസ്മരണീയമാണ്. വയലാർ രാമവർമ്മയോ ഒ.എൻ.വി. കുറുപ്പോ ഒന്നും അത്തരം കാര്യങ്ങൾ ചെയ്തിട്ടില്ല.**

**ഒ.എൻ.വി. പാർട്ടിയോടൊപ്പം നിന്ന വ്യക്തിയാണ്. അംഗമായിരുന്നില്ല. എന്നിട്ടും അദ്ദേഹത്തെ എല്ലാക്കാലത്തും കമ്മ്യൂണിസ്റ്റ് പാർട്ടി ഉയർത്തുക മാത്രമാണ് ചെയ്തത്. പത്മശ്രീ, പത്മഭൂഷൺ, പത്മവിഭൂഷൺ എന്നിവയെല്ലാം ഒ.എൻ.വിക്ക് ലഭിച്ചത് ഇടതുസർക്കാരിന്റെ ശുപാർശപ്രകാരമാണ്. ഒ.എൻ.വിക്ക് ഇത്രയധികം അംഗീകാരങ്ങൾ ലഭിച്ചപ്പോൾ അദ്ദേഹത്തെക്കാൾ ഏറെ മുന്നിൽ നിൽക്കുന്ന പി.ഭാസ്കരൻ മാഷിനെ അവർ ബോധപൂർവ്വം അവഗണിച്ചു.**







യസിലാണ് അദ്ദേഹം 'പദം പദം ഉറച്ചുനാം പാടി പാടി പോവുക.... പാരിൽ ഐക്യകേരളത്തിൻ കാഹളം മുഴക്കുവാൻ ...' എന്നെഴുതിയത്. ഐക്യകേരളം സ്വപ്നം കണ്ട് എഴുതിയ വരികളാണ് അത്. അന്ന് ഇക്കാണുന്ന കേരളം രൂപംകൊണ്ടിട്ടില്ല. കുറേ നാട്ടുരാജ്യങ്ങൾ മാത്രമാണ് ഇവിടുണ്ടായിരുന്നത്. അക്കാലത്താണ് അദ്ദേഹം ഐക്യകേരളം സ്വപ്നംകണ്ടത് എന്നോർക്കണം. അത്രയും ദാർശനികനായിരുന്നു അദ്ദേഹം. 18-ാം വയസിൽ അദ്ദേഹം കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ അംഗമായി. തുടർന്ന് കമ്മ്യൂണിസ്റ്റുപാർട്ടിക്കുവേണ്ടി അദ്ദേഹം നിരവധി വിപ്ലവഗാനങ്ങൾ രചിച്ചു. പാർട്ടിയുടെ വളർച്ചയിൽ അദ്ദേഹം നൽകിയ സംഭാവനകൾ അവിസ്മരണീയമാണ്. ഒളിവിൽ കഴിഞ്ഞിരുന്ന കമ്മ്യൂണിസ്റ്റ് നേതാക്കൻമാർക്ക് കത്തുകൾ കൊണ്ട് നൽകാൻ ഭാസ്കരൻ മാഷ് പോയിട്ടുണ്ട്. അതേസമയം, വയലാർ രാമവർമ്മയോ ഒ.എൻ.വി. കുറുപ്പോ ഒന്നും അത്തരംകാര്യങ്ങൾ ചെയ്തിട്ടില്ല. ഒ.എൻ.വി. അധ്യാപകനായിരുന്നു. വയലാർ പാർട്ടി അനുഭാവിയും. അവരൊന്നും ഒരുപരിധിക്കപ്പുറം പാർട്ടിക്ക് വേണ്ടി കഷ്ടപ്പെട്ടിട്ടില്ല. അതേസമയം, പാർട്ടിക്ക് വേണ്ടി ഇത്രയധികം സേവനങ്ങൾ ചെയ്തിട്ടുള്ള ഭാസ്കരൻ മാഷിന് അർഹമായ അംഗീകാരങ്ങളൊന്നും നൽകാൻ പാർട്ടി തയ്യാറായിട്ടില്ല. ഒ.എൻ.വി. പാർട്ടിയോടൊപ്പം നിന്ന വ്യക്തിയാണ്. അംഗമായിരുന്നില്ല. എന്നിട്ടും അദ്ദേഹത്തെ എല്ലാക്കാലത്തും കമ്മ്യൂണിസ്റ്റ് പാർട്ടി ഉയർത്തുക മാത്രമാണ് ചെയ്തത്. പത്മശ്രീ, പത്മഭൂഷൺ, പത്മവിഭൂഷൺ എന്നിവയെല്ലാം ഒ.എൻ.വിക്ക് ലഭിച്ചത് ഇടതുസർക്കാരിന്റെ ശുപാർശപ്രകാരമാണ്. ഒ.എൻ.വിക്ക് ഇത്രയധികം അംഗീകാരങ്ങൾ ലഭിച്ചപ്പോൾ അദ്ദേഹത്തെക്കാൾ ഏറെ മുന്നിൽ നിൽക്കുന്ന പി.ഭാസ്കരൻ മാഷിനെഅവർ ബോധപൂർവ്വം അവഗണിച്ചു. എന്റെ കാഴ്ചപ്പാടിൽ ഭാസ്കരൻ മാഷാണ് വലുത്. അദ്ദേഹത്തിന് പത്മശ്രീക്കുപോലും ഇടതുസർക്കാർ ശുപാർശ ചെയ്തിട്ടില്ല എന്നത് വേദനാജനകമാണ്. അതാണ് ഞാൻ ആ വേദിയിൽ ചൂണ്ടിക്കാട്ടിയത്. ഞാൻ ഒരു ഇടതനുഭാവി തന്നെയാണ്. എന്നുകരുതി തെറ്റുകണ്ടാൽ ചൂണ്ടിക്കാണിക്കാതിരിക്കാൻ എനിക്ക് സാധിക്കില്ല.

*അർഹർക്ക് അംഗീകാരം ലഭിക്കുന്നില്ല എന്നാണ് അങ്ങ് പറഞ്ഞുവരുന്നത് ?*

അതെ. അതിന്റെ ഏറ്റവും വലിയ ഉദാഹരണമാണ് പി.ഭാസ്കരൻ മാഷ്. ഞാനിത് പറയുമ്പോൾ എനിക്ക് അംഗീകാരം ലഭിക്കാൻ വേണ്ടിയാണ് എന്ന് കരുതരുത്. എന്റെ കാര്യം ഇവിടെ ഉദിക്കുന്നതേയില്ല. പി.ഭാസ്കരനോട് കമ്മ്യൂണിസ്റ്റ് പാർട്ടി കാട്ടിയ നന്ദികേട് പറയാതിരിക്കാനാവാത്തതുകൊണ്ട് പറഞ്ഞെന്ന് മാത്രം. എന്നെ സംബന്ധിച്ചിടത്തോളം ഞാൻ ഒന്നും പ്രതീക്ഷിക്കാത്ത ആളാണ്. സ്ഥാനമാനങ്ങൾ ആഗ്രഹിക്കുന്ന വ്യക്തിയുമല്ല. ജി. കാർത്തികേയൻ സാംസ്കാരിക മന്ത്രി ആയിരുന്നപ്പോൾ എനിക്ക് കേരള സംസ്ഥാനചലചിത്ര അക്കാദമി ചെയർമാൻ സ്ഥാനം തരാൻ അദ്ദേഹം തയ്യാറായതാണ്. അമൃതാ ടി.വിയുടെ ചെയർമാനായി എന്നെ പരിഗണിച്ചു. എന്നാൽ

ഇതെല്ലാം ഞാൻ സ്നേഹപൂർവ്വം നിരസിക്കുകയാണ് ചെയ്തത്. അതുകൊണ്ട് എനിക്ക് ആരെയും പ്രീതിപ്പെടുത്തേണ്ട കാര്യമില്ല. സത്യം സത്യമായി പറയുന്നു. അത്രമാത്രം.

*അന്തരിച്ച കവി പഴവിള രമേശൻ ഇത്തരം അവഗണനകൾക്കെതിരെ സംസാരിച്ച വ്യക്തിയാണ്. താൻ അവാർഡ് വാങ്ങി നൽകിയവരുടെ പേരുവിവരങ്ങൾ ഒ.എൻ.വി. പ്രസംഗിച്ച് നടന്നതൊക്കെ പഴവിള ഒരിക്കൽ പറയുകയുണ്ടായി. അങ്ങേയ്ക്ക് അത്തരം അനുഭവങ്ങൾ എന്തെങ്കിലും ?*

പഴവിള പറഞ്ഞത് അദ്ദേഹത്തിന്റെ അനുഭവസാക്ഷ്യത്തിൽ നിന്നായിരിക്കും. ഞാൻ പറയുന്നത്. ഭാസ്കരൻ മാഷോട് കമ്മ്യൂണിസ്റ്റുകാർ കാട്ടിയ അവഗണനയെക്കുറിച്ച് മാത്രമാണ്. എനിക്ക് ഒ.എൻ.വിയോട് ഒരു വിദ്വേഷവുമില്ല. പി.ഭാസ്കരൻ, വയലാർ, ഒ.എൻ.വി. മൂവരും എനിക്ക് മുന്നേ നടന്നവരാണ്. ഞാൻ അടുത്ത തലമുറയിലാണ് വരുന്നത്. എന്നിട്ടും എന്നെ അവരോടൊത്ത് ആരെങ്കിലും ചേർത്തുനിർത്തുന്നുണ്ടെങ്കിൽ അത് എന്റെ എഴുത്തിന്റെ പുണ്യം ആയിരിക്കാം. പി.ഭാസ്കരൻ ആദ്യകാലത്ത് കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തോടൊപ്പം നിന്നു. ഒ.എൻ.വി. എല്ലാക്കാലത്തും ഇടതു സഹയാത്രികനായി നിന്നു. കമ്മ്യൂണിസ്റ്റ് പാർട്ടിയെ സംബന്ധിച്ചിടത്തോളം ഓർമ്മകൾ ഇല്ല. അവർ വന്ന വഴി മറക്കുന്നവരാണ്. പണ്ട് അവർക്കുവേണ്ടി അധ്വാനിച്ചവരെ അവർ മറക്കുന്നു. ഇന്നലെ വന്ന് ഒപ്പം ചേർന്നവരെ അവർ അംഗീകരിക്കുകയും ചെയ്യുന്നു. ഇതിനെയാണ് ഞാൻ വിമർശിക്കുന്നത്.



*സാംസ്കാരികനായകർ സമൂഹത്തിന്റെ സ്വത്താണ്. അവർ സാമൂഹികവിഷയങ്ങളിൽ പ്രതികരിക്കുന്നത് സ്വാഭാവികം. ചില വിഷയങ്ങളിൽ സാംസ്കാരിക നായകരുടെ ഇടപെടൽ ജനം ആഗ്രഹിക്കുന്നുണ്ടുതാനും. എന്നാൽ അടുത്തിടെയായി നമ്മുടെ സാംസ്കാരിക നായകരിൽ ചിലർ സെലക്ടീവ് ആയി മാത്രമാണ് പ്രതികരിച്ച് കാണുന്നത് എന്ന ആക്ഷേപം ഉണ്ടല്ലോ. അങ്ങയുടെ വിലയിരുത്തൽ ?*

അവർക്ക് പ്രയോജനം ഉള്ള കാര്യങ്ങളിൽ മാത്രമേ അഭിപ്രായം പറയുകയുള്ളൂ. അത്രതന്നെ.

പുരോഗമനവാദികൾ ഇടതുപക്ഷത്താണ് എന്നതാണ് സത്യം. എന്നാൽ അത് പണ്ടത്തെ സത്യമാണ്. ഇന്നത്തേതല്ല. ഒ.എൻ.വി. പൊന്നരിവാൾ അമ്പിളിയിൽ കണ്ണെറിയുന്നോളേ ... എന്നെഴുതിയത് പാർട്ടിക്ക് ഗുണം ചെയ്തു. തോപ്പിൽഭാസി 'നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി' എഴുതിയപ്പോൾ അതും പാർട്ടിക്ക് ഗുണം ചെയ്തു. അവരൊക്കെ അന്നത്തെ പുരോഗമനവാദികളാണ്. ഇന്നത്തെ കാലഘട്ടത്തിൽ പൊന്നരിവാളമ്പിളിയിൽ കണ്ണെറിയുന്നോളെ എന്ന് എഴുതിയാൽ എന്ത് ഗുണം ? ഒന്നുമില്ല. കാരണം, അരിവാളിന്റെ ഗുണവും ദോഷവും ജനം കണ്ടുകഴിഞ്ഞു. ഇന്നും ചിലർ പഴയകാലത്തിൽ ജീവിക്കുന്നു എന്ന് കരുതിയാൽ മതി.

*ഇന്ന് പുരോഗമനമല്ല, എല്ലാവരും നവോത്ഥാനമാണ് മുന്നോട്ടുവെയ്ക്കുന്നത്. അങ്ങയുടെ അഭിപ്രായം ?*

നവോത്ഥാനം എന്ന പദത്തിന് വ്യാപകമായ അർത്ഥമാണുള്ളത്. അത് അനിവാര്യമായ സംഗതിയാണ്. മാറ്റങ്ങളില്ലാതെ മനുഷ്യന് നിലനിൽപ്പില്ല. അതുകൊണ്ടുതന്നെ നവോത്ഥാനം എല്ലാക്കാലത്തും ഉണ്ടായിക്കൊണ്ടേയിരിക്കണം. എന്നാൽ നവോത്ഥാനം എന്ന പദത്തെ ശബരിമലയിൽ മാത്രമായി ഒതുക്കി രാഷ്ട്രീയവത്കരിക്കാൻ ശ്രമിക്കരുത്. പെണ്ണുങ്ങൾ കൈയുംപിടിച്ച് റോഡിൽ നിന്നാൽ നവോത്ഥാനം വരില്ല. അത് ജീവിതത്തിന്റെ അടിത്തട്ടിൽ നിന്നും ഉയർന്നുവരേണ്ട സംഗതിയാണ്.

*മലയാള സിനിമയിലേക്ക് വരികയാണെങ്കിൽ ഇക്കാര്യത്തിൽ എന്താണ് പറയാനുള്ളത് ?*

പഴയ ആൾക്കാരെ തൂത്തെറിഞ്ഞിട്ട് പുതിയ ആൾക്കാരെ കൊണ്ടുവരുന്നതാണ് നവോത്ഥാനമെങ്കിൽ മലയാള സിനിമയിൽ അത് നടപ്പായിക്കഴിഞ്ഞു എന്ന് പറയാം. പഴയ സംഗീതത്തെ ഒഴിവാക്കി പുതിയ സംഗീതത്തെ അവരോധിക്കുന്നതാണ് നവോത്ഥാനമെങ്കിൽ അതും നടപ്പായിക്കഴിഞ്ഞു.

**ഒരു പടം പൊട്ടിയാൽ നായകന് നഷ്ടപ്പെടാൻ ഒന്നുമില്ല. പക്ഷേ, നിർമ്മാതാവും കുടുംബവും വഴിയാധാരമാകും. അതുകൊണ്ട് തന്നെ അഭിനേതാക്കൾക്ക് സെൽഫ് ഡിസിപ്ലിൻ കൂടിയേ തീരൂ. അല്ലാത്തപക്ഷം സിനിമാമേഖല തന്നെ പ്രതിസന്ധിയിലാകും.**

*മലയാളസിനിമയിൽ ഒരിടവേളയ്ക്ക് ശേഷം വീണ്ടും വിലക്ക് എന്ന വാക്ക് മുഴങ്ങുകയാണ് ?*

മലയാളസിനിമയെ സംബന്ധിച്ചിടത്തോളം ഏറ്റവും അനിവാര്യം അച്ചടക്കമാണ്. അത് നഷ്ടമായിക്കഴിഞ്ഞു. ഞാൻ സിനിമാസംവിധായകൻ, നിർമ്മാതാവ്, തിരക്കഥാകൃത്ത്, ഗാനരചയിതാവ് എന്നീ നിലകളിൽ എല്ലാം ഒരേ സമയം നിറഞ്ഞുനിന്ന ആളാണ്. എന്നെപ്പോലെ എല്ലാ മേഖലകളിലും ഒരേസമയം നിറഞ്ഞുനിന്നവർ ഇല്ല എന്നുതന്നെ പറയാം. എന്നിട്ടും അച്ചടക്കം മുഖമുദ്രയാക്കി സൂക്ഷിക്കാൻ അന്നെനിക്ക് സാധിച്ചിരുന്നു. 1977ൽ ഞാൻ 37 സിനിമകൾക്ക് പാട്ട് എഴുതി. 15 തിരക്കഥ എഴുതി. രണ്ട് പടം നിർമ്മിച്ചു. ഇങ്ങനെവേറാരുണ്ട് മലയാളസിനിമയിൽ ? ഇന്ന് അതൊന്നും സാധ്യമല്ല. അച്ചടക്കം എന്നുപറയുന്നത് നിലനിർത്താൻ വേണ്ടിയാണ് സംഘടനകൾ പ്രവർത്തിക്കേണ്ടത്. എന്നാലിന്ന് സംഘടനകളിലും അതില്ല.

*വിലക്ക് എന്ന് പറയുന്നത് അച്ചടക്കത്തിന്റെഭാഗമാണോ ?*

ഇപ്പോഴത്തെ ഏറ്റവും പുതിയ വിവാദം ഷെയിൻ നി

ഗം എന്ന നടനുമായി ബന്ധപ്പെട്ടാണല്ലോ. അയാളുടെ കാര്യം തന്നെ എടുക്കാം. ഷെയിനിന് ഏർപ്പെടുത്തിയത് വിലക്കാണ് എന്ന് പറയാനാകില്ല. നല്ലൊരു നടനെസംബന്ധിച്ചിടത്തോളം അഭിനയശേഷിക്കൊപ്പം സെൽഫ് ഡിസിപ്ലിൻ എന്നൊരുസംഗതിയും അനിവാര്യമാണ്. കാരണം മറ്റൊരാളുടെ കോടികൾ വെച്ചാണ് അഭിനേതാവ് കളിക്കുന്നത്. ഒരുപടം പൊട്ടിയാൽ നായകന് നഷ്ടപ്പെടാൻ ഒന്നുമില്ല. പക്ഷേ, നിർമ്മാതാവും കുടുംബവും വഴിയാധാരമാകും. അതുകൊണ്ട് തന്നെ അഭിനേതാക്കൾക്ക് സെൽഫ് ഡിസിപ്ലിൻ കൂടിയേ തീ



രൂ. അല്ലാത്തപക്ഷം സിനിമാമേഖല തന്നെ പ്രതിസന്ധിയിലാകും. ഷെയിൻ നിഗം അച്ചടക്കം പാലിക്കണമെന്ന് പ്രൊഡ്യൂസേഴ്സ് അസോസിയേഷൻ ആവശ്യപ്പെട്ടാൽ അത് ന്യായമാണ്.

*യുവതലമുറ മദ്യത്തിനും മയക്കുമരുന്നിനുമൊക്കെ അടിമകളാണ് എന്ന ആക്ഷേപം ശക്തമാണ്. വാസ്തവത്തിൽ ലഹരിയാണോ യുവതലമുറയെ വഴിതെറ്റിക്കുന്നത് ?*

ഇപ്പോൾ സിനിമയിൽ എന്താണ് സംഭവിക്കുന്നത് എന്നെനിക്ക് അറിയില്ല. ഞാൻ പണ്ടത്തെപ്പോലെ സജീവമല്ല. രണ്ടോ മൂന്നോ പടങ്ങൾക്ക് പാട്ടെഴുതുക മാത്രമാണ് ഞാൻ അടുത്തിടെ ചെയ്തത്. അതുകൊണ്ട് ഇപ്പോൾ സെറ്റിൽ എന്താണ് നടക്കുന്നതെന്ന് ചോദിച്ചാൽ എനിക്കറിയില്ല. അതുകൊണ്ട് അതേക്കുറിച്ച് ഉത്തരം പറയുന്നത് ശരിയല്ല.

ഞാൻ സംവിധാനം ചെയ്തിരുന്ന കാലത്ത് ഒരൊറ്റ നടൻ പോലും മദ്യപിച്ചിട്ട് എന്റെ അടുത്ത് വന്നിട്ടില്ല. വന്നാൽ അവൻ പുറത്താണ്. ഞാൻ അക്കാര്യത്തിൽ കണിശക്കാരനായിരുന്നു. ഒരു സംവിധായകൻ എന്ന നിലയിലെ എന്റെ ആദ്യ സംരംഭത്തിൽ തന്നെ ഞാനക്കാര്യം വ്യക്തമാക്കിയിട്ടുള്ളതാണ്. സിനിമ സംവിധായകന്റേതാണ്. സംവിധായകൻ പറയുന്നതായിരിക്കണം അന്തിമതീരുമാനം. എന്റെ ആദ്യചിത്രത്തിൽ നടി ജയഭാരതി അവർക്കിഷ്ടമുള്ള ഒരു വേഷം ധരിക്കണമെന്ന ആവശ്യവുമായി വന്നു. ഞാൻ അംഗീകരിച്ചില്ല. കഥാപാത്രത്തിന് അനുയോജ്യമല്ലാത്ത വേഷം അനുവദിക്കില്ലെന്ന് പറഞ്ഞ് ഞാൻ അവരെ തിരിച്ചയച്ചു. മറ്റൊരു നടിയെ കാസ്റ്റ് ചെയ്യാമെന്ന് ഞാൻ തീരുമാനമെടുത്തു. ഒടുവിൽ പ്രേംനസീർ ഇടപെട്ടാണ് അന്ന് ആ പ്രശ്നം പരിഹരിച്ചത്. അന്ന് അതൊക്കെ സാധ്യമായിരുന്നു. ഇന്ന് പറ്റില്ല. പലരും ചോദിക്കാറുണ്ട് – തമ്പിസാറല്ലേ മമ്മൂട്ടിയേയും മോഹൻലാലിനെയും ആദ്യകാലത്ത് സഹായിച്ചിരുന്നത്. അവരെ വെച്ച് ഇപ്പോൾ ഒരുപടം ചെയ്തുകൂടേയെന്ന് ? ഇന്നവരെ വെച്ച് ഞാൻ പടം ചെയ്യണമെങ്കിൽ അവർ പറയുന്നത് ഞാൻ കേൾക്കേണ്ടിവരും. അത് സാധ്യമല്ല. അതുകൊണ്ട് അങ്ങനൊരു പ്രോജക്ട് ചിന്തിക്കാൻ പോലും ഇന്ന് സാധിക്കില്ല.

*കല മനുഷ്യനെതൊട്ടുണർത്തും എന്നാണ് സങ്കൽപ്പം. ഇന്നത്തെ കലാരൂപങ്ങൾക്ക് അതിന് സാധിക്കുന്നുണ്ടോ ?സിനിമയെക്കുറിച്ചാണ് ചോദിക്കുന്നത്.*

മനുഷ്യമനസ്സ് വല്ലാതെ മാറി. ഇത് സാങ്കേതികവിദ്യയുടെ കാലമാണ്. അതോടെ മൂല്യങ്ങൾക്ക് ഇടിവ് സംഭവിച്ചു. പണ്ടൊക്കെ ഒരു ചിത്രത്തിന് ഒരു മെസേജ് വേണമായിരുന്നു. ഇന്ന് മെസേജ് കൊടുത്താൽ പടം പൊളിയും. ഇന്നത്തെ തലമുറയ്ക്ക് ഉപദേശം ഇഷ്ടമില്ല. അവർക്ക് ഉപദേശമെന്നാൽ പുച്ഛമാണ്. അതുകൊണ്ടുതന്നെ ഇന്നത്തെ സിനിമകൾക്ക് മനുഷ്യമനസ്സിനെതൊട്ടുണർത്താൻ സാധിക്കുന്നില്ല എന്നാണ് എന്റെ വിലയിരുത്തൽ. ഞാൻ അവസാനം ഒരു സിനിമ എടുത്തത് മൂന്നു കൊല്ലം മുമ്പാണ്. അമ്മയ്ക്കൊരു താരാട്ട് എന്നായിരുന്നു പേര്. വൃദ്ധരായ അച്ഛനമ്മമാരെ വൃദ്ധസദനത്തിലാക്കുന്ന മക്കളുടെ കഥയാണത്. ആദ്യത്തെ ഷോയ്ക്ക് 50 പേരാണ് വന്നത്. കാരണം, ആ പേര് കേട്ടാൽപ്പോലും ആരും തീയേറ്ററിലേക്ക് തിരിഞ്ഞുനോക്കില്ല. അതാണ് പ്രശ്നം. പിന്നെ ഇപ്പോൾ തീയേറ്ററിൽപ്പോയി പടം കാണുന്നത് ഒരു പ്രത്യേകവിഭാഗം ആൾക്കാർ മാത്രമാണ്. അവർക്കാർക്കും ഇതൊന്നും ദഹിക്കില്ല. അതേസമയം, 'അമ്മയ്ക്കൊരുതാരാട്ട്' കാണേണ്ട സ്ത്രീകൾ വീട്ടിലിരുന്ന് സീരിയൽ കാണുകയാണ്.

*യുവാക്കൾക്ക് ഉപദേശം ഇഷ്ടമല്ല എന്നാണ് അങ്ങ് പറഞ്ഞുവരുന്നത് ?*

അതെ. തീർച്ചയായും. അവരെ കുറ്റം പറഞ്ഞിട്ട് കാര്യമില്ല. അവർക്ക് വേണ്ട വിവരങ്ങളെല്ലാം വിരൽത്തുമ്പിൽ ലഭ്യമാണ്. എല്ലാത്തിനും ഗൂഗിളും യൂട്യൂബും ഉണ്ടല്ലോ. പിന്നെന്തിന് മറ്റുള്ളവരുടെ വാക്കുകൾ കേൾക്കണം. നമ്മുടെയൊന്നും കാലത്ത് ഇവയൊന്നും ഇല്ലല്ലോ. അന്ന് മുതിർന്നവരുടെ വാക്കുകളിൽ നിന്നും പുസ്തകങ്ങളിൽ നിന്നുമായിരുന്നു അറിവ് ലഭിച്ചിരുന്നത്.

*കലുഷിതമായ ഈ കാലഘട്ടത്തിൽ ജനങ്ങളോട് എന്താണ് പറയാനുള്ളത് ?*

ഒറ്റക്കാര്യമേ ഉള്ളൂ. മലയാളിയുടെ മനസ്സിൽ നിന്നും കാരുണ്യം മാഞ്ഞുകൊണ്ടിരിക്കുകയാണ്. കാരുണ്യമാണ് മനുഷ്യനെമറ്റുമൃഗങ്ങളിൽ നിന്നും വേർതിരിച്ച് നിർത്തുന്നത്. കാരുണ്യം ഇല്ലാതായാൽ മനുഷ്യനും മൃഗവും രണ്ടല്ലാതായിത്തീരും. ആ അവസ്ഥ ഉണ്ടാകരുത്.

*കത്തി എരിയുമീ ഗ്രീഷ്മത്തിനക്കരെ പൂക്കാലമുണ്ടായിരിക്കാം .... അങ്ങനെ കരുതുന്നുണ്ടോ ?*

ഞാൻ ശുഭാപ്തിവിശ്വാസിയാണ്. പക്ഷേ, എനിക്കിപ്പോൾ പൂക്കാലം സ്വപ്നം കാണാൻ കഴിയുന്നില്ല. കാരണം എന്റെ കാലം കഴിഞ്ഞ് എന്റെ കൊച്ചുമക്കളുടെയൊക്കെ ഭാവി എന്താകുമെന്ന് ചിന്തിച്ചാൽ എനിക്ക് ഉത്കണ്ഠ ഉണ്ട്.

●

# ഈ രാജ്യത്ത് എന്താണ് സംഭ

**ചെറുകര സണ്ണീലൂക്കോസ്**

രണ്ടരവർഷം മുമ്പാണ് ബി.ജെ.പിയുടെ എം.എൽ.എ ആയിരുന്ന കുൽദീപ് സിംഗ് സെങ്കാർ പ്രതിയായ ഉന്നാവിലെ 17 കാരിയെ കൂട്ട ബലാൽസംഗം ചെയ്ത കേസ് പുറത്തുവരുന്നത്. ഈ കേസ് വിചാരണ കോടതിയിലെത്തും മുമ്പുത ന്നെ, ഇരയുടെ പിതാവ് പോലീസ് കസ്റ്റഡിയിൽ മർദ്ദന മേറ്റ് മരിച്ചു. ആ പെൺകുട്ടിയെ വാഹനമിടിച്ചു കൊല പ്പെടുത്താനും ശ്രമമുണ്ടായി. രണ്ട് സംഭവങ്ങൾക്ക് പിന്നിലും കുൽദീപ് സെങ്കാറിന് പങ്കുണ്ടായിരുന്നുവെന്ന് തെളിഞ്ഞിട്ടും കേസിന്റെ വിചാരണ മുന്നോട്ടുപോകാൻ സുപ്രീംകോടതി ഇട പെടേണ്ടി വന്നു. കേസ് പരിഗണിക്കുന്നതിനിടെ സുപ്രീം കോടതി അമ്പരപ്പോടെ ചോദിച്ചത് ഈ രാജ്യത്ത് എന്താണ് സംഭവിച്ചുകൊണ്ടിരിക്കുന്നതെന്നാണ്. ഈ കേസിന്റെ വിധിയെന്താകുമെന്നറിയാൻ രാജ്യം കാത്തിരിക്കുമ്പോഴാണ് ഉന്നാവിൽ നിന്നും സമാന മായ മറ്റൊരു വാർത്ത പുറത്തുവന്നത്.

ബി.ജെ.പി എം.എൽ.എ ആയിരുന്ന കുൽദീപ് സിംഗ് സെങ്കാറിന്റെ പീഡനത്തിനിരയായ പെൺകുട്ടിയുടെ വീട്ടിൽ നിന്നും 10 കിലോമീറ്റർ മാത്രം അകലെയുള്ള ദരിദ്രകുടുംബത്തിലെ ബിരുദധാരിയായ യുവതി പീഡിക്കപ്പെട്ടത് 2018 ഡിസംബറിലാണ്. 2019 ജനുവരിയിൽ പരാതി നൽകിയെങ്കിലും കേസ് എടുത്തത് രണ്ട് മാസം കഴിഞ്ഞാണ്. മുഖ്യപ്രതി ശിവം ത്രിവേദിയെ അറസ്റ്റ് ചെയ്തെങ്കിലും നവംബർ 25 ന് ജാമ്യത്തിലിറങ്ങി. ഡിസംബർ 5 ന് റായ്ബറേലി കോടതി നടപടികൾക്കായി വീട്ടിൽ നിന്നും പോകുമ്പോകുമ്പോഴാണ് മുഖ്യപ്രതിയും മറ്റ് മൂന്നുപേരും ചേർന്ന് തീ കൊളുത്തിയത്. ഇക്കഴിഞ്ഞ 11 മാസത്തിനിടെ ഉന്നാവിൽ റിപ്പോർട്ട് ചെയ്യപ്പെട്ട ബലാൽസംഗ കേസുകൾ മാത്രം 86 ആണത്രേ. ആവർത്തിക്കുന്ന പീഡനങ്ങൾ തടയാനോ പ്രതികൾക്ക് അർഹമായ ശിക്ഷ വാങ്ങി കൊടുക്കാനോ പ്രതികളുടെ രാഷ്ട്രീയസ്വാധീനം തടസ്സമായി നിൽക്കേ രാജ്യത്തിന്റെ നാനാഭാഗത്തുനിന്നും വീണ്ടും വീണ്ടും ക്രൂരമായി പീഡനകഥകൾ പുറത്തുവരുന്നു. പ്രതികളുടെ ഭാഗത്തുനിന്നുള്ള ഭീഷണി ഉന്നാവ് പെൺകുട്ടി പോലീസിനെഅറിയിച്ചിട്ടും സുരക്ഷയൊരുക്കാനോ പ്രതികൾക്കെതിരെ നടപടിയെടുക്കാനോ തയ്യാറായില്ലെന്നിടത്താണ് ഇത് ഭരണകൂട കൊലപാതകം കൂടിയായി മാറുന്നത്.



*ഉന്നാവിൽ 17 കാരിയെ കൂട്ട ബലാൽസംഗം ചെയ്ത കേസിലെ പ്രധാന പ്രതിയായ ബി.ജെ.പി എം.എൽ.എ കുൽദീപ് സിംഗ് സെങ്കാർ*

ഈ രാജ്യത്ത് എന്താണ് സംഭവിച്ചുകൊണ്ടിരിക്കുന്നത് എന്ന ചോദ്യത്തിന് വിശാലമായ ഒരുപാട് മാനങ്ങളുണ്ട്. പാർലമെന്റും എക്സിക്യൂട്ടീവും ജുഡീഷ്യറിയുമുൾപ്പെട്ട ഇന്ത്യൻ ജനാധിപത്യഭരണ സംവിധാനത്തിനാകെ എന്താണ് സംഭവിച്ചുകൊണ്ടിരിക്കുന്നതെന്ന ചോദ്യം രാജ്യത്തെ ജനാധിപത്യ സ്നേഹികളിൽ നിന്നെല്ലാം ആശങ്കയോടെ ഉയരുന്ന സന്ദർഭമാണിത്.

> **ഈ രാജ്യത്ത് എന്താണ് സംഭവിച്ചുകൊണ്ടിരിക്കുന്നത് എന്ന ചോദ്യത്തിന് വിശാലമായ ഒരുപാട് മാനങ്ങളുണ്ട്.**

അങ്ങനെ ഒരു ചോദ്യം ഉയർത്തിയതിന്റെ പേരിൽ രാജ്യത്തെ പരമോന്നത സംസ്കാരിക വ്യക്തിത്വങ്ങളുടെ പേരിൽ രാജ്യദ്രോഹകുറ്റത്തിന് കേസെടുക്കാൻ മുതിർന്നതും നാം കണ്ടു. നാം ഒരു ജനാധിപത്യരാജ്യത്താണ് ജീവിക്കുന്നതെന്ന് വിശ്വസിക്കാൻ കഴിയാത്ത വിധത്തിലാണ് രാജ്യത്ത് നടക്കുന്ന സംഭവവികാസങ്ങൾ. ആക്ടിവിസ്റ്റുകളേയും വിദ്യാർത്ഥിനേതാക്കളെയും രാജ്യദ്രോഹകുറ്റം ചാർത്തി അറസ്റ്റ് ചെയ്തപ്പോൾ ഒറ്റപ്പെട്ട സംഭവങ്ങളായി കണ്ട് വിമർശനം ഉന്നയിക്കുന്ന പ്രതി

# വിച്ചുകൊണ്ടിരിക്കുന്നത്?

## രാഹുൽഗാന്ധിയെ രാജ്യം ഉറ്റുനോക്കുന്നു


പക്ഷനേതാക്കളെ ഭരണകൂട ഏജൻസികളെ ഉപയോഗിച്ച് കേസുകളിൽ കുടുക്കി അറസ്റ്റ് ചെയ്ത് ജാമ്യം പോലും നൽകാതെ ജയിലിലിടച്ചപ്പോൾ അതിനെപലരും അവർ അതർഹിക്കുന്നതാണെന്ന നിലയിൽ കണ്ടു. ക്രമസമാധാനപാലനത്തിന്റെ പേരിൽ ഫോൺ, ഇന്റർനെറ്റ് അടക്കമുള്ള കമ്മ്യൂണിക്കേഷൻ മാർഗ്ഗങ്ങൾ ജനങ്ങൾക്ക് നിഷേധിച്ചപ്പോഴും അത് രാജ്യസുരക്ഷയ്ക്കുവേണ്ടിയായിരിക്കും എന്ന് പലരും ധരിച്ചു.

ഇത്തരം മനുഷ്യാവകാശ ലംഘനങ്ങൾക്കെതിരേ പലരും കോടതിയിലെത്തിയപ്പോൾ ഭരണഘടനാ മൂല്യങ്ങളെ സംരക്ഷിക്കാൻ ഉത്തരവാദപ്പെട്ട ന്യായാധിപരിൽ പലരും ഭരണകൂട ഇഛകൾ നിറവേറ്റി കൊടുക്കുന്ന വിധേയരായപ്പോഴും അഭിപ്രായ സ്വരൂപണം നടത്താൻ കഴിയുന്നവർ പോലും ഗൗരവത്തോടെ കണ്ടില്ല.

സാംസ്കാരിക പ്രതിഭകൾ ചെയ്ത രാജ്യദ്രോഹം എന്താണ്? എല്ലാജാതി, മത, വംശ, ലിംഗവിഭാഗങ്ങളും തുല്യരായ മതനിരപേക്ഷ സോഷ്യലിസ്റ്റ് ജനാധിപത്യ റിപ്പബ്ലിക്കായ നമ്മുടെ രാജ്യത്ത് ആൾക്കൂട്ട കൊലപാതകങ്ങളും അസഹിഷ്ണുതയും വർദ്ധിച്ചുവരുന്നത് തടയാൻ ഇടപെടണമെന്ന് പ്രധാനമന്ത്രിയോട് ആവശ്യപ്പെട്ടു എന്നതാണ് കുറ്റം. നമ്മുടെ രാജ്യത്തിന്റെ ഭാവിയെ സംബന്ധിച്ച് ആത്മാർത്ഥമായ ഉൽക്കണ്ഠയുള്ള ഇന്ത്യാക്കാർ എന്ന നിലയിലുള്ള തങ്ങളുടെ നിർദ്ദേശങ്ങളെ അവയുടെ യഥാർത്ഥവികാരത്തിൽ തന്നെ എടുക്കുമെന്ന് പ്രത്യാശിച്ചുകൊണ്ടാണ് അവർ കത്ത് അവസാനിപ്പിച്ചത്. ആ കത്തിനുണ്ടായ പ്രതികരണം മുസഫർപൂരിലെ ഒരു വക്കീൽ കേസുകൊടുത്തതും മജിസ്ട്രേട്ടും പോലീസും ചേർന്ന് രാജ്യദ്രോഹകുറ്റത്തിന് കേസെടുത്തതും രാജ്യവ്യാപകമായ പ്രതിഷേധത്തെ തുടർന്ന് പിൻവലിക്കേണ്ടി വന്നതും മാത്രമാണ്.

ആൾക്കൂട്ട ആക്രമണങ്ങളും ഭിന്നാഭിപ്രായം പ്രകടിപ്പിക്കുന്നവരെ നിശബ്ദരാക്കാൻ ഭരണകൂടാധികാരം ദുർവിനിയോഗം ചെയ്യുന്നതുമെല്ലാം ആവർത്തിച്ചുകൊണ്ടേയിരിക്കുകയാണ്. അഭിപ്രായ സ്വാതന്ത്ര്യത്തിനെതിരെ, മാധ്യമങ്ങൾക്ക് നേരെ ഭീഷണി ഉയർത്തുന്നതും ആവർത്തിച്ചുകൊണ്ടിരിക്കുന്നു. ഓരോ മാധ്യമത്തിലും എന്തുവരണമെന്നും എന്തുവന്നുകൂടെന്നും ഭരണകൂടവും ആൾക്കൂട്ടവും വിവിധ മാർഗ്ഗങ്ങളിൽ ആജ്ഞാപിക്കുന്ന തരത്തിലേക്ക് കാര്യങ്ങൾ എത്തിയിരിക്കുന്നു. ഭ്രാന്തമായ ആൾക്കൂട്ട ആക്രമണങ്ങൾക്കെതിരെ സുപ്രീംകോടതി തന്നെ

**സമൂഹമാധ്യമങ്ങളിലൂടെ ആസൂത്രിതമായി നിർമ്മിച്ച് പ്രചരിപ്പിക്കുന്ന വ്യാജവാർത്തകളും അവ നിർമ്മിക്കുന്ന വ്യാജപൊതുബോധങ്ങളും ചേർന്ന് സമഗ്രാധിപത്യ**



**ത്തിന് ചുവപ്പുപരവതാനി വിരിച്ചിരിക്കുന്നു. ഈ സാഹചര്യത്തിലാണ് വ്യവസായ പ്രമുഖൻ രാഹുൽ ബജാജ് ആഭ്യന്തരമന്ത്രി അമിത്ഷായുടെ മുഖത്തുനോക്കി 'ഞങ്ങൾക്ക് നിങ്ങളെ ഭയമാണ്' എന്നുപറഞ്ഞത്.**

കഴിഞ്ഞവർഷം ശക്തമായ താക്കീത് നൽകുകയുണ്ടായി. ബഹുസ്വരതയും സ്വതന്ത്രചിന്തയും ഉറപ്പാക്കാൻ ഭരണകൂടത്തിനുള്ള ഉത്തരവാദിത്തവും സുപ്രീംകോടതി ഊന്നിപ്പറഞ്ഞതാണ്.

വ്യത്യസ്ത വീക്ഷണം, യുക്തിബോധം, അഭിപ്രായസ്വാതന്ത്ര്യം എന്നിവയുടെ പേരിൽ സാംസ്കാരിക രംഗത്തെ ഉന്നതവ്യക്തിത്വങ്ങളായ നരേന്ദ്ര ദാഭോൽക്കർ, ഗോവിന്ദ് പൻസാരെ, എം.എം. കലബുർഗി, ഗൗരി ലങ്കേഷ് എന്നിവരെ കൊല ചെയ്ത നാട്ടിൽ ഭരണകൂടത്തെ വിമർശിക്കാൻ ഇന്ന് പലരും ഭയപ്പെടുന്നു. രാജ്യം കടുത്ത സാമ്പത്തികപ്രതിസന്ധിയിൽ നട്ടം തിരിയുമ്പോഴും ഭരണകൂടത്തിന് എതിർ ശബ്ദങ്ങളെ ഇല്ലാതാക്കുന്നതിൽ മാത്രമാണ് ശ്രദ്ധ. അടിയന്തിരാവസ്ഥ കാലത്ത് ജനാധിപത്യം ധ്വംസിക്കപ്പെട്ടെങ്കിലും ശക്തമായ പ്രതിപക്ഷവും നിരവധി ജനാധിപത്യവാദികളും അതിനെചെറുക്കാനും പരാജയപ്പെടുത്താനും ഉണ്ടായിരുന്നുവെന്നത് ജനങ്ങൾക്ക് അനുകൂലഘടകമായിരുന്നു. എന്നാൽ ഇപ്പോഴാകട്ടെ കോടതിയും തെരഞ്ഞെടുപ്പ് കമ്മിഷനും മുതൽ സി.ബി.ഐയും ഇൻകംടാക്സ് ഡിപ്പാർട്ടുമെന്റും വരെ ജനവിരുദ്ധമായ രീതിയിൽ പ്രതിയോഗികളെ ഇല്ലായ്മ ചെയ്യാനോ വരുതിയിൽ കൊണ്ടുവരാനോ ഉപയോഗിക്കുന്നു.

സമൂഹമാധ്യമങ്ങളിലൂടെ ആസൂത്രിതമായി നിർമ്മിച്ച് പ്രചരിപ്പിക്കുന്ന വ്യാജവാർത്തകളും അവ നിർമ്മിക്കുന്ന വ്യാജപൊതുബോധങ്ങളും ചേർന്ന് സമഗ്രാധിപത്യത്തിന് ചുവപ്പുപരവതാനി വിരിച്ചിരിക്കുന്നു. ഈ സാഹചര്യത്തിലാണ് വ്യവസായ പ്രമുഖൻ രാഹുൽ ബജാജ് ആഭ്യന്തരമന്ത്രി അമിത്ഷായുടെ മുഖത്തുനോക്കി 'ഞങ്ങൾക്ക് നിങ്ങളെ ഭയമാണ്' എന്നുപറഞ്ഞത്. 'ഇക്കണോമിക്സ് ടൈംസ്' അവാർഡ് ദാനചടങ്ങിനിടെ ധനമന്ത്രി നിർമ്മലാ സീതാരാമൻ റെയിൽവേ മന്ത്രി പിയൂഷ് ഗോയൽ, വ്യവസായപ്രമുഖരായ മുകേഷ് അംബാനി, കുമാർ മംഗളം, ബിർളാ, സുനിൽ ഭാരതി മിത്തൽ തുടങ്ങിയവർ സദസ്സിലിരിക്കെയായിരുന്നു എഴുപത് കഴിഞ്ഞ രാഹുൽ ബജാജിന്റെ രൂക്ഷവിമർശനം. രാജ്യത്ത് ഭയത്തിന്റെ അന്തരീക്ഷമാണെന്ന് വ്യവസായികളിൽ പലരും തന്നോട് പരാതിപ്പെടുന്നുണ്ടെന്ന് മുൻ പ്രധാനമന്ത്രി ഡോ. മൻമോഹൻസിംഗ് ഇതിന് തൊട്ടുതലേനാൾ പറഞ്ഞിരുന്നു.

അമിത്ഷായോട് ചോദ്യങ്ങൾ ചോദിക്കാൻ സദസ്യർക്ക് അവസരം നൽകിയപ്പോഴാണ് രാഹുൽ ബജാജ് എഴുന്നേറ്റുനിന്ന് അപ്രതീക്ഷിത വിമർശനം നടത്തിയത്. മുൻ ധനമന്ത്രി പി. ചിദംബരത്തെ കുറ്റപത്രം പോലും കൊടുക്കാതെ നൂറുദിവസത്തിലേറെ തടവിലിട്ടതും പ്രജ്ഞാസിംഗ് ഗാന്ധിഘാതകൻ നാഥുറാം ഗോഡ്സെയെ ദേശസ്നേഹിയെന്ന് വിളിച്ചതും ആൾക്കൂട്ടക്കൊലകളും ഒക്കെ ബജാജ് വേദിയിൽ ഉന്നയിച്ചു. തനിക്ക് രാഹുൽ എന്നുപേരിട്ടത് ജവഹർലാൽ നെഹ്റുവാണെന്നും ഈ പേരുകൾ നിങ്ങൾക്ക് ചതുർത്ഥിയാണല്ലോ എന്നും ബജാജ് പറഞ്ഞപ്പോൾ സദസ്സ് കയ്യടിച്ചു പ്രോത്സാഹിപ്പിക്കുകയായിരുന്നു.




**ഭരണകൂടം എങ്ങനെയാണ് അതിന്റെ സർവ്വാധിപത്യലാക്കുകൾ നടത്തിയെടുക്കുന്നത് എന്നതിന്റെ പല ഉദാഹരണങ്ങളിൽ ഒന്നുമാത്രമാണ് ഒരു രാഷ്ട്രം ഒറ്റതെരഞ്ഞെടുപ്പ്(വൺ നേഷൻ വൺ ഇലക്ഷൻ) എന്ന നിർദ്ദേശം.**

ഞങ്ങൾ ഭയത്തിലാണ്. എല്ലാവരുടെയും മനസ്സിൽ ഭീതിയുടെ അന്തരീക്ഷമാണ്. ആരുമത് പറയില്ല. എന്റെ വ്യവസായികളായ സുഹൃത്തുക്കളും പറയില്ല. തനിക്ക് പി. ചിദംബരവുമായി അടുപ്പമൊന്നുമില്ലെന്നും അരനൂറ്റാണ്ടിനിടയിൽ ഒരു മന്ത്രിയേയും വീട്ടിലോ ഓഫീസിലോ പോയി സന്ദർശിച്ചിട്ടില്ലെന്നും വിശദീകരിച്ചശേഷം ആഭ്യന്തരമന്ത്രിയുടെ മുഖത്തുനോക്കി ബജാജ് പറഞ്ഞു. 'ശിക്ഷിക്കപ്പെടാതെ ഒരാൾ 100 ദിവസത്തിലേറെയായി ജയിലിൽ കഴിയുന്നു. ശിക്ഷിക്കപ്പെട്ടിട്ടില്ല. കുറ്റവാളിയായി പ്രഖ്യാപിക്കപ്പെട്ടിട്ടില്ല. ബലാൽസംഗമോ, കൊലപാതകമോ, രാജ്യദ്രോഹമോ അല്ല കുറ്റം. ഒരു വെള്ളകോളർ(ധനകാര്യ) കുറ്റം മാത്രം. ഇത് തെറ്റാണ്.' ഭീതിയുടെ അന്തരീക്ഷം ഉണ്ടെന്നുവരുത്താൻ ചിലർ ശ്രമിക്കുന്നുണ്ടെന്നും അത് മാറ്റിയെടുക്കാൻ എല്ലാവരും ശ്രമിക്കണമെന്നുമായിരുന്നു ഷായുടെ മറുപടി.

ടാർജറ്റ് ചെയ്യേണ്ട രാഷ്ട്രീയ പാർട്ടികളേയും നേതാക്കളേയും ഒതുക്കേണ്ട ചുമതല ഇപ്പോൾ സി.ബി.ഐ, എൻഫോഴ്സ്മെന്റ്, ഇൻകംടാക്സ്,എൻ.ഐ.എ തുടങ്ങിയ ഏജൻസികൾക്കുള്ളതാണ്. ചക്കരക്കുടത്തിൽ കയ്യിടാത്ത രാഷ്ട്രീയക്കാർ വിരളമാണല്ലോ. മടിയിൽ കനമുള്ളവർ ഭയക്കേണ്ടവർ എല്ലാം നിശബ്ദരായിരിക്കുന്നു. അതേസമയം ബി.ജെ.പിയുടെയും സഖ്യകക്ഷികളുടെയും നേതാക്കൾക്കെതിരേ ഈ ഏജൻസികളൊന്നും ഒരു ചെറുവിരൽ അനക്കുന്നില്ല. പ്രതിപക്ഷത്തുനിന്ന് ഭര

ണകക്ഷിയിലേക്ക് ചേക്കേറിയാൽ നിമിഷങ്ങൾക്കകം എത്ര വലിയ അഴിമതി കേസും വെളുപ്പിക്കാം എന്ന സന്ദേശവും പലവട്ടം നൽകിക്കഴിഞ്ഞു.

ഡെൽഹിയിൽ ഓൾ ഇന്ത്യാ മാനേജ്മെന്റ് അസോസിയേഷന്റെ ഒരു യോഗത്തിൽ സംസാരിക്കുമ്പോൾ അമിത്ഷാ നടത്തിയ അഭിപ്രായപ്രകടനം രാജ്യം എവിടേക്കാണ് പോകുന്നുവെന്നതിന്റെ സൂചനനൽകുന്നു. അമിത് ഷാ പറഞ്ഞു. 'സ്വാതന്ത്ര്യം കിട്ടി 70 വർഷം കഴിയുമ്പോൾ ബഹുകക്ഷി ജനാധിപത്യം പരാജയപ്പെട്ടോയെന്ന സംശയമാണ് ജനങ്ങളുടെ മനസ്സിലുള്ളത്. അവർ നിരാശരാണ്.' ഭരണകൂടം എങ്ങനെയാണ് അതിന്റെ സർവ്വാധിപത്യലാക്കുകൾ നടത്തിയെടുക്കുന്നത് എന്നതിന്റെ പല ഉദാഹരണങ്ങളിൽ ഒന്നുമാത്രമാണ് ഒരു രാഷ്ട്രം ഒറ്റതെരഞ്ഞെടുപ്പ്(വൺ നേഷൻ വൺ ഇലക്ഷൻ) എന്ന നിർദ്ദേശം. ഇതിനെ'ഒരു പാർട്ടി,ഒരു നേതാവ്, ഒരു ഭരണകൂടം'എന്നും വിശേഷിപ്പിക്കാം. ഇന്ത്യൻ ജനാധിപത്യത്തിന്റെ ഊടും പാവുമായ ബഹുകക്ഷി സമ്പ്രദായം അവസാനിപ്പിക്കുകയാണ് ഉന്നം എന്ന് വ്യക്തം.

ഇന്ത്യയുടെ വൈവിധ്യം അംഗീകരിച്ചാണ് നമ്മുടെ ഭരണഘടനകേന്ദ്രത്തിനും സംസ്ഥാനങ്ങൾക്കും വ്യത്യസ്ത അധികാരങ്ങൾ നൽകുന്നത്. നാനാത്വത്തിൽ ഏകത്വം എന്നത് ഇന്ത്യൻ ഭരണഘടനയുടെ സത്തയാണ്. ഒരു മതവും ഒരു ജാതിയും ഒരു ഭാഷയും ഒരു സംസ്കാരവും ഒരേ വസ്ത്രവും ഒരേ ഭക്ഷണരീതിയും ഒരേ കാലാവസ്ഥയുമല്ല ഇന്ത്യാരാജ്യത്തുള്ളത്. ഇന്ത്യയിൽ ഒറ്റകക്ഷിയും ഒറ്റ നേതാവും മതിയെന്ന ബി.ജെ.പി അജണ്ടയ്ക്ക് അതുകൊണ്ടുതന്നെ ഒരു പ്രസക്തിയുമില്ല.

അയൽരാജ്യങ്ങളിൽ നിന്നുള്ള മുസ്ലീമുകളല്ലാത്ത കുടിയേറ്റക്കാർക്ക് ഇന്ത്യൻ പൗരത്വം നൽകുന്നതിനുള്ള പൗരത്വഭേദഗതി ബിൽ തുല്യത ഉറപ്പുവരുത്തുന്ന ഭരണഘടനയുടെ 14-ാം വകുപ്പിനെതിരായ മതപരമായ വിവേചനം പുലർത്തുന്നതാണ്. ബംഗ്ലാദേശ്, പാകിസ്ഥാൻ, അഫ്ഗാനിസ്ഥാൻ എന്നീ രാജ്യങ്ങളിൽനിന്ന് ഇന്ത്യയിലേക്ക് കുടിയേറിയ ഹിന്ദു, ക്രിസ്ത്യൻ, സിഖ്, ബുദ്ധ, ജൈന, പാഴ്സി മതക്കാർക്ക് പൗരത്വം നൽകുന്നതിന് 1955 ലെ പൗരത്വനിയമം ഭേദഗതി ചെയ്യുകയാണ്. ദേശീയപൗരത്വ പട്ടിക(എൻ.ആർ.സി) മുസ്ലീങ്ങളെ രാജ്യമില്ലാത്തവരാക്കുന്നതിനുള്ള ഉപകരണമാണെന്ന അന്താരാഷ്ട്ര മതസ്വാതന്ത്ര്യത്തിനുള്ള യു.എസ് കമ്മിഷൻ റിപ്പോർട്ട് ശരിവയ്ക്കുന്നതാണ് ദേശീയ പൗരത്വ നിയമഭേദഗതി ബിൽ. അസമിൽ മാത്രം ബാധകമായ ഒരു പൗരത്വപ്രശ്നം രാജ്യം മുഴുവൻ നടപ്പാക്കാനുള്ള ശ്രമം, വർഗ്ഗീയ ധ്രുവീകരണ ലക്ഷ്യം വച്ചുള്ളതാണ്.


ജസ്റ്റിസ് ദീപക് ഗുപ്ത

**വിയോജിപ്പിന്റെയും വിമർശനത്തിന്റെയും വായ് മൂടിക്കെട്ടാൻ രാജ്യദ്രോഹക്കുറ്റത്തെ ദുരുപയോഗം ചെയ്യുന്നതിനെതിരെ സുപ്രീം കോടതി ന്യായാധിപനായ ജസ്റ്റിസ് ദീപക് ഗുപ്ത നടത്തിയ അഭിപ്രായപ്രകടനം ശ്രദ്ധേയമായിരുന്നു.**

രാജ്യത്ത് എല്ലാം തങ്ങളുടെ പ്രത്യയശാസ്ത്രത്തിന്റെ ഒരൊറ്റ അച്ചിൽ ഉടച്ചുവാർക്കാനുള്ള ബി.ജെ.പിയുടെ മറ്റൊരു നീക്കമായിരുന്നു 'ഒരു രാജ്യം ഒരു ഭാഷ' എന്ന ആഹ്വാനം. രാജ്യത്തെ ഏകീകരിക്കാൻ ഹിന്ദി ഭാഷയ്ക്ക് മാത്രമേ കഴിയുകയുള്ളൂയെന്നും അതിനാൽ ലോകം മുഴുവൻ ഇന്ത്യയെ അടയാളപ്പെടുത്താൻ ഒരൊറ്റ ഭാഷ രാജ്യമൊന്നടങ്കം സ്വീകരിക്കണമെന്ന് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത്ഷായുടെ പ്രസ്താവനയ്ക്കെതിരെ അതിശക്തമായ പ്രതിഷേധമാണുയർന്നത്.

വ്യക്തികളുടെ അനുവാദമില്ലാതെ തന്നെ അവരുടെ സ്വകാര്യതയിലേക്ക് അതിക്രമിച്ച് കയറി കംപ്യൂട്ടറും ഫോണും പരിശോധിക്കാൻ 10 അന്വേഷണ ഏജൻസികൾക്ക് സമ്പൂർണ്ണ അധികാരം നൽകിയ മോദി സർക്കാർ നടപടി ഭരണകൂടത്തിന്റെ സമഗ്രാധിപത്യം വ്യക്തിയുടെയും സമൂഹത്തിന്റെയും സ്വച്ഛവും സ്വതന്ത്രവുമായ ജീവിതത്തെ എങ്ങനെയൊക്കെ അസാധ്യമാക്കുന്നു എന്നതിന്റെ ഭീഷണമായ മാതൃകയാണ്. പാർലമെന്റിൽ ചർച്ചപോലും ചെയ്യാതെ അസാധാരണ ഗസറ്റ് വിജ്ഞാപനമായാണ് സർക്കാർ ഇതിനുള്ള ഉത്തരവ് പുറപ്പെടുവിച്ചത്. അതുവരെ ആഭ്യന്തരമന്ത്രാലയത്തിന്റെ അനുമതിയോടെ മാത്രമേ അന്വേഷണ ഏജൻസികൾക്ക് വ്യക്തികളുടെ ഫോൺ ചോർത്താൻ അധികാരമുണ്ടായിരുന്നുള്ളൂ. സർക്കാരിനെതിരായ വിമർശനങ്ങളെ രാജ്യദ്രോഹമായി സ്ഥാപിച്ചെടുക്കാനുള്ള കുറുക്കുവഴിയായിരുന്നു ഈ ഉത്തരവ്. അന്വേഷണ ഏജൻസികളുടെ പരിശോധനയുമായി സഹകരിച്ചില്ലെങ്കിൽ ഏഴുവർഷം വരെ തടവും പിഴയും അനുഭവിക്കണം.

ഇസ്രയേൽ ചാര സോഫ്റ്റ് വേറായ പെഗാഡസ് ഉപയോഗിച്ച് ഇന്ത്യയിലെ രണ്ട് ഡസനോളം പ്രമുഖരുടെ വാട്സ് ആപ്പ് വിവരങ്ങൾ ചോർത്തിയെടുത്തെന്ന വെളിപ്പെടുത്തലിന് പിന്നാലെ കേന്ദ്രസർക്കാരിനെഗൂഗിളും പ്രതിക്കൂട്ടിലാക്കുകയുണ്ടായി. രാജ്യത്തെ അഞ്ഞൂറോളം ഇന്റർനെറ്റ് ഉപയോക്താക്കളുടെ സുപ്രധാനവിവരങ്ങൾ സർക്കാരിന്റെ അറിവോടെ

ചോർത്താൻ ശ്രമിച്ചതായാണ് ഗൂഗിളിന്റെ വെളിപ്പെടുത്തൽ. പെഗാഡസ് ഉപയോഗിച്ച് പ്രിയങ്കാഗാന്ധിയടക്കം രാജ്യത്തെ പ്രമുഖരുടെ വാട്സ് ആപ്പ് വിവരങ്ങൾ ചോർത്തിയതിനെക്കുറിച്ച് പാർലമെന്റിൽ ചോദിച്ചപ്പോൾ ഇന്റർനെറ്റ് ആശയവിനിമയം നിയമപരമായി നിരീക്ഷിക്കാൻ സർക്കാരിനധികാരമുണ്ടെന്നാണ് മന്ത്രി രവിശങ്കർ പ്രസാദ് രാജ്യസഭയിൽ പറഞ്ഞത്.

വിയോജിപ്പിന്റെയും വിമർശനത്തിന്റെയും വായ് മൂടിക്കെട്ടാൻ രാജ്യദ്രോഹക്കുറ്റത്തെ ദുരുപയോഗം ചെയ്യുന്നതിനെതിരെ സുപ്രീംകോടതി ന്യായാധിപനായ ജസ്റ്റിസ് ദീപക് ഗുപ്ത നടത്തിയ അഭിപ്രായപ്രകടനം ശ്രദ്ധേയമായിരുന്നു. ഏതാനും വർഷങ്ങളായി ആളുകളെ അനാവശ്യമായി അറസ്റ്റ് ചെയ്തു തടങ്കലിൽ വെയ്ക്കാനുള്ള ആയുധമായി രാജ്യദ്രോഹക്കുറ്റം ദുരുപയോഗം ചെയ്യുകയാണെന്നും ഇങ്ങനെപോയാൽ ഇന്ത്യൻ ശിക്ഷാനിയമത്തിലെ 124 എ വകുപ്പു പുനരവലോകനം ചെയ്യണമെന്നും അദ്ദേഹം പറഞ്ഞു. രാജ്യദ്രോഹ നിയമങ്ങളെക്കാൾ പ്രഥമസ്ഥാനം ഭരണഘടനാവകാശമായ ആവിഷ്ക്കാര സ്വാതന്ത്ര്യത്തിനാണെന്ന് അദ്ദേഹം പറഞ്ഞത് ഗുജറാത്തിൽ നടന്ന ഒരു അഭിഭാഷക ശിൽപ്പശാലയിലാണ്.

അഞ്ചുവർഷത്തെ ഭരണത്തിന് ശേഷവും വൻഭൂരിപക്ഷത്തോടെ അധികാരത്തിലെത്തിയത് എന്തും ചെയ്യാനുള്ള ലൈസൻസായി കരുതുന്നതുപോലെയാണ് മോദി ഗവൺമെന്റിന്റെ നടപടികൾ. നോട്ടുനിരോധനം, ജി.എസ്.ടി നടപ്പാക്കിയത് തുടങ്ങിയവകൊണ്ടുണ്ടായ കെടുതികളിൽ നിന്ന് വോട്ടർമാരുടെ ശ്രദ്ധ തിരിക്കാൻ തീവ്രദേശീയതയുടെയും ഹിന്ദു ധ്രുവീകരണത്തിന്റെയും തുറുപ്പുചീട്ടുകൾ ഇറക്കി ബി.ജെ.പി വിജയം കൊയ്തു എന്നതാണ് വാസ്തവം.

ദുരൂഹമായ പുൽവാമാ ആക്രമണം എങ്ങനെയുണ്ടായി എന്നത് സംബന്ധിച്ച് സത്യസന്ധമായ ഒരന്വേഷണത്തിന് എക്കാലവും പ്രസക്തിയുണ്ട്. പാകിസ്ഥാൻ എന്ന ശത്രുവിനെമുൻനിർത്തി രാജ്യം വലിയ അപകടത്തിലാണെന്നും മോദിയെപ്പോലെ കരുത്തുള്ള നേതാവിനെയാണ് ഈ സന്ദർഭത്തിൽ ആവശ്യമെന്നുമുള്ള ബോധം മാധ്യമങ്ങളുടെ നിർലോഭമായ സഹായത്തോടെ സൃഷ്ടിച്ചെടുക്കാൻ ബി.ജെ.പിക്ക് സാധിച്ചു.

ഈ തന്ത്രം തിരിച്ചറിയുന്നതിലും തടയുന്നതിലും മതേതര കക്ഷികൾ പരാജയപ്പെട്ടു. അങ്ങനെനേടിയ വിജയത്തിന്റെ ഉന്മാദത്തിൽ കാശ്മീർ വിഭജനം അടക്കം ആർ.എസ്.എസ് അജണ്ടകൾ ഒന്നൊന്നായി നടപ്പാക്കിക്കൊണ്ടിരിക്കുമ്പോഴാണ് സാമ്പത്തിക



രാഹുൽഗാന്ധി സ്വന്തം മണ്ഡലമായ വയനാട്ടിൽ

മാന്ദ്യം എന്ന വലിയ അപകടം രാജ്യത്തെ വിഴുങ്ങിയിരിക്കുന്നത്.

ഒറ്റരാത്രികൊണ്ട് കള്ളപ്പണം ഇല്ലാതാക്കാനും ഭീകരപ്രവർത്തനം അവസാനിപ്പിക്കാനും പ്രഖ്യാപിച്ച നോട്ട് പിൻവലിക്കൽ ഫലപ്രാപ്തിയിലെത്തിയില്ലെന്നുമാത്രമല്ല സമ്പദ് വ്യവസ്ഥയുടെ അടിത്തറ കുളംതോണ്ടുകയും ചെയ്തു. എല്ലാ കള്ളപ്പണക്കാരും അവരുടേത് വെളുപ്പിച്ചു. ഔദ്യോഗികസമ്പദ്‌വ്യവസ്ഥയെന്നും സമാന്തരമെന്നും വിളിക്കുന്ന മേഖല ഇല്ലാതായി. പുതിയ പദ്ധതികൾ, വിപുലീകരണം, റിയൽ എസ്റ്റേറ്റ് എന്നിവയെ ഇത് ഗുരുതരമായി ബാധിച്ചു. നോട്ട് പിൻവലിച്ചശേഷം കോർപ്പറേറ്റ് നിക്ഷേപങ്ങൾ 60 ശതമാനം കുറഞ്ഞു എന്ന റിപ്പോർട്ട് സർക്കാർ പൂഴ്ത്തി. 45 വർഷത്തെ ഏറ്റവും വലിയ തൊഴിലില്ലായ്മയെന്ന റിപ്പോർട്ടും വെളിച്ചം കണ്ടില്ല. നോട്ട് പിൻവലിച്ചതിനൊപ്പം ഇഷ്ടമില്ലാത്ത ബിസിനസ് ഗ്രൂപ്പുകൾക്കെതിരായി രാജ്യമെമ്പാടും നടന്ന റെയ്ഡുകളും പ്രതികാര നടപടികളും സാമ്പത്തിക തകർച്ചയുടെ ആക്കം കൂട്ടി.

നല്ല ഒരു ആശയമായിരുന്ന ജി.എസ്.ടിയെ വികലമായി നടപ്പാക്കിയത് കൂനിന്മേൽ കുരുവായി. വരുമാനസ്രോതസ്സുകളെ തകർത്തു. ലോകത്തിൽ ഏറ്റവും അധികം സാമ്പത്തികവളർച്ചാനിരക്കുകളുള്ള രാജ്യമായിരുന്നു ഇന്ത്യ. എട്ടുശതമാനത്തിനും മുകളിലായിരുന്നു അത്. പുതിയ കണക്കുപ്രകാരം സെപ്റ്റംബർ ഒക്ടോബർ കാലത്തിത് 4.5 ശതമാനത്തിലെത്തിയിരിക്കുന്നു.



**സ്വന്തം രാഷ്ട്രീയവും കാഴ്ചപ്പാടുകളും രാഷ്ട്രീയ സംഘടനാ സംവിധാനത്തിന്റെ തുണയില്ലാതെ തന്നെ ജനങ്ങളുമായി നേരിട്ട് പങ്കുവെയ്ക്കാൻ കഴിയുന്ന, ബി.ജെ.പിക്ക് പുറത്തുള്ള ഒരേയൊരു നേതാവ് രാഹുൽ ഗാന്ധി മാത്രമേയുള്ളു.**

കഴിഞ്ഞ ആറര വർഷത്തെ ഏറ്റവും കുറഞ്ഞ നിരക്ക്.

നിക്ഷേപനിരക്ക് മുൻവർഷം ഇതേ കാലത്തെ 11.8 ശതമാനത്തിൽനിന്ന് ഒരു ശതമാനമായി കുറഞ്ഞിരിക്കുകയാണ്. നിക്ഷേപം വർദ്ധിപ്പിക്കുന്നതിന് പുതിയ ഉൽപ്പാദകകമ്പനികൾക്കുള്ള നികുതി 15 ശതമാനമായും കുറച്ചു. മുടങ്ങിക്കിടന്ന ഭവനനിർമ്മാണപദ്ധതികൾ ഉത്തേജിപ്പിക്കുന്നതിന് 25,000 കോടിയുടെ പാക്കേജ് പ്രഖ്യാപിച്ചു. ഇതിന്റെയെല്ലാം നേട്ടം കൂടുതലും മുകൾത്തട്ടിലുള്ളവർക്കാണ്. 2004 നും 2014 നും ഇടയിൽ 14 കോടി ഇന്ത്യക്കാർ ദാരിദ്ര്യരേഖയ്ക്ക് മുകളിലെത്തിയെങ്കിൽ 2016 നുശേഷം അതിലേറെയാളുകൾ ദാരിദ്ര്യരേഖയ്ക്ക് താഴേയ്ക്കുപോയി.

സാമ്പത്തിക പ്രതിസന്ധി നേരിടുന്ന പല സ്ഥാപനങ്ങളേയും സമയോചിതമായി ഇടപെടൽ നടത്തി താങ്ങിനിർത്താതെ, തകരാൻ അനുവദിക്കുന്നതിനുപിന്നിൽ ദുരൂഹതയുണ്ട്. ഇതാണ് ബാങ്കുകളുടെ കിട്ടാക്കടങ്ങൾ വർദ്ധിക്കുന്നതിന് ഒരു കാരണം. മിനിമം താങ്ങുവില ഉയർത്താതെയും തൊഴിലുറപ്പ് പദ്ധതിക്കുപോലും പണം നൽകാതെയും കാർഷികമേഖലയെ ഞെരുക്കുന്നത് ഗ്രാമീണദുരന്തത്തിന്റെ വാങ്ങൽ ശേഷി കുറയുന്നതിന് കാരണമായി. ജി.എസ്.ഡി. നടപ്പാക്കിയ രീതി സംസ്ഥാനങ്ങളുടെ വരുമാനസ്രോതസ്സുകളെ തന്നെ തകർത്തു.

നരസിംഹറാവുവും, മൻമോഹൻസിംഗുമിട്ട സാമ്പത്തിക അടിത്തറ അപ്പാടെ സ്വീകരിച്ചാൽ ഇപ്പോഴത്തെ സാമ്പത്തികപ്രശ്നങ്ങളിൽനിന്നു കരകയറാനാകും എന്ന് പറഞ്ഞത് മറ്റാരുമല്ല കേന്ദ്ര ധനമന്ത്രി നിർമല സീതാരാമന്റെ ഭർത്താവ് പറകാല പ്രഭാകർ ആണ്. നെഹ്റു സ്വീകരിച്ച സാമ്പത്തിക ചട്ടക്കൂടിനെബി.ജെ.പി. ആക്രമിക്കുന്നതിനെഅദ്ദേഹം അപലപിക്കുകയും സാമ്പത്തിക വിദഗ്ധനും ആന്ധ്രാസർക്കാരിന്റെ മുൻ ഉപദേഷ്ടാവുമായ പറകാല പ്രഭാകർ ഹിന്ദുവിലെഴുതിയ ലേഖനത്തിലാണ് ഇങ്ങനെഅഭിപ്രായപ്പെട്ടത്.

രാജ്യത്തിന്റെ സാമ്പത്തിക വളർച്ച കീഴോട്ട് പതിക്കുമ്പോഴും അംബാനിയേയും അദാനിയേയും പോലുള്ള ഏതാനും വ്യവസായപ്രമുഖർ നിഗൂഢമായ ആനന്ദത്തിലാണ്. 2013 ൽ മാത്രം കോർപ്പറേറ്റ് വൽക്കരിച്ച ഒരു കമ്പനിയാണ് അമിത്ഷായുടെ പുത്രൻ ജയ്ഷാ ഡയറക്ടറായുള്ള കുസുംഫിൻസർവ് എൽ.എൽ.പി. എന്ന സ്ഥാപനം. മോദി സർക്കാർ അധികാരത്തിലെത്തുന്നതിനുമുമ്പ് 23.72 കോടി രൂപയുടെ നഷ്ടം നേരിട്ട കമ്പനിയുടെ മൊത്ത വരുമാനം ചുരുങ്ങിയ വർഷംകൊണ്ട് 116.37 കോടിയായി വർദ്ധിച്ചു.

രാജ്യത്തിന്റെ എല്ലാ മേഖലയെയും റിലയൻസ് ഒന്നൊന്നായി വിഴുങ്ങിക്കൊണ്ടിരിക്കുകയാണ്. ടെലികോം വ്യവസായരംഗത്ത് ജിയോ കടന്നുവരുന്നതിനുമുമ്പ് മൊബൈൽ സേവനദാതാക്കൾ നിരവധിയായിരുന്നു. ജിയോ കടന്നുവന്ന് അൺലിമിറ്റഡ് കോളുകൾ, നെറ്റ് ഉപയോഗം എന്നിവയിലേക്ക് ഉപഭോക്താക്കളെ സൗജന്യനിരക്കിൽ അഡിക്റ്റാക്കിയപ്പോൾ മറ്റുള്ള കമ്പനികളും പിടിച്ചുനിൽക്കാൻ നിരക്കുകൾ താഴ്ത്താൻ നിർബന്ധിതരായി. അതിന്റെ ഫലമോ സ്പെക്ട്രം യൂസർചാർജ്ജ്, ലൈസൻസ് ഫീസ് എന്നിവ നൽകാനാവാതെ പല കമ്പനികളും തകർന്നു. അവശേഷിക്കുന്നത് ജിയോ ഉൾപ്പെടെ നാലു കമ്പനികൾ മാത്രം. ബി.എസ്.എൻഎല്ലും പൂർണ്ണതകർച്ചയുടെ വക്കിലാണ്. വോഡഫോൺ ഐഡിയായും ജിയോയും എയർടെല്ലുമാണ് അവശേഷിക്കുന്നത്. ഈ കമ്പനികളുടെ കുടിശ്ശിക ഈടാക്കുന്നതിന് 42000 കോടിയുടെ മോറട്ടോറിയം രണ്ട് വർഷത്തേക്ക് പ്രഖ്യാപിച്ചിട്ടുണ്ട്. കൂടാതെ നിരക്ക് കുത്തനെവർദ്ധിപ്പിക്കാനുള്ള അനുമതിയും സർക്കാർ നൽകി. ഇന്ത്യയിലെ മൊബൈൽ ഉപഭോക്താക്കളുടെ എണ്ണം 117 കോടിയാണ്. ജനങ്ങളെ പരിധിയില്ലാതെ ഫോൺവിളിക്കാനും നെറ്റുപയോഗിക്കാനും ശീലിപ്പിച്ച് കെണിയിൽ അടിമപ്പെടുത്തിയ ശേഷം നിരക്ക് കുത്തനെഉയർത്തി സാമ്പത്തികനേട്ട

മുണ്ടാക്കുന്ന കൊലച്ചതിയാണ് ജിയോയിലൂടെ റില യൻസ് ചെയ്തത്.

വെറുതെയാണോ ഗുജറാത്തിലെ ഗാന്ധിനഗറിലുള്ള പണ്ഡിറ്റ് ദീന ദയാൽ പെട്രോളിയം സർവ്വകലാശാല യിൽ അമിത്ഷാ പങ്കെടുത്ത ചടങ്ങിൽ പ്രസംഗിക്കു മ്പോൾ മുകേഷ് അംബാനി പറഞ്ഞത്. 'അമിത് ഭായി, താങ്കളൊരു യഥാർത്ഥ കർമ്മയോഗിയാണ്.നമ്മുടെ രാജ്യത്തിന്റെ ഉരുക്കുമനുഷ്യൻ. ഗുജറാത്തും ഇപ്പോൾ ഇന്ത്യയും താങ്കളെപ്പോലൊരു നേതാവി നാൽ അനുഗൃഹീതമായിരിക്കുന്നു. താങ്കളുടെ അഭിലാഷങ്ങളുടെ അതിർത്തിരേഖ താഴ്ത്തരുത്.' അംബാ നി പറഞ്ഞു.

വിമാനം കൂട്ടിയോജിപ്പിക്കുന്നതുപോ യിട്ട് വിമാനം നന്നാക്കുന്ന പണിപോലും ചെയ്തിട്ടില്ലാത്ത അനിൽ അംബാനി യുടെ പുതിയ കമ്പനി റിലയൻസിനെ യാണ് മാസങ്ങൾക്കം ഇന്ത്യയിലെ നിർമ്മാണ കമ്പനിയായി ഫ്രഞ്ച് കമ്പനി ഏവിയേഷൻ തെരഞ്ഞെടുത്തത് എന്നത് മറക്കണ്ട. അനിൽ അംബാനിയുടെ റില യൻസ് കമ്മ്യൂണിക്കേഷൻസിന്റെ ഫ്രാൻസിലെ സഹസ്ഥാപനം നൽകാനു ണ്ടായിരുന്ന 143.7 ദശലക്ഷം യൂറോ (1139 കോടി രൂപ)യുടെ നികുതി കുടിശ്ശിക 2015 ൽ (റഫാൽ ചർച്ചകൾ നടക്കുന്ന കാലം) ഫ്രഞ്ച് സർക്കാർ എഴുതി തള്ളി യത് വെറുതെയാവില്ലല്ലോ. പ്രതിരോധവ കുപ്പിന്റെ ആയുധ കരാറുകൾ വരെ സ്വകാ ര്യമേഖലയ്ക്ക് വിട്ടുകൊടുക്കുകയാണ്. കഴിഞ്ഞവർഷം 7132 കോടി ലാഭം ഉണ്ടാ ക്കിയ കോർപ്പറേഷനടക്കം, എയർ ഇന്ത്യ അടക്കം പട്ടിക നീണ്ടുകൊണ്ടിരിക്കുന്നു.

സാമ്പത്തികമാന്ദ്യവും വരുമാനന ഷ്ടവും കുറയ്ക്കാനെന്ന പേരിൽ ചരക്കു സേവനനികുതി (ജി.എസ്.ടി) ഉടച്ചു വാർത്ത് നിരവധി ഉൽപ്പന്നങ്ങൾക്ക് നികുതി കൂട്ടാൻ സർക്കാർഒരുങ്ങുകയാണ്. ഇപ്പോൾതന്നെ ഉള്ളിക്ക് കിലോയ്ക്ക് 200 രൂപാവരെയെത്തിയതടക്കം നിത്യോപയോ ഗസാധനങ്ങളുടെ വില താങ്ങാനാവാത്ത താണ്. ജി.എസ്.ടി. വർദ്ധിപ്പിക്കുമ്പോൾ ജനജീവിതം വല്ലാതെ ദുസ്സഹമാകുകയാ ണ്. രാജ്യത്തിന്റെ അവസ്ഥ ഇത്രത്തോളം തകർച്ചയുടെ പാതയിൽ നീങ്ങുമ്പോൾ രാജ്യം ഉറ്റുനോ ക്കുന്നത് കോൺഗ്രസിലേക്കും രാഹുൽഗാന്ധിയിലേക്കു മാണ്. പാകിസ്ഥാനേയും, ദേശസ്നേഹത്തേയും ഹൈന്ദ വവികാരത്തേയും ജ്വലിപ്പിച്ച് ഭരണത്തിലെ ഫാസിസ്റ്റുപ്ര വണതയും ഭരണപരാജയവും ഇനിയധികനാൾ മറച്ചുപി ടിക്കാനാവില്ല. ജനം മാറിച്ചിന്തിച്ചുതുടങ്ങി എന്നതിന്റെ ദൃഷ്ടാന്തമാണ് മഹാരാഷ്ട്രയിലും ഹരിയാനയിലും ഒന്നും പ്രതീക്ഷിക്കാതിരുന്ന കോൺഗ്രസ് സഖ്യത്തിന് കാഴ്ചവെയ്ക്കുവാൻ കഴിഞ്ഞ മികച്ച പ്രകടനം.

ജനങ്ങളോട് സംവദിക്കാൻ കെൽപ്പുള്ള ഒരു രാഷ്ട്രീയ നേതൃത്വം ഇല്ലെന്നതാണ് കോൺഗ്രസ് നേരി ടുന്ന പ്രധാനവെല്ലുവിളി. ഇടക്കാല പ്രസിഡന്റായ സോണിയാഗാന്ധിക്ക് പരിമിതികൾ ഏറെയാണ്. സ്വന്തം രാഷ്ട്രീയവുംകാഴ്ചപ്പാടുകളും രാഷ്ട്രീയ സംഘ ടനാ സംവിധാനത്തിന്റെ തുണയില്ലാതെതന്നെ ജന ങ്ങളുമായി നേരിട്ട് പങ്കുവെയ്ക്കാൻ കഴിയുന്ന, ബി. ജെ.പിക്ക് പുറത്തുള്ള ഒരേയൊരു നേതാവ് രാഹുൽ ഗാന്ധി മാത്രമേയുള്ളു. ഇതറിയാവുന്നതുകൊ ണ്ടാണ് രാഹുൽഗാന്ധിയുടെ കുടുംബത്തിലുള്ള വരെത്തന്നെ സർക്കാർ ഏജൻസികളെ ഉപയോഗിച്ച് സമ്മർദ്ദത്തിലാക്കാൻ ശ്രമിക്കുന്നത്.



*വിമാനം കൂട്ടിയോജിപ്പിക്കുന്നതുപോയിട്ട് വിമാനം നന്നാക്കുന്ന പണിപോലും ചെയ്തിട്ടില്ലാത്ത അനിൽ അംബാനിയുടെ പുതിയ കമ്പനി റിലയൻസിനെയാണ് മാസങ്ങൾക്കകം ഇന്ത്യയിലെ നിർമ്മാണ കമ്പനിയായി ഫ്രഞ്ച് കമ്പനി ഏവിയേഷൻ തെരഞ്ഞെടുത്തിരിക്കുന്നത്.*

നിർഭയം ഭരണപക്ഷത്തിന്റെ അഴിമതിയും ജനവിരുദ്ധതയും തുറ ന്നുകാട്ടാൻ എത്രത്തോളം തയ്യാറാ കുന്നുവെന്നതും കൃത്യമായി രാഷ്ട്രീയം പറയുന്നുവെന്നതും, പക്വതയോടും മാന്യമായും കാപ ട്യവുമില്ലാതെ സത്യസന്ധമായി പെരുമാറുന്നുവെന്നതും രാഹുൽഗാ ന്ധിയെ രാഷ്ട്രീയത്തിനതീതമായി സ്വീകാര്യനാക്കുന്നുണ്ട്.

അധികാര ത്യാഗമില്ലാതെ വലിയ ആദർശയുദ്ധങ്ങൾ വിജയി പ്പിക്കാനാവില്ലെന്ന് രാഹുൽ കോൺഗ്രസ് പ്രസിഡന്റ് സ്ഥാനം രാജിവെയ്ച്ചുകൊണ്ടെഴുതിയ കത്തിൽ വ്യക്തമാക്കിയിരുന്നു. സ്വയം വിമർശനവും സ്ഥാനത്യാഗമ നസ്ഥിതിയും ഇല്ലാത്തത് കോൺഗ്ര സിന്റെ പ്രശ്നമാണെന്ന് അനുഭവ ങ്ങളിൽനിന്ന് പഠിച്ച രാഹുൽ സ്വന്തം പാർട്ടി നേതാക്കളായ സഹപ്രവർത്ത കരെ അത് ബോദ്ധ്യപ്പെടുത്താനുള്ള ശ്രമമാണ് നടത്തിയത്. എന്നാൽ രാഹുൽഗാന്ധി  രാജികൊണ്ട് ഉദ്ദേ ശിച്ച ഫലം പാർട്ടിയിലുണ്ടായില്ല. പ്രതിസന്ധി ഘട്ടത്തിൽ യുദ്ധമു ന്നണിയിൽനിന്ന് പിന്തിരിഞ്ഞു കൊടുത്ത പടനായകനെകുറ്റപ്പെടു ത്തുന്നവരായിരുന്നു പാർട്ടി നേതൃത്വ ത്തിലേറെയും.

ഇന്ത്യപോലെ, വൈവിദ്ധ്യങ്ങ ളാൽ തുന്നിച്ചേർക്കപ്പെട്ട രാജ്യത്ത്, കോൺഗ്രസ് പോലെ രാജ്യത്തെ മധ്യപക്ഷത്തിന്റെ ഏറ്റവും പ്രബല മായ പ്രസ്ഥാനവും മതേതര രാഷ്ട്രീയ കക്ഷിയുമായ കോൺഗ്രസ് ശക്തിപ്പെടണമെന്ന് ജനാധിപത്യത്തിന്റെ ഭാവിയെക്കുറിച്ച് ആലോചിക്കു ന്നവർ ഗൗരവത്തോടെ ചർച്ച ചെയ്യുന്ന സന്ദർഭമാ ണിത്. പാർട്ടിക്ക് ആവശ്യമായി വരുമ്പോഴെല്ലാം തന്റെ സേവനം ഉണ്ടാകും എന്ന് രാജിക്കത്തിൽ പറഞ്ഞ രാഹുൽഗാന്ധി കോൺഗ്രസ് തലപ്പത്ത് എത്തി പ്രതിപക്ഷത്തെ നയിക്കണമെന്നാണ് ബി. ജെ.പി ഇതര ചിന്താഗതിക്കാരുടെയെല്ലാം വികാരം. രാഹുലിന്റെ രാജിക്കത്തിലെ ഒരു വാചകം വളരെ പ്രസക്തമാണ്. 'ഇന്ത്യ ഒരിക്കലും ഏക സ്വരമായിരു ന്നില്ല. ഇനി ആകുകയുമില്ല.അത് എന്നും എപ്പോഴും ഒരു സ്വരലയ.'

വീക്ക്ലി ബ്രേക്ക്

ജി. ഹരി

# മാർക്കുദാനം മഹാപുണ്യം!

**'അ**ന്നദാനം മഹാപുണ്യം' എന്നൊരു ബോർഡ് ദേവാലയ കവാടങ്ങളിൽ സാധാരണമാണ്. വസ്ത്രദാനം, ദാഹശമനികൾ, പലഹാരവിതരണം എന്നിവയും അതുപോലെതന്നെ. എന്നാൽ എല്ലാ ദാനങ്ങളും ഒരുപോലെ പുണ്യദായകങ്ങളല്ല. സാങ്കേതിക സർവ്വകലാശാലയിലെ 'മാർക്ക് ദാനം' ഒരിക്കലും ആ പട്ടികയിൽപ്പെടുത്താൻ കഴിയില്ല. പുണ്യമല്ല, പാപമാണ് എന്ന് വ്യാഖ്യാനിക്കേണ്ടിയുംവരും.

'മോഡറേഷൻ' യൂണിവേഴ്സിറ്റികൾക്കും പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റുകൾക്കും സുപരിചിതമായ ഒരേർപ്പാടാണ്. തുടർ വിദ്യാഭ്യാസത്തിനും തൊഴിൽ സാദ്ധ്യതയ്ക്കുള്ള കുറഞ്ഞ യോഗ്യതയ്ക്കുമുള്ള വിജയശതമാനം വെളിച്ചം കണ്ടില്ലെങ്കിൽ പിന്നെ, മാർക്കുദാനം നൽകി ശതമാനം ഉയർത്തി പരീക്ഷാഫലത്തിന്റെ മുഖം മിനുക്കുകയേ തരമുള്ളു. പക്ഷേ, ഇരുപത് ശതമാനം ലഭിച്ച കുട്ടി, പരീക്ഷാ ബോർഡിന്റെ ജാലവിദ്യയാൽ മുപ്പത്തിയഞ്ചുനേടുമ്പോഴും, എൺപതുശതമാനം മാർക്കിനു പരാജയപ്പെട്ട കാര്യം പിന്നീടാരും ഓർക്കുന്നില്ലെന്ന് മാത്രം, 'മാർക്കുലേപനം' സിദ്ധിച്ച കുട്ടികളുടെ ഭാവി നിലവാരവും!


മേൽപ്പറഞ്ഞ പൊതു 'മോഡറേഷനി'ലും കടന്നുകൂടാൻ കഴിയാത്ത ഒരു കുട്ടി പരീക്ഷാബോർഡ് ചെയർമാനുമുകളിലുള്ള വൈസ് ചാൻസലറേയും സിന്റിക്കേറ്റ് അംഗങ്ങളേയും സ്വാധീനിക്കാൻ ശ്രമിക്കുന്നു. അതോടെ രാഷ്ട്രീയ- മത- ജാതി സമ്മർദ്ദത്തിന്റെ അദ്ധ്യായം തുടങ്ങുന്നു. ആ ഉന്നതാധികാരിവർഗ്ഗം വീണ്ടും 'മാർക്കുദാനം' നടത്താൻ നിശ്ചയിക്കുന്നിടത്ത്, തിരശ്ശീലയ്ക്ക് പിന്നിൽ ഒരു മന്ത്രിയുണ്ടാകാം. ഏതായാലും സിന്റിക്കേറ്റിന്റെകൂടി അംഗീകാരം നേടി വിദ്യാർത്ഥി 'വിജയശ്രീ'യാൽലാളിതനായി പുറത്തിറങ്ങുന്നു. അങ്ങനെ, 'സാമാന്യ നീതിയുടെ പേരിൽ' എന്നു വിളിക്കപ്പെടുന്ന 'മോഡറേഷ'ന്റെ രൂപവും ഭാവവും മാറുന്നു. അധികാരകേന്ദ്രങ്ങൾ അദൃശ്യരായി നിന്ന് ആജ്ഞാപൂർവ്വം ഇടപെട്ടുവെന്നതാണ് സാങ്കേതിക സർവ്വകലാശാലയിൽനിന്നും ഉയരുന്ന 'വെടിയും പുകയും' കാട്ടുന്നത്. അതോടെ കാര്യംമാറി, കഥ മാറി...

ബി.ടെക് വിദ്യാർത്ഥിയുടെ ഉത്തരക്കടലാസ് മൂന്നാംതവണ മൂല്യനിർണ്ണയം നടത്താൻ ഉന്നത വിദ്യാഭ്യാസമന്ത്രി നിർദ്ദേശിച്ചുവെന്നതാണ് അന്തരീക്ഷത്തിന് ചൂടും പുകയും പകരുന്നത്. സാങ്കേതികസർവ്വകലാശാല നടത്തിയ അദാലത്തിൽ മന്ത്രി പങ്കെടുത്തു. 'ഒന്നിൽ പിഴച്ചാൽ മൂന്നിൽ' എന്ന ചൊല്ല് അറിയാത്ത ദേഹമല്ല മന്ത്രി. കുട്ടി ജയിച്ചു (!)

സംസ്ഥാന ഗവർണ്ണറാണ് യൂണിവേഴ്സിറ്റി ചാൻസലർ. സാധാരണഗതിയിൽ ഒന്നിലും ഇടപെടാതെ വിശ്രമജീവിതം സന്തോഷപ്രദമായി കഴിച്ചുകൂട്ടാനുള്ള പദവി. ആത്മകഥയെഴുതാൻ ഇതിൽപ്പരം മെച്ചപ്പെട്ട അന്തരീക്ഷം ജയിൽമുറി മാത്രമേ ഉണ്ടാകൂ. ചില മുൻ ഗവർണ്ണർമാർ 'അച്ചാർകമ്പനി' നടത്തിയും നേരം പോക്കിയിട്ടുണ്ട്. ഇപ്പോഴത്തെ ഗവർണ്ണർക്ക് വെറുതെ ഉണ്ടും ഉറങ്ങിയും സമയം കളയാൻ മനസ്സില്ലാതായി കാണുന്നു. അതിനാൽ 'മാർക്കുദാന'ത്തിന്മേലുള്ള പരാതികളിൽ ഇടപെട്ടു. തന്മൂലം നമ്മുടെ ജനാധിപത്യ നാടുവാഴികൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് ചില്ലറയൊന്നുമല്ല.

സർവ്വകലാശാല തള്ളിയ അപേക്ഷ, അദാലത്തിൽ മന്ത്രി നേരിട്ടു സ്വീകരിച്ചതും, മൂന്നാംവട്ട പുനർമൂല്യ നിർണ്ണയത്തിനു നിർദ്ദേശിച്ചതും, വൈസ് ചാൻസലർ അത് ശിരസ്സാവഹിച്ച് അനുമതി നൽകിയതും ക്രമവിരുദ്ധമാണെന്ന് ചാൻസലറുടെ ഓഫീസ്. ഇനി ഗവർണ്ണറുടെ വക ഹിയറിംഗ്.

'യു.ഡി.എഫ് മുന്നണിയിൽനിന്നും ചേരിമാറി എത്തിയ ആളായതിനാൽ തനിക്ക് പഴയ ചില ചില്ലറ കുറവുകൾ കണ്ടെന്നുവരാം.' എന്ന് നമ്മുടെ കഥാപാത്രമായ മന്ത്രി ഒരിക്കൽ പറഞ്ഞു.




പണ്ട് നമ്മുടെ പ്രസിദ്ധ പോലീസ് മുഖ്യമന്ത്രി ഐ.ജിയെ വിളിച്ച്, തനിക്ക് വേണ്ടപ്പെട്ട ഒരാളെ പോലീസിലേക്ക് തിരിച്ചെടുക്കുവാൻ നിർദ്ദേശിച്ച കഥ ഇന്നും പാണന്മാരും വിരുദ്ധന്മാരും പാടാറുണ്ട്- അയാൾക്ക് ഒരിഞ്ച് പൊക്കം കുറവുണ്ടെന്ന് ഐ.ജിയുടെ മറുപടി. 'ശ്ശെ, ഒരു ഐ.ജി. വിചാരിച്ചാൽ ഒരിഞ്ചു പൊക്കംകൂടി നൽകാൻ കഴിയില്ലെങ്കിൽ പിന്നെ എന്തിനാണ് ആ കസേരയിലിരിക്കുന്നതെന്ന് മുഖ്യന്റെ തുടർന്നുള്ള സമ്മർദ്ദ പ്രയോഗം!'

**ഉപദംശം**

*നീതി, ധാർമ്മികത തുടങ്ങിയ പദങ്ങൾ നിഘണ്ടുവിൽനിന്നും ഒഴിവാക്കേണ്ട കാലമായി.*

*'നാടുവാഴിസ്വഭാവം കസേരയിലേറുന്നതോടെ വീണ്ടും പലരിലും പ്രത്യക്ഷപ്പെടുന്നുണ്ടല്ലോ ബ്രദർ?'*

*'മുന്നണിയേ മാറുന്നുള്ളു, മനുഷ്യൻ പഴയതുതന്നെ.'*

*(9495312436)*



# പത്ത് നിയമനങ്ങൾ ഹൈക്കോടതി റദ്ദാക്കി

## തിരൂർ മലയാളം സർവ്വകലാശാലയിൽ നിയമനങ്ങൾ നേടിയവർ അയോഗ്യരെന്ന് ആരോപണം

**നെല്ലിക്കുത്ത് ഹനീഫ**

**കേ**രളത്തിൽ സർവ്വകലാശാലയ്ക്ക് ഒരു പഞ്ഞവുമില്ല. ഇവിടങ്ങളിലെല്ലാം ലക്ഷണമൊത്ത പഠനസംവിധാനങ്ങളും, പ്രാപ്തമായ സൗകര്യങ്ങളുമില്ലെന്ന ആക്ഷേപം എക്കാലവും നിലനിൽക്കുന്നു എന്ന വൈരുദ്ധ്യവുമുണ്ട്. രാഷ്ട്രീയക്കാരുടെ അതിപ്രസരവും, രാഷ്ട്രീയ ഭിക്ഷാംദേഹികളുടെ കേളീരംഗവുമായി സർവ്വകലാശാലകൾ മാറുമ്പോൾ അഴിമതിയും, സ്വജനപക്ഷപാതവും, നിലവാരമില്ലാത്ത അധ്യാപകരുമെല്ലാം കേരളത്തിലെ സർവ്വകലാശാലകൾക്ക് സ്വന്തമായി അവകാശപ്പെടാനാകുന്നു എന്ന പ്രത്യേകതയും കൈവരിക്കുന്നു. സർവ്വകലാശാലകളുടെ ലക്ഷ്യവും നടപടികളും തമ്മിൽ പലപ്പോഴും ഒരു ബന്ധവുമുണ്ടാകാറില്ല. മലയാള ഭാഷയ്ക്ക് പരിഷ്കരണവും, ഗവേഷണവും നടത്താനുള്ള ആസ്ഥാനമെന്ന നിലയിലാണ് തിരൂരിലെ തുഞ്ചത്തെഴുത്തച്ഛൻ മലയാളം സർവ്വകലാശാല സ്ഥാപിതമായത്. എന്നാൽ മലയാളത്തിന്റെ ശക്തിയും, പ്രസക്തിയും വർദ്ധിപ്പിക്കാൻ സർവ്വകലാശാല ഉണ്ടായാൽ മാത്രം പോരാ, ആത്മാർപ്പണത്തോടെ പ്രവർത്തിക്കാൻ കഴിവും, ശേഷിയുമുള്ളവർ അതിന്റെ എല്ലാ തലങ്ങളിലുമുണ്ടായിരിക്കണം. അതുണ്ടോ എന്ന ചോദ്യം പൊതുവിൽ ഉയരുന്നുണ്ട്. ഇയ്യിടെ കേരളാ ഹൈക്കോടതി പുറപ്പെടുവിപ്പിച്ച വിധി തിരൂരിലെ മലയാളം സർവ്വകലാശാലയ്ക്ക് കനത്ത തിരിച്ചടിയായി മാറിയിരിക്കുകയാണ്.


സർവ്വകലാശാലാ നിയമങ്ങൾക്കും യു.ജി.സി ചട്ടങ്ങൾക്കും വിരുദ്ധമായി പ്രാപ്തമായ യോഗ്യതയില്ലാത്തവർ നടത്തിയ അഭിമുഖത്തിലൂടെ അസിസ്റ്റന്റ് പ്രൊഫസർമാരായി നിയമനം നേടിയ അധ്യാപകരും മതിയായ യോഗ്യതയില്ലാത്തവരാണെന്ന് കണ്ടെത്തിയതിനെതുടർന്ന്, തിരൂർ മലയാളം സർവ്വകലാശാല നടത്തിയ അധ്യാപക നിയമനങ്ങളെല്ലാം ഹൈക്കോടതി റദ്ദ് ചെയ്തു. ഇത്രയധികം നിയമനങ്ങൾ ഒന്നിച്ച് റദ്ദാക്കപ്പെടുന്നത് അത്യപൂർവ്വമാണെന്നാണ് ചൂണ്ടിക്കാണിക്കപ്പെടുന്നത്. കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടുക്കണമെന്ന് വിവിധ കോണുകളിൽ നിന്ന് ആവശ്യവുമുയർന്നിട്ടുണ്ട്. ചരിത്രം, സോഷ്യോളജി, പരിസ്ഥിതി പഠനം, തദ്ദേശ വികസനപഠനം, ചലചിത്ര പഠനം എന്നീ വിഭാഗങ്ങളിലേക്ക് നടത്തിയ പത്ത് അസി.പ്രൊഫസർ



**മുൻ ചീഫ് സെക്രട്ടറി കെ ജയകുമാർ മലയാളം സർവ്വകലാശാലാ വൈസ് ചാൻസലറായിരിക്കെ, അദ്ദേഹം ചെയർമാനായ സെലക്ഷൻ കമ്മിറ്റിയാണ് 2016 ജൂലൈ 22-ന് പുറത്തിറക്കിയ വിജ്ഞാപനപ്രകാരം പത്ത് അധ്യാപക നിയമനങ്ങൾ നടത്തിയത്. സിൻഡിക്കേറ്റ് ഇല്ലാത്തതിനാൽ നിയമനവുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങൾക്കും നേതൃത്വം നൽകുന്നത് വൈസ്ചാൻസലർ തന്നെയാണ്.**

നിയമനങ്ങളാണ് ഹൈക്കോടതി ജസ്റ്റിസ് ഷാജി പി ചാലിയുടെ ബഞ്ച് റദ്ദാക്കിയത്. ഇന്റർവ്യൂ ബോർഡ് രൂപീകരണം തുടങ്ങി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരണത്തിൽ വരെ ഗുരുതരമായ ക്രമക്കേടുകൾ നടന്നതായി കോടതി കണ്ടെത്തി. സർവ്വകലാശാലാ അധികൃതരുടെ ഭാഗത്ത് നിന്നുണ്ടായ ഗുരുതരമായ കൃത്യവിലോപത്തിനും, കെടുകാര്യസ്ഥതയ്ക്കുമുള്ള മികച്ച ഉദാഹരണമാണ് പുതിയ നിയമനങ്ങൾ ഒന്നാകെ റദ്ദാക്കിയ ഹൈക്കോടതി നടപടി.

കവി, തിരക്കഥാകൃത്ത് തുടങ്ങി വിവിധ മേഖലകളിൽ പ്രശസ്തനായ മുൻ ചീഫ് സെക്രട്ടറി കെ ജയകുമാർ മലയാളം സർവ്വകലാശാലാ വൈസ് ചാൻസലാറായിരിക്കെ, അദ്ദേഹം ചെയർമാനായ സെലക്ഷൻ കമ്മിറ്റിയാണ് 2016 ജൂലൈ 22-ന് പുറത്തിറക്കിയ വിജ്ഞാപനപ്രകാരം പത്ത് അധ്യാപക നിയമനങ്ങൾ നടത്തിയത്. സിൻഡിക്കേറ്റ് ഇല്ലാത്തതിനാൽ നിയമനവുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങൾക്കും നേതൃത്വം നൽകുന്നത് വൈസ്ചാൻസലർ തന്നെയാണ്.



**കെ. ജയകുമാർ**

സർവ്വകലാശാലാ നോട്ടിഫിക്കേഷൻ പ്രകാരം അസി.പ്രൊഫസർ തസ്തികയിലേക്കുള്ള യോഗ്യത പറയുന്നത് ഇപ്രകാരമാണ്: ചുരുങ്ങിയത് 55 ശതമാനം മാർക്കോടെയുള്ള ബിരുദാനന്തര ബിരുദവും, നാഷണൽ എലിജിബിലിറ്റി ടെസ്റ്റും പാസ്സായിരിക്കണം. വിഷയത്തിൽ ഗവേഷണ ബിരുദമുണ്ടെങ്കിൽ നെറ്റ് യോഗ്യത ആവശ്യമില്ലെന്നും പറയുന്നുണ്ട്. എന്നാൽ ഈ മാനദണ്ഡങ്ങളെല്ലാം മറി കടന്നാണ് വിവിധ ഡിപ്പാർട്ടുമെന്റുകളിലായി പത്ത് അധ്യാപകർക്ക് നിയമനം നൽകിയത്. അസോസിയേറ്റ് പ്രൊഫസറുടെ മുകളിൽ യോഗ്യത ഉള്ളവരായിരിക്കണം ഇന്റർവ്യൂ ബോർഡിൽ ഉണ്ടായിരിക്കേണ്ടതെന്നാണ് ചട്ടം. എന്നാൽ അക്കാദമിക് രംഗത്ത് പ്രവർത്തിക്കാത്തവരും, അസി.പ്രൊഫസറുടെ താഴെ വരുന്ന തസ്തികയിലുള്ളവരുമാണ് ഉദ്യോഗാർത്ഥികളെ ഇന്റർവ്യൂ നടത്തിയതെന്നാണ് ഹൈക്കോടതിയിലെത്തിയ ഹർജിയിൽ വ്യക്തമാക്കുന്നത്. ഏറ്റവും

യോഗ്യരായവർക്കാണ് നിയമനം നൽകിയതെന്നും, സർവ്വകലാശാലയുടെ സ്റ്റാറ്റ്യൂട്ടിൽ പറഞ്ഞ പ്രകാര മാണ് നിയമനങ്ങളെല്ലാം നടത്തിയിട്ടുള്ളതെന്നുമാണ് അധികൃതരുടെ ഭാഷ്യം.

2010-ൽ രൂപീകരിച്ച യു.ജി.സി യുടെ നടപടി ക്രമങ്ങൾക്ക് വിരുദ്ധമായ രീതിയിലാണ് മലയാളം സർവ്വകലാശാലാ നിയമനപ്രക്രിയകൾ നടന്നിട്ടുള്ള തെന്ന് ചൂണ്ടിക്കാട്ടി തുഞ്ചത്ത് എഴുത്തച്ഛൻ മലയാളം സർവ്വകലാശാലയെ ഒന്നാം എതിർകക്ഷി യാക്കിയും, വൈസ് ചാൻസലർ കെ ജയകുമാറിനെരണ്ടാം എതിർകക്ഷിയാക്കിയും ഉദ്യോഗാർത്ഥി കൾ ഹൈക്കോടതിയെ സമീപിച്ചതിനെതുടർന്നാണ് എല്ലാ നിയമനങ്ങളും കോടതി റദ്ദാക്കിയത്. ഇന്റർവ്യൂ ബോർഡിലുണ്ടായിരുന്നവർ അവരവരുടെ മേഖലകളിൽ പരിചയ സമ്പന്നരും, പ്രശസ്തരുമാണെന്നുമായിരുന്നു സർവ്വകലാശാലാ അധികൃതർ കോടതിയിൽ ഉന്നയിച്ച വാദം. എന്നാൽ യു.ജി.സി മാനദണ്ഡങ്ങളിൽ ഇത്തരം വ്യവസ്ഥയില്ലെന്ന് ചൂണ്ടിക്കാട്ടി ഈ വിചിത്ര വാദം കോടതി തള്ളിക്കളഞ്ഞു. അസി. പ്രൊഫസർ തസ്തികയിൽ നിയമിതരായ പത്ത് പേരിൽ മൂന്ന് പേർക്ക് അതത് വിഷയങ്ങളിൽ ഡോക്ടറേറ്റ് പോലുമില്ലായിരുന്നു. അതേസമയം ലോക്കൽ ഡവലപ്മെന്റ് സിലബസ്സിൽ റഫറൻസായി നിർദ്ദേശിക്കപ്പെട്ട പുസ്തകമെഴുതിയ ഉദ്യോഗാർത്ഥി പോലും തഴയപ്പെട്ടപ്പോൾ, താരതമ്യേനയോഗ്യത കുറഞ്ഞവരും, ഇൻഡക്സ് മാർക്കിൽ പിന്നിലായവർ പോലും നിയമിതരാവുകയും ചെയ്തു. പ്രമുഖ രാജകുടുംബവുമായി ബന്ധമുള്ള ഉദ്യോഗാർത്ഥിയും ക്രമക്കേടിലൂടെ നിയമനം നേടിയവരുടെ കൂട്ടത്തിലുണ്ട്. സർവ്വകാലാശാലാ രൂപീകരിച്ചിട്ട് ഇത്രയും വർഷമായിട്ടും അധ്യാപക നിയമനവുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ രൂപപ്പെടുത്താതിരുന്നതും വിധി പ്രസ്താവത്തിൽ പ്രതിപാദിച്ചിട്ടുണ്ട്.

**ലോക്കൽ ഡവലപ്മെന്റ് സിലബസ്സിൽ റഫറൻസായി നിർദ്ദേശിക്കപ്പെട്ട പുസ്തകമെഴുതിയ ഉദ്യോഗാർത്ഥി പോലും തഴയപ്പെട്ടപ്പോൾ, താരതമ്യേന യോഗ്യത കുറഞ്ഞവരും, ഇൻഡക്സ് മാർക്കിൽ പിന്നിലായവർ പോലും നിയമിതരാവുകയും ചെയ്തു.**

### ഹർജിക്കാർ ഉന്നയിച്ചത്

മൂന്ന് സബ്ജക്ട് എക്സ്പർട്ടുകൾ ഒരു സമിതിയിലുണ്ടായിരിക്കണമെന്ന യു.ജി.സി മാനദണ്ഡം നിലവിലുണ്ടായിരിക്കെ, എൻവയോൺമെന്റൽ സ്റ്റഡീസിന്റെ ഇന്റർവ്യൂ ബോർഡിൽ രണ്ട് എക്സ് പെർട്ടുകൾ മാത്രമാണ് ഉണ്ടായിരുന്നത്. യു.ജി.സി മാനദണ്ഡങ്ങൾ പ്രകാരം ഇന്റർവ്യൂ ബോർഡ് സമിതിയിൽ ആറ് പേർ വേണമെന്നാണ് നിഷ്കർഷിക്കുന്നത്. എന്നാൽ നാല് പേർ മാത്രമേ ഉണ്ടായിരുന്നുള്ളൂവെന്നും, സബ്ജക്ട് എക്സ്പെർട്ടുകൾക്ക് വേണ്ട യു.ജി.സി മാനദണ്ഡങ്ങൾ ലംഘിക്കപ്പെട്ടതായും ഹർജിക്കാർ വാദിച്ചു. എ.പി.ഐ (അക്കാദമിക് പെർഫോമൻസ് ഇൻഡിക്കേറ്റർ) വിലയിരുത്തിയിട്ടാകണം അപേക്ഷകരുടെ യോഗ്യത നിർണ്ണയിക്കേണ്ടതെന്നാണ് യു.ജി.സി ചട്ടങ്ങൾ അനുശാസിക്കുന്നത്. എന്നാൽ ഉദ്യോഗാർത്ഥികളിൽ എട്ട് പേർ ഹാജരാക്കിയ എ.പി.ഐ സ്വീകരിക്കാൻ ഇന്റർവ്യൂ ബോർഡ് വിസമ്മതിച്ചതായും, അക്കാദമിക് പ്രകടനം വിലയിരുത്താതെയും, വിശകലനം ചെയ്യാതെയുമാണ് ഇന്റർവ്യൂ നടത്തിയതെന്നും, ഇത് യു.ജി.സി മിനിമം ക്വാളിഫിക്കേഷൻ റെഗുലേഷൻസിന്റേയും, യു.ജി.സി മാനദണ്ഡങ്ങളുടേയും കടുത്ത ലംഘനമാണെന്നുമായിരുന്നു ഹർജിക്കാരുടെ വാദം.

സബ്ജക്ട് എക്സ്പെർട്ടുകളെ തെരഞ്ഞെടുക്കേണ്ടത് സർവ്വകലാശാലയിലെ ബന്ധപ്പെട്ട സമിതി നിർദ്ദേശിക്കുന്ന പാനലിൽ നിന്നാകണമെന്ന നിബന്ധനയും ബന്ധപ്പെട്ടവർ ലംഘിക്കുകയായിരുന്നുവെന്നും അത്തരമൊരു സമിതി രൂപീകരിക്കപ്പെട്ടിട്ടില്ലെന്നും ഹർജിക്കാർ ചൂണ്ടിക്കാട്ടി. എൻവയോൺമെന്റൽ സ്റ്റഡീസിന്റെ അസി. പ്രൊഫസർ സെലക്ഷൻ കമ്മിറ്റിയിലുണ്ടായിരുന്ന ഡോ. ഈസ, ഡോ. മുഹമ്മദ് ഷാഫി എന്നിവർക്ക് ആവശ്യമായ യോഗ്യതകളില്ലായിരുന്നുവെന്നും ഹർജിക്കാർ കോടതിയെ ബോധ്യപ്പെടുത്തി. ഇരുവരുടേയും പി.എച്ച്.ഡി മറ്റ് വിഷയങ്ങളിലുമാണ്. ലോക്കൽ ഡവലപ്മെന്റ് സ്റ്റഡീസിന്റെ സെലക്ഷൻ കമ്മിറ്റിയിലുണ്ടായിരുന്ന ഡോ. പി.പി ബാലൻ, ഡോ. ജെബി രാജൻ എന്നിവരും അയോഗ്യരായിരുന്നുവെന്ന് കോടതിയിൽ സമർത്ഥിച്ചു. ഇവർ ജോലി ചെയ്യുന്ന കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില) അക്കാദമിക് സ്ഥാപനമല്ല.

സോഷ്യൽ സയൻസിന്റെ സെലക്ഷൻ കമ്മിറ്റിയിൽ ഒരു സബ്ജക്ട് എക്സ്പെർട്ട് മാത്രമാണ് ഉണ്ടായിരുന്നത്. ചരിത്ര വിഭാഗത്തിൽ ആക്ടിംഗ് ഹെഡ്ഡായിരുന്ന ചരിത്രകാരൻ എം.ആർ രാഘവവാരിയർ വിസിറ്റിംഗ് ഫാക്കൽറ്റി ആയതിനാൽ അസി.പ്രൊഫസർ തസ്തികയിലേക്കുള്ള ഇന്റർവ്യൂ നടത്താനുള്ള സ്ഥാനം വഹിക്കാനാകില്ല. ഫിലിം സ്റ്റഡീസ് സെലക്ഷൻ കമ്മിറ്റിയിൽ അംഗമായിരുന്നവരിൽ ഒരാൾ സിനിമാ സംവിധായകനായ മധു ഇറവങ്കര കെമിസ്ട്രി അധ്യാപകനായി വിരമിച്ചയാളാണ്. സെലക്ഷൻ കമ്മിറ്റിയിലിരിക്കാൻ ഇദ്ദേഹത്തിനും യോഗ്യതയില്ല. സോഷ്യൽ സയൻസിന്റെ ഡീനായ ശാസ്ത്ര സാഹിത്യ പരിഷത്ത് മുൻ പ്രസിഡണ്ട്

ടി.പി കുഞ്ഞിക്കണ്ണൻ എല്ലാ സെലക്ഷൻ പാനലിലും അംഗമായതും കോടതിയിൽ ചോദ്യം ചെയ്യപ്പെട്ടു. സോഷ്യൽ സയൻസസിൽ വിസിറ്റിംഗ് ഫാക്കൽറ്റിയായും, ലോക്കൽ ഡവലപ്മെന്റ് സ്റ്റഡീസിൽ ഡീനായും, എൻവയോൺമെന്റൽ സ്റ്റഡീസിന്റെ എച്ച്.ഒ.ഡിയായും ഇദ്ദേഹം സർവ്വകലാശാലയിൽ പ്രവർത്തിക്കുന്നുണ്ട്. ഇത്രയധികം പോസ്റ്റുകളിലിരിക്കുന്നത് സർവ്വകലാശാലാ മാനദണ്ഡങ്ങൾക്ക് വിരുദ്ധമാണെന്നും, ഈ മേഖലയിലൊന്നും തന്നെ ഇദ്ദേഹത്തിന് പി.എച്ച്.ഡി ഇല്ലെന്നും ഹർജിക്കാർ വാദിച്ചു. ഒക്ടോബർ ഏഴിനാണ് റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയത്. ഇത് ദുരുദ്ദേശപരമാണെന്നായിരുന്നു ഹർജിക്കാരുടെ വാദം. ഒക്ടോബർ 8 മുതൽ 12 വരെ പൂജാ അവധികളും, 13-ന് ഒരു രാഷ്ട്രീയ പാർട്ടിയുടെ ഹർത്താലുമുണ്ടായിരുന്നു. ഈ വേളയിൽ സർവ്വകലാശാല സ്വന്തം വാഹനത്തിൽ ഉദ്യോഗാർത്ഥികളെ എത്തിച്ചാണ് അവരവരുടെ ചുമതലകൾ നൽകിയത്. തിരക്കിട്ടുള്ള ഈ നീക്കം ദുരൂഹമായിരുന്നുവെന്നും ഹർജിക്കാർ ചൂണ്ടിക്കാട്ടി.

### കോടതി കണ്ടെത്തിയത്

തുഞ്ചത്തെഴുത്തച്ഛൻ മലയാളം സർവ്വകലാശാല 2013-ലെ നിയമ പ്രകാരം സ്ഥാപിതമായതാണെങ്കിലും, പ്രസ്തുത നിയമത്തിലെ നിബന്ധനകൾ പ്രകാരമല്ല ചട്ടങ്ങളും, ഓർഡിനൻസുകളും കൊണ്ട് വന്നിട്ടുള്ളതെന്ന് കോടതി ചൂണ്ടിക്കാട്ടി. അധ്യാപക നിയമനത്തിനായി രൂപീകരിച്ച ഇന്റർവ്യൂ ബോർഡ് 2010-ലെ യു.ജി.സി മിനിമം ക്വാളിഫിക്കേഷൻ ചട്ടങ്ങളുടെ പച്ചയായ ലംഘനമാണെന്നും കോടതി കണ്ടെത്തി. സബ്ജക്ട് എക്സ്പർട്ടുകളായി ക്ഷണിക്കപ്പെട്ടവർ



*ജ്ഞാനപീഠ പുരസ്കാരം ലഭിച്ച മഹാകവി അക്കിത്തത്തെ തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാല വൈസ് ചാൻസലർ ഡോ. അനിൽ വള്ളത്തോൾ അദ്ദേഹത്തിന്റെ വസതിയിൽ ചെന്ന് ആദരിക്കുന്നു. മലയാള സർവകലാശാലയുടെ നിർവ്വാഹക സമിതി മഹാകവിക്ക് ഡി.ലിറ്റ് നൽകാൻ തീരുമാനമെടുത്തിട്ടുണ്ട്.*

അതത് മേഖലകളിൽ കഴിവ് തെളിയിച്ചിട്ടുള്ളവരാണെന്ന സർവ്വകലാശാലയുടെ വാദം പരിഗണിയ്ക്കാനാകില്ലെന്ന് വിധി പ്രസ്താവത്തിൽ കോടതി വ്യക്തമാക്കി. യു.ജി.സിയുടെ മിനിമം യോഗ്യതാ ചട്ടങ്ങൾ പറയുന്നത് പ്രകാരമുള്ള യോഗ്യതകൾ സബ്ജക്ട് എക്സ്പെർട്ടുകൾക്ക് ഉണ്ടായിരിക്കണം. അവരവരുടെ മേഖലയിൽ പരിചയ സമ്പന്നരാണ് എന്നത് യോഗ്യതയായി കണക്കാക്കാനാകില്ല. ഇക്കാരണത്താൽ തന്നെ ഇന്റർവ്യൂ ബോർഡിന്റെ രൂപീകരണം സംബന്ധിച്ച് ഹർജിക്കാർ ഉന്നയിച്ച പരാതി ശരിയാണെന്നാണ് കോടതി കണ്ടെത്തിയത്.

ടി.പി കുഞ്ഞിക്കണ്ണൻ അറിയപ്പെടുന്ന സാമ്പത്തിക ശാസ്ത്രജ്ഞനാണെന്നും, സോഷ്യൽ സയൻസസിന്റെ ഡീനാകയാൽ അതിന്റെ കീഴിൽ വരുന്ന എൻവയോൺമെന്റൽ സ്റ്റഡീസിന്റെയും ലോക്കൽ ഡവലപ്മെന്റ് സ്റ്റഡീസിന്റേയും സമിതികളിൽ ഉൾപ്പെടുത്തിയതാണെന്നും, സെലക്ഷൻ കിട്ടാത്തതിലുള്ള ഇഛാഭംഗമാണ് ഹർജിക്കാരുടേതെന്നും, ചില മെമ്പർമാർക്ക് വരാൻ അസൗകര്യമുണ്ടായതിനാലാണ് സമിതികളിൽ കോറം തികയാതിരുന്നതെന്നും സത്യവാങ്മൂലത്തിൽ അധികൃതർ വ്യക്തമാക്കിയിരുന്നു. ഇന്റർവ്യൂ സമയത്ത് ഹാജരാക്കിയ രേഖകളുടെ അടിസ്ഥാനത്തിൽ എ.പി.ഐ സ്കോർ പരിഗണിയ്ക്കാതിരുന്നത് തെറ്റാണെന്നും, സ്കോർ ഷീറ്റിൽ ഓരോന്നിനും ലഭിച്ച മാർക്ക് പ്രത്യേകം സൂചിപ്പിക്കാതെ, മൊത്തം മാർക്ക് നൽകിയത് ഈ ക്രമക്കേടിനെമറയ്ക്കാനാണെന്ന ഹർജിക്കാരുടെ വാദവും കോടതി അംഗീകരിച്ചു. ഇക്കാര്യം നിഷേധിക്കുകയോ, വേണ്ട വിധം പ്രതിവാദം ഉന്നയിക്കുകയോ സർവ്വകലാശാല ചെയ്തിട്ടില്ലെന്നും കോടതി പറഞ്ഞു. ഇക്കാരണത്താൽ തന്നെ അധ്യാപക നിയമനവുമായി ബന്ധപ്പെട്ട് സർവ്വകലാശാല സമർപ്പിച്ച സത്യവാങ്മൂലത്തിൽ പറഞ്ഞ വാദങ്ങൾക്ക് നിയമസാധുതയില്ലെന്നും കോടതി വ്യക്തമാക്കി. ഡോ. ജെയ്നി വർഗ്ഗീസ്, വി ശ്രീജ വാടാനാംകുറുശ്ശി, ഡോ. മഞ്ജുഷ വർമ്മ, കെ.എസ് ഹക്കീം, ഡോ.ധന്യ ആർ, ഡോ.ശ്രീരാജ്, ഡോ. ശ്രീജ, ഡോ.എസ്.എസ് സ്വപ്നറാണി, വിദ്യ ആർ, ഡോ.സുധീർസലാം എന്നിവരുടെ നിയമനങ്ങളാണ് കോടതി റദ്ദാക്കിയത്. ●

ഫോട്ടോ- കാർത്തിക് ഗോപൻ



# രാജ്യത്ത് നിശ്ശബ്ദമായ അടിയന്തിരാവസ്ഥ

## – രൺജി പണിക്കർ

**പി. ജയചന്ദ്രൻ**

പഠിക്കുന്നകാലത്തുടനീളം സജീവ എസ്.എഫ്.ഐ പ്രവർത്തകനായിരുന്ന രൺജിപണിക്കർ ഡിഗ്രികഴിഞ്ഞ് നേരെ പോയത് പത്രപ്രവർത്തനം പഠിക്കാൻ. പിന്നീട് എപ്പോഴൊ വഴിമാറി കോൺഗ്രസിലെത്തി; ഏതാണ്ട് ഇരുപതുവർഷക്കാലത്തോളം ആലപ്പുഴ ഡി.സി.സി മെംബറായിരുന്ന ഈ കുട്ടനാട്ടുകാരൻ 92 നുശേഷം സജീവ രാഷ്ട്രീയം വിട്ടു. അവിടുന്ന് നേരെ പോയത് പത്രപ്രവർത്തനത്തിലേക്ക്; പിന്നെ സിനിമയിലേക്ക്. അവിടെ തിരക്കഥാകൃത്തായും സംവിധായകനായും തിളങ്ങിയ രൺജിയുടെ ഏറ്റവും പുതിയ വേഷം അഭിനേതാവ് എന്ന നിലയിൽ. അങ്ങനെപകർന്നാട്ടങ്ങൾ പലത് നടത്തിക്കൊണ്ടിരിക്കുമ്പോഴും രൺജിപണിക്കരിലെ ആ പഴയ കോൺഗ്രസുകാരൻ മരിക്കുന്നില്ല. പകരം കാര്യങ്ങളെ കുറേക്കൂടി ആഴത്തിൽ വിശകലനം ചെയ്ത്, ശരിതെറ്റുകളെ നിർഭയത്തോടെ ചൂണ്ടിക്കാട്ടുവാനുള്ള ആർജ്ജവം കൈവരിക്കുകയാണ്, മലയാള സിനിമയിലെ ഈ രാഷ്ട്രീയ പഞ്ച് ഡയലോഗുകാരൻ.

> **അധികാരം സമ്പൂർണ്ണമായി ഒന്നിൽ കേന്ദ്രീകരിക്കുന്ന ഏത് ചരിത്രസന്ധിയിലും മറ്റൊന്നിന്റെ പ്രസക്തി വല്ലാതെ വർദ്ധിക്കുകയും, അതിന്റെ ഒരു ശിഥിലീകരണം സംഭവിക്കുകയും ചെയ്യും.**

രൺജിപണിക്കരുമായി 'കേരള ശബ്ദം' നടത്തിയ കൂടിക്കാഴ്ചയിൽനിന്ന്....

## നിശ്ശബ്ദമായ അടിയന്തിരാവസ്ഥ നിലനിൽക്കുന്നു

**?** *ഏറ്റവും കൂടുതൽ ജനങ്ങളെ ആകർഷിക്കുവാനും സ്വാധീനിക്കുവാനും കഴിയുന്ന സിനിമ എന്ന ദൃശ്യമാധ്യമത്തിന്റെ സമസ്തമേഖലയിലും വിരാജിക്കുന്ന വ്യക്തിയാണല്ലോ താങ്കൾ; പ്രത്യേകിച്ചും രാഷ്ട്രീയ പശ്ചാത്തലമുള്ള സിനിമകളുടെ തിരക്കഥാകൃത്ത് എന്ന നിലയിൽ. അതുകൊണ്ടു തന്നെ ചോദിക്കട്ടെ, വർത്തമാനകാല ഇന്ത്യൻ രാഷ്ട്രീയത്തെ താങ്കൾ എങ്ങനെനോക്കിക്കാണുന്നു.*

നമ്മുടെ രാജ്യം മുമ്പ് ഒരു കാലത്തുമില്ലാത്തവിധം ഏറ്റവും വലിയ പ്രതിസന്ധിയിലൂടെയാണ് ഇന്നിപ്പോൾ കടന്നുപോകുന്നത്. രാജ്യത്തിന്റെ ജനാധിപത്യ വ്യവസ്ഥയ്ക്ക് വലിയ അപകടങ്ങൾ സംഭവിക്കുന്ന കാഴ്ചയാണ് നമ്മൾ നിത്യേനകാണുന്നത്. ഇങ്ങനെയല്ല ഇന്ത്യൻ ജനാധിപത്യം പോകേണ്ടത് എന്ന് ഓരോ ദിവസവും നമ്മളെ ഓർമ്മിപ്പിക്കുന്നതരത്തിലുള്ള രാഷ്ട്രീയമാണ് നിലവിലുള്ളത്. ഒരു കക്ഷിയിൽ, ഒരു നേതാവിൽ സമ്പൂർണ്ണമായ അധികാരം കേന്ദ്രീകരിക്കുകയും, അത് എല്ലാ അർത്ഥത്തിലും ദുരുപയോഗം ചെയ്യപ്പെടുകയും ചെയ്യുന്ന അവസ്ഥ നമ്മുടെ രാജ്യത്തുണ്ട്. നോട്ടുനിരോധനം പോലെയുള്ള വലിയ ബ്ലണ്ടറുകൾ സംഭവിച്ചതിനുശേഷവും ബി.ജെ.പിക്ക് അധികാരത്തിൽ തിരിച്ചുവരാൻ കഴിഞ്ഞത്, മുഖ്യധാരയിൽനിന്ന് രാഷ്ട്രീയം പിൻവാങ്ങുകയും, ഹിന്ദുത്വം എന്ന് പറയുന്ന അജണ്ട മറ്റ് എല്ലാറ്റിനെയും നിഷ്പ്രഭമാക്കുന്ന തരത്തിൽ മുഖ്യധാരാരാഷ്ട്രീയത്തിന്റെ ഏകപദ്ധതിയായി മാറുകയും ചെയ്തതുകൊണ്ടാണ്. ഇന്ത്യയെപ്പോലെ ബഹുസ്വരതയ്ക്ക് വലിയ പ്രസക്തിയുള്ള ഒരു രാജ്യത്ത് ഇത് നല്ലതല്ല എന്നുതന്നെയാണ് എന്റെ അഭിപ്രായം.

ഇന്ത്യ ആഗ്രഹിക്കുന്ന രാഷ്ട്രീയം ഇതല്ല. ഇന്ത്യയുടെ നിലനിൽപ്പിന് ഈ രാഷ്ട്രീയമല്ല വേണ്ടത്.

അധികാരം സമ്പൂർണ്ണമായി ഒന്നിൽ കേന്ദ്രീകരിക്കുന്ന ഏത് ചരിത്രസന്ധിയിലും മറ്റൊന്നിന്റെ പ്രസക്തി വല്ലാതെ വർദ്ധിക്കുകയും, അതിന്റെ ഒരു ശിഥിലീകരണം സംഭവിക്കുകയും ചെയ്യും. സമ്പൂർണ്ണമായ അധികാരം കേന്ദ്രീകരിക്കുന്ന ഒരു വ്യവസ്ഥയ്ക്കും കാലത്തെ അതിജീവിക്കുവാൻ കഴിയുകയില്ല; വെല്ലുവിളികളെ അതിജീവിക്കുവാൻ കഴിയുകയില്ല. അതുണ്ടാക്കുന്ന വെല്ലുവിളികൾ തന്നെ അതിന്റെ തകർച്ചയ്ക്കും കാരണമാകും. ഇന്ദിരാഗാന്ധിയിൽ അധികാരം പൂർണ്ണമായും കേന്ദ്രീകരിച്ച കാലഘട്ടത്തിലാണ് അടിയന്തിരാവസ്ഥയുണ്ടായത്. ഇന്ദിരാഗാന്ധി എന്ന് പറയുന്ന വലിയ നേതാവിന്റെ തകർച്ചയ്ക്കും, സ്വതന്ത്രഭാരതത്തിൽ അതിന്റെ ഏറ്റവും വലിയ പ്രതിസന്ധിക്കും,



**ഒന്നുകിൽ ബി.ജെ.പിക്ക് മാറേണ്ടിവരും. അതിന്റെ രാഷ്ട്രീയ അജണ്ടയ്ക്ക് മാറ്റം ഉണ്ടാക്കേണ്ടിവരും. മോദിപ്രഭാവം അസ്തമിക്കുന്ന കാഴ്ചയായിരിക്കും ഇനി കാണാൻ**

ഇന്ത്യൻ ജനാധിപത്യത്തിന്റെ ഏറ്റവും വലിയ വെല്ലുവിളിക്കും ഒക്കെ അത് കാരണമായി. അധികാരം പൂർണ്ണമായി വ്യക്തിയിലോ പാർട്ടിയിലോ ഒരജണ്ടയിലോ കേന്ദ്രീകരിക്കുമ്പോൾ- അത് മതമാകാം, വ്യക്തിയാകാം, പ്രത്യയശാസ്ത്രമാകാം- ശൈഥില്യത്തിന് കാരണമാകും. കമ്മ്യൂണിസ്റ്റ് രാഷ്ട്രങ്ങളിലൊക്കെ സംഭവിച്ചിട്ടുള്ള ശിഥിലീകരണത്തിന് കാരണം അധികാരകേന്ദ്രീകരണമാണ്. വ്യക്തിയിലും പ്രസ്ഥാനത്തിലും അധികാരം കേന്ദ്രീകരിക്കുകയും, മനുഷ്യൻ അതിന് താഴെയാവുകയും ചെയ്യുന്ന എല്ലാ ഘട്ടത്തിലും, അതിന്റെ തകർച്ച അതിൽനിന്നുതന്നെ സംഭവിക്കാം. അതിന്റെ ജീർണ്ണത അതിൽനിന്നുതന്നെ ആരംഭിക്കുകയും ചെയ്യും. ബി.ജെ.പിക്കും, കേന്ദ്രസർക്കാരിനും മോദിക്കുമൊക്കെ സംഭവിക്കാൻ പോകുന്നത് ഇതുതന്നെയാണ്.

എല്ലാക്കാലത്തും ഈ വ്യവസ്ഥ തുടർന്നുകൊള്ളും എന്ന് നടിക്കുന്നവരൊക്കെത്തന്നെ ചരിത്രത്തിന്റെ ഇതിനുമുമ്പുള്ള പാഠങ്ങൾ വായിക്കാത്തവരോ, മറക്കുന്നവരോ, കണ്ടില്ലെന്ന് മനഃപൂർവ്വം നടിക്കുന്നവരോ ആണ്. എവിടെയൊക്കെ അധികാരം പൂർണ്ണമായി ഒന്നിൽ കേന്ദ്രീകരിക്കുന്നോ, അവിടെയൊക്കെ അതിനെവിഘടിപ്പിക്കുന്ന ഒരു ഡൈനമിസം അതിന്റകത്തുനിന്നുതന്നെ ഉണ്ടായി വരികയും അത് ആത്യന്തികമായി അതിന്റെ ഒരു വഴിമാറലിന് കളമൊരുക്കുകയും ചെയ്യും. അടിയന്തിരാവസ്ഥയിൽ ഒരു പക്ഷേ, കേരളത്തിലെ പത്രം വായിക്കുന്ന, പ്രബുദ്ധർ എന്ന് സ്വയം പറയുന്ന നമ്മൾ ഒരു വിഭാഗം മാത്രമാണ് ഇന്ദിരാഗാന്ധിക്ക് വോട്ടുചെയ്തത്. ഉത്തരേന്ത്യയിലെ പത്രം വായിക്കാനും, ആകാശവാണി കേട്ടിട്ടില്ലാത്ത, ഹിന്ദി സിനിമ കണ്ട് കയ്യടിക്കുന്നവർ എന്ന് നമ്മൾ പുച്ഛിക്കുന്ന അതേ ആളുകളാണ് അടിയന്തിരാവസ്ഥയേയും ഏകാധിപത്യത്തേയും തൂത്തെറിയുവാനുള്ള ഏറ്റവും ജാഗ്രതാപൂർണ്ണമായ ജനാധിപത്യ പ്രക്രിയ രാജ്യത്ത് നടപ്പിലാക്കിയത്. അന്ന് സോഷ്യൽ മീഡിയയില്ല. പത്രം വായിക്കുന്നവരുടെ എണ്ണം എത്രയോ കുറവാണ്. അടിയന്തിരാവസ്ഥയ്ക്ക് എതിരെ പ്രക്ഷോഭം നയിച്ച ജയപ്രകാശ്നാരായണനടക്കമുള്ള നേതാക്കളൊക്കെയും അന്ന് ജയിലിലായിരുന്നു. ഒരിതിഹാസമായി വിജയം കാഴ്ചവച്ച ജോർജ്ജ് ഫെർണ്ണാണ്ടസ് അടക്കമുള്ള നേതാക്കൾ അന്ന് ജയിലിൽ കിടന്നാണ് തെരഞ്ഞെടുപ്പിൽ മത്സരിച്ചത്.

അതിൽനിന്നൊക്കെ ഒരു കാര്യം മനസ്സിലാക്കേണ്ടത്, നേതാക്കന്മാർ ഇറങ്ങി പ്രവർത്തിച്ചതുകൊണ്ടുമാത്രമല്ല, ജനങ്ങൾക്കിടയിൽ അധികാരത്തിന്റെ സമ്പൂർണ്ണമായ അടിച്ചേൽപ്പിക്കൽ സംഭവിക്കുമ്പോൾ അതിനോട് ജൈവപരമായി ഒരു സമൂഹം എങ്ങനെപ്രതികരിക്കും എന്നുള്ളതിന്റെ ഏറ്റവും വലിയ ഉദാഹരണമായിരുന്നു അടിയ

ന്തിരാവസ്ഥ. അതുതന്നെയാണ് ഇനിയും സംഭവിക്കുവാൻ പോകുന്നത്. കാരണം, നിശ്ശബ്ദമായ ഒരടിയന്തിരാവസ്ഥ നമ്മുടെ രാജ്യത്ത് നിലവിലുണ്ട് എന്നുള്ള കാര്യത്തിൽ സംശയം വേണ്ട. എതിർശബ്ദങ്ങളെ അധികാരംകൊണ്ടും തോക്കുകൊണ്ടുമൊക്കെ ഇല്ലാതാക്കുന്നു. പൻസാരെ, ദബോൽക്കർ, ഗൗരിലങ്കേഷ് എന്നിങ്ങനെഎത്രയോ ഉദാഹരണങ്ങളുണ്ട് ചൂണ്ടിക്കാണിക്കുവാൻ. ഈ അടിച്ചമർത്തലുകൾക്കും അടിച്ചേൽപ്പിക്കലിനുമൊക്കെ ആത്യന്തികമായി ഒരു തിരിച്ചടിയുണ്ടാവുകതന്നെ ചെയ്യും. സംശയം വേണ്ട.

### മോദി പ്രഭാവം അസ്തമിക്കുന്ന കാഴ്ചയാണ് കാണാൻ പോകുന്നത്

**?** *അതിനുള്ള ഒരു സാഹചര്യം പ്രതിപക്ഷത്തുണ്ടാകുമെന്ന് താങ്കൾ കരുതുന്നുണ്ടോ. അതിന്റെ ഏറ്റവും വലിയ ഉദാഹരണമായിരുന്നില്ലേ ഇക്കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പ്. ബി.ജെ.പി വിരുദ്ധ വോട്ടുകൾ*



**രാഹുൽഗാന്ധി എന്ന് പറയുന്ന വ്യക്തിക്ക് ഇപ്പോഴും ഇന്ത്യൻ രാഷ്ട്രീയത്തിൽ ഒരിടമുണ്ട് എന്ന് ഞാൻ വിശ്വസിക്കുന്നു. ഇപ്പോഴും പ്രതിപക്ഷത്തെ ഏറ്റവും പോസ്സിബിലിറ്റിയുള്ള നേതാവ് രാഹുൽഗാന്ധി തന്നെയാണ്.**

*ഏകീകരിപ്പിക്കാൻ കഴിയാതെ ഭിന്നിപ്പിക്കുംവിധം പരസ്പരം മത്സരിക്കുകയായിരുന്നില്ലേ പ്രതിപക്ഷപാർട്ടികൾ.*

ബി.ജെ.പിയെ സംബന്ധിച്ചിടത്തോളം അടുത്ത പാർലമെന്റ് തെരഞ്ഞെടുപ്പ് സ്മൂത്തായ കാര്യമായിരിക്കുമെന്ന് ഞാൻ വിചാരിക്കുന്നില്ല. മാറ്റങ്ങൾ ഉണ്ടായേ പറ്റൂ. ഒന്നുകിൽ ബി.ജെ.പിക്ക് മാറേണ്ടിവരും. അതിന്റെ രാഷ്ട്രീയ അജണ്ടയ്ക്ക് മാറ്റം ഉണ്ടാക്കേണ്ടിവരും. മോദിപ്രഭാവം അസ്തമിക്കുന്ന കാഴ്ചയായിരിക്കും ഇനി കാണാൻ പോകുന്നത്. കണക്കുകൂട്ടലുകൾ രാഷ്ട്രീയത്തിൽ തെറ്റുകയും തെറ്റാതിരിക്കുകയുംചെയ്യാം. പക്ഷേ, അങ്ങനെസംഭവിക്കട്ടെ എന്ന് ഞാൻ തീർച്ചയായും ആഗ്രഹിക്കുന്നു. ഇന്ത്യൻ ജനാധിപത്യത്തിന്റെ പ്രതിരൂപമായി മാറേണ്ടത് നരേന്ദ്രമോദിയല്ല എന്ന് ഞാൻ കരുതുന്നു.

അടിയന്തിരാവസ്ഥ കഴിഞ്ഞ് ഇന്ത്യയിലുണ്ടായ ഒരു പരീക്ഷണമുണ്ടല്ലോ, അത് രാജ്യത്ത് നടപ്പിലാക്കണം. കോൺഗ്രസിന് ബദൽ എന്ന് പറയുന്ന ഒരു പരീക്ഷണം ആദ്യമായി ജനങ്ങൾ ഏറ്റെടുത്തു നടപ്പിലാക്കിയത് ജനതാപാർട്ടിയുടെ രൂപീകരണത്തിലൂടെയാണ്. ഒരു തെരഞ്ഞെടുപ്പിൽ പല തട്ടിൽനിന്ന് മത്സരിച്ചവർ പിന്നീട് സംഘടിച്ച് ഒരു ഗവൺമെന്റ് എന്നുപറയുന്ന മുന്നണി സംവിധാനം രാജ്യത്ത് ആദ്യമായി അന്ന് നടപ്പിലായി. അന്ന് അത് സാദ്ധ്യമായി. അത് നിലനിന്നോ ഇല്ലയോ എന്നുള്ളത് രണ്ടാമത്തെകാര്യം. പക്ഷേ, കോൺഗ്രസിന് ബദലായ മറ്റൊരു സംവിധാനത്തിന് ഇന്ത്യൻ രാഷ്ട്രീയത്തിൽ ഇടമുണ്ടെന്ന് പഠിപ്പിച്ചത് അതാണ്. ആദ്യ ശ്രമത്തിൽ അത് പാളിപ്പോയിട്ടുണ്ടാകാം. എന്നാൽ ഒരു കക്ഷിയിൽ മാത്രം അധികാരം കേന്ദ്രീകരിക്കുന്ന, 1947 മുതലുണ്ടായിരുന്ന ഒരു സംവിധാനത്തിനെഅത് പാടേ മാറ്റി മറിച്ചു ഇന്ത്യൻരാഷ്ട്രീയത്തിൽ കോൺഗ്രസിന് ബദൽ ഉണ്ടാകുമെന്ന് ആരെങ്കിലും പ്രതീക്ഷിച്ചതാണോ? പിന്നീട് ആരൊക്കെ പ്രധാനമന്ത്രിമാരായി! രാജീവ്ഗാന്ധിയുടെ മരണത്തിനുശേഷമുണ്ടായ ഒരു കാലഘട്ടം!! അതെല്ലാം വളരെ ശിഥിലമായ ഒരു കാലഘട്ടമാണെങ്കിൽപ്പോലും ബദൽ പരീക്ഷണങ്ങൾക്കും ബദലുകൾക്കും രാജ്യത്ത് എപ്പോഴും സാദ്ധ്യതകളുണ്ടെന്ന് തെളിയിച്ച കാലഘട്ടമായിരുന്നു അത്. രാജീവ് ഗാന്ധിയുടെ മരണത്തിനുശേഷം ഇന്ത്യയിൽ കോൺഗ്രസ് പൂർണ്ണമായും അസ്തമിച്ചു എന്ന് കരുതിയ ഒരു ഘട്ടത്തിലാണ് ദേശീയ രാഷ്ട്രീയത്തിലെ തലമുതിർന്ന നേതാക്കളുടെ നിരയിൽ വലിയ സ്ഥാനമൊന്നും ഇല്ലാതിരുന്ന നരസിംഹറാവു പ്രധാനമന്ത്രിയായത്. അതും ദക്ഷിണേന്ത്യയിൽനിന്നുള്ള ഒരാൾ. അഞ്ചുവർഷം ഒരു ന്യൂനപക്ഷ ഗവൺമെന്റുമായി അദ്ദേഹം ഭരിച്ചു. ഇന്ത്യ കണ്ട ഏറ്റവും മെച്ചപ്പെട്ട ഭരണങ്ങളിലൊന്നായിരുന്നു റാവുവിന്റേത്. അയോദ്ധ്യ ഒഴിച്ചുനിർത്തിയാൽ ഇന്ത്യ ആ ഘട്ടത്തിൽ നേരിട്ടിരുന്ന എല്ലാ പ്രാദേശിക പ്രതിസന്ധികൾക്കും പരിഹാരം കാണുവൻ റാവുവിന്റെ ഗവൺമെന്റിന് കഴിഞ്ഞു. പഞ്ചാബ്, കാശ്മീർ, ഗോർക്കാലാന്റ്, ആസ്സാം, നാഗാലാന്റ് എന്നിവിടങ്ങളിലെല്ലാം സൈന്യത്തെ വിന്യസിക്കേണ്ടുന്ന അവസ്ഥ അക്കാലത്ത് നിലവിലുണ്ടായിരുന്നു. റാവുവിന്റെ അഞ്ച് വർഷക്കാലം ഇത്തരത്തിലുള്ള പ്രശ്നങ്ങൾക്ക് കൃത്യമായ പരിഹരം കാണുവാൻ കഴിഞ്ഞ കാലഘട്ടംതന്നെയാണ്. അപ്പോൾ, അങ്ങനെയൊരാൾക്ക് ഒരു ന്യൂനപക്ഷ ഗവൺമെന്റിനെഅഞ്ചുവർഷം മുന്നോട്ട് കൊണ്ടുപോകാൻ കഴിയും എന്നുള്ളത് സത്യത്തിൽ അത്ഭുതത്തോടുകൂടിയാണ് രാജ്യം വീക്ഷിക്കുന്നത്.

കോൺഗ്രസിനെസംബന്ധിച്ചിടത്തോളം ഏറ്റവും നിർഭാഗ്യകരമായ ഒരവസ്ഥ എന്നുപറയുന്നത് രാഹുൽഗാന്ധിയിൽ രാജ്യവും കോൺഗ്രസും ജനങ്ങളും വലിയ പ്രതീക്ഷ അർപ്പിക്കുകയും ഒരു തോൽവിയുണ്ടായ ഘട്ടത്തിൽ അദ്ദേഹം ചുമതലകൾ ഒഴിഞ്ഞുപിന്മാറി പോവുകയും ചെയ്തു എന്നുള്ളതാണ്. ഒരിക്കലും ആശാസ്യമല്ലാ ത്ത ഒരു കാര്യമാണത്. തോൽക്കുമ്പോൾ സൈന്യാധിപൻ പടച്ചട്ടയഴിച്ചുവയ്ക്കുക എന്നുള്ളത് ഒരു പ്രസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഏറ്റവും നിർഭാഗ്യകരമായ ഒരവസ്ഥയാണ്. പ്രതിസന്ധിയിൽ മുന്നിൽ നിൽക്കുന്നവനാണ് നേതാവ്. രാഹുൽഗാന്ധിയിൽനിന്ന് കോൺഗ്രസുകാരും രാജ്യവും അത് പ്രതീക്ഷിച്ചിട്ടുണ്ടാവില്ല. നെഹ്റു കുടുംബം ഇല്ലാത്ത കോൺഗ്രസിന് നിലനിൽക്കാനാവില്ല എന്നുള്ളത് നമ്മൾ കണ്ടുകഴിഞ്ഞ ഒരു കാര്യമാണ്. പക്ഷേ, കോൺഗ്രസ്സിൽ നേതാക്കന്മാരെ ഒരു

മിച്ചുനിർത്താനുള്ള ഒരു വൈഭവം എന്തുകൊണ്ടോ ആ പേരിനും ആ മേൽക്കോയ്മയ്ക്കുംഉണ്ട് എന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. ഒരുപക്ഷേ, പലതായി വിഘടിച്ചുപോകേണ്ടുന്ന പല സന്ദർഭങ്ങളിലും കോൺഗ്രസ്സിനെഒരുമിച്ചുനിർത്തിയത് ഇങ്ങനെയൊരു നേതൃത്വമുണ്ട് എന്നുള്ളതുകൊണ്ടാണ്. നെഹ്റു കുടുംബത്തിന്റെ അസാന്നിദ്ധ്യത്തിലും കോൺഗ്രസ് എന്നുപറയുന്ന പ്രസ്ഥാനത്തിന് ഇന്ത്യൻ രാഷ്ട്രീയത്തിൽ ഒരിടം ഉണ്ട്. അതാണ് ഏറ്റവും ഒടുവിൽ മഹാരാഷ്ട്രയിലും ഗോവയിലും ഒക്കെ നമ്മൾ കണ്ടത്.

ആ തെരഞ്ഞെടുപ്പിൽ കോൺഗ്രസ്സിന് ബി.ജെ.പിയുടെ വെല്ലുവിളിയായി മാറിയത് രാഹുൽഗാന്ധിയുടെയോ, സോണിയായുടെയോ പ്രിയങ്കാഗാന്ധിയുടെയോ പ്രചരണം കൊണ്ടൊന്നുമല്ല. മോദി എന്നു പറയുന്ന ഒരു പ്രഭാവം അസ്തമിച്ചു തുടങ്ങുകയും അതിന് പഴയ തരത്തിലുള്ള ഒരു മേൽക്കോയ്മ ഹിന്ദി ഹൃദയ ഭൂമിയിൽ ഇല്ലാതായിപ്പോവുകയുമൊക്കെ ചെയ്യുന്നു എന്നുപറയുന്നതിന്റെ കൃത്യമായ സൂചനകൾ അതിനകത്തുണ്ട്. അല്ലെങ്കിൽ സമ്പൂർണ്ണമായ അധികാരവും സാമ്പത്തികകേന്ദ്രീകരണവുമൊക്കെ ഉണ്ടായിട്ടും എന്തുകൊണ്ടാണ് മോദി- അമിത് ഷാ ദ്വയത്തിന്റെ സമ്പൂർണ്ണനിയന്ത്രണത്തിലുള്ള ഒരു പാർട്ടിക്ക് പ്രാദേശിക വെല്ലുവിളികളെ നേരിടാൻ കഴിയാതെ പോയത്. ആ പ്രഭാവം അസ്തമിക്കുന്നത് കൊണ്ടാണെന്ന് നമുക്ക് തീർച്ചയായും കണക്കുകൂട്ടാം.

### ബദലുകൾ ഉണ്ടാവുകതന്നെ ചെയ്യും

**?** *പക്ഷേ, മറുഭാഗത്തെ ഒരു ബദൽ ഉണ്ടാകുന്നതിന്റെ സൂചനപോലും കാണുന്നില്ലല്ലോ.*

ബദലുകൾ ഉണ്ടായി വരികതന്നെ ചെയ്യും. ആ സ്പെയ്സ് ഇന്നും കോൺഗ്രസിന് അവകാശപ്പെട്ടതാണ്. ബി.ജെ.പി വിരുദ്ധ സ്പെയ്സ് എന്നു പറയുന്നത് ബംഗാളിലൊഴിച്ച് ബാക്കി എല്ലായിടത്തുംതന്നെ കോൺഗ്രസിനുള്ളതാണ്. ആന്ധ്രയിലൊക്കെ സാഹചര്യം കോൺഗ്രസിൽനിന്ന് പിരിഞ്ഞുപോയ ആ തുടർച്ചയുടെ തന്നെ വിഘടിത രൂപങ്ങളാണ്. ഇതിനൊരു ഏകീകൃതരൂപം ഉണ്ടാവുക എന്നുള്ളത് ബുദ്ധിമുട്ടുള്ള കാര്യമൊന്നുമല്ല. കോൺഗ്രസിൽനിന്ന് പിളർന്നുപോയിട്ടുള്ള പലരും കോൺഗ്രസിലേക്ക് തിരിച്ചുവന്ന സന്ദർഭങ്ങൾ നമുക്ക് ഓർമ്മിക്കാനുണ്ട് ഇന്ത്യൻ രാഷ്ട്രീയത്തിൽ. അങ്ങനെനോക്കുമ്പോൾ കോൺഗ്രസ്സിന് ഒരിടമുണ്ട്. അവിടെ ഇപ്പോഴുള്ളത് കോൺഗ്രസ് മാത്രമാണ്. എല്ലാ സംസ്ഥാനങ്ങളിലും ഒരു ബദൽ സ്പെയ്സ് ഉണ്ടാക്കിയെടുക്കുവാനും അത് ഫിൽ ചെയ്യാനും ഇപ്പോഴും കോൺഗ്രസിന് കഴിയും. അതിന് രാഹുൽഗാന്ധിയുടെ നേതൃത്വം നിർബന്ധമൊന്നുമില്ല. രാഹുൽഗാന്ധി എന്ന് പറയുന്ന വ്യക്തിക്ക് ഇപ്പോഴും ഇന്ത്യൻ രാഷ്ട്രീയത്തിൽ ഒരിടമുണ്ട് എന്ന് ഞാൻ വിശ്വസിക്കുന്നു. ഇപ്പോഴും പ്രതിപക്ഷത്തെ ഏറ്റവും പോസ്സിബിലിറ്റിയുള്ള നേതാവ് രാഹുൽഗാന്ധി തന്നെയാണ്. രാഹുൽഗാന്ധിയെ നമ്മൾ ഏതൊക്കെ നിലയിൽ എഴുതിത്തള്ളാൻ ശ്രമിച്ചാലും, ഇപ്പോഴും ഇന്ത്യയിൽ മുഴുവൻ സഞ്ചരിക്കുവാനും ആൾക്കൂട്ടങ്ങളെ ആകർഷിക്കാനും കഴിയുന്ന ഒരു ലേബൽ കോൺഗ്രസിനെസംബന്ധിച്ചിടത്തോളം രാഹുൽഗാന്ധി തന്നെയാണ്. രാഹുൽഗാന്ധിയോളം ആ നിലയ്ക്ക് സ്വീകാര്യതയുള്ള ഒരു നേതാവ് ഇപ്പോഴും ഉണ്ടായിവന്നിട്ടില്ല.

### ഇ.എം.എസിനെപ്പോലുള്ളവർ ഉണ്ടായിരുന്നെങ്കിൽ എന്ന് ആശിച്ചുപോകുന്നു.

**?** *ആദർശധീരനായ ആന്റണി, ഗർജ്ജിക്കുന്ന സിംഹം വയലാർ രവി ഇവരൊക്കെ ഒടുവിൽ പ്രിയങ്കാഗാന്ധിയുടെയും സ്ഥാനാരോഹണത്തിനായി വാദിക്കുമ്പോൾ താങ്കൾ പറയുംപോലൊരു ഭാവി പ്രതീക്ഷ കോൺഗ്രസിൽ വച്ചു പുലർത്തേണ്ടതുണ്ടോ.*

എനിക്ക് തോന്നുന്നത്, കോൺഗ്രസിന്റെ നിലപാടുകൾ രൂപീകരിക്കുന്നതിലും പ്രാദേശികമായ നീക്കുപോക്കുകൾ ഉണ്ടാക്കുന്നതിലുമൊക്കെ ആന്റണിയുടെയും ഗുലാംനബിയുടെയുമൊക്കെ പരിചയസമ്പന്നത കോൺഗ്രസ്സിന് പ്രയോജനപ്പെടുന്നുണ്ടാകണം എന്നാണ്. അല്ലെങ്കിൽ പിന്നെ ഇവർക്കൊക്കെ എങ്ങനെയാണ് നിലനിൽക്കാൻ കഴിയുക. നമുക്ക് മനസ്സിലാക്കാൻ കഴിയാത്ത ആപ്ലിക്കേഷൻസ് ഇവർക്ക് പാർട്ടിയിലുണ്ടാകും. അത് മാറിക്കൂടാ എന്നൊന്നുമില്ല. എന്തുകൊണ്ടാണ് കെ.സി.വേണുഗോപാലിനെപ്പോലെ ഒരാൾക്ക് പെട്ടെന്ന് ദൽഹിയിൽ വലിയ സ്വീകാര്യതയും കോൺഗ്രസ് സംവിധാനത്തിൽ വലിയ സ്വാധീനവും ഉണ്ടായി വരുന്നത്. അപ്പോൾ കാലം മാറുന്നു എന്നുള്ളതിന്റെ ഒരു സൂചനകോൺഗ്രസിനകത്തുനിന്നുതന്നെ നമുക്ക് ലഭിക്കുന്നു. എല്ലാക്കാലത്തും പരിചയസമ്പന്നരായ നേതാക്കൾ, അവരുടെ തന്ത്രജ്ഞത, അവരുടെ കൗശലങ്ങൾ ഇതൊക്കെ കോൺഗ്രസിന് പ്രയോജനപ്പെടാറുണ്ട്. ഇത് എല്ലാതെരഞ്ഞെടുപ്പുകളിലും ഒരേ തരത്തിൽ പ്രതിഫലിച്ചുകൊള്ളണമെന്നൊന്നുമില്ല.

കഴിഞ്ഞ നാല് ദശാബ്ദങ്ങളിലേറെയായി കേരള രാഷ്ട്രീയത്തിൽ നിറഞ്ഞുനിന്നിരുന്ന കേരളാ കോൺഗ്രസ് എന്നുപറയുന്ന ഒരു പ്രസ്ഥാനം പതുക്കെ പതുക്കെ വിഘടിച്ച് അതിന്റെ ഏറ്റവും പ്രബലമായ അടി

**എന്തുകൊണ്ടാണ് കെ.സി.വേണുഗോപാലിനെപ്പോലെ ഒരാൾക്ക് പെട്ടെന്ന് ദൽഹിയിൽ വലിയ സ്വീകാര്യതയും കോൺഗ്രസ് സംവിധാനത്തിൽ വലിയ സ്വാധീനവും ഉണ്ടായി വരുന്നത്. അപ്പോൾ കാലം മാറുന്നു എന്നുള്ളതിന്റെ ഒരു സൂചനകോൺഗ്രസിനകത്തുനിന്നുതന്നെ നമുക്ക് ലഭിക്കുന്നു.**



ത്തറകളിൽപ്പോലും വിള്ളലുകൾ വീഴുന്ന അവസ്ഥയാണല്ലോ നാം കാണുന്നത്. ഇതിനെഎങ്ങനെയെടുതു പക്ഷത്തിന് പ്രയോജനപ്പെടുത്താമെന്ന് ആലോചിക്കുവാൻ ഒരു ഇ.എം.എസ് ഉണ്ടായിരുന്നുവെങ്കിൽ എന്ന് നമ്മൾ ആശിച്ചുപോകുന്ന ഒരു സന്ദർഭമാണിത്. അതുപോലെതന്നെ, പാലായിലെ പരാജയം എന്നുപറയുന്നത് കോൺഗ്രസിനെസംബന്ധിച്ചിടത്തോളം മുതൽകൂട്ടാക്കാമായിരുന്ന ഒരു രാഷ്ട്രീയസാഹചര്യമുണ്ടായിരുന്നു. കോൺഗ്രസിൽനിന്ന് വിഘടിച്ചുപോയ കേരള കോൺഗ്രസ് ഘടകങ്ങളെ കോൺഗ്രസിന്റെ മുഖ്യധാരയിലേക്ക് തിരിച്ചുകൊണ്ടുവരാൻ പോന്ന കൗശലങ്ങൾ കൈവശമുള്ള ഒരു നേതൃത്വം കോൺഗ്രസിന് ഉണ്ടായിരുന്നെങ്കിൽ എന്നും നമ്മൾ ആഗ്രഹിച്ചുപോകുന്നു. അതുപോലെതന്നെ ലീഗ് തട്ടകങ്ങളിലുണ്ടാകുന്ന രാഷ്ട്രീയ ചലനങ്ങൾ. വീരേന്ദ്രകുമാറിന്റെ പ്രഭാവം അസ്തമിക്കുന്നതോടുകൂടി പഴയ സോഷ്യലിസ്റ്റ് രാഷ്ട്രീയ ഗ്രൂപ്പുകളിലുണ്ടാകുന്ന മാറ്റങ്ങൾ... അതിൽനിന്നൊക്കെ നേട്ടമുണ്ടാക്കുവാൻ കോൺഗ്രസിനോ സി.പി.എമ്മിനോ കഴിയുമോ? 2020 ലും 2021 ലുമായി വരാനിരിക്കുന്ന തദ്ദേശസ്വയംഭരണ- നിയമസഭാ തെരഞ്ഞെടുപ്പുകളിൽ ഈ രാഷ്ട്രീയ സാഹചര്യങ്ങൾ ഈ രണ്ട് കൂട്ടരും പ്രയോജനപ്പെടുത്തുമെന്ന് കരുതാൻ വയ്യ. അത്തരം കാര്യങ്ങളിൽ തന്ത്രപരമായ തീരുമാനങ്ങളും സംവിധാനങ്ങളും കൈക്കൊള്ളുവാൻ ഇ.എം.എസിനെപ്പോലുള്ളവർ ഇല്ല എന്നുള്ളത് സി.പി.എമ്മിനെസംബന്ധിച്ചിടത്തോളം വലിയ കുറവുതന്നെയാണ്. ഇ.എം.എസ്. ഒരു പ്രസ്താവനനടത്തിയാൽ അതൊരു ബോംബായിരിക്കും. ആ ബോംബ് പൊട്ടിയാൽ ചർച്ച ചെയ്യപ്പെട്ട് ചർച്ച ചെയ്യപ്പെട്ട് അതിൽ നിന്നുണ്ടാകുന്ന ശിഥിലീകരണങ്ങളും അതിൽനിന്നുണ്ടാകുന്ന കേന്ദ്രീകരണങ്ങളും ഒക്കെ നമ്മൾ കണ്ടിട്ടുണ്ട്. അത്തരം സ്ട്രാറ്റജിക് മൂവുകൾ ഇന്ന് പ്രത്യക്ഷത്തിൽ കാണുന്നില്ല എന്നുള്ളത് കൗതുകകരമാണ്.



**തന്ത്രപരമായ തീരുമാനങ്ങളും സംവിധാനങ്ങളും കൈക്കൊള്ളുവാൻ ഇ.എം.എസിനെപ്പോലുള്ളവർ ഇല്ല എന്നുള്ളത് സി.പി.എമ്മിനെ സംബന്ധിച്ചിടത്തോളം വലിയ കുറവുതന്നെയാണ്.**


### കോൺഗ്രസും സി.പി.എമ്മും ജാഗ്രതാപൂർണ്ണമാകണം

**?** *കേരളത്തിൽ ബി.ജെ.പി. വളർച്ചയുടെ പടവിലാണല്ലോ. ഈ വളർച്ചയെ എങ്ങനെനോക്കിക്കാണാം.*

കേരളത്തിലെ രാഷ്ട്രീയത്തിൽ കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പുമുതൽ ഇങ്ങോട്ടുണ്ടായിട്ടുള്ള ഒരു വലിയ പ്രത്യേകത, ബി.ജെ.പിക്ക് ഒരുപാട് കൺസോളിഡേറ്റ് ചെയ്യാൻ കഴിഞ്ഞിട്ടുണ്ട് എന്നുള്ളതാണ്. ഉപതെരഞ്ഞെടുപ്പുകളിലും പ്രധാനതെരഞ്ഞെടുപ്പുകളിലുമൊക്കെ അവർ പിന്നിലായി പോകുന്നുണ്ടെങ്കിലും ഏറെക്കുറെ രണ്ടാംസ്ഥാനത്ത് ബി.ജെ.പി അതിന്റെ ഒരു സാന്നിദ്ധ്യം ഉറപ്പിക്കുന്നുണ്ട്. ഒരു മഞ്ചേശ്വരത്തുമാത്രം ഒതുങ്ങി നിൽക്കുക എന്ന അവസ്ഥയിൽ നിന്ന് പതുക്കെ പതുക്കെ എല്ലാ മത്സരങ്ങളിലും 10 നും 20 നും ഇടയ്ക്ക് ശതമാനം വോട്ടുകൾ അവർ ഒറ്റയ്ക്ക് നേടുന്നു. ഒറ്റയ്ക്ക് എന്ന് പറയുന്നത് വളരെ പ്രധാനമാണ്. ഒറ്റയ്ക്ക് നിന്ന് ഇത്രയും ശതമാനം വോട്ടുകൾ നേടുവാൻ കഴിയുന്ന രാഷ്ട്രീയ പ്രസ്ഥാനമായി ബി.ജെ.പി. മാറിയിട്ടുണ്ട്. അതിന്റെ നേതൃനിരയിൽ ഒരുപക്ഷേ, ക്രൗഡ് പുള്ളേഴ്സ് ഇല്ലാത്തതും അപ്പീലിംഗ് ആയിട്ടുള്ള മുഖങ്ങൾ ഇല്ലാത്തതും മറ്റുള്ളവരുടെ ഭാഗ്യമാണ്. പക്ഷേ, കോൺഗ്രസിന്റെയും സി.പി.എമ്മിന്റെയും രണ്ടാം നിരയിലും ക്രൗഡ്പുള്ളേഴ്സ് ഇല്ല. കേരളത്തിലെവിടെ ചെന്നാലും ആൾക്കൂട്ടങ്ങളെ ഉണ്ടാക്കാൻ കഴിയുന്ന നേതാക്കൾ ഇല്ല. ഉമ്മൻചാണ്ടിയായിരിക്കാം ഒരുപക്ഷേ, ഇന്നത്തെ നിലയ്ക്ക് കോൺഗ്രസ്സിന്റെ ക്രൗഡ്പുള്ളർ. ഉമ്മൻചാണ്ടിയുടെ ആക്ടീവ് ഇൻവോൾവ്മെന്റ് ഇല്ലാത്ത ഒരു തെരഞ്ഞെടുപ്പ് എന്നുപറയുന്നത് കോൺഗ്രസിനെസംബന്ധിച്ചിടത്തോളം വലിയ വെല്ലുവിളിയായിരിക്കും.

**കേരളത്തിലെവിടെ ചെന്നാലും ആൾക്കൂട്ടങ്ങളെ ഉണ്ടാക്കാൻ കഴിയുന്ന നേതാക്കൾ ഇല്ല. അത്തരം വെല്ലുവിളികൾ സി.പി.എമ്മിനുമുണ്ട്. അവരുടെ രണ്ടാം നിരയിലും ക്രൗഡ്പുള്ളേഴ്സ് ആരും തന്നെയില്ല.**

അത്തരം വെല്ലുവിളികൾ സി.പി.എമ്മിനുമുണ്ട്. അവരുടെ രണ്ടാം നിരയിലും ക്രൗഡ്പുള്ളേഴ്സ് ആരും തന്നെയില്ല. ആ വാക്യത്തിൽ നിന്ന് ഉരുത്തിരിയുന്ന ε കരള രാഷ്ട്രീയം എന്തായിരിക്കും, രാഷ്ട്രീയപാർട്ടികളുടെ അടിത്തറകളിൽ വരാൻ പോകുന്ന വലിയ മാറ്റങ്ങൾ എന്തായിരിക്കും എന്നൊക്കെ അറിയാനിരിക്കുന്നതേയുള്ളൂ. ഭൂമിക്കടിയിൽ നടക്കുന്ന വ്യതിചലനങ്ങൾ പലപ്പോഴും ഭൂകമ്പം ഉണ്ടാകുമ്പോഴേ നമ്മൾ അറിയൂ. എന്നാൽ അതിന്റെ ചലനങ്ങൾ എത്രയോ വർഷങ്ങൾക്കുമുമ്പേ ആരംഭിച്ചിരിക്കും എന്നുപറയുമ്പോലെ കേരള രാഷ്ട്രീയവും വലിയ മാറ്റങ്ങളിലേക്ക് പോവുകയാണ്. അതിനെസി.പി.എമ്മും കോൺഗ്രസും ജാഗ്രതാപൂർവ്വം കാണേണ്ടതുണ്ട്. ഇല്ലെങ്കിൽ കേരളം കുറേക്കൂടി ജാതി കേന്ദ്രീകൃതമായ രാഷ്ട്രീയത്തിലേക്കും പ്രാദേശിക രാഷ്ട്രീയത്തിലേക്കും പോകും. ആ അപകടം ചെറുതായിരിക്കില്ല.





സഫ രാഹുലിനോടൊപ്പം വേദിയിൽ

# സഫ എന്ന ഏറനാടൻ 'മൊക്കനെ മൊഞ്ചത്തി'.!

## ക്രെഡിറ്റ് അവകാശവുമായി കുറേ എട്ടുകാലി മമ്മൂഞ്ഞുമാർ.

**മലപ്പുറം ലേഖകൻ**

ഇംഗ്ലീഷും, മലയാളവും നല്ല പോലെ അറിയാവുന്ന ഒരാൾക്ക് ഇംഗ്ലീഷിൽ നിന്ന് മലയാളത്തിലേക്ക് മനോഹരമായി മൊഴിമാറ്റം നടത്താനാകും. എന്നാൽ ഇതേ വ്യക്തിയ്ക്ക് മലയാളത്തിലോ, ഇംഗ്ലീഷിലോ വേണ്ടവിധം പ്രസംഗിക്കാൻ കഴിഞ്ഞെന്ന് വരില്ല. ഇംഗ്ലീഷ് പ്രസംഗം പരിഭാഷപ്പെടുത്തുമ്പോൾ പ്രഗത്ഭരായ നേതാക്കൾ പോലും വേദിയിൽ പതറിപ്പോകുന്ന സന്ദർഭങ്ങളുണ്ടാകാറുണ്ട്. ഭാഷ പരിഭാഷപ്പെടുത്തി പ്രസംഗിക്കുക എന്നത് അത്ര എളുപ്പമോ, നിസ്സാരമോ അല്ല. ഭാഷയിലുള്ള അറിവിനൊപ്പം, തികഞ്ഞ ശ്രദ്ധയും, ജാഗ്രതയുമൊക്കെ അതിനാവശ്യമാണ്.അതോടൊപ്പം പരിചയവും, പരിശീലനവും ഒക്കെ അനിവാര്യമാണ് താനും. മലപ്പുറം ജില്ലയിലെ സാധാരണ കുടുംബത്തിൽ പിറന്ന പ്ലസ് ടു വിദ്യാർത്ഥിനിയായ സഫയെന്ന 'തട്ടമിട്ടൊരു മൊഞ്ചത്തി' തികഞ്ഞ അത്ഭുതാവേശമായി മാറിയത് ഇയ്യിടെയാണ്. ഇതോടൊപ്പം ചേർത്ത് പറയേണ്ട പല വസ്തുതകളുമുണ്ട്. അതിലേക്ക് പോകുന്നതിന് മുമ്പ് സഫയെ പരിചയപ്പെടാം.

സഫാഫെബി എന്നാണ് മുഴുവൻ പേര്. മലപ്പുറം-കരുവാരക്കുണ്ട് കിഴക്കേതലയിലെ മുനീറുൽ ഇസ്ലാം മദ്രസ്സാ അധ്യാപകനായ ഓടാല വീട്ടിൽ കുഞ്ഞിമുഹ

മ്മദ് മുസ്ല്യാർ-സാറ ദമ്പതിമാരുടെ മകൾ. സർക്കാർ വിദ്യാലയത്തിലായിരുന്നു സഫയുടെ ഇതുവരെയുള്ള പഠനം. പത്താംക്ലാസിലും,പ്ലസ്സ്‌വണ്ണിലും എല്ലാ വിഷയങ്ങൾക്കും എ-പ്ലസ്സ് നേടി. പൊതു വിദ്യാഭ്യാസ മേഖലയുടെ മേന്മയ്ക്കും, മികവിനും നേരുദാഹരണ മാണ് ഈ പെൺകുട്ടിയെന്ന് പറയാം.

കരുവാരക്കുണ്ട് ഗവ. ഹൈസ്കൂളിൽ പുതുതായി നിർമ്മിച്ച സയൻസ് ലാബ് കെട്ടിടത്തിന്റെ ഉദ്ഘാടനത്തിനായി വയനാട് എം.പി രാഹുൽഗാന്ധി എത്തിയതോടെയാണ് സഫ എന്ന പെൺകുട്ടി ശ്രദ്ധേയ മാകുന്നത്. തന്റെ പ്രസംഗം പരിഭാഷ ചെയ്യാൻ വിദ്യാർത്ഥികൾ ആരെങ്കിലുമുണ്ടോ എന്ന് രാഹുൽഗാന്ധി വേദിയിൽ നിന്ന് കൗതുകപൂർവ്വം തിര ക്കിയപ്പോഴാണ് അപ്രതീക്ഷിതമായി, കണ്ണടധാരിയും മക്കന വേഷധാരിയുമായ സഫ, പരിഭ്രമമോ, ചാഞ്ചല്യ മോ ഒട്ടുമില്ലാതെ വേദിയിലേക്ക് കയറിച്ചെല്ലുന്നത്. ഒരു ദേശീയ നേതാവിന്റെ സാന്നിദ്ധ്യവും, ജനക്കൂട്ടത്തിന്റെ ബാഹുല്യവും മൂലമുള്ള സഭാകമ്പം സഫയിൽ പ്രകടമാ യില്ല. രാഹുലിന്റെ പ്രസംഗം പരിഭാഷപ്പെടുത്തുമ്പോൾ



**സഫയ്ക്ക് ചോക്ലേറ്റ് നൽകി അഭിനന്ദിക്കുന്ന രാഹുൽ. സമീപം കെ.സി. വേണുഗോപാൽ**

സഫയുടെ വാക്കുകൾക്ക് ഒരു പ്രത്യേകത കൂടിയുണ്ടായി രുന്നു. അത് അച്ചടിഭാഷ പോലെ മിനുക്കിയെടുത്ത ഒരു പ്രകടനമായിരുന്നില്ല. മറിച്ച് തനി ഏറനാടൻ ഭാഷയിൽ തന്നെയായിരുന്നു അവളുടെ മൊഴിമാറ്റം. എന്നു വെച്ചാൽ 'ദേർ ഈസ് നോ നതിംഗ് ഫൂളിഷ് ക്വസ്റ്റ്യൻ ഓർ സ്റ്റുപ്പിഡ് ക്വസ്റ്റ്യൻ' എന്ന് രാഹുൽ പറഞ്ഞപ്പോൾ സഫ അതിപ്രകാരം ഏറനാടൻ ശൈലിയിൽ തന്നെ മൊഴിമാറ്റം നടത്തി: 'മണ്ടൻ ചോദ്യമെന്നോ, പൊട്ട ചോ ദ്യമെന്നോ എന്നൊരു സംഭവമില്ല..' രാഹുലിന്റെ ലളിത മായ പ്രസംഗത്തിന് അതിനേക്കാൾ ലളിതവും, നിസ്സങ്കോ ചവുമായിട്ടായിരുന്നു സഫയുടെ വിവർത്തനമുണ്ടായത്.

ഇതോടെ സദസ്യരുടെ കയ്യടി ശക്തി പ്രാപിക്കുകയാ യിരുന്നു.

പ്രസംഗത്തിലുടനീളം സയൻസിനെക്കുറിച്ചാണ് രാഹുൽ സംസാരിച്ചത്. സയൻസിൽ ഉത്തരങ്ങളേ ക്കാൾ പ്രാധാന്യമർഹിക്കുന്നത് തുടർച്ചയായുള്ള ചോദ്യങ്ങളാണെന്ന് പറഞ്ഞ രാഹുൽ, വയനാട്ടിൽ പാമ്പ് കടിയേറ്റ് മരണപ്പെട്ട ഷഹ്‌ലയെക്കുറിച്ചും പ്രതി പാദിച്ചു. വിദ്യാലയങ്ങളിലെ അടിസ്ഥാനസൗകര്യങ്ങ ളുമായി ബന്ധപ്പെട്ട വിഷയം പാർലമെന്റിൽ ഉന്നയി ക്കുമെന്നും അദ്ദേഹം പറഞ്ഞു. തന്റെ എം.പി ഫണ്ട് വളരെ കുറവാണെങ്കിലും, വിദ്യാർത്ഥികളുടെ ആവ ശ്യങ്ങൾ നിറവേറ്റാൻ ശ്രമിക്കുമെന്നും രാഹുൽ പറഞ്ഞു. പ്രസംഗത്തിന്റെ അവസാനം സഫയ്ക്ക് നന്ദി പറഞ്ഞ രാഹുൽ അവൾക്ക് ചോക്ലേറ്റ് നൽകി ചേർത്തുപിടിച്ചു ഫോട്ടോയ്ക്ക് പോസ് ചെയ്തു. വേദിയിൽ എ.ഐ.സി.സി ജനറൽ സെക്രട്ടറി കെ.സി വേണുഗോപാൽ, എ.പി അനിൽകുമാർ എം.എൽ.എ എന്നിവരടക്കമുള്ള കോൺഗ്രസ്സ് നേതാക്കളും ഉണ്ടായിരുന്നു. കേരളത്തിന്റെ വിദ്യാഭ്യാസ നിലവാ രത്തെ അഭിനന്ദിച്ചുകൊണ്ട് 'കേരളത്തിന്റെ ആദർശം ഇതാ പ്രവൃത്തിയിൽ' എന്ന വിശേഷണത്തോടെ തന്റെ പ്രസംഗവും, അത് പരിഭാഷ പ്പെടുത്തുന്ന പെൺകുട്ടിയുടെ വീഡിയോ ക്ലിപ്പിംഗും രാഹുൽഗാന്ധി തന്റെ അദ്യോ ഗിക സോഷ്യൽമീഡിയാ അക്കൗണ്ടിൽ പങ്കുവെച്ച തോടെ ഇത് സോഷ്യൽ മീ ഡിയായിൽ വൈറലായി. തുടർന്ന് സഫാഫെബിനും, രാഹുൽഗാന്ധിയ്ക്കും അഭിനന്ദനകമന്റുകളുമായി രാജ്യത്തെ വിവിധ മേഖലകളിൽ നിന്നുള്ള ആളുകളുമെത്തി. കോൺ ഗ്രസ്സ് നേതാക്കളടക്കമുള്ള നിരവധി പേർ സഫ പ്രസംഗി ക്കുന്ന വീഡിയോ ക്ലിപ്പ് ഷെയർ ചെയ്തിട്ടുണ്ട്.

### എട്ടുകാലി മമ്മൂഞ്ഞുമാർ

പൊതു സമൂഹത്തിനിടയിൽ മനസ്സിൽ കപടത കൊണ്ട് നടക്കുന്നവർ ഏറെയാണ്. വിദ്യാഭ്യാസം നേടിയതിന്റെ പേരിലും, ഇംഗ്ലീഷ് സംസാരിക്കാൻ കഴിയുന്നതിന്റെ പേരിലുമൊക്കെ അഹങ്കരിക്കുന്ന വരും, പെയ്മുഖ വ്യക്തി പ്രഭാവത്തിൽ വിരാജിക്കുന്ന വരുമൊക്കെ തങ്ങളുടെ മനസ്സിലെ കപടത പുറത്ത് ചാടുമോയെന്ന് സദാ ഭയക്കുകയും ചെയ്യുന്നു. ഒരർത്ഥത്തിൽ ഇതിനെത്തന്നെയാണ് സഭാകമ്പം എന്ന് വിശേഷിപ്പിക്കുന്നതും. ഇവിടെ പ്രസക്തമായ ഒരു വസ്തുതയുണ്ട്. സഫ നാളിതുവരെ ഒരു പ്രസംഗം നടത്തിയിട്ടില്ല. ആദ്യമായി പ്രസംഗിക്കുന്ന താകട്ടെ ഒരു ദേശീയ നേതാവിന്റെ പ്രസംഗത്തിന്റെ മൊഴി മാറ്റവും. എന്നുവെച്ചാൽ സഫ എന്ന പെൺകുട്ടി അതിരില്ലാത്ത ആത്മവിശ്വാസത്തിന്റെ



*മാതാപിതാക്കളോടൊപ്പം സഫ*

പര്യായമാണെന്ന് തെളിയിച്ചിരിക്കുകയാണ്. പരിഭാഷപ്പെടുത്തുന്നത് തെറ്റിപ്പോകുമോ, വേദിയിൽ താൻ ചമ്മിപ്പോകുമോ എന്ന കാര്യങ്ങളൊന്നും അവളെയൊട്ടും ബാധിച്ചതുമില്ല. അവളുടെ മനസ്സിൽ കപടതയില്ല എന്ന വസ്തുതയാണ് ഇത് വെളിവാക്കുന്നതും.

കേട്ടറിഞ്ഞും, ചിത്രങ്ങളിൽ കണ്ടറിഞ്ഞും മാത്രം തനിയ്ക്ക് പരിചയമുള്ള രാഹുൽഗാന്ധി, താൻ പഠിയ്ക്കുന്ന സ്കൂളിൽ മുഖ്യാതിഥിയായെത്തിയപ്പോൾ അദ്ദേഹത്തെ കാണാനും, പ്രസംഗം കേൾക്കാനുമായിട്ടാണ് വേദിയിലുണ്ടായിരുന്ന മറ്റനേകം വിദ്യാർത്ഥിനികൾക്കിടയിൽ സഫ സ്ഥാനം പിടിച്ചിരുന്നത്. തീർത്തും അപ്രതീക്ഷിതമായാണ് രാഹുൽഗാന്ധി തന്റെ പ്രസംഗം പരിഭാഷപ്പെടുത്താൻ വിദ്യാർത്ഥികളിലൊരാളെ ക്ഷണിയ്ക്കുന്നത്. സ്വാഭാവിക നിലയിലാണ് സഫ വേദിയിലേക്ക് കയറിച്ചെന്നതും. പ്രസംഗം കഴിഞ്ഞപ്പോഴാണ് ഇതൊരു വലിയ സംഭവമായെന്ന് സഫ തിരിച്ചറിഞ്ഞത്. തന്റെ മകൾ രാഹുൽഗാന്ധിയുടെ പ്രസംഗം പരിഭാഷപ്പെടുത്തുന്നത് കണ്ട് തന്റെ കണ്ണുകൾ നിറഞ്ഞതായി സഫയുടെ മാതാവ് പറയുന്നു. കുഞ്ഞിമുഹമ്മദ് മുസ്ല്യാരുടെ അഞ്ചു മക്കളിൽ ഏറ്റവും ഇളയവളാണ് സഫ. പഠിച്ചതെല്ലാം സർക്കാർ വിദ്യാലയത്തിൽ തന്നെ. അഷ്റഫ്, അബ്ദുൽഖാദർ, ഷാഫി, ഗനിയ്യ്, സലീനഎന്നിവരാണ് സഹോദരങ്ങൾ.

സഫയുടെ പ്രസംഗം വാർത്തയായതോടെ, വീണ് കിട്ടിയ അവസരം പരമാവധി പ്രയോജനപ്പെടുത്തി ആ നേട്ടത്തിൽ അവകാശവാദികളായി സോഷ്യൽ മീഡിയയിൽ പലരും നിറഞ്ഞാടുകയാണ്. കേരളത്തിൽ തിളങ്ങിക്കൊണ്ടിരിക്കുന്ന പൊതു വിദ്യാഭ്യാസത്തിന്റെ നേട്ടമാണ് സഫയെന്ന പെൺകുട്ടിയെന്ന് ഭരണ കക്ഷി അനുകൂലികൾ പറയുന്നു. വയനാട്ടിലെ സ്കൂളിൽ വെച്ച് സർപ്പ ദംശനമേറ്റ് ഒരു ബാലിക മരണപ്പെട്ടപ്പോൾ അവിടുത്തെ എം.പി യേയും, എം.എൽ.എ യേയും പഴിച്ചവർ സഫയുടെ കാര്യത്തിൽ സംസ്ഥാനഭരണകൂടത്തെ പ്രകീർത്തിക്കുന്നത് ഇരട്ടത്താപ്പാണെന്ന് മറുവിഭാഗവും ചൂണ്ടിക്കാട്ടുന്നു. സഫയ്ക്ക് ഇത്രയധികം മാധ്യമ ശ്രദ്ധകിട്ടിയത് അവൾ 'മുസ്ലിം' ആയത് കൊണ്ടാണെന്ന് മറ്റൊരു കൂട്ടരും പറയുന്നു. തങ്ങൾ കൊണ്ടുവന്ന വിദ്യാഭ്യാസ നയങ്ങളുടേയും, സ്ഥാപനങ്ങളുടേയും നേട്ടമാണ് സഫയെ പോലുള്ള മിടുക്കികൾ ഉണ്ടായതെന്ന് സാമുദായിക- രാഷ്ട്രീയ വക്താക്കളും പറയുന്നു. ഇവിടെ സ്മരിക്കേണ്ട മർമ്മ പ്രധാനമായ ഒരു സംഗതിയുണ്ട്. അടുത്തിടെ സമുദായ രാഷ്ട്രീയ പാർട്ടിയുടെ യുവജനഘടകം കോഴിക്കോട്ട് സംഘടിപ്പിച്ച യോഗവേദിയിൽ ഒരു വനിതാ നേതാവ് പ്രസംഗിക്കാനൊരുങ്ങവേ, താനിരിക്കുന്ന വേദിയിൽ സ്ത്രീകൾ, ആണുങ്ങൾക്ക് മുമ്പിൽ പ്രസംഗിക്കരുതെന്ന് ആക്രോശിച്ച് കൊണ്ട് സ്വന്തം പാർട്ടിയിലെ വനിതാ നേതാവിനെവേദിയിൽ നിന്ന് ഇറക്കി വിട്ട പ്രഗത്ഭനായ നേതാവിന്റെ പാർട്ടി തന്നെയാണ് പൊതുവേദിയിലെ സഫയുടെ പ്രസംഗത്തിന്റെ പേരിൽ സാമുദായിക രോമാഞ്ചവും, ആ പെൺകുട്ടിയുടെ പ്രസംഗത്തിന്റെ ക്രെഡിറ്റും അവകാശപ്പെട്ട് സോഷ്യൽ മീഡിയായിൽ നിറഞ്ഞാടുന്നതും. ഇവർക്കും, ഇവരെ പോലുള്ളവർക്കും, ഒപ്പം മലപ്പുറത്തുകാരെ ചതുർത്ഥിയായി കാണുന്നവർക്കും കാലം നൽകുന്ന തിരിച്ചടിയുടെ പ്രതീകമാണ് സഫ എന്ന നിഷ്കളങ്കയായ പെൺകുട്ടി.

*ബാങ്ക് എന്ന പദം ഉപയോഗിച്ചതിന്റെ പേരിൽ ക്രിമിനൽ കേസ് നേരിടുന്ന കൊല്ലം പരവൂർ എസ്.എൻ.വി.ആർ.സി ബാങ്കിന്റെ പ്രസിഡന്റ് നെടുങ്ങോലം രഘു, സഹകരണ ജനാധിപത്യവേദിയുടെ കൊല്ലം ജില്ലാ ചെയർമാൻകൂടിയാണ്. തന്റെ കേസിൽ സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നും ഒരു സഹായവും ലഭിച്ചില്ലെന്ന് പറയുന്ന രഘുവിന്റെ അഭിപ്രായത്തിൽ കേരളാ ബാങ്ക് വരുന്നതുകൊണ്ട് കൊട്ടിഘോഷിക്കുന്ന പ്രയോജനങ്ങളൊന്നും ഉണ്ടാകില്ലെന്നുമാത്രമല്ല ദോഷങ്ങൾ ഒട്ടനവധി ഉണ്ടാവുകയും ചെയ്യും. 'കേരള ശബ്ദ'വുമായുള്ള നെടുങ്ങോലം രഘുവിന്റെ അഭിമുഖത്തിൽനിന്ന്–*

# കേരളാബാങ്ക് സി.പി.എമ്മിന്റെ കാമധേനു

## നെടുങ്ങോലം രഘു

**(ചെയർമാൻ, സഹകരണ ജനാധിപത്യവേദി, കൊല്ലം& പ്രസിഡന്റ് പരവൂർ എസ്.എൻ.വി.ആർ.സി ബാങ്ക്, കൊല്ലം)**



**പി. ജയചന്ദ്രൻ**

ഇന്ത്യയിൽ ബാങ്കുകളുടെ ലയനവും സംയോജനവും തുടർ പ്രക്രിയയായി മാറിയിരിക്കുന്ന സാഹചര്യത്തിൽ സഹകരണ ബാങ്കുകളുടെ ലയനവും അസാധാരണ സംഭവമായി കാണുവാൻ കഴിയില്ല. പക്ഷേ അതിന്റെ നേട്ടം സഹകരണ മേഖലയ്ക്കോ സഹകരണവായ്പക്കാർക്കോ ഉണ്ടാകില്ല എന്നുള്ളതാണ് യാഥാർത്ഥ്യം. കേരളാ ബാങ്കിലൂടെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾക്ക് യാതൊരു നേട്ടവുമുണ്ടാകില്ല. കേരളാബാങ്കിലുടെ ലഭിക്കുവാൻ സാദ്ധ്യതയുള്ളതായി കൊട്ടിഘോഷിക്കുന്ന നേട്ടങ്ങളെല്ലാം നിലവിലുള്ള ത്രിതല സംവിധാനത്തിലൂടെയും ലഭിക്കുന്നുണ്ട്. ഉദാഹരണമായി കോഴിക്കോട് ജില്ലാ സഹകരണ ബാങ്ക് മാതൃകയായി കണക്കാക്കാം. ഇവിടുത്തെ എ.ടി.എം കാർഡുപയോഗിച്ച് എല്ലാ ബാങ്കുകളുടെയും എ.ടി.എം സെന്ററുകളിൽ സൗജന്യമായി എ.ടി.എം ഇടപാട് നടത്താം. എത്രതവണ ഇടപാട് നടത്തിയാലും ചാർജ്ജ് ഈടാക്കുന്നില്ല. സേവനങ്ങൾ സൗജന്യമാണ്. ഇടപാടുകാർക്ക് നൽകുന്ന ചെക്ക് ബുക്കുകൾക്ക് ചാർജ്ജ് ഈടാക്കുന്നില്ല. എൻ.ആർ.ഇ, എൻ.ആർ.ഒ ലൈസൻസ് ലഭിച്ചതുകൊണ്ട് വിദേശനിക്ഷേപം ലഭിക്കുന്നുണ്ട്. ഈ സേവനങ്ങൾ ഇപ്പോഴും ലഭിക്കുന്നുണ്ട്. എന്നാൽ കേരളാബാങ്ക് രൂപീകരിച്ചാൽ മാത്രമേ പ്രാഥമിക സഹകരണ സംഘങ്ങളിൽ ഈ സേവനങ്ങൾ ലഭിക്കുകയുള്ളൂ എന്ന് തെറ്റായി പ്രചരിപ്പിക്കുകയാണ്. അതേസമയം കേരളാബാങ്ക് രൂപീകരണം വഴി ആർ.ബി.ഐയുടെയും ആദായനികുതി വകുപ്പിന്റെയും വളരെ വേഗത്തിലുള്ള കടന്നുകയറ്റത്തിന് സാഹചര്യം ഒരുങ്ങും എന്നുള്ളതാണ് വസ്തുത. സംസ്ഥാനത്തെ പ്രാഥമിക സഹകരണ ബാങ്കുകളെ അങ്ങനൊരു സർവ്വനാശത്തിലേക്ക് തള്ളിവിടണോ?

കേന്ദ്ര സർക്കാർ ഇന്ത്യയിൽ അഞ്ഞൂറിന്റെയും ആയിരത്തിന്റെയും നോട്ടുകൾ നിരോധിച്ചത് ഒരു അർദ്ധരാത്രിയിലായിരുന്നു. നോട്ടുനിരോധനം കൊണ്ട് ഉണ്ടായ നേട്ടങ്ങൾ എന്താണെന്ന് ഇപ്പോൾ തിരിഞ്ഞു നോക്കുമ്പോൾ അത് നടത്തിയ സർക്കാർ പോലും വലിയ അവകാശവാദം ഉന്നയിക്കുന്നില്ല. അതുപോലെ സംസ്ഥാനസർക്കാർ കേരളാ ബാങ്ക് യാഥാർത്ഥ്യമാക്കിക്കൊണ്ടുള്ള ഉത്തരവിറക്കിയതും അർദ്ധരാത്രിയിലായിരുന്നു. ബാങ്ക് രൂപീകരണത്തിൽ ആർബി.ഐയുടെ

**കേരളാബാങ്കിന്റെ നിയന്ത്രണം മാനേജ്മെന്റ് ബോർഡിന്റെയും ആർ. ബി.ഐയുടെയും നിയന്ത്രണത്തിലായിരിക്കും. പ്രാഥമിക സഹകരണബാങ്കുകളാണ് കേരളാബാങ്കിലെ അംഗങ്ങൾ. ഇവർ 'ബാങ്ക്' എന്ന പേരുപയോഗിക്കരുത് എന്നുള്ള നിർദ്ദേശം ബോർഡ് ഓഫ് മാനേജ്മെന്റിലൂടെ നടപ്പിലാക്കാൻ കഴിയും.**

അന്തിമ അനുമതി ലഭിക്കുന്നതിന് മുമ്പ് അർദ്ധരാത്രി ഉത്തരവ് പുറപ്പെടുവിച്ചതിൽ സഹകാരികൾക്ക് സംശയമുണ്ട്.

പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ കേരളാബാങ്കിന്റെ അംഗങ്ങളായി ദ്വിതല സംവിധാനത്തിലേക്ക് മാറുമ്പോൾ ആദായനികുതി വകുപ്പിനും ആർ. ബി.ഐയ്ക്കും ഈ സംഘങ്ങളെ കൂടുതൽ ശക്തമായി നിയന്ത്രിക്കുന്നതിനുള്ള അവസരം ലഭിക്കും. അത് സഹകരണ സ്ഥാപനങ്ങളുടെ വളർച്ച മുരടിപ്പിക്കുന്നതിനും സാഹചര്യം ഉണ്ടാക്കുമെന്നുള്ള കാര്യം ഉറപ്പാണ്.

ഇന്ത്യയിലെ തന്നെ മറ്റൊരു സംസ്ഥാനമായ ഛത്തീസ്ഗഢ് ഗവൺമെന്റ് സെക്രട്ടറി റിസർവ്വ് ബാങ്കിന് നൽകിയ അപേക്ഷയിൽ ആസ്തി ബാധ്യത കൈമാറ്റ പ്രമേയവും ലയനപ്രമേയവും വിശേഷാൽ പൊതുയോഗത്തിൽ പങ്കെടുത്ത് വോട്ടുചെയ്യുന്ന അംഗങ്ങളുടെ കേവല ഭൂരിപക്ഷത്തോടുകൂടി പാസ്സാക്കുവാൻ അനുവദിക്കണമെന്നും മൂന്നിൽ രണ്ട് ഭൂരിപക്ഷം വേണമെന്ന നിബന്ധനയിൽ നിന്ന് ഒഴിവാക്കണമെന്നും ആവശ്യപ്പെട്ടപ്പോൾ അത് നിഷേധിച്ച ആർ.ബി.ഐ കേരളത്തിന്റെ കാര്യത്തിൽ മൂന്നിൽ രണ്ട് ഭൂരിപക്ഷം എന്ന നിബന്ധന ഒഴിവാക്കിയത് എന്തുകൊണ്ടാണ്? അതിന്റെ പിന്നിൽ ആർ.ബി.ഐയ്ക്ക് മറ്റൊരു അജണ്ടയുണ്ടെന്നുവേണം സംശയിക്കുവാൻ. കേരളത്തിലെ പ്രാഥമിക സഹകരണ ബാങ്കുകളുടെ ശക്തമായ അടിത്തറ മനസ്സിലാക്കിയ ആർ.ബി.ഐ തങ്ങൾക്ക് കേരളാബാങ്കിലൂടെ അതിൽ നേരിട്ട് ഇടപെടുന്നതിന് കഴിയും എന്നതുകൊണ്ടാണ്.

കേരളാബാങ്ക് രൂപീകരണത്തിന് ആർ.ബി.ഐ മുന്നോട്ടുവച്ചിട്ടുള്ള 19 ഉപാധികളിൽ പതിനാലാമത്തേത് മാനേജ്മെന്റ് ബോർഡ് രൂപവൽക്കരിക്കണം എന്നതാണ്. പതിനെട്ടാമതായി ചേർത്തിട്ടുള്ളത് 'ബാങ്ക്' എന്ന പദമുപയോഗിച്ച് കേരളത്തിൽ ഒരു സഹകരണസംഘവും രജിസ്റ്റർ ചെയ്യരുത് എന്നുമാണ്. അല്ലെങ്കിൽ തന്നെ കേരളത്തിൽ പുതുതായി ഒരു പ്രാഥമിക സഹകരണബാങ്കും ഇപ്പോൾ രജിസ്റ്റർ ചെയ്യുന്നില്ല. എന്നിട്ടും ഈ വ്യവസ്ഥ ആർ.ബി.ഐ ഉൾപ്പെടുത്തിയത് എന്തിനാണ്? പ്രാഥമിക സഹകരണബാങ്കുകൾക്കുമേൽ ഭാവിയിൽ വരാൻ പോകുന്ന അപകടത്തിന്റെ ചൂണ്ടുപലക കിടക്കുന്നത് ഇവിടെയാണ്. മാനേജ്മെന്റ് ബോർഡ് എന്നത് റിസർവ്വ് ബാങ്കിന്റെ നിയന്ത്രണത്തിൽ വരുന്ന സംവിധാനമാണ്. അഞ്ചുവർഷമാണ് ഇതിന്റെ കാലാവധി. സഹകര




*കേരളാബാങ്കിന്റെ രൂപീകരണപ്രഖ്യാപനം മുഖ്യമന്ത്രി പിണറായി വിജയൻ നടത്തുന്നു*

**കേരളാ ബാങ്കിന്റെ നൂതന ബാങ്കിംഗ് സേവനവും പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളുമായി പങ്കുവയ്ക്കുവാൻ റിസർവ്വ് ബാങ്ക് അനുവദിക്കില്ല. ബാങ്കിംഗ് വ്യവസ്ഥ അറിയുന്ന എല്ലാ സഹകാരികൾക്കും അറിയാവുന്ന കാര്യമാണത്.**

ണസംഘം രജി സ്ട്രാർക്ക് ഈ ബോർഡിൽ ഇടപെടാൻ അധികാരമില്ല. ആർ. ബി.ഐ നൽകുന്ന നിർദ്ദേശങ്ങളാണ് മാനേജ്മെന്റ് ബോർഡ് പാലിക്കേണ്ടത്. ബാങ്കിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസ് പ്രവർത്തിക്കേണ്ടതും ബോർഡ് ഓഫ് മാനേജ്മെന്റിന്റെ നിർദ്ദേശപ്രകാരമാണ്. ഭരണസമിതികൾക്ക് മാനേജ്മെന്റ് ബോർഡിന്റെ പ്രവർത്തനം നിയന്ത്രിക്കാനുള്ള അധികാരം നിയമത്തിൽ പറയുന്നില്ല. കേരളാബാങ്കിന്റെ നിയന്ത്രണം മാനേജ്മെന്റ് ബോർഡിന്റെയും ആർ.ബി.ഐയുടെയും നിയന്ത്രണത്തിലായിരിക്കും. പ്രാഥമിക സഹകരണബാങ്കുകളാണ് കേരളാബാങ്കിലെ അംഗങ്ങൾ. ഇവർ 'ബാങ്ക്' എന്ന പേരുപയോഗിക്കരുത് എന്നുള്ള നിർദ്ദേശം ബോർഡ് ഓഫ് മാനേജ്മെന്റിലൂടെ നടപ്പിലാക്കാൻ കഴിയും. പ്രാഥമിക സഹകരണ ബാങ്കുകൾക്ക് 'ബാങ്ക്' എന്ന പദം ഉപയോഗിക്കാൻ പാടില്ല എന്നും റിസർവ്വ് ബാങ്ക് രേഖാമൂലം അറിയിച്ചിട്ടുള്ളതാണ്.



2013 ൽ നബാർഡ് ചെയർമാനായിരുന്ന ഡോ. പ്രകാശ് ബക്ഷി കമ്മിറ്റിയുടെ ശുപാർശകളാണ് കേരളാ ബാങ്ക് മുന്നോട്ടുവയ്ക്കുന്നത്.

ബാങ്കിംഗ് റെഗുലേഷൻ ആക്ട് പ്രകാരം ബാങ്ക്, ബാങ്കിംഗ്, ബാങ്കർ എന്നീ പദങ്ങൾ പേരിനോടൊപ്പം ചേർക്കാൻ ആർ.ബി.ഐയുടെ അനുമതി വേണമെന്ന് വ്യവസ്ഥയുണ്ട്. അനുമതിയില്ലാതെ പ്രാഥമിക സഹകരണബാങ്കുകളിൽ 'ബാങ്ക്' എന്ന പദമുപയോഗിക്കുന്നത് നിയമവിരുദ്ധമാണ് എന്നാണ് ആർബി.ഐയുടെ നിലപാട്. എന്നാൽ ഇതേ നിയമത്തിലെ മൂന്നാം വകുപ്പിൽ ബാങ്കിംഗ് നിയന്ത്രണനിയമം പ്രാഥമിക കാർഷികവായ്പ സഹകരണ സംഘങ്ങൾക്ക് ബാധകമല്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ബാധകമല്ലാത്ത നിയമം ചൂണ്ടിക്കാട്ടി കേരളത്തിലെ പ്രാഥമിക സഹകരണബാങ്കുകളെ റിസർവ്വ് ബാങ്ക് വിലക്കുകയും അവയുടെ പേരിൽ കേസെടുക്കുകയും ചെയ്തിട്ടുണ്ട്. ഇതിനെതിരെ ഒരു ചെറുവിരൽപോലും അനക്കാൻ സംസ്ഥാനസർക്കാരിന് കഴിഞ്ഞിട്ടില്ല. ഈ സാഹചര്യത്തിലാണ് കേരളാബാങ്കിലൂടെ റിസർവ്വ് ബാങ്ക് കടന്നുകയറാൻ പോകുന്നത്. അങ്ങനെകടന്നുകയറിയാൽ അവർ ആദ്യം ചെയ്യുന്നത് പ്രാഥമിക സഹകരണ ബാങ്കുകളുടെ ബാങ്കിംഗ് സംവിധാനത്തിനുമേൽ കത്തിവയ്ക്കുകയായിരിക്കും. എന്നാൽ അറിഞ്ഞോ അറിയാതെയോ കേരളത്തിലെ പ്രാഥമിക സഹകരണ ബാങ്ക് പ്രസിഡന്റുമാർ കേരളാബാങ്കിനുവേണ്ടി കയ്യുയർത്തുന്നു. കേരളാബാങ്കിന് പ്രാഥമിക സഹകരണസംഘങ്ങളെ രക്ഷിക്കുവാൻ കഴിയും എന്നാണ് അവർ ധരിച്ചുവച്ചിട്ടുള്ളത്. എന്നാൽ കേരളാബാങ്ക് പ്രാഥമിക സഹകരണ സംഘങ്ങളെ കുഴിച്ചുമൂടുന്നു എന്നുള്ളതാണ് സംഭവിക്കാൻ പോകുന്നത്.

2013 ൽ നബാർഡ് ചെയർമാനായിരുന്ന ഡോ. പ്രകാശ് ബക്ഷി കമ്മിറ്റിയുടെ ശുപാർശകളാണ് കേരളാ ബാങ്ക് മുന്നോട്ടുവയ്ക്കുന്നത്. പ്രകാശ് ബക്ഷി കമ്മിറ്റി പറഞ്ഞത് പ്രാഥമിക കാർഷിക വായ്പാസംഘങ്ങളെ ജില്ലാ സഹകരണ ബാങ്കിന്റെ ബിസിനസ്സ് കറസ്പോണ്ടൻസാക്കി മാറ്റണം എന്നാണ്. എന്നാൽ എല്ലാ രാഷ്ട്രീയകക്ഷികളും സംയുക്തമായി ഡോ. പ്രകാശ് ബക്ഷി കമ്മിറ്റി റിപ്പോർട്ട് തള്ളിക്കളയുകയാണ് ചെയ്തത്. കേരളാബാങ്ക് രൂപീകരിച്ചുകൊണ്ട് പ്രാഥമിക കാർഷിക വായ്പാസംഘങ്ങൾക്ക് കേരളാ ബാങ്കിലൂടെ എല്ലാ ആധുനിക സംവിധാനങ്ങളും നൽകാമെന്നാണ് പറയുന്നത്. കേരളാ ബാങ്കിന്റെ നൂതനബാങ്കിംഗ് സേവനവും പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളുമായി പങ്കുവയ്ക്കുവാൻ റിസർവ്വ് ബാങ്ക് അനുവദിക്കില്ല. ബാങ്കിംഗ് വ്യവസ്ഥ അറിയുന്ന എല്ലാ സഹകാരികൾക്കും അറിയാവുന്ന കാര്യമാണത്. ബാങ്കിന് ഒരു ബിസിനസ്സ് കറസ്പോണ്ടൻസ് ആകാം. അതിനുവേണ്ടി പക്ഷേ ഇപ്പോൾ നാട്ടിൽ സഹകരണ ബാങ്കുകൾ നിർലോഭം ചെയ്തുകൊണ്ടിരിക്കുന്ന വായ്പാസേവനങ്ങൾ ഇല്ലാതാക്കണമോ?

കേരളാ ബാങ്ക് രൂപീകരണത്തോടുകൂടി വായ്പാ സംഘങ്ങളിലെ അംഗങ്ങൾക്ക് കൂടുതൽ വായ്പ നൽകുന്നതിനും അതിലൂടെ ലാഭക്ഷമത വർദ്ധിപ്പിക്കുന്നതിനും സാധിക്കുമെന്നാണ് പ്രാഥമിക സംഘങ്ങൾക്ക് ലഭിക്കുന്ന നേട്ടമായി പറയുന്നത്. ഇപ്പോൾത്തന്നെ കേരളത്തിലെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾക്ക് ശക്തമായ സാമ്പത്തിക അടിത്തറയുണ്ട്. പ്രാഥമിക സഹകരണബാങ്കിൽ ഒരംഗത്തിന് 50 ലക്ഷം രൂപവരെ 15 ദിവസത്തിനുള്ളിൽ വായ്പ അനുവദിക്കാൻ കഴിയും. എന്നാൽ ആർ.ബി. ഐയുടെ ലൈസൻസുള്ള സംസ്ഥാനസഹകരണ ബാങ്കിന് 40 ലക്ഷം രൂപ വരെ മാത്രമേ ഇപ്പോൾ വായ്പ നൽകുവാൻ കഴിയുന്നുള്ളൂ. ആർ.ബി.ഐയുടെ പരിധിയിൽ വരുമ്പോൾ നാട്ടിലെ സാധാരണക്കാരായ ആളുകൾക്ക് വായ്പ നൽകുന്നതിന് കർശനമായ വ്യവസ്ഥകൾ ഉണ്ടാക്കും. അത് കൂടുതലും നാട്ടിൻപുറത്തെ സാമ്പത്തിക സന്തുലിതാവസ്ഥയെ ബാധിക്കുകയും അനധികൃതമായി പ്രവർത്തിക്കുന്ന ഹുണ്ടിക വ്യാപാരികളെ സമീപിക്കേണ്ടി വരികയും ചെയ്യും.

കേരളാബാങ്ക് രൂപീകരിച്ചുകഴിഞ്ഞാൽ വായ്പയിൽ ഇന്ററസ്റ്റ് സ്പ്രെഡ് കുറയുന്നു എന്നാണ് പറയുന്നത്. ഇന്ററസ്റ്റ് സ്പ്രെഡ് എന്നാൽ വായ്പയിൽ നിന്നും ലഭിക്കുന്ന പലിശ നിരക്കും, ആ വായ്പ നൽകുവാൻ ഉപയോഗിക്കുന്ന വിഭവത്തിന്റെ പലിശ ചെലവ് നിരക്കും തമ്മിലുള്ള വ്യത്യാസമാണ്. പ്രാഥമിക സംഘങ്ങളുടെ വായ്പയിലെ പലിശ മിച്ചം(ഇന്ററസ്റ്റ് സ്പ്രെഡ്) കുറയും എന്നുള്ളത് ഒരു നേട്ടമല്ല. മറിച്ച് കോട്ടമാണ്. പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിലെ അംഗങ്ങളുടെ ഹ്രസ്വകാല കാർഷിക വായ്പകൾ കുടിശ്ശിക വരുത്താതെ കൃത്യമായി അടയ്ക്കുന്ന സാഹചര്യത്തിൽ കേന്ദ്ര ഗവൺമെന്റ് നൽകുന്ന 3 % പലിശ ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ ആയിട്ടാണ് ലഭിക്കുക. അതിനായി ജില്ലാ സഹകരണ ബാങ്കിന്റെ ശാഖയിൽ പ്രാഥമിക കാർഷിക വായ്പാസംഘങ്ങളിലെ ഹ്രസ്വകാല കാർഷിക വായ്പ എടുത്തിട്ടുള്ള അംഗങ്ങൾക്ക് മിറർ അക്കൗണ്ടുകൾ തുടങ്ങിയിട്ടുണ്ട്. ജില്ലാ ബാങ്കിന്റെ ശാഖയിലുള്ള മിറർ അക്കൗണ്ട് സംസ്ഥാനസഹകരണ ബാങ്കിന്റെ മിറർ അക്കൗണ്ടായി മാറുന്നു എന്നല്ലാതെ മറ്റു നേട്ടങ്ങൾ ഉണ്ടാകുന്നില്ല.

**സംസ്ഥാനത്തെ പ്രാഥമിക സഹകരണ ബാങ്കുകളെ സമൂലനാശത്തിലേക്ക് തള്ളി വിടും. ദുരിതങ്ങൾ ഒന്നിനുപിന്നാലെ ഒന്നായി അനുഭവിച്ചു തുടങ്ങുമ്പോൾ കേന്ദ്ര സർക്കാരിനെയും ആർ.ബി.ഐയെയും പഴിചാരി കേരളാബാങ്ക് രൂപീകരിച്ചവർക്ക് രക്ഷപ്പെടാം.**




കേരളബാങ്കിന്റെ സാമ്പത്തിക സ്ഥിതി ശക്തമായാൽ നബാർഡിൽ നിന്നുള്ള പുനർവായ്പാ തുക വർദ്ധിപ്പിക്കുവാൻ കഴിയുമെന്നും അതുവഴി കാർഷിക വായ്പാ തോത് വർദ്ധിപ്പിക്കുവാൻ ഉതകുമെന്നാണ് പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾക്കുള്ള നേട്ടമായി പറയുന്നത്.

പ്രാഥമിക സഹകരണ സംഘങ്ങളിൽ ഒരംഗത്തിന് നൽകാൻ കഴിയുന്ന ഹ്രസ്വകാല കാർഷിക വായ്പയുടെ അളവ് അയാളുടെ കൈവശമുള്ള കൃഷിഭൂമിയുടെയും കൃഷി ചെയ്യുന്ന കാർഷിക വിളയുടെയും അടിസ്ഥാനത്തിൽ ജില്ലാതലത്തിലുള്ള ടെക്നിക്കൽ കമ്മിറ്റി തയ്യാറാക്കുന്ന സ്കെയിൽ ഓഫ് ഫിനാൻസിന്റെയും അടിസ്ഥാനത്തിലാണ്. അതാകട്ടെ ഒരംഗത്തിന് പരമാവധി 3 ലക്ഷം രൂപയാണ്.

കേരളാബാങ്ക് പ്രാബല്യത്തിൽ വന്നുകഴിഞ്ഞാൽ ആദ്യ 3 വർഷങ്ങളിൽ അംഗസംഘങ്ങളുടെ ഓഹരിക്ക് 10 ശതമാനം ലാഭവിഹിതം നൽകുമെന്നാണ് മറ്റൊരു വാഗ്ദാനം. കേരളാ സഹകരണ സംഘം നിയമത്തിലെ 56-ാം വകുപ്പിൽ സംഘത്തിന്റെ പ്രവർത്തനലാഭം അല്ലാതെ മറ്റൊരു വിഭവവും ലാഭവീതം നൽകുവാൻ ഉപയോഗിച്ചുകൂടെന്ന വ്യവസ്ഥയുണ്ട്. പ്രവർത്തനലാഭം ഉണ്ടായാൽ തന്നെ കരുതൽ ധനം, വിദ്യാഭ്യാസ ഫണ്ട്, സഹകരണ അംഗ ആശ്വാസ ഫണ്ട് തുടങ്ങിയവ സ്റ്റാറ്റ്യൂട്ടറി റിസർവ്വുകളിലേക്ക് വകമാറ്റിയ ശേഷം മിച്ചമുള്ള ലാഭം കൊണ്ടുമാത്രമേ ലാഭവീതം നൽകുവാൻ കഴിയൂ. കേരളാ ബാങ്കിന് 1500 കോടിയോളം പിരിഞ്ഞുകിട്ടിയ മൂലധനമുണ്ടാകും. പ്രസ്തുത തുകയ്ക്ക് 10 ശതമാനം ലാഭവീതം നൽകുവാൻ മിച്ചലാഭം 150 കോടിയോളം രൂപ വേണ്ടി വരും. കേരളാബാങ്കിന്റെ പ്രവർത്തനത്തിൽ അത്രയും മിച്ചലാഭം ഉണ്ടാകുക അസാധ്യമാണ്. നബാർഡിന്റെ സർക്കുലറിന് വിരുദ്ധമായ വാഗ്ദാനവുമാണത്. കേരളാബാങ്കിന്റെ നിക്ഷേപത്തിൽ മൂന്നിൽ രണ്ട് ഭാഗം പ്രാഥമിക സംഘങ്ങളുടെ നിക്ഷേപമാണ്. എന്നാൽ കേരളാ ബാങ്കിന്റെ വായ്പയിൽ 15 ശതമാനം പോലും വായ്പയെടുക്കുന്ന പ്രാഥമിക സംഘങ്ങൾ ഉണ്ടാകുന്നില്ല. കൂടുതലും വ്യക്തികളും സഹകരണ ഇതരസ്ഥാപനങ്ങളും എടുക്കുന്ന വായ്പകളായിരിക്കും. വ്യക്തിഗത വായ്പകളിലും സഹകരണ ഇതര സ്ഥാപനങ്ങൾക്കുള്ള വായ്പകളിലും ആണ് എൻ.പി.എ സാദ്ധ്യത കൂടുതൽ കണ്ടുവരുന്നത്. ഈ വിഷയം ഒരു വെല്ലുവിളിയായി കേരളാബാങ്കിന് നേരിടേണ്ടി വരും.

പ്രാഥമിക സഹകരണ ബാങ്കുകൾ അംഗങ്ങളിൽ നിന്നും ഏഴേ മുക്കാൽ ശതമാനത്തിനും എട്ടേകാൽ ശതമാനത്തിനുമാണ് നിക്ഷേപം സ്വീകരിക്കുന്നത്. ബാങ്കിന്റെ കരുതൽ ധനം കഴിച്ച് ബാക്കിയുള്ള തുക കേരളാ ബാങ്കിൽ നിക്ഷേപിക്കുമ്പോൾ ഇതിനെക്കാൾ കുറഞ്ഞ പലിശ നിരക്കാണ് ആർ.ബി.ഐയുടെ നിർദ്ദേശം കൊണ്ട് ലഭിക്കുന്നത്. ഇത് പ്രാഥമിക സഹകരണ ബാങ്കുകളെ നഷ്ടത്തിലേക്ക് എത്തിക്കും. സംസ്ഥാനത്തെ പ്രാഥമിക സഹകരണ ബാങ്കുകളെ സമൂലനാശത്തിലേക്ക് തള്ളിവിടും. ദുരിതങ്ങൾ ഒന്നിനു പിന്നാലെ ഒന്നായി അനുഭവിച്ചു തുടങ്ങുമ്പോൾ കേന്ദ്ര സർക്കാരിനെയും ആർ.ബി.ഐയെയും പഴിചാരി കേരളാബാങ്ക് രൂപീകരിച്ചവർക്ക് രക്ഷപ്പെടാം. സ്ഥിരമായ രാഷ്ട്രീയലാഭത്തിന് കേരളാ ബാങ്കിനെകയ്യിൽ വച്ചുകൊണ്ട് നടക്കുകയും ചെയ്യാം. ചുരുക്കത്തിൽ കേരളാ ബാങ്ക് സി.പി.എമ്മിന് ഒരു കാമധേനുവായി മാറും. ●

# പൊതുവിദ്യാഭ്യാസരംഗം എങ്ങോട്ട് ?

## ഹൈടെക് സ്കൂളുകൾ എന്തിന്? ആർക്കുവേണ്ടി? 'കേരളശബ്ദം' അന്വേഷിക്കുന്നു

**പ്രത്യേക ലേഖകൻ**

വയനാട് സുൽത്താൻ ബത്തേരി ഗവ. സർവ്വജന വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിലെ അഞ്ചാം ക്ലാസ് വിദ്യാർത്ഥിനി ഷെഹ്‌ല ഷെറിൻ ക്ലാസ്മുറിക്കുള്ളിൽ വെച്ച് പാമ്പുകടിയേറ്റ് മരിച്ചതിന്റെ ഞെട്ടലിൽ നിന്നും കേരളം ഇനിയും മുക്തമായിട്ടില്ല. പൊതുവിദ്യാഭ്യാസവകുപ്പ് ഹൈടെക് സംവിധാനങ്ങൾ ഒരുക്കിയെന്ന് അവകാശപ്പെടുകയും പ്രഖ്യാപനങ്ങൾ നടത്തുകയും ചെയ്ത വിദ്യാലയങ്ങളിൽ ഒന്നാണ് ബത്തേരി ഗവ. സർവ്വജന വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂൾ. ക്ലാസ് റൂമിനുള്ളിൽപ്പോലും ഇഴജന്തുക്കൾ വാസസ്ഥലമാക്കിയ ഈ സ്കൂളിന് ഹൈടെക് പദവി നൽകിയത് ആരാണ് ? എന്തായിരുന്നു അതിന്റെ മാനദണ്ഡം എന്ന് പരിശോധിച്ചപ്പോൾ പിടിച്ചതിനെക്കാൾ വലുതാണ് അരയിൽ ഇരുന്നത് എന്നതുപോലുള്ള വിവരങ്ങളാണ് ലഭ്യമാകുന്നത്. ബത്തേരിയിലെ സ്കൂളിനെക്കാൾ ഗതികെട്ട പല സ്കൂളുകളും കേരളത്തിലുടനീളമുണ്ട്. വയനാട് ജില്ലയിൽതന്നെ ശോച്യാവസ്ഥയിലുള്ള നിരവധി സ്കൂളുകൾ ഇനിയും ഉണ്ടെന്ന് വിദ്യാഭ്യാസവകുപ്പിലെ ഉന്നതർ രഹസ്യമായിട്ടെങ്കിലും സമ്മതിക്കുന്നുണ്ട്. പൊതുവിദ്യാലയങ്ങൾ അടിസ്ഥാന സൗകര്യവികസനത്തിൽ മുമ്പത്തെക്കാൾ ഏറെ മുന്നേറിയിട്ടുണ്ട് എന്നത് നേര്. ഈ വസ്തുത നിലനിൽക്കുമ്പോഴും ശോച്യാവസ്ഥയിലുള്ള നിരവധി സ്കൂളുകൾ ഇന്നും നിലനിൽക്കുന്നുണ്ടെങ്കിൽ അതിന്റെ ഉത്തരവാദി ആര് എന്ന ചോദ്യം ഇവിടെ പ്രസക്തമാണ്. ഇത്തരത്തിൽ ശോച്യാവസ്ഥയിലാണ് എന്ന് അധികൃതർ തന്നെ സമ്മതിക്കുന്ന സ്കൂളുകളിൽ പലതും സർക്കാർ ഹൈടെക് ആക്കി പ്രഖ്യാപിച്ചു എന്നതാണ് വിരോധാഭാസം. ആവശ്യത്തിന് ശൗചാലയം പോലും ലഭ്യമല്ലാത്ത സ്കൂളുകൾ പോലും വിദ്യാഭ്യാസവകുപ്പിന്റെ കണക്കിൽ ഹൈടെക് ആണത്രേ. ഒരു സ്കൂൾ ഹൈടെക് ആകാൻ വിദ്യാഭ്യാസവകുപ്പ് കൽപ്പിച്ചിരിക്കുന്ന മാനദണ്ഡം എന്താണ് എന്നറിയാൻ 'കേരളശബ്ദം' നടത്തിയ അന്വേഷണത്തിൽ ഞെട്ടിക്കുന്ന വിവരങ്ങളാണ് വെളിവായത്. പൊതുവിദ്യാലയങ്ങൾ നാടിന്റെ സ്വത്തായതിനാലും അവ നിലനിൽക്കേണ്ടത് പൊതുആവശ്യമായതിനാലും ഒരു സ്കൂളിന്റെയും പേര് ഞങ്ങൾ വെളിപ്പെടുത്തുന്നില്ല. എന്നിരുന്നാലും ഷെഹ്‌ല ഷെറിന്റെ ഗതി ഇനിയാർക്കും വരാതിരിക്കാൻ അന്വേഷണത്തിൽ വെളിവായ ചില കാര്യങ്ങൾ ഞങ്ങൾ റിപ്പോർട്ട് ചെയ്യുന്നു.

### എല്ലാം ശരിയാക്കുന്നത് 'കൈറ്റ്'

'കൈറ്റ്' എന്ന സർക്കാർ കമ്പനിയാണ് സംസ്ഥാനത്തെ സ്കൂളുകൾ ഹൈടെക് ആക്കാൻ ചുമതലപ്പെടുത്തിയിട്ടുള്ള നോഡൽ ഏജൻസി. കേരളാ ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ എന്നാണ് പൂർണനാമം. ആദ്യഘട്ടത്തിൽ ഹൈസ്കൂളും ഹയർസെക്കണ്ടറി സ്കൂളുകളുമായിരുന്നു ഇവർ ഹൈടെക് ആക്കിയിരുന്നത്. ഇപ്പോൾ അത് യു.പി. തലത്തിലേക്കും വ്യാപിപ്പിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ഏത് സ്കൂൾ ഹൈടെക് ആക്കണമെങ്കിലും ബന്ധപ്പെട്ട സ്കൂളിന്റെ പ്രിൻസിപ്പൽ, ഹെഡ്മാസ്റ്റർ/ഹെഡ്മിസ്ട്രസ് എന്നിവർക്ക് കൈറ്റിന്റെ മേഖലാ ഓഫീസിൽ ബന്ധപ്പെടാം. നേരിട്ട് പൊതുവിദ്യാഭ്യാസവകുപ്പിനെസമീപിക്കേണ്ടതില്ല. അഥവാ ആരെങ്കിലും പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ ചെന്നാൽ അവരെ



കൈറ്റിലേക്ക് റീഡയറക്ട് ചെയ്യുന്നതാണ് നിലവിലെ രീതി. സ്കൂളിന്റെ സമ്മതപത്രം ലഭിച്ചാൽ ഉടനെകൈറ്റ് അധികൃതർ അവിടെത്തും. സ്കൂളിലെ ഏതെങ്കിലും ഒരു ക്ലാസ് റൂമിൽ ടൈൽസ് പാകിയിട്ടുണ്ടോ, അവിടെ അടച്ചുറപ്പുണ്ടോ, സുശക്തമായ വയറിങ് സംവിധാനം ഉണ്ടോ ഇല്ലെങ്കിൽ സംവിധാനം ഒരുക്കാനാകുമോ ഇത്രയും കാര്യങ്ങൾ അവർ പരിശോധിക്കും. ഇത്രയും ഉണ്ടെന്ന് കരുതുക. സ്കൂളിൽ ഒരു ലാപ്ടോപ്പും പ്രൊജക്ടറും സ്പീക്കറും ഉടൻ എത്തിക്കും. ഇതോടെ സ്കൂൾ ഹൈടെക് ആയി. അവിടെ ആവശ്യത്തിന് ബെഞ്ചും ഡെസ്കും വേണമെന്നില്ല. ആവശ്യത്തിന് ശൗചാലയങ്ങൾ വേണമെന്നില്ല. ഉണ്ടെങ്കിൽത്തന്നെ വൃത്തിയുണ്ടാകണമെന്നില്ല. സ്കൂൾ കോമ്പൗണ്ടിന് ചുറ്റുമതിലോ കെട്ടുറപ്പുള്ള മേൽക്കൂരയോ വേണമെന്ന് നിർബന്ധമില്ല. ഒരു ക്ലാസ് റൂം മേൽപ്പറഞ്ഞ സൗകര്യങ്ങളോടെ ലഭിച്ചാൽ മാത്രം മതി. രണ്ടോ മൂന്നോ ക്ലാസ് ലഭിച്ചാൽ ഏറെ സന്തോഷം. അവർ ഹൈടെക് ആക്കി മാറ്റിക്കളയും. ഇതിന് എഴുത്തുകുത്തുകൾ നടത്തി വർഷങ്ങളും മാസങ്ങളുമൊന്നും കാത്തിക്കണ്ട. എല്ലാം ദിവസങ്ങൾക്കുള്ളിൽ നടന്നുകിട്ടും.

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

ഐ.ടി. @ സ്ക്കൂൾ പ്രോജക്ട് എന്ന പഴയ പദ്ധതിയെ രണ്ടുകൊല്ലം മുമ്പ് പൊടിതട്ടിയെടുത്ത് പേരുമാറ്റി കമ്പനി ആക്ട് സെക്ഷൻ എട്ട് പ്രകാരം രജിസ്റ്റർ ചെയ്തു. അതോടെയാണ് കൈറ്റ് പിറവിയെടുക്കുന്നത്. തലപ്പത്ത് പഴയ ആൾക്കാർ തന്നെ. താഴെത്തട്ടിൽ പുതിയ സർക്കാരിന്റെ താത്പര്യപ്രകാരം ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ എത്തിയ കുറേ അധ്യാപകരും. അധ്യാപകരെന്ന് വെച്ചാൽ ചില്ലറക്കാരല്ല. ഹയർസെക്കണ്ടറി (എണ്ണത്തിൽകുറവ്), ഹൈസ്കൂൾ, യു.പി. വിഭാഗങ്ങളിൽ നിന്ന് ത്രോൺ ഔട്ടായി പുറത്തുപോയ അധ്യാപകരെ (അനധികൃതമായി എയ്ഡഡ് സ്ഥാപനങ്ങളിൽ നിയമനം നേടുകയും വിദ്യാർത്ഥികളുടെ തലയെണ്ണിയപ്പോൾ ജോലി നഷ്ടമാവുകയും ചെയ്ത അധ്യാപകർ) സർക്കാർ അധ്യാപകബാങ്കുണ്ടാക്കി പ്രതിഷ്ഠിച്ചിട്ടുണ്ട്. അവരിൽ ഇടതു ആഭിമുഖ്യമുള്ളവരെയാണ് ഇപ്പോഴത്തെ സർക്കാർ കൈറ്റിൽ കുടിയിരുത്തിയിട്ടുള്ളത്. ഇവർക്ക് ഇൻഫർമേഷൻ ടെക്നോളജിയുമായോ അനുബന്ധമേഖലകളുമായോ പുലബന്ധം പോലുമുണ്ടാകണമെന്നില്ല. ഉണ്ടാകാതിരിക്കുന്നതാണ് കൈറ്റ് അധികൃതർക്ക് താത്പര്യം. അങ്ങനെവന്നാൽ അവരുടെ ഐ.ടി.വത്കരണം പൊടിപൊടിക്കില്ലല്ലോ ! പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ കീഴിലാണ് ഇവരെല്ലാം വരുന്നത് എന്നിരുന്നാൽപ്പോലും കാര്യങ്ങൾ നോക്കി നടത്തുന്നത് കൈറ്റിന്റെ ഉന്നതങ്ങളിൽ ഉള്ള ചിലർ മാത്രമാണ്. മറ്റുള്ളവരെല്ലാം സാങ്കേതികമായി ഇതിന്റെ ഭാഗമാണെന്ന് മാത്രം.

**ശോച്യാവസ്ഥയിലാണ് എന്ന് അധികൃതർ തന്നെ സമ്മതിക്കുന്ന സ്കൂളുകളിൽ പലതും സർക്കാർ ഹൈടെക് ആക്കി പ്രഖ്യാപിച്ചു എന്നതാണ് വിരോധാഭാസം.**

ഒരു ക്ലാസ് റൂമിൽ ആണെങ്കിലും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയാൽ അത് നല്ലകാര്യം തന്നെ. പക്ഷേ, ഇവിടെ അതല്ല നടക്കുന്നത്. ഹൈടെക് ആക്കുന്നതിന്റെ ഭാഗമായി സ്ഥാപിക്കുന്ന ഒരു ഉപകരണവും ആറുമാസം കാലാവധി പൂർത്തിയാക്കില്ല എന്നതാണ് വസ്തുത. ഒരുവർഷം തികച്ചാൽ ഭാഗ്യം. അത്രകണ്ട് ഗുണനിലവാരമില്ലാത്ത സാധനങ്ങളാണ് ഐ.ടി.വത്കരണത്തിന്റെ പേരിൽ വാങ്ങിക്കൂട്ടുന്നത്. ഇതിന് കൈറ്റിന് സർക്കാർ ഫണ്ട് ലഭിക്കുന്നുണ്ട്. എന്നാൽ, ഈ ഫണ്ട് കാര്യക്ഷമവും സുതാര്യവുമായാണോ ചെലവിടുന്നത് എന്ന് പരിശോധിക്കാൻ ഇവിടെ സംവിധാനങ്ങളൊന്നുമില്ല. കോടിക്കണക്കിന് രൂപയുടെ ഇലക്ട്രോണിക് സാധനങ്ങളാണ് കൈറ്റ് മുഖേനപ്രതിവർഷം വാങ്ങിക്കൂട്ടുന്നത്. അത് മാസങ്ങൾക്കുള്ളിൽ തന്നെ കേടാകുമ്പോൾ സ്കൂളിന്റെ ഹൈടെക് പരിപാടികളും അവസാനിക്കും. കേടായ ഉപകരണങ്ങൾ മാറ്റണമെന്ന് ആരെങ്കിലും ആവശ്യപ്പെട്ടാൽ കൈറ്റ് അധികൃതർ ഹാപ്പിയാണ്. ദിവസങ്ങൾക്കുള്ളിൽ പുതിയ ഉപകരണം എത്തും. അതും ആറുമാസമേ പ്രവർത്തിക്കുകയുള്ളൂ എന്ന് മാത്രം. ഇനി കേടായ ഉപകരണങ്ങൾ എന്ത് ചെയ്യും എന്ന് ചോദിച്ചാൽ അതിനും കൈറ്റിന് പരിഹാരം ഉണ്ട്. ഇ-വേസ്റ്റ് കളക്ഷന് പ്രത്യേക സംവിധാനം അവർ ലഭ്യമാക്കും. അതിന് പിന്നിലും ചിലരുടെ സ്ഥാപിതതാത്പര്യങ്ങളാണത്രെ പ്രവർത്തിക്കുന്നത്.

അടുത്തിടെ സംസ്ഥാനത്തെ സ്കൂളുകൾക്കെല്ലാം കൈറ്റ് ത്രീ ഇൻവൺ പ്രിന്റർ നൽകിയിരുന്നു. ആധുനികവത്കരണത്തിന്റെ ഭാഗമായിട്ടായിരുന്നു നടപടി. ഏതാണ്ട്  മിക്കവാറും പ്രിന്ററുകളും ഇപ്പോൾ പ്രവർത്തനരഹിതമാണ്. പ്രിന്ററിൽ ടോണർ തീർന്നതോടെ ചിലർ അത് റീഫിൽ ചെയ്യാൻ കൈറ്റിനെസമീപിച്ചു. അത് സ്കൂൾ അധികൃതർ തന്നെ ചെയ്യണമെന്നായിരുന്നു മറുപടി. അങ്ങനെഅധികൃതർ അവരുടേതായ രീതിയിൽ ശ്രമം നടത്തി. ടോണർ റീഫിൽ ചെയ്യാനാകില്ല എന്നായിരുന്നു ലഭിച്ച മറുപടി. ടോണർ മൊത്തത്തിൽ മാറ്റിവെയ്ക്കണം. അതിന് ചെലവേറും. ഓരോ മാസവും (പ്രിന്റ് കൂടിയാൽ ചിലപ്പോൾ ആഴ്ചകൾ മാത്രമേ ആയുസുണ്ടാകൂ) ടോണർ മാറ്റിവെയ്ക്കുന്നത് പ്രായോഗികമല്ല. മാത്രമല്ല ചെലവ് കൂടുതലാണ് താനും. അങ്ങനെയെങ്കിൽ പിന്നെ എന്തിനാണ് ഇങ്ങനൊരുപ്രിന്റർ സ്കൂളുകളുടെ മേൽ കെട്ടിവെച്ചത് എന്ന് ചോദിച്ചാൽ അധികൃതർക്ക് ഉത്തര

മില്ല.

ഇപ്പോൾ എല്ലാസ്കൂളുകളിലും 40 ഇഞ്ച് ടെലിവിഷൻ നൽകുന്നതിന്റെ തിരക്കിലാണ് അധികൃതർ. ഹയർസെക്കണ്ടറി വിഭാഗത്തിനും ഹൈസ്കൂളിനും യു.പിക്കും പ്രത്യേകം പ്രത്യേകം ടി.വിയാണ് അനുവദിക്കുന്നത്. പലയിടങ്ങളിലും ഇത് വെയ്ക്കാൻ പോലും സ്ഥലമില്ല. എന്നിട്ടും അധികൃതർ ഇത് അടിച്ചേൽപ്പിക്കുകയാണെന്ന് അധ്യാപകർ പറയുന്നു. ശരാശരി ആയിരം രൂപ വില വിലമതിക്കുന്ന ടോണർ നൽകാൻ കൈറ്റിന് താത്പര്യമില്ല. അത് സ്കൂൾ അധികൃതർ തന്നെ സംഘടിപ്പിക്കണം. എന്നാൽ പതിനായിരങ്ങൾ വിലവരുന്ന ടി.വി. വാരിക്കോരി നൽകുകയാണ്. ഇതെന്തിന് എന്നു ചോദിച്ചാൽ ഉത്തരം ബഹുരസമാണ്. സർക്കാർ സ്കൂളുകളിൽ എല്ലാവിദ്യാർത്ഥികളേയും ആഴ്ചയിൽ ഒരു അവർ വിക്ടേഴ്സ് ചാനൽ (സർക്കാർ സ്പോൺസേർഡ് എഡ്യൂക്കേഷണൽ ചാനൽ) കാണിക്കണമെന്ന നിർദ്ദേശം ഉണ്ടായിരുന്നു. ഇതുകൊണ്ടാണത്രേ കൈറ്റ് എല്ലാ സ്കൂളുകളിലും ടിവി വാങ്ങി നൽകുന്നത്. ആദ്യം നൽകിയ പ്രിന്റർ നന്നാക്കാനോ സർവീസ് ചെയ്യാനോ താത്പര്യമില്ലാത്തവർ ടി.വി. വാങ്ങാൻ മത്സരിക്കുന്നത് ചിലരുടെ താത്പര്യങ്ങൾക്കു വേണ്ടി മാത്രമാണെന്ന് കൊല്ലം ജില്ലയിലെ ഒരു അധ്യാപകൻ പറയുന്നു. അധ്യാപകന്റെ വാക്കുകൾ ഇങ്ങിനെ– സ്കൂളിന് ആവശ്യമായ പല സംഗതികളും ഞങ്ങൾ ആവശ്യപ്പെട്ടു. അതൊന്നും തരാൻ പ്രൊവിഷൻ ഇല്ല എന്നായിരുന്നു മറുപടി. ഞങ്ങൾ ആവശ്യപ്പെടാതെ രണ്ട് ടി.വിയാണ് ഇവിടെ കൊണ്ടുവന്നത്. ഇത് വെയ്ക്കാൻ പോലും സ്ഥലമില്ല. പിന്നെങ്ങനെയാണ് നൂറുകണക്കിന് കുട്ടികളെ ഇതിന് മുന്നിൽ ഇരുത്തി വിക്ടേഴ്സ് ചാനൽ കാണിക്കും രണ്ടുടിവിയും ഉപയോഗിക്കാനാകാതെ പൊടിയടിച്ച് ഇരിക്കുകയാണ്. അതേസമയം, പ്രിന്ററിന് നല്ല ആവശ്യമുണ്ട്. അതാണെങ്കിൽ കേടായിട്ട് മാസങ്ങളായി. ഇപ്പോൾ ഞങ്ങൾ പുറത്തുനിന്നാണ് പ്രിന്റ് എടുക്കുന്നത്. ഇവരൊക്കെ സ്കൂളിന്റെ ആവശ്യം പരിഗണിച്ചല്ല സാധനങ്ങൾ വാങ്ങിക്കൂട്ടുന്നത് അവരുടെ താത്പര്യങ്ങൾക്കനുസൃതമായാണ്.

ഹൈടെക് ആക്കുന്ന (പ്രഖ്യാപനത്തിൽ) സ്കൂളിൽ കൈറ്റ് അധികൃതർ ചിലപ്പോഴൊക്കെ പരിശോധനനടത്താറുണ്ട്. സംവിധാനങ്ങൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടോ എന്ന് നോക്കാനാണ് പരിശോധന. അങ്ങനെ മലപ്പുറത്തെ ഒരു സ്കൂളിൽ പരിശോധനനടത്താനെത്തിയ അധ്യാപകൻ തന്റെ അനുഭവം കേരളശബ്ദത്തോട് പങ്കുവെച്ചു. അദ്ദേഹത്തിന്റെ വാക്കുകൾ ഇങ്ങനെ ഞാൻ– @@@○○○!~!! സ്കൂളിൽ ചെന്നു. മൂന്നുമാസം മുമ്പാണ് അവിടെ പ്രൊജക്റ്ററും മറ്റും സ്ഥാപിച്ചത്. പ്രൊജക്ടർ സ്ക്രീൻ രണ്ടായി കീറിയ നിലയിൽ ആയിരുന്നു. തിരക്കിയപ്പോൾ അത് പിള്ളാർ വലിച്ചുകീറിയതെന്നായിരുന്നു മറുപടി. സ്ഥാപിച്ച ഉപകരണങ്ങളുടെ വയറുകളെല്ലാം നശിച്ചു. അതുകൊണ്ടുതന്നെ അവ പ്രവർത്തിക്കുന്നില്ല. അവിടെ രണ്ടു ടി.വി. പൊടിയടിച്ച് ഇരിപ്പുണ്ടായിരുന്നു. വിദ്യാർത്ഥികളെ വിക്ടേഴ്സ് ചാനൽ കാണിക്കുന്നില്ലേ എന്ന് തിരക്കിയപ്പോൾ പിള്ളാരെ ഇരുത്താൻ സ്ഥലമില്ല എന്നായിരുന്നു മറുപടി. സമീപത്തെ മറ്റൊരു സ്കൂളിലും ഞാൻ പരിശോധനയ്ക്ക് പോയി. ചെന്നപ്പോൾ ടി.വി. പ്രിൻസിപ്പലിന്റെ റൂമിലാണ്. അദ്ദേഹം സെറ്റ് ടോപ് ബോക്സിൽ ചാനൽ പ്രോഗ്രാം ആസ്വദിക്കുകയായിരുന്നു. തിരക്കിയപ്പോൾ പിള്ളാർക്കാർക്കും വിക്ടേഴ്സ് കാണാൻ താത്പര്യമില്ല എന്നായിരുന്നു പ്രിൻസിപ്പലിന്റെ മറുപടി. വെറുതേയിരുന്ന് പൊടിയടിച്ച് നശിക്കേണ്ടല്ലോ എന്നുകരുതിയാണത്രേ അദ്ദേഹം അത് സ്വന്തം റൂമിൽ വെച്ചത്. മറ്റൊരുസ്കൂളിലെ കാര്യം ബഹുരസമാണ്. ഞാൻ കണ്ടില്ല, കേട്ടറിഞ്ഞ സംഗതിയാണ്. അവിടെ കുട്ടികൾക്ക് കാർട്ടൂൺ ചാനലാണ് അധികൃതർ കാണിച്ചുകൊടുക്കുന്നത്. ആഴ്ചയിൽ ഒരു മണിക്കൂർ കാർട്ടൂൺ കാണിക്കും. കുട്ടികൾക്കും അതിഷ്ടമാണ്. വിക്ടേഴ്സ് കണ്ട് സമയംകളയുന്നതിനേക്കാൾ കുട്ടികൾക്ക് ഇഷ്ടമുള്ള പരിപാടി കാണിച്ചുകൊടുക്കുന്നതല്ലേ നല്ലത് എന്നാണത്രേ അധികൃതർ ചോദിക്കുന്നത്. പക്ഷേ, അവിടെ ഇൻസ്പെക്ഷന് പോയപ്പോൾ എല്ലാം പക്കാ ആയിട്ട് നടക്കുന്നുണ്ടെന്നാണ് അധികൃതർ പറഞ്ഞത്.

**ഐ.ടി. @ സ്ക്കൂൾ പ്രോജക്ട് എന്ന പഴയ പദ്ധതിയെ രണ്ടു കൊല്ലം മുമ്പ് പൊടിതട്ടിയെടുത്ത് പേരുമാറ്റി കമ്പനി ആക്ട് സെക്ഷൻ എട്ട് പ്രകാരം രജിസ്റ്റർ ചെയ്തു. അതോടെയാണ് കൈറ്റ് പിറവിയെടുക്കുന്നത്.**



ഇങ്ങനെയൊക്കെയാണ് സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിൽ ഐ.ടി. വത്കരണവും ഹൈടെക് വത്കരണവും നടക്കുന്നത്. സ്കൂളിന്റെ കാതലായ ആവശ്യങ്ങളൊന്നും നിറവേറ്റപ്പെടുന്നില്ല. ഉന്നതരുടെ കച്ചവടതാത്പര്യങ്ങൾ മാത്രമാണ് സംരക്ഷിക്കപ്പെടുന്നത്. ഐ.ടി. വത്കരണത്തിനായി വർഷാവർഷം പൊടിക്കുന്ന കോടികളുടെ പകുതിയുണ്ടെങ്കിൽ സംസ്ഥാനത്തെ സ്കൂളുക

ളിൽ മെച്ചപ്പെട്ട ക്ലാസ്റൂമുകൾ ഒരുക്കാമായിരുന്നു. അങ്ങനെചെയ്തിരുന്നെങ്കിൽ ഷെഹ്‌ലയ്ക്ക് സ്വന്തം ക്ലാസ്റൂമിൽ പാമ്പുകടിയേറ്റ് മരിക്കേണ്ട ദുരവസ്ഥ ഉണ്ടാകില്ലായിരുന്നു.

### 'കൈറ്റ്' ഒരു കുടിയിരുത്തൽ കേന്ദ്രം?

ചെയർമാനാണ് (പൊതുവിദ്യാഭ്യാസ സെക്രട്ടറി) കൈറ്റിന്റെ ഉന്നതഅധികാരി. ചീഫ് എക്സിക്യൂട്ടീവ് ഓഫീസറാണ് പ്രോജക്ടുകൾ എക്സിക്യൂട്ട് ചെയ്യുന്നത്. പദ്ധതികൾ നടപ്പാക്കാൻ ഒരു സ്റ്റേറ്റ് കോഓർഡിനേറ്ററും അതിനുകീഴിൽ ഡിസ്ട്രിക്ട് കോഓർഡിനേറ്റർമാരും ഉണ്ട്. ഒരു ജില്ലയുടെ മുഴുവൻ ചുമതല ഡിസ്ട്രിക്ട് കോഓർഡിനേറ്റർക്കായിരിക്കും. അതിന് കീഴിൽ സബ് ജില്ലകളുടെ ചുമതലക്കാരായി രണ്ടോ മൂന്നോ മാസ്റ്റർ ട്രെയിനർ കോഓർഡിനേറ്റർമാർ ഉണ്ടാകും. അവരുടെ കീഴിൽ വിവിധ സ്കൂളുകളുടെ ചുമതലക്കാരായി മാസ്റ്റർ ട്രെയിനർമാരും ഉണ്ടാകും. ഹയർസെക്കണ്ടറി, ഹൈസ്കൂൾ, യു.പി. തലങ്ങളിലെ അധ്യാപകരെയാണ് ഇവിടെ നിയമിക്കുന്നത്. സർക്കാർ സ്ഥാപനങ്ങളിൽ നിന്നും വളരെക്കുറിച്ച് പേരെ മാത്രമേ ഇവിടെ നിയമിക്കാറുള്ളൂ. അധികവും എയ്ഡഡ് മേഖലയിൽ നിന്നോ അധ്യാപകബാങ്കിൽ നിന്നോ ഉള്ളവരെയാകും നിയമിക്കുക. ഇടതുപക്ഷ അധ്യാപകസംഘടനശുപാർശ ചെയ്യുന്നവർക്കും പാർട്ടി റെക്കമെന്റേഷൻ ഉള്ളവർക്കും മാത്രമാണ് നിയമം. അതുകൊണ്ടുതന്നെ വിവിധ തസ്തികകളിൽ ജോലി നോക്കാൻ പ്രത്യേക മാനദണ്ഡം പോലും വേണ്ട. ഒരു പ്രമുഖ ജില്ലയുടെ അമരത്ത് (ഡിസ്ട്രിക്ട് കോഓർഡിനേറ്റർ) യു.പി. സ്കൂൾ അധ്യാപികയെയാണ് നിയമിച്ചിരിക്കുന്നത്. ഇവരുടെ കീഴിൽ വരുന്ന മാസ്റ്റർ ട്രെയിനർമാരിൽ ചിലർ ഹയർസെക്കണ്ടറി അധ്യാപകരും. അതായത് യു.പി. സ്കൂൾ അധ്യാപികയാണ് ഗസറ്റഡ് റാങ്കിലെ ഹയർസെക്കണ്ടറി അധ്യാപികയെ നിയന്ത്രിക്കുന്നത് എന്ന് സാരം. പാർട്ടിതലത്തിൽ പിടിപാടുണ്ടെങ്കിൽ സ്ഥാനമാനങ്ങൾ നേടിയെടുക്കാനുള്ള ഒരു സുഖലാവണമായി കൈറ്റിനെകാണുന്ന അധ്യാപകർ നിരവധിയാണ്. സാങ്കേതിക പരിജ്ഞാനം ഉണ്ടെങ്കിൽ ഹൈസ്കൂൾ, ഹയർസെക്കണ്ടറി വേർതിരിവ് കാട്ടേണ്ട കാര്യമില്ല. എന്നാൽ ഇവിടെ യാതൊരു മാനദണ്ഡവും നോക്കാതെ ഇഷ്ടക്കാരെ ഡെപ്യൂട്ടേഷനിൽ നിയമിക്കുന്നത് പതിവാണ്. കൈറ്റിൽ ഡെപ്യൂട്ടേഷൻ ലഭിച്ചാൽ അധ്യാപകർക്കും കോളാണ്. ക്ലാസിൽ പോകണ്ട, പഠിപ്പിക്കണ്ട, ശമ്പളം കൃത്യമായി ലഭിക്കും, കൈറ്റിൽ നിന്നുള്ള പ്രത്യേക അലവൻസും കൈപ്പറ്റാം. ഇത് സർക്കാരിന് അധികസാമ്പത്തികബാധ്യതയാണ് വരുത്തിവെയ്ക്കുന്നത്.



### എം.എൽ.എമാരുടെ അഭിമാനപ്രശ്നം

സ്വന്തം മണ്ഡലത്തിലെ സ്കൂളുകൾ ഹൈടെക് ആക്കുന്നത് എം.എൽ.എമാർക്ക് ഒരു ഹരമാണ്. തന്റെ മണ്ഡലത്തിലെ ഇത്ര സ്കൂളുകൾ ഹൈടെക് ആക്കിയെന്നും അത് തന്റെയും സർക്കാരിന്റെയും (ഭരണപക്ഷ എം.എൽ.എ. ആണെങ്കിൽ മാത്രം) നേട്ടമാണ് എന്ന് വരുത്തിതീർക്കാനും അടുത്ത തിരഞ്ഞെടുപ്പിൽ അത് വോട്ടാക്കി മാറ്റാനും എം.എൽ.എമാർക്ക് പ്രത്യേക താത്പര്യമാണ്. തിരുവനന്തപുരം ജില്ലയിലെ ഒരു നിയോജക മണ്ഡലം അടുത്തിടെ സമ്പൂർണ്ണ ഹൈടെക് സ്കൂളുകളുള്ള മണ്ഡലമായി പ്രഖ്യാപിച്ചിരുന്നു. നിരവധി ആദിവാസി കോളനികളും ട്രൈബൽ സ്കൂളുകളും പ്രസ്തുത മണ്ഡലത്തിലുണ്ട്. ഇതിൽ ചില ട്രൈബൽസ്കൂളുകളിലെ മേൽക്കൂര പോലും നിലംപൊത്താറായ അവസ്ഥയിലാണത്രേ.

> സ്വന്തം മണ്ഡലത്തിലെ സ്കൂളുകൾ ഹൈടെക് ആക്കുന്നത് എം. എൽ.എമാർക്ക് ഒരു ഹരമാണ്.

ചിലയിടങ്ങളിൽ വൃത്തിയുള്ള ബോർഡുകൾ പോലും ക്ലാസ് റൂമുകളിൽ ഇല്ല. ഇവിടങ്ങളിൽ എന്ത് ആധുനികവത്കരണമാണ് നടത്തിയത് എന്ന് ചോദിച്ചാൽ ഉത്തരമില്ല. എം.എൽ.എയ്ക്ക് മേനി പറയാനൊരു പ്രഖ്യാപനം എന്നല്ലാതെ വിദ്യാർത്ഥികൾക്ക് കാര്യമായ നേട്ടമൊന്നുമില്ല. മുമ്പ് ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിലായിരുന്നു ചില എം.എൽ.എമാർക്ക് താത്പര്യം (എല്ലാവരുടെയും കാര്യമല്ല. കമ്മീഷനടി വിരുതൻമാരുടെ മാത്രം കാര്യമാണ്). മണ്ഡലത്തിലെ എല്ലാ കവലകളിലും ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിലൂടെ എം.എൽ.എയ്ക്ക് ഡബിൾ നേട്ടമാണ്. ഒന്ന് കമ്മീഷൻ. രണ്ട് എല്ലാ കവലകളിലും എം.എൽ.എയുടെ പേര് വെണ്ടയ്ക്ക അക്ഷരത്തിൽ ആലേഖനം ചെയ്യപ്പെടും. എം.എൽ.എയുടെ പ്രസൻസ് മണ്ഡലത്തിലുടനീളം ഉറപ്പിക്കാനും ഇതിലൂടെ സാധിക്കും. ഇരുട്ടുള്ളിടത്ത് വെളിച്ചം സ്ഥാപിക്കുന്നതിന് പകരം നാട്ടുകാർ കൂടുന്ന തിരക്കേറിയ കവലകൾ തിരഞ്ഞുപിടിച്ച് ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കാൻ താത്പര്യം കാണിച്ചിരുന്ന എം.എൽ.എമാരിൽ ചിലർ ഇപ്പോൾ ഹൈടെക്വത്കരണത്തിന്റെ പിന്നാലെയാണ് എന്നാണ് ലഭ്യമാകുന്ന വിവരം. ●

# കുറ്റവും ശിക്ഷയും

**ഹൈദരാബാദിൽ വെറ്ററിനറി ഡോക്ടറെ ബലാൽസംഗം ചെയ്തശേഷം തീയിട്ടു കൊന്ന പ്രതികളെ പൊലീസ് വെടിവച്ചുകൊന്ന അപൂർവ സംഭവത്തിൽ സമ്മിശ്ര പ്രതികരണം**

**ഹൈദരാബാദ് ലേഖകൻ**

**നി**യമനടപടികൾ കർശനമാക്കുമ്പോഴും ബലാൽസംഗം പോലുള്ള കുറ്റകൃത്യങ്ങൾ ഭീതിദമാംവിധം വർദ്ധിച്ചുവരുന്ന സാഹചര്യമാണ് രാജ്യത്തുടനീളമുള്ളത്. വടക്കേ ഇന്ത്യയോ തെക്കേഇന്ത്യയോ സാക്ഷരകേരളമോ എന്ന വ്യത്യാസമില്ലാതെ പിഞ്ചുകുഞ്ഞുങ്ങൾ പോലും ലൈംഗിക പൈശാചികത്വത്തിനു ഇരകളാകുന്നു. കുറ്റവാസനയുടെ തീവ്രത ബലാത്സംഗത്തിൽ അവസാനിക്കുന്നില്ല. തെളിവുകൾ ഇല്ലാതാക്കി രക്ഷപ്പെടാനായി ഇരകളുടെ ജീവനെടുക്കുക എന്ന കൊടുംക്രൂരതയും ഈയിടെയായി ലൈംഗിക കുറ്റവാളികൾ ചെയ്യുന്നുണ്ട്.

ജീവനെടുക്കുന്നതാവട്ടെ മൃഗീയമായ രീതിയിലാണുതാനും .ബലാത്സംഗത്തിന് ഇരയാക്കി ലൈംഗിക സുഖം നേടിയശേഷം ഇരയെ കഴുത്ത് ഞെരിച്ചോ ജീവനോടെ ചുട്ടോ കൊലപ്പെടുത്തുന്നു .ഉത്തരവാദിത്തപ്പെട്ട ജനപ്രതിനിധികളും ഉയർന്ന ഉദ്യോഗസ്ഥന്മാരും ഒക്കെ ഇത്തരം ക്രൂരകൃത്യങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് വെളിപ്പെടുമ്പോഴാണ് രാജ്യം അരാജകത്വത്തിലേക്ക് നീങ്ങുകയാണോ എന്ന സംശയം ബലപ്പെടുന്നത്.

**ഹൈദരാബാദ് സംഭവം**

ജനമനസ്സാക്ഷിയെ ഞെട്ടിക്കുകയും വ്യാപകമായ പ്രതിഷേധത്തിന് കാരണമാവുകയും ചെയ്ത കൊടുംക്രൂര കൃത്യമാണ് ഷംഷാബാദ് സ്വദേശിനിയായ ഇരുപത്തേഴുകാരി വെറ്ററിനറി ഡോക്ടർ കൂട്ടബലാത്സംഗത്തിനിരയായി കൊലചെയ്യപ്പെട്ട ദാരുണ സംഭവം. നവംബർ 27 വൈകിട്ട് ആറുമണിയോടെ ഡോക്ടർ സ്കൂട്ടറിൽ വീട്ടിൽ നിന്നിറങ്ങിയത് ത്വക്ക് രോഗ വിദഗ്ധനെകാണാനാണ് .വീട്ടിൽ നിന്ന് കഷ്ടിച്ച് മൂന്നു കിലോമീറ്റർ അകലെ ഹൈദരാബാദ്-ബാംഗ്ലൂർ ദേശീയപാതയിലെ തൊണ്ടപ്പള്ളി ടോൾ പ്ലാസയ്ക്ക് സമീപം സ്കൂട്ടർ പാർക്ക് ചെയ്ത് ഡോക്ടർ ദിശ (ആ ഹതഭാഗ്യയെ മാധ്യമങ്ങൾ ഇപ്പോൾ അങ്ങനെയാണ് വിശേഷിപ്പിക്കുന്നത്) ത്വക്ക്രോഗ വിദഗ്ധന്റെ ക്ലിനിക്കിലേക്ക് നടന്നു. അപ്പോൾ സമയം ആറേകാൽ .ഡോക്ടർ ദിശ സ്കൂട്ടർ പാർക്ക് ചെയ്യുന്നതും നടന്നു പോകുന്നതും തൊട്ടടുത്ത് നിർത്തിയിട്ടിരുന്ന ലോറിയിലെ ഡ്രൈവറും സഹായികളും കാണുന്നുണ്ടായിരുന്നു .ഡോക്ടർ ദിശ ക്ലിനിക്കിൽ നിന്ന് മടങ്ങുമ്പോൾ രാത്രി 9 മണി കഴിഞ്ഞിരുന്നു .സ്കൂട്ടർ സ്റ്റാർട്ട് ചെയ്യാൻ നോക്കുമ്പോൾ ഒരു ടയർ പഞ്ചർ. തൊട്ടടുത്തൊന്നും റിപ്പയർ കടകൾ ഇല്ല. അവർ വിഷണ്ണയായി നിൽക്കേ ലോറിയിൽ നിന്ന് ഒരാൾ ഇറങ്ങിവന്നു കാര്യം അന്വേഷിച്ചു .സഹായിക്കാമെന്നേറ്റു. അയാൾ സ്കൂട്ടർ തള്ളി കൊണ്ടുപോയി. കുറച്ചു കഴിഞ്ഞ് അയാൾ സ്കൂട്ടറുമായി തിരിച്ചെത്തി ,ആ കട പൂട്ടിയിരിക്കുകയാണെന്ന് അറിയിച്ചു. ലോറിയിലുണ്ടായിരുന്ന മൂന്നുപേർകൂടി അടുത്തെത്തി .ലോറിയിൽ കൊണ്ടുവിടാം എന്ന് അവർ പറഞ്ഞപ്പോൾ ഡോക്ടർ നിരസിച്ചു .ചുറ്റുപാടും മറ്റാരും ഉണ്ടായിരുന്നില്ല .നാലുപേരും ചേർന്ന് ഡോക്ടറെ ഒഴിഞ്ഞ സ്ഥലത്തേക്ക് വലിച്ചിഴച്ചു കൊണ്ടുപോയി മാറിമാറി ബലാത്സംഗത്തിനിരയാക്കിയശേഷം കഴുത്തുഞെരിച്ചു കൊന്നു .പുലർച്ചെ മൃതദേഹം ലോറിയിൽ കയറ്റി 30 കിലോമീറ്റർ അകലെ ചേതൻപള്ളി അണ്ടർപാസ്സിന് അരികിലുള്ള കുറ്റിക്കാട്ടിലിട്ട് പെട്രോളൊഴിച്ചു കത്തിച്ചു.

സ്കൂട്ടറിന്റെ ടയർ പഞ്ചർ ആയ കാര്യം പറയാൻ

**വെടിയേറ്റു മരിച്ചുകിടക്കുന്ന പ്രതികൾ**



ഡോക്ടർ ദിശ വീട്ടിലേക്ക് വിളിച്ചിരുന്നു .തൊട്ടടുത്ത് നിർത്തിയിട്ട ലോറിയിൽ മൂന്നാലു പേർ ഉണ്ടെന്നും അവരെ കണ്ടിട്ട് പേടിയാവുന്നു എന്നും പറഞ്ഞിരുന്നു .വീട്ടിൽ വൃദ്ധരായ മാതാപിതാക്കളും സഹോദരിയും മാത്രമേ ഉണ്ടായിരുന്നുള്ളൂ. പഞ്ചറൊട്ടിച്ചിട്ട് വേഗം വരാൻ അവർ നിർദേശിച്ചു. ഒമ്പതേ മുക്കാലിന് ദിശയുടെ മൊബൈൽ സ്വിച്ച് ഓഫ് ആയി .രാത്രി വൈകിയിട്ടും ദിശ തിരിച്ചെത്താതായപ്പോൾ വീട്ടുകാർ ഷാദ്നഗർ പോലീസ് സ്റ്റേഷനിൽ പരാതി നൽകി. രാവിലെയാണ് ചേതൻപള്ളിയിലെ കുറ്റിക്കാട്ടിൽ ഡോക്ടർ ദിശയുടെ കത്തിക്കരിഞ്ഞ മൃതദേഹം കണ്ടെത്തിയത്. ഹൈദരാബാദിൽ ആകെ പ്രതിഷേധമിരമ്പി. ഷാദ്നഗർ പോലീസ്റ്റേഷൻ ആളുകൾ വളഞ്ഞു.

## പ്രതികൾ പിടിയിൽ

പോലീസ് അന്വേഷണം ഊർജിതമായി നടന്നു .സിസിടിവി ദൃശ്യങ്ങളുടെയും മറ്റും സഹായത്തോടെ കുറ്റവാളികളെ മൂന്നാം ദിവസം പോലീസ് പിടികൂടി .ലോറി ഡ്രൈവർ മുഹമ്മദ് ആരിഫ് (26) സഹായികളായ ജൊല്ലു നവീൻ (21), ജൊല്ലു ശിവ (20), ചെന്നകേശവുലു (20) എന്നിവരാണ് പിടിയിലായത് .ക്രിമിനൽ പശ്ചാത്തലം ഉള്ളവരാണ് നാലുപേരും .സ്കൂട്ടർ പഞ്ചറാക്കിയതും സഹായാഭ്യർത്ഥനയുമായി ഡോക്ടർ ദിശയെ സമീപിച്ചതും ജൊല്ലുശിവയായിരുന്നു .മഹബൂബ് നഗർ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ ഹാജരാക്കിയ നാല് പ്രതികളേയും ഡിസംബർ രണ്ടിന് കോടതി പത്ത് ദിവസത്തെ പോലീസ് കസ്റ്റഡിയിൽ വിട്ടു .ഡിസംബർ 4, 5 തീയതികളിൽ അന്വേഷണസംഘം നാലു പ്രതികളെയും പ്രത്യേകം പ്രത്യേകം വിശദമായി ചോദ്യം ചെയ്തു .



## പ്രതികൾ കൊല്ലപ്പെടുന്നു

ആറാം തീയതി പുലർച്ചെയാണ് നാടിനെഞെട്ടിച്ച വെടിവെപ്പുണ്ടായത്. അന്വേഷണസംഘത്തിന്റെ വെടിയേറ്റ് നാലു പ്രതികളും മരിച്ചുവീണു .പ്രതികൾക്ക് പൊടുന്നനെവധശിക്ഷ ലഭിച്ചതിൽ സന്തോഷിക്കുന്നവരുണ്ട്. അക്കാര്യത്തിൽ പരിതപിക്കുന്നവരുമുണ്ട് . സംഭവത്തെക്കുറിച്ച് പോലീസ് നൽകിയ വിശദീകരണം ഇതാണ് : "കുറ്റകൃത്യം പുനരാവിഷ്കരിക്കുന്നതിന്റെ ഭാഗമായി നാലു പ്രതികളെയും ഇരയുടെ മൃതദേഹം കത്തിക്കരിഞ്ഞ നിലയിൽ കാണപ്പെട്ട സ്ഥലത്തേക്ക് കൊണ്ടുവന്നതായിരുന്നു. കൈവിലങ്ങോ മുഖംമൂടിയോ അണിയിച്ചിരുന്നില്ല. മൃതദേഹം തീയിട്ടതിനടുത്ത് ഇരയുടെ മൊബൈൽ ഫോണും വാച്ചും മറ്റും വലിച്ചെറിഞ്ഞിട്ടുണ്ടെന്നു ചോദ്യം ചെയ്യലിനിടയിൽ പ്രതികൾ സമ്മതിച്ചിരുന്നു. അവ കണ്ടെടുക്കാൻ കൂടിയാണ് പ്രതികളെ കൊണ്ടുപോയത് .സംഭവസ്ഥലത്ത് എത്തിയപ്പോൾ പ്രതികൾ പലതും മാറ്റി പറയാനും പോലീസിന്റെ അന്വേഷണം വഴിതെറ്റിക്കാനും ശ്രമിച്ചു.

അതിനിടയിൽ മുഹമ്മദ് ആരിഫും ചെന്നകേശവുലുവും പോലീസിന്റെ പിസ്റ്റൾ തട്ടിയെടുത്ത് അക്രമാസക്തരായി . മറ്റു രണ്ടു പ്രതികൾ കല്ലും വടിയും ഉപയോഗിച്ചും പോലീസിനെആക്രമിച്ചു. കീഴടങ്ങാനുള്ള നിർദേശം പ്രതികൾ അനുസരിച്ചില്ല. പോലീസ് ആത്മരക്ഷാർത്ഥം വെടിവെക്കുകയായിരുന്നു .രണ്ട് പൊലീസുകാർക്ക് ഗുരുതരമായി പരിക്കേറ്റിട്ടുണ്ട്."

പോലീസ് പറയുന്നത് കള്ളമാണെന്നും നാടകീയ രംഗങ്ങൾ കൃത്രിമമായി സൃഷ്ടിച്ച പോലീസ് പ്രതികളെ വെടിവച്ചു കൊല്ലുകയായിരുന്നു എന്നുമുള്ള ആരോപണം ശക്തമാണ്. അന്വേഷണസംഘത്തിന് നേതൃത്വം കൊടുത്ത സൈബർബാഗ് പോലീസ് കമ്മീഷണർ വി . സി .സജ്ജനാർ ഏറ്റുമുട്ടൽ വിദഗ്ധനാണ് എന്നത് ഈ ആരോപണം കൂടുതൽ ബലപ്പെടുത്തുന്നുണ്ട് .2008 ലും സമാനമായ ഒരു സംഭവത്തിന് സജ്ജനാർ നേതൃത്വം നൽകിയിരുന്നു .ഈ സംഭവത്തെ കുറിച്ച് സ്വമേധയാ കേസ്സെടുത്ത ദേശീയ മനുഷ്യാവകാശ കമ്മീഷൻ അന്വേഷണത്തിന് ഉത്തരവിട്ടിട്ടുണ്ട്.

നമ്മുടെ ജനാധിപത്യ നിയമങ്ങൾ അനുവദിക്കുന്നില്ലെങ്കിലും ഇത്തരം ഭീകര കുറ്റവാളികൾക്ക് ഈ വിധത്തിലുള്ള കടുത്ത ശിക്ഷ തന്നെ നൽകണമെന്ന അഭിപ്രായത്തിന് പിൻബലം ഏറെയാണ്. എന്നാൽ കാലതാമസംവിനാകേസ് അന്വേഷിച്ച് കുറ്റവാളികളെ തീർച്ചപ്പെടുത്തി ശിക്ഷ വിധിക്കേണ്ടതും നടപ്പാക്കേണ്ടതും നീതിന്യായ സംവിധാനമാണ്. പോലീസ് തന്നെ വധശിക്ഷ നടപ്പിലാക്കാൻ തുടങ്ങിയാൽ നമ്മുടെ രാജ്യത്തെ അത് കൊണ്ടെത്തിക്കുക അരാജകത്വത്തിലായിരിക്കും .പക്ഷെ സ്ത്രീകളും പിഞ്ചുകുഞ്ഞുങ്ങളും നിരന്തരമായി ആക്രമിക്കപ്പെടുന്ന സാഹചര്യത്തിൽ സുരക്ഷാസൗകര്യങ്ങൾ കർശനമാക്കുകയും ജനങ്ങളെ ഭീതിയിൽ നിന്ന് മോചിപ്പിക്കുകയും ചെയ്യേണ്ടതുണ്ട്. ●

# യുവാക്കൾ തെറ്റിനെ വിമർശിക്കാൻ മുന്നോട്ടു വരണം

## സലിൽ അറക്കൽ

### (മത്സ്യത്തൊഴിലാളി കോൺഗ്രസ് ദേശീയ അംഗം)

**റഫീക്ക് വടക്കേകൊട്**



ദേശീയ മൈനോരിറ്റി കോൺഗ്രസ് സംസ്ഥാന കോ-ഓർഡിനേറ്ററും, മൽസ്യ തൊഴിലാളി കോൺഗ്രസ് ദേശീയ എക്സിക്യൂട്ടീവ് അംഗവുമാണ് സലിൽ അറക്കൽ. ടി.എൻ പ്രതാപൻ എം. പി യുമായി വളരെ അടുത്ത ബന്ധമുള്ള തൃശൂർ ജില്ലയിലെ പുന്നയൂർക്കുളം സ്വദേശിയായ സലിൽ അറക്കൽ, രാഹുൽഗാന്ധി പങ്കെടുത്ത തൃശ്ശൂർ തൃപ്രയാറിലെ ഫിഷർമെൻ പാർലമെന്റിൽ മോഡറേറ്റർ ആയി വിവിധ ഭാഷകൾ പരിഭാഷ ചെയ്തു ദേശീയ ശ്രദ്ധയാകർഷിച്ചിരുന്നു. പന്ത്രണ്ടിൽപ്പരം ഇന്ത്യൻ ഭാഷകളിൽ പ്രാവീണ്യമുള്ള മത്സ്യത്തൊഴിലാളി കോൺഗ്രസ് ദേശീയ അംഗമായ സലിൽ അറക്കൽ 'കേരളശബ്ദ'ത്തോട് സംസാരിക്കുന്നു.

മതേതര ഇന്ത്യയുടെ ആത്മാവായ കോൺഗ്രസ് പാർട്ടിക്ക് ഇത് അഗ്നിപരീക്ഷ കാലമാണ്. എല്ലാം തരണം ചെയ്തു രാജ്യത്തെ ജനങ്ങളുടെ ആഗ്രഹത്തിനൊത്ത് പാർട്ടി തിരിച്ചു വരും. തിരഞ്ഞെടുപ്പിൽ പരാജയം സംഭവിച്ചതുകൊണ്ട് കോൺഗ്രസ്സിനെ എഴുതിത്തള്ളിയ കാലം മുൻപും ഉണ്ടായിട്ടുണ്ട്. രാഷ്ട്രീയ അപചയങ്ങൾ എല്ലാ പാർട്ടികൾക്കും ഉണ്ടായിട്ടുണ്ട്. ഒരു കാലത്തു രാജ്യത്തെ മുഖ്യ പ്രതിപക്ഷമായിരുന്ന സിപിഎം ഇന്ന് ലോകസഭയിൽ മൂന്ന് അംഗങ്ങൾ ആയി ചുരുങ്ങി. തമിഴ്നാട്ടിൽ ഡിഎംകെ - കോൺഗ്രസ് സഖ്യത്തിലില്ലായിരുന്നെങ്കിൽ ആലപ്പുഴയിൽ മാത്രമായി ഒതുങ്ങുമായിരുന്നു. സിപിഎം. അത് കൊണ്ട് ഇപ്പോഴത്തെ സാഹചര്യം കൊണ്ട് കോൺഗ്രസ്സിനെവിലയിരുത്തുന്നത് ഒട്ടും ശരിയല്ല. - സലിൽ അറക്കൽ ചൂണ്ടിക്കാട്ടി

*? നോട്ടു നിരോധനം, അഴിമതി, ആൾക്കൂട്ട കൊലപാതകങ്ങൾ, ഭരണഘടനാ സ്ഥാപനങ്ങൾ ഹൈജാക്ക് ചെയ്യൽ തുടങ്ങി നിരവധി അനുകൂല ഘടകങ്ങൾ ഉണ്ടായിട്ടും കോൺഗ്രസിന് എന്തു കൊണ്ട് മുതലെടുക്കാൻ കഴിഞ്ഞില്ല ? ബിജെപിയുടെ നിലപാടുകൾക്ക് രാജ്യം നൽകിയ അംഗീകാരമായിരുന്നില്ലേ ജനവിധി.*

ബിജെപി വീണ്ടും അധികാരത്തിൽ വന്നത് കൊണ്ട് മാത്രം മേൽ വിവരിച്ച തെറ്റുകൾ എല്ലാം ശരിയാകുമോ? നോട്ടു നിരോധനം സമ്പൂർണ്ണ പരാജയമാ ണെന്നു കാലം തെളിയിച്ചു. ഒരു മേഖ ലയ്ക്കും പിടിച്ചു നിൽക്കാൻ കഴിയാത്ത സ്ഥിതി രാജ്യത്തുണ്ടായി. 12 ലക്ഷത്തിൽ പ്പരം ചെറുകിട - ഇടത്തരം കമ്പനികൾ പൂട്ടി. ഇതിന്റെ ഫലമായി ഒരു കോടിയോളം പേർക്ക് പ്രത്യക്ഷമായും പരോക്ഷമായും തൊഴിലും വരുമാനവും നഷ്ടപ്പെട്ടു.

*? മുസ്ലിം സമുദായത്തിനും നേതാക്കൾക്കും അർഹിച്ച അംഗീകാരവും പദവിയും കോൺഗ്രസിൽ ലഭിക്കുന്നില്ല എന്നുള്ള പരാതി പൊതുവെ നിലനിൽക്കുന്നുണ്ടല്ലോ, സോഷ്യൽ മീഡിയയിലും മറ്റും ഇതു സംബന്ധിച്ച് ചർച്ചകൾ സജീവമാണ്...? കെപിസിസി യിൽ വരെ സമുദായത്തിനു പ്രാധാന്യക്കുറവ് ഉണ്ട് എന്ന ആക്ഷേപമുണ്ട്...?*

ഒരു പ്രത്യേക പോയിന്റ് മാത്രം ഫോക്കസ് ചെയ്തു പാർട്ടിയിലെ ഉന്നത പദവികളിലേക്ക് ആളെ വെയ്ക്കാൻ കഴിയില്ല. അതിനു ചില മാനദണ്ഡങ്ങൾ ഉണ്ട്. സീനിയോരിറ്റി, പൊതു സമൂഹത്തിലെ സ്വാധീനം, പ്രവർത്തനപരിചയം അങ്ങനെപലതും. ഇത്തരം പ്രചരണങ്ങൾക്ക് പിന്നിൽ കോൺഗ്രസിനെ സ്നേഹിക്കുന്നവരല്ല എന്ന് വ്യക്തം. കോൺഗ്രസ് മതനിരപേക്ഷതയ്ക്ക് വലിയ പ്രാധാന്യം നൽകുന്ന പ്രസ്ഥാനമാണ്. മുസ്ലീങ്ങൾ അടക്കമുള്ള രാജ്യത്തെ എല്ലാ മത ന്യൂനപക്ഷങ്ങൾക്കും ആശ്രയിക്കാവുന്നതും ഉൾക്കൊള്ളാൻ കഴിയുന്നതും കോൺഗ്രസിനെ മാത്രമാണ്. ഏതെങ്കിലും ഒരു മത സംഘടനയുടെ താല്പര്യമോ നിർദേശമോ അനുസരിച്ചു

പ്രവർത്തിക്കാൻ പാർട്ടിക്ക് കഴിയുമോ. ?

*യുവാക്കൾ കോൺഗ്രസിലെക്ക് വരാൻ മടിക്കുന്നു, പ്രത്യകിച്ചും മുസ്ലിം യുവാക്കൾ. ഇവർ ഡി.വൈ.എഫ്.ഐ, മറ്റു മതസംഘടനകൾ എന്നിവയിലേക്ക് പോകുന്നു.*

ഏതെങ്കിലും ഒരു പ്രത്യക മത അധിഷ്ഠിത സംഘടനകളിൽ യുവാക്കൾ ആകർഷിക്കപ്പെടുന്നതു ഒരു മതേതര രാജ്യത്തിനു ഭൂഷണം അല്ല. അത് നല്ല സൂചനയല്ല നൽകുന്നത്. കോൺഗ്രസ് പോലുള്ള മതനിരപേക്ഷ പ്രസ്ഥാനങ്ങൾ ഈ വിഷയം വളരെ ഗൗരവമായി എടുക്കേണ്ടതുണ്ട്. എന്തായാലും മൈനോരിറ്റി കോൺഗ്രസിന്റെ ഒരു സംസ്ഥാനഡെലിഗേഷന് മേൽ വിവരിച്ച കാര്യങ്ങൾ എല്ലാം മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി, കെപിസിസി പ്രസിഡന്റ് മുല്ലപ്പള്ളി രാമചന്ദ്രൻ, പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല എന്നിവരെ നേരിൽ കണ്ട് നിവേദനമായി നൽകിയിട്ടുണ്ട്.

*? മത്സ്യത്തൊഴിലാളി കോൺഗ്രസിന്റെ ദേശീയ തലത്തിൽ ലുള്ള പ്രവർത്തനങ്ങൾ എന്തൊക്കെയാണ്.*

മത്സ്യത്തൊഴിലാളി കോൺഗ്രസിന് ദേശീയ തലത്തിൽ എ.ഐ.സി.സി രൂപം നൽകിയത് 2017 ലാണ്. അതുവരെ ഓരോ പിസിസികളുടെ കീഴിൽ വലിയ പ്രാധാന്യം ലഭിക്കാത്ത ഒരു വിഭാഗ മായിരുന്നു. സംഘടനയുടെ പ്രഥമ ദേശീയ ചെയർമാനായി ടി. എൻ പ്രതാപൻ ചുമതല ഏറ്റതുമുതൽ രാജ്യത്തെ വിവിധ വിഭാഗങ്ങൾ ആയി ഭിന്നിക്കപ്പെട്ടിരുന്ന ഈ സമൂഹത്തെ ഒരു കുടക്കീഴിൽ കൊണ്ടു വരാനുള്ള കഠിനപ്രയത്നം വലിയ വിജയം കണ്ടു. ഇന്ന് 24 ൽ പരം സംസ്ഥാനങ്ങളിൽ സംഘടനയ്ക്ക് ശക്തമായ പ്രാതിനിധ്യമുണ്ട്. ഭൂരിഭാഗം സംസ്ഥാനങ്ങളിലും ജില്ലാ - ബ്ലോക്ക് കമ്മിറ്റികൾ രൂപീകരിക്കാൻ കഴിഞ്ഞു. ഛത്തീസ്ഗഡ് പോലെയുള്ള സംസ്ഥാനങ്ങളിലെ നക്സൽ ജില്ലകളിൽ പോലും കടന്നു ചെന്ന് പ്രാദേശിക യൂണിറ്റുകൾ രൂപീകരിക്കാനും പ്രവർത്തനസജ്ജമാക്കുവാനും കഴിഞ്ഞിട്ടുണ്ട്. വിവിധ കമ്മിറ്റികളുടെ കീഴിൽ രാജ്യത്ത് ഒരുപാട് അവകാശപ്പോരാട്ടങ്ങൾ നടത്താൻ കഴിഞ്ഞു. രാജ്യത്ത് വളരെയേറെ കഷ്ടതകൾ അനുഭവിക്കുന്ന പിൻതള്ളപ്പെട്ട ഒരു സമൂഹമാണിത്. ചില സംസ്ഥാനങ്ങളിൽ ആദിവാസി - ഗോത്ര വിഭാഗങ്ങൾക്ക് തുല്യമാണ് ജീവിത നിലവാരത്തിൽ പലർക്കും. ഇക്കാലമത്രയും അവരെ ഒരു വേറിട്ട സമൂഹമായാണ് ഭരണകൂടങ്ങൾ കാണുന്നത്.



**രാഹുൽഗാന്ധിയുമൊത്ത് സലിൽ അറക്കൽ**

കോർപ്പറേറ്റുകളും, വൻകിടമുതലാളിമാരും ഇവരുടെ ജീവിതംവെച്ചു കോടിക്കണക്കിന് വിദേശപണം സമ്പാദിക്കുമ്പോൾ, അതിനു കാരണക്കാരായ കടലിനോട് മല്ലടിക്കുന്ന ഈ വിഭാഗം ഒന്നും നേടുന്നില്ല. കേന്ദ്രത്തിൽ കൃഷിക്കും ചെറുകിട വ്യവസായത്തിനുമുള്ളപോലെ ഒരു സ്വതന്ത്ര മന്ത്രാലയം രൂപീകരിച്ചിരുന്നുവെങ്കിൽ ഈ വിഭാഗങ്ങളെ എന്നേ സംരക്ഷിക്കാമായിരുന്നു. ഉൾനാടൻ തൊഴിലാളികളുടെ സ്ഥിതിയും മറിച്ചല്ല. നാലു മാസം കഷ്ടിച്ച് ലഭ്യമാകുന്ന തൊഴിൽ കൊണ്ടു വർഷം മുഴുവൻ കുടുംബം പരിപാലിക്കാൻ വിധിക്കപ്പെട്ട ഹതഭാഗ്യരാണ് . പൊതു പ്രവർത്തനത്തിന്റെ ഭാഗമായി ഇത്തരത്തിൽ സമൂഹത്തിന്റെ ഏറ്റവും പിന്നോക്കാവസ്ഥയിൽ ജീവിക്കുന്നവരുടെ ശബ്ദമാകാനും അവരുടെ അവകാശ പോരാട്ടങ്ങളിൽ ഭാഗമാകാനും കഴിഞ്ഞതിൽ വലിയ അഭിമാനവും സന്തോഷവുമുണ്ട്. മറ്റൊന്ന് ലക്ഷദ്വീപ് ടെറിട്ടറി വാട്ടർ ഏരിയയിൽ അനധികൃതമായും മതിയായ രേഖകൾ ഇല്ലാതെയും മൽസ്യബന്ധനം നടത്തിയ ബോട്ടിൽ ഉണ്ടായിരുന്ന അഞ്ചു മലയാളികളും ഏഴു തമിഴ്നാട്ടുകാരും ഉൾപ്പടെയുള്ള വരുടെ മോചനത്തിൽ ഇടപെടാൻ കഴിഞ്ഞതാണ്. മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി, ടി. എൻ. പ്രതാപൻ എം.പി എന്നിവർ സമയോചിതമായി ഇടപെട്ട് കാര്യങ്ങൾ എളുപ്പമാക്കി.

*? താങ്കളെപ്പോലെയുള്ള ഒരു യുവനിര കോൺഗ്രസ്സ് നേതൃത്വത്തിലെത്തുന്നില്ല .അതെന്തുകൊണ്ടാണ്.*

മാറിയ രാഷ്ട്രീയ സാഹചര്യവുമായി പൊരുത്തപ്പെടാൻ ഇന്നത്തെ തലമുറയ്ക്ക് കഴിയാതെ പോകുന്നുണ്ടോ എന്നത് പ്രസക്തമായ ഒന്നാണ്. സോഷ്യൽ മീഡിയായിലും മറ്റും രാഷ്ട്രീയ രംഗത്തെ മലീമസമായി ചിത്രീകരിക്കപ്പെടുന്നത് യുവ തലമുറയ്ക്ക് തെറ്റിദ്ധാരണകൾ ഉണ്ടാക്കിയിട്ടുണ്ടാവാം. അത് ശരിയല്ല. യുവാക്കൾ രാഷ്ട്രീയ സാക്ഷരത നേടണം, ഇടപെടണം, തെറ്റിനെ വിമർശിക്കാനും നേരിനെപിന്തുണയ്ക്കാനും മുൻപോട്ടു വരണം. അതും ഒരു കടമയായി കരുതണം.

ടി.എൻ. പ്രതാപനുപകരം മറ്റൊരു ഡി. സി. സി പ്രസിഡന്റിനെനിയമിക്കാൻ കെ. പി. സി. സിക്കാവുന്നില്ല. എന്തുകൊണ്ടാണത്? പ്രതാപന് അണികൾക്കി ടയിലുള്ളപോലെ സ്വീകാര്യത മറ്റു ഗ്രൂപ്പ് നേതാക്കൾക്കില്ല എന്ന് കേൾക്കുന്നു അത് ശരിയാണോ എന്ന ചോദ്യത്തിന് സലിൽ പ്രതികരിച്ചില്ല.

**കെ.ജി. പരമേശ്വരൻനായർ**



**സി**.ഐ.ടി.യു സംസ്ഥാനപ്രസിഡന്റ് ആനത്തലവട്ടം ആനന്ദൻ മുഖ്യഭരണകക്ഷിയിലെ സീനിയർ അംഗങ്ങളിലൊരാളാണ്. അങ്ങനെയാണെങ്കിലും അദ്ദേഹം ഗതാഗത വകുപ്പുമന്ത്രി എ.കെ. ശശീന്ദ്രനെക്കുറിച്ചൊരു പരമാർത്ഥം വെട്ടിത്തുറന്നു പറഞ്ഞു. 'മന്ത്രിപദം അലങ്കാരമായി കൊണ്ടുനടന്നാൽപ്പോരാ, ഭരിക്കാനറിയണം' എന്ന്. അദ്ദേഹം ഈ പറഞ്ഞത് ഒരു ഉപദേശമോ

# ആനത്തലവട്ടം ആനന്ദന്റെ രോഷം, ഗതാഗതമന്ത്രിയുടെ ദേശാടനം!

## 'കാട്ടിലെ തടി, തേവരുടെ ആന വലിയടാ വലി' എന്നാകരുത് ഭരണം.



**ഏതാണ്ട് അരനൂറ്റാണ്ടായി തൊഴിലാളി പ്രസ്ഥാനവുമായി ഇഴുകിക്കഴിയുന്ന ട്രേഡ് യൂണിയൻ നേതാവാണ് ആനത്തലവട്ടം ആനന്ദൻ. അഷ്ടിക്കുള്ള വകപോലും കിട്ടാതെ പണിയെടുക്കേണ്ടിവന്ന ട്രാൻസ്പോർട്ട് തൊഴിലാളികളുടെ കഷ്ടപ്പാടാണ് അദ്ദേഹത്തെ രോഷാകുലനാക്കിയത്.**

വിമർശനമോ എന്നതിലുപരി കടുത്തൊരു രോഷപ്രകടനമായിരുന്നു. കേരളാ റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനിലെ പ്രതിസന്ധി പരിഹരിക്കാൻ കഴിയാത്ത മന്ത്രി ശശീന്ദ്രന്റെ കഴിവില്ലായ്മയ്ക്കെതിരേയുള്ള രോഷപ്രകടനം.

ഏതാണ്ട് അരനൂറ്റാണ്ടായി തൊഴിലാളി പ്രസ്ഥാനവുമായി ഇഴുകിക്കഴിയുന്ന ട്രേഡ് യൂണിയൻ നേതാവാണ് ആനത്തലവട്ടം ആനന്ദൻ. അഷ്ടിക്കുള്ള വകപോലും കിട്ടാതെ പണിയെടുക്കേണ്ടിവന്ന ട്രാൻസ്പോർട്ട് തൊഴിലാളികളുടെ കഷ്ടപ്പാടാണ് അദ്ദേഹത്തെ രോഷാകുലനാക്കിയത്. കെ.എസ്.ആർ.ടി.സി തൊഴിലാളികൾ ശമ്പളം കിട്ടാതെ നട്ടം തിരിയുന്നു; ബസ് സർവ്വീസുകൾ ദിനംപ്രതി കുറയ്ക്കുന്നു, തന്മൂലം യാത്രക്കാർ വലയുന്നു. ഇതിനൊക്കെ പരിഹാരമുണ്ടാക്കാൻ ചുമതലപ്പെട്ട മന്ത്രി അതിനുശ്രമിക്കാതെ സർക്കാർ ചെലവിൽ വിദേശപര്യടനത്തിൽ അഭിരമിക്കുന്നു! ഗുരുതരമായ ഒരു തൊഴിലാളി പ്രശ്നം പരിഹരിക്കാൻ ബാദ്ധ്യസ്ഥനായ മന്ത്രിയുടെ ആ പ്രശ്നത്തോടുള്ള അവഗണനഒരു യഥാർത്ഥ ട്രേഡ് യൂണിയൻ നേതാവിന് സഹിക്കാനാവില്ല. അതിന്റെ ബഹിർസ്ഫുരണമായിരുന്നു ആനത്തലവട്ടത്തിന്റെ രോഷപ്രകടനം.

കെ.എസ്.ആർ.ടി.സി എംപ്ലോയീസ് അസോസിയേഷന്റെ നേതൃത്വത്തിൽ കോർപ്പറേഷനിലെ പ്രതിസന്ധി പരിഹരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സെക്രട്ടറിയേറ്റ് പടിക്കൽ ആരംഭിച്ച അനിശ്ചിതകാല രാപകൽ സമരം ഉദ്ഘാടനം ചെയ്യവേ ആനന്ദൻ പറഞ്ഞതുമുഴുവൻ അറിഞ്ഞാലേ അദ്ദേഹത്തിന്റെ രോഷപ്രകടനത്തിന്റെ തീവ്രത ബോദ്ധ്യമാവുകയുള്ളു. 'മന്ത്രിപദം

കൊണ്ടുനടന്നാൽ മാത്രം പോരാ. ഭരണം നടക്കുന്നുണ്ടെന്ന് ജനങ്ങളെയും തൊഴിലാളികളെയും ബോദ്ധ്യപ്പെടുത്തണം. ഭരിക്കാൻ കെ.എസ്.ആർ.ടി.സി മാത്രമല്ലേയുള്ളു. വലിയ ജോലിയൊന്നുമില്ലല്ലോ. സർക്കാരിന് സാമ്പത്തികപ്രതിസന്ധിയുണ്ടെന്നത് ശരിയാണ്. പക്ഷേ, അത് കെ.എസ്.ആർ.ടി.സിക്കുമാത്രം ബാധകമാകുന്നത് എങ്ങനെയാണ്? മറ്റ് സർക്കാർ വകുപ്പുകളിലെ ജീവനക്കാർക്ക് ലാഭനഷ്ടം നോക്കിയാണോ ശമ്പളവും പെൻഷനും നൽകുന്നത്? എത്ര കോടിയാണ് ഓരോ വകുപ്പുകൾക്കായി ചെലവഴിക്കുന്നത്. എല്ലാ വകുപ്പുകൾക്കും ശമ്പളം കൊടുക്കുകയും ട്രാൻസ്പോർട്ട് തൊഴിലാളികൾക്കുമാത്രം നൽകാതിരിക്കുകയും ചെയ്യുന്നത് ന്യായീകരിക്കാനാവില്ല.'

കെ.എസ്.ആർ.ടി.സിയിലെ പ്രതിസന്ധിയുടെ തീവ്രത ആനന്ദന്റെ ഈ വിമർശനത്തിൽനിന്നും വ്യക്തമാണ്.

ചില നാട്ടിൻപുറങ്ങളിൽ പ്രമാണി ഭാവിച്ചുനടക്കുന്നവരുണ്ടാകും. പക്ഷേ, നാട്ടിൽ എന്തെങ്കിലുമൊരു ആവശ്യം വരുമ്പോഴുള്ള അനുഭവം അവർ ചുക്കിനും ചുണ്ണാമ്പിനും കൊള്ളാത്തവരായിരിക്കുമെന്നായിരിക്കും. അത്തരക്കാരുണ്ടായിരിക്കും ചില മന്ത്രിസഭകളിലും. അവരുടെ നടപ്പും ഭാവവും കണ്ടാൽ സംസ്ഥാനഭരണത്തിന്റെ ഭാരം മുച്ചൂടും അവരുടെ ചുമലിലാണോ എന്ന് തോന്നിപ്പോകും. എന്നാൽ പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ കഴിവില്ലായ്മയുടെ ഉത്തരീയം തലയിലിട്ട് ഒഴിഞ്ഞുമാറലോ ഒളിച്ചോട്ടമോ ആയിരിക്കും ഉണ്ടാവുക. പിണറായി മന്ത്രിസഭയിലെ അങ്ങനെയൊരു ഒളിച്ചോട്ടക്കാരനാണ് ശശീന്ദ്രൻ മന്ത്രിയെന്ന തോന്നൽ ഉളവാക്കുന്നതാണ് ആനത്തലവട്ടം ആനന്ദന്റെ വിമർശനം.

**മന്ത്രിപദവി കൊണ്ടുനടന്നാൽ പോരാ, ഭരിക്കാനറിയണം. എന്നുപറഞ്ഞാൽ എന്താണ് മനസ്സിലാക്കേണ്ടത്? ഭരിക്കാൻ അറിയില്ലെന്നോ ഭരിക്കാൻ കഴിവില്ലെന്നോ അല്ലേ? അതല്ലേ വാസ്തവം എന്ന് ചോദിച്ചാൽ അല്ലെന്നു പറയാനാവില്ല.**

മന്ത്രിപദവി കൊണ്ടുനടന്നാൽ പോരാ, ഭരിക്കാനറിയണം. എന്നുപറഞ്ഞാൽ എന്താണ് മനസ്സിലാക്കേണ്ടത്? ഭരിക്കാൻ അറിയില്ലെന്നോ ഭരിക്കാൻ കഴിവില്ലെന്നോ അല്ലേ? അതല്ലേ വാസ്തവം എന്ന് ചോദിച്ചാൽ അല്ലെന്നു പറയാനാവില്ല. കാരണം അത്രമാത്രമാണ് ഭരണകാര്യത്തിൽ ശശീന്ദ്രൻ മന്ത്രിയുടെ പിടിപ്പുകേട്! എന്നാൽ പിന്നെന്തിന് മന്ത്രിയായി കഴിയുന്നുവെന്ന പ്രസക്തമായ ചോദ്യമുണ്ടാകാം. അതിനുള്ള മറുപടി അറിയാൻ കവടി നിരത്തി നോക്കണമെന്നില്ല. വേണ്ടവിധം ഭരിക്കാനാകുന്നില്ലെങ്കിലും മന്ത്രിപദവിയും കൊണ്ട് നടന്നാൽ മന്ത്രിക്കസേര ഒഴിഞ്ഞിറങ്ങിപ്പോയതിനുശേഷം ശിഷ്ടകാലം ആനയ്ക്ക് നെറ്റിപ്പട്ടം കെട്ടുന്നമാതിരി പേരിനു മുന്നിൽ 'മുൻമന്ത്രി' എന്ന വിശേഷണവും ചാർത്തി നടക്കാമല്ലോ. അതുമാത്രമായിരിക്കും മന്ത്രിയായി വാഴുന്നതിന്റെ പിന്നിലെ ഉദ്ദേശ്യം. അപ്പോൾപിന്നെ വകുപ്പ് കാര്യക്ഷമമായി ഭരിക്കാത്തതിനോ പ്രശ്നങ്ങൾ പരിഹരിക്കാത്തതിനോ, അദ്ദേഹത്തെ കുറ്റപ്പെടുത്തേണ്ടതുണ്ടോ?

ആനത്തലവട്ടം ആനന്ദൻ വിമർശനത്തിന്റെ വിരൽ ചൂണ്ടിയിരിക്കുന്ന കെ.എസ്.ആർ.ടി.സിയിലെ പ്രതിസന്ധിയുടെ തുടക്കം



ഇന്നോ ഇന്നലെയോ ഉണ്ടായതല്ല. കോർപ്പറേഷന്റെ എല്ലാക്കാലത്തെയും മാനേജ് മെന്റിന്റെ കെടുകാര്യസ്ഥതയുടെ പരിണിതഫലമാണ് ഇന്നത്തെ പ്രതിസന്ധിയുടെ രൂക്ഷത. പാപ്പരായ അവസ്ഥയിലാണ് കോർപ്പറേഷൻ ഇപ്പോൾ. സ്ഥാപനത്തിന് വരവുചെലവുകളുടെ രണ്ടറ്റവും കൂട്ടിമുട്ടിക്കാനാകുന്നില്ല. ആ അവസ്ഥയിൽ ജീവനക്കാർക്ക് ശമ്പളവും പെൻഷനും നൽകാൻ പലപ്പോഴായി സംസ്ഥാനഖജനാവ് ചോർത്തിയിട്ടുള്ളത് കുറച്ചൊന്നുമല്ല. എന്നാൽ സംസ്ഥാനഖജനാവിന്റെ ഇന്നത്തെ അവസ്ഥ എന്താണ്? കേന്ദ്രസർക്കാരിന്റെ അവഗണനയും സംസ്ഥാന

സർക്കാരിന്റെ സാമ്പത്തിക കെടുകാര്യസ്ഥതയും മൂലം അന്യരെ സഹായിക്കാനാകുന്നില്ലെന്ന് മാത്രമല്ല സർക്കാർജീവനക്കാർക്ക് ശമ്പളവും പെൻഷനും നൽകാൻപോലും പാടുപെടുകയാണ് ധനകാര്യമന്ത്രി.

കോർപ്പറേഷന്റെ ക്രമാനുഗതമായ തകർച്ചയ്ക്ക് കാരണം മാനേജ്മെന്റിന്റെ കെടുകാര്യസ്ഥത മാത്രമല്ല. അക്കാര്യത്തിൽ യൂണിയനുകൾക്കുമുണ്ട് പരോക്ഷമായൊരു പങ്ക്. സ്ഥാപനത്തിന്റെ ഭരണനിർവ്വഹണത്തിനു നേരെയുള്ള യൂണിയനുകളുടെ നിലപാടുകളും അനുചിതമായ ഇടപെടലുകളുമാണ് ആ പങ്കിന് നിദാനം. അതെന്തായാലും പിഴവ് ആരുടെ ഭാഗത്തായാലും കെ. എസ്.ആർ.ടി.സി തകർച്ചയിലേക്ക് കൂപ്പുകുത്തുകയാണെന്നത് ഒരു ദുഃഖസത്യമാണ്. കോടതിവിധി പ്രകാരം എംപാനൽ ജീവനക്കാരെയെല്ലാം പിരിച്ചുവിട്ടു. ആ കുറവ് പരിഹരിക്കാൻ വേണ്ടത്ര നിയമനം നടക്കുന്നില്ല. ഫലമോ വേണ്ടത്ര സ്റ്റാഫില്ല. ബസ്സർവ്വീസ് ഷെഡ്യൂളുകൾ നിത്യേനകുറയ്ക്കുന്നു. നിരവധി ബസ്സുകൾ കട്ടപ്പുറത്താണ്. ഇന്ധനം വാങ്ങാനും ശമ്പളം നൽകാനും പണം മതിയാകുന്നില്ല. സ്വകാര്യ ബസുകൾ വാടകയ്ക്കെടുത്ത് സർവ്വീസ് നടത്താനും നീക്കമുണ്ടത്രേ! ഈ പോക്ക് തുടർന്നാൽ പൊതുമേഖലാസ്ഥാപനമായ കെ. എസ്.ആർ.ടി.സി സമീപഭാവിയിൽതന്നെ സ്വകാര്യവൽക്കരണത്തിന്റെ മുഷ്ടിയിലായെന്നുവരും. അതിന് തടയിടാൻ ആനത്തലവട്ടം ആനന്ദന്റെ രോഷപ്രകടനത്തിനോ ശശീന്ദ്രൻ മന്ത്രിയുടെ ദേശാടനത്തിനോ കഴിയുകയില്ല. കോർപ്പറേഷനെതകർച്ചയുടെ നിലയില്ലാ കയത്തിൽനിന്ന് കരകയറ്റി ഇല്ലായ്മയും വല്ലായ്മയും കൂടാതെ പ്രവർത്തനക്ഷമമാക്കാൻ ചെയ്യേണ്ടത് ചെയ്യാൻ മുഖ്യമന്ത്രി പിണറായി വിജയൻ തന്നെ മനസ്സ് വെയ്ക്കണം.

യാദൃച്ഛികമായി ഭവിച്ചതാണെങ്കിലും ശ്രദ്ധേയമായ കാര്യമാണ് ഹൈക്കോടതിയുടെയും ആനത്തലവട്ടം ആനന്ദന്റെയും വിമർശനങ്ങൾ. ഒരു വ്യത്യാസം മാത്രം. ആനന്ദൻ ആഞ്ഞടിച്ചത് ഗതാഗത വകുപ്പുമന്ത്രി നടത്തുന്ന കെ.എസ്.ആർ.ടി.സി ഭരണത്തിലെ കാര്യക്ഷമതയില്ലായ്മയ്ക്ക് നേർക്കായിരുന്നെങ്കിൽ ഹൈക്കോടതിയുടെ വിമർശനം മന്ത്രിസഭയുടെ അല്ലെങ്കിൽ ഗവൺമെന്റിന്റെ പ്രവർത്തനത്തിലെ കാര്യക്ഷമതയില്ലായ്മയെപ്പറ്റിയായിരുന്നു എന്ന വ്യത്യാസം. എന്തായിരുന്നു ഹൈക്കോടതി സിംഗിൾ ബഞ്ചിന്റെ (ജസ്റ്റീസ് ദേവൻ രാമചന്ദ്രൻ) വിമർശനങ്ങൾ? മന്ത്രിമാർക്ക് താൽപ്പര്യം വിദേശയാത്രയാണ്, സംസ്ഥാനസർക്കാരിന്റെ പ്രവർത്തനം കാര്യക്ഷമമല്ല. സർക്കാർ കോടതിയുടെ വിശ്വാസം നഷ്ടപ്പെടുത്തുന്ന നടപടികളാണ് സ്വീകരിക്കുന്നത്. കോടതിയുടെ ഉത്തരവുകൾ സർക്കാർ നടപ്പാക്കുന്നില്ല. ഐ.എ.എസ് ഉദ്യോഗസ്ഥർ എ.സി. മുറികളിലിരുന്ന് സാധാരണക്കാരുടെ പ്രശ്നങ്ങൾ മനസ്സിലാക്കാതെയാണ് ഉത്തരവിറക്കുന്നത്. സർക്കാർ ബ്യൂറോക്രാറ്റുകളുടെ തടവിലാണെങ്കിൽ പിന്നെ ഒന്നും പറയാനില്ല. ഈ സർക്കാരിൽനിന്ന് കൂടുതലൊന്നും പ്രതീക്ഷിക്കുന്നില്ല. ഇതായിരുന്നു ഹൈക്കോടതിയുടെ രൂക്ഷമായ വിമർശനം.

ഒരു സുപ്രഭാതത്തിൽ വെറുതെ ഉണ്ടായൊരു ഉൾവിളിയല്ല, ന്യായാസനത്തിന്റെ ഈ വിമർശനം. നാളികേര വികസനകോർപ്പറേഷനിലെ മുൻ ജീവനക്കാരുടെ ശമ്പളവും ആനുകൂല്യങ്ങളും ഉൾപ്പെടെയുള്ള കുടിശ്ശിക മൂന്നുമാസത്തിനുള്ളിൽ നൽകാൻ 2018 ഒക്ടോബർ 17 ന് ഹൈക്കോടതി ഉത്തരവിട്ടിരുന്നു. ഒരു വർഷം കഴിഞ്ഞിട്ടും ആ ഉത്തരവ് കോർപ്പറേഷൻ നടപ്പാക്കിയില്ല. അതായിരുന്നു ഹൈക്കോടതിയെ ഈ വിമർശനത്തിന് പ്രകോപിച്ചത്. എന്തായാലും ഹൈക്കോടതിയുടെ ഈ വിമർശനങ്ങൾ ഒരു സർക്കാരിനും, പ്രത്യേകിച്ച് എല്ലാം ശരിയാക്കാം എന്ന വാഗ്ദാനവുമായി അധികാരത്തിലേറിയ സർക്കാരിന് തെല്ലും ഭൂഷണമല്ല. ആനയ്ക്ക് മുതുകിലൊരു ആല് കിളിർത്താൽ അതൊരു തണലാകുന്നതുപോലെ കോടതിയുടെ ഈ വിമർശനങ്ങളെ കരുതരുത് എൽ.ഡി.എഫ്. സർക്കാർ.

**ആനയ്ക്ക് മുതുകിലൊരു ആല് കിളിർത്താൽ അതൊരു തണലാകുന്നതു പോലെ ഹൈക്കോടതിയുടെ ഈ വിമർശനങ്ങളെ കരുതരുത് എൽ.ഡി.എഫ്. സർക്കാർ.**

സംസ്ഥാനസർക്കാർ ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയിൽപ്പെട്ട് ഉഴലുമ്പോഴായിരുന്നല്ലോ മുഖ്യമന്ത്രിയും മന്ത്രിമാരായ ഇ.പി. ജയരാജനും എ.കെ. ശശീന്ദ്രനും പരിവാരസമേതം ജപ്പാൻ, കൊറിയ പര്യടനത്തിന് മുതിർന്നത്. മന്ത്രിമാരുടെ വിദേശപര്യടനം വിമർശനവിധേയമാക്കാൻ കാരണം അതുതന്നെയാണ്. 80 ലക്ഷത്തോളം രൂപ ഈ പര്യടനത്തിനായി ചെലവായിട്ടുണ്ടെന്നാണ് വാർത്ത. ആ തുകയുടെ പകുതിയെങ്കിലും കെ.എസ്.ആർ.ടി.സിക്ക് വായ്പയായിട്ടെങ്കിലും നൽകിയിരുന്നെങ്കിൽ ജീവനക്കാരുടെ ശമ്പളത്തിന്റെയും പെൻഷന്റെയും കാര്യത്തിൽ തൽക്കാലം പിടിച്ചുനിൽക്കാൻ കഴിയുമായിരുന്നേനെ. ജപ്പാൻ, കൊറിയ പര്യടനം കഴിഞ്ഞതോടെ ഇക്കഴിഞ്ഞ നാല് വർഷത്തിനിടയിൽ മുഖ്യമന്ത്രിയുടെ വിദേശയാത്ര പതിമൂന്നെണ്ണമായി. ഉമ്മൻചാണ്ടി മുഖ്യമന്ത്രിയായിരിക്കെ അഞ്ചുവർഷത്തിനിടയിൽ നടത്തിയ വിദേശയാത്ര ആറെണ്ണം മാത്രം. വി.എസ്. അച്യുതാനന്ദന് വിദേശപര്യടനകമ്പമില്ലാതിരുന്നതിനാൽ അദ്ദേഹം മുഖ്യമന്ത്രിയായിരിക്കെ കേരളത്തിൽ അടങ്ങിയൊതുങ്ങിയിരുന്നുതന്നെ ഭരിച്ചു. മുഖ്യമന്ത്രിമാരോ, മന്ത്രിമാരോ വിദേശപര്യടനം നടത്തുന്നത് പാടില്ലാത്തതല്ല. ആ പര്യടനങ്ങൾക്ക് മഹത്തായ ഉദ്ദേശ്യലക്ഷ്യങ്ങൾ അവകാശപ്പെടാനുണ്ടാകാം. പക്ഷേ, ആ യാത്ര ശുഷ്കമായ സംസ്ഥാനഖജനാവ് ചോർത്തിക്കൊണ്ടായിരിക്കരുതെന്ന് മാത്രം. 'കാട്ടിലെ തടി, തേവരുടെ ആനവലിയടാവലി' എന്നാകരുത് ഭരണം.

(9847438061)

●

# സ്വകാര്യ മൊബൈൽ ചാർജ്ജ് വർദ്ധനവ്

## സാധാരണ ഉപഭോക്താക്കൾ കൊള്ളയടിക്കപ്പെടുന്നതെങ്ങനെ?

**ഡോ. എം. ശാർങ്ഗധരൻ**



**മൊ**ബൈൽ ഫോൺ ഉപയോഗത്തിന് നിലവിലുള്ള നിരക്കുകളിൽ 40–50 ശതമാനം വർദ്ധനവാണ് മൂന്ന് ഭീമൻ കമ്പനികൾ വരുത്തിയിരിക്കുന്നത്. ഒരു വർഷത്തിനുശേഷം നിരക്കുകൾ ഇരട്ടിയാക്കേണ്ടി വരും എന്ന് മുന്നറിയിപ്പും ഇതിൽ ഒരു കമ്പനിയുടെ വക്താവ് നടത്തിയിരിക്കുന്നു. കോടിക്കണക്കിന് രൂപയുടെ സഞ്ചിതനഷ്ടം മൊബൈൽ കമ്പനികൾക്കുണ്ടായി എന്നും, ഇത് നികത്തുന്നതിനുള്ള ഏകമാർഗ്ഗം നിരക്ക് വർദ്ധനമാത്രമാണ് എന്നും കമ്പനികൾ ഒരേ സ്വരത്തിൽ സമർത്ഥിക്കുന്നു.

ഭാരതി എയർടെൽ, വോഡാഫോൺ- ഐഡിയ, റിലയൻസ് ജിയോ എന്നിവയാണ് നിരക്കുവർദ്ധനനടപ്പിലാക്കി കഴിഞ്ഞ മൂന്ന് കമ്പനികൾ. ഈ മൂന്നിനുമായി 90 ശതമാനം മാർക്കറ്റ് ഷെയറുണ്ട്. അതായത് 120 കോടിയോളം വരുന്ന ഇന്ത്യയിലെ മൊബൈൽ ഫോൺ ഉപഭോക്താക്കളിൽ 108 കോടിയോളം പേർ ഈ മൂന്ന് കമ്പനികളിൽ നിന്നുള്ള കണക്ഷനുകളാണ് എടുത്തിട്ടുള്ളത്. പൊതുമേഖലാ സ്ഥാപനമായ ബി.എസ്.എൻ.എല്ലിനെമൂലയ്ക്കിരുത്തി ചുരുങ്ങിയ നാളിനുള്ളിൽ ഇവർക്ക് ഇത്രയും വലിയ നേട്ടമുണ്ടാക്കി. ഏറെ ഗൗരവത്തോടെ ഉപഭോക്താക്കൾ ചിന്തിക്കേണ്ട വിഷയമാണിത്.




2016 ൽ നാമമാത്രമായ വില ഈടാക്കി മൊബൈൽ സേവനദാതാക്കളായി റിലയൻസ് ജിയോ വിപണിയിലേക്ക് കടന്നുവരുമ്പോൾ മൊത്തം 10 സേവനദാതാക്കൾ ഉണ്ടായിരുന്നത് അമിത നിരക്ക് വർദ്ധനവ് നടപ്പിലാക്കിയപ്പോൾ നാല് സേവനദാതാക്കൾ എന്ന നിലയിലേക്ക് വന്നിരിക്കുന്നു. 1990 കൾ അവസാനിക്കാറായപ്പോഴാണ് അന്നുവരെ പൊതുമേഖലയുടെ മാത്രം കുത്തകയായിരുന്ന ടെലികോം വ്യവസായത്തിൽ സ്വകാര്യവൽക്കരണം നടപ്പിലാക്കിയത്. 1991 ൽ തുടങ്ങിവച്ച പുത്തൻ സാമ്പത്തികനയങ്ങൾ പരിപാടികളുടെ ഭാഗമായാണ് ടെലികോം മേഖലയിലും സ്വകാര്യവൽക്കരണാനുമതി ലഭിച്ചത്. ഇതനുസരിച്ച് പല സ്ഥാപനങ്ങൾക്കും മൊബൈൽ ഫോൺ സേവനദാതാക്കളായി മാറാനായി. പല ഘട്ടങ്ങളിലും ഈ രംഗത്തെ ചെറുകിട കമ്പനികൾ മറ്റ് കമ്പനികളുമായി ലയനം നടത്തി. വിവിധ ഘട്ടങ്ങളിൽ നടന്ന ലയനങ്ങൾക്ക് ശേഷമാണ് 2016 ൽ 10 സേവനദാതാക്കൾ എന്ന നിലയിലായത്. ജിയോ എത്തിയതോടെ വീണ്ടും ലയനം നടന്നാണ് ഇപ്പോൾ നിലവിലുള്ള നാല് സേവനദാതാക്കൾ എന്ന അവസ്ഥ സംജാതമായത്. 1990 കളിൽ പുത്തൻ സാമ്പത്തിക നയം നടപ്പിലാക്കിയതിന്റെ ഭാഗമായി ടെലികോം മേഖലയിൽ അനുവദിച്ച സ്വകാര്യവൽക്കരണവും തുടർന്ന് ഈ മേഖലയിൽ വിദേശനിക്ഷേപം ആകാമെന്ന സർക്കാരിന്റെ തീരുമാനവുമാണ് ഇന്ന് മൊബൈൽ ഫോൺ സേവനരംഗത്ത് സ്വകാര്യമേഖലാ സ്ഥാപനങ്ങളുടെ കുത്തക ഉണ്ടാക്കാൻ വഴി തെളിച്ചത്. ഇത് മനസ്സിലാക്കുമ്പോഴാണ് സാധാരണ മൊബൈൽ ഫോൺ വരിക്കാരുടെ ദുരവസ്ഥ അറിയാനാവുക.

ഇന്ത്യൻ ടെലികോം വ്യവസായം ആഗോളതലത്തിൽ മുൻനിരയിൽ എത്തിയിരിക്കുകയാണ്. പ്രാരംഭഘട്ടത്തിൽ കേന്ദ്ര സർക്കാർ ടെലി കമ്മ്യൂണിക്കേഷൻ വകുപ്പിന്റെ(DOT) കുത്തകയായിരുന്നു. ടെലികോം മേഖല 1994 ൽ നാഷണൽ ടെലികോം പോളിസി നടപ്പിലായതോടെയാണ് സ്വകാര്യവൽക്കരണത്തിന്റെ പാത തെളിക്കാൻ തുടങ്ങിയത്. അതിനുമുമ്പുതന്നെ മുംബയ്, ദൽഹി എന്നീ മഹാനഗരങ്ങൾക്ക് മാത്രമായി സേവനദാതാക്കളായി സർക്കാർ സംരംഭമായ മഹാനഗർ ടെലിഫോൺ നിഗാം ലിമിറ്റഡ്(MTNC)1985 ൽ സ്ഥാപിതമായി. ഇതൊക്കെ നടന്നുവെങ്കിലും സാധാരണക്കാർക്ക് അപ്രാപ്യമായ ഒരു മേഖലയായി ടെലികോം മേഖല നിലനിന്നു. സാങ്കേതിക പുരോഗതിയും ഈ മേഖലയിൽ നമ്മുടെ നാട്ടിൽ മന്ദഗതിയിലായിരുന്നു. 1958 ഡിസംബർ 5 ന് എലിസബത്ത് രാജ്ഞി ബ്രിസ്റ്റോളിൽ നിന്നു വന്ന ഒരു ടെലിഫോൺ കോളിൽ സംസാരിച്ചപ്പോൾ വിശ്വവ്യാപകമായി അത് ടെലിഫോൺ ഓപ്പറേറ്ററുടെ സഹായമില്ലാതെ നടത്തിയ നേരിട്ടുള്ള കോൾ ആയി മാറി. എസ്.ടി.ഡി എന്ന

ഈ സമ്പ്രദായം പിന്നീട് എത്രയോ വർഷം കഴിഞ്ഞാണ് ഇന്ത്യയിൽ എത്തിയത്. ടെലികോം മേഖലയുടെ ശക്തമായ പ്രവർത്തനത്തിനായി 2000 ത്തിൽ ബി.എസ്.എൻ.എൽ രൂപീകരിച്ചാണ് പൊതുമേഖലാരംഗത്തെ സേവനദാതാക്കളായത്.

കഴിഞ്ഞ മൂന്ന് ദശാബ്ദത്തിനുള്ളിൽ ടെലികോം മേഖലയിൽ നമ്മുടെ രാജ്യം കണ്ട പുരോഗതി അത്ഭുതം ജനിപ്പിക്കുന്നതാണ്. ഇതിന്റെ പ്രതിഫലനം ടെലിഫോൺ, ഇന്റർനെറ്റ്, ടെലിവിഷൻ, റേഡിയോ, സാറ്റലൈറ്റ് ഉപഭോഗത്തിൽ നേരിട്ട് ദർശിക്കാനാവും. 1998-2004 കാലയളവിൽ രണ്ട് സ്പെക്ട്രം ലേലവും, 1999 ൽ പുത്തൻ ടെലികോം നയവും പ്രായോഗികതലത്തിൽ എത്തിയതോടെയാണ് സ്വകാര്യമേഖല ടെലികോം മേഖലയിൽ സജീവമായത്. കഴിഞ്ഞ ഒരു ദശാബ്ദത്തിനുള്ളിൽ മൊബൈൽ ഫോൺ വരിക്കാരുടെ എണ്ണം ഇൻഡ്യയിൽ 20 ഇരട്ടി വർദ്ധിച്ചുവെന്നത് മാത്രം മതി സാധാരണയായി ജനങ്ങൾക്ക് നിത്യജീവിതത്തിൽ ഈ ഉപകരണം ചെലുത്തുന്ന സ്വാധീനം എത്രയെന്നറിയാൻ.

2014 ൽ റിലയൻസ് ജിയോ എത്തിയതോടെയാണ് മൊബൈൽ ഫോൺ സേവനം ജനകീയമായത്. തുടക്കത്തിൽ നാമമാത്രമായ വില ഈടാക്കിയും, തുടർന്ന് താരതമ്യേനകുറഞ്ഞ നിരക്ക് ഈടാക്കിയും ഇവർ ടെലികോം മേഖലയിൽ ശക്തമായ സാന്നിദ്ധ്യം അറിയിച്ചു. ചുരുങ്ങിയ കാലയളവിനുള്ളിൽ 28 കോടി വരിക്കാരെ സ്വന്തമാക്കിയ ജിയോ ഇന്ന് ലോകത്തിന്റെ ഏറ്റവും വലിയ സേവനദാതാക്കളിൽ മൂന്നാം സ്ഥാനക്കാരായിരിക്കുന്നു.

ഏത് വിധേനെയും പൊതുമേഖലയെ തകർത്ത് കുത്തക നേടുന്നതിനുള്ള സ്വകാര്യമേഖലയുടെ ശ്രമം 2014 ൽ തന്നെ ആരംഭിച്ചിരുന്നു. 'വിലയുദ്ധം'(Price war) എന്ന വിപണനതന്ത്രമാണ് ഇതിനായി ഇവർ ആശ്രയിച്ചത്. ഏറ്റവും താഴ്ന്ന വിലയ്ക്ക് സേവനം നൽകി പരമാവധി വരിക്കാരെ സ്വന്തമാക്കുക എന്നതാണ് ഈ തന്ത്രത്തിലൂടെ ലക്ഷ്യം വച്ചത്. ഒപ്പം, നെറ്റ്‌വർക്ക്, ഗുണമേന്മ, നൂതനസാങ്കേതിക വിദ്യ എന്നിവ ഉറപ്പുവരുത്തുക എന്നതും ഈ തന്ത്രത്തിന്റെ ഭാഗമാക്കി മാറ്റി. ജിയോ എത്തിയതോടെ വിലയുദ്ധം അതിന്റെ പാരമ്യത്തിൽ എത്തി. വരിക്കാരെ സ്വന്തമാക്കി അവരെ അതിൽ അത്യാസക്തി ഉള്ളവരാക്കി ആ ബ്രാണ്ടിനോട് കൂറുപുലർത്തുന്നവരാക്കി മാറ്റുക എന്ന ഗൂഢതന്ത്രം കൂടിയാണിത് എന്ന് സാധാരണക്കാരായ വരിക്കാർ മനസ്സിലാക്കിയില്ല. ഇതിലൂടെ ക്രമേണയുള്ള വിലവർദ്ധനവ് അവർ സാരമാക്കില്ല എന്നതാണ് വിലയുദ്ധത്തിൽ മറഞ്ഞിരിക്കുന്നത്. ഈ തന്ത്രം നന്നായി വിജയിച്ചുവെന്നാണ്

**2016 ൽ നാമമാത്രമായ വില ഈടാക്കി മൊബൈൽ സേവനദാതാക്കളായി റിലയൻസ് ജിയോ വിപണിയിലേക്ക് കടന്നുവരുമ്പോൾ മൊത്തം 10 സേവനദാതാക്കൾ ഉണ്ടായിരുന്നത് അമിത നിരക്ക് വർദ്ധനവ് നടപ്പിലാക്കിയപ്പോൾ നാല് സേവനദാതാക്കൾ എന്ന നിലയിലേക്ക് വന്നിരിക്കുന്നു.**




പുതിയ സംഭവവികാസങ്ങൾ തെളിയിക്കുന്നത്.

ഇതിനകം തന്നെ തങ്ങൾ ഒരുക്കിയിരിക്കുന്ന അടിസ്ഥാനസൗകര്യങ്ങളും സാങ്കേതിക മികവും ഇപ്പോഴുള്ള വരിക്കാരുടെ അഞ്ചിരട്ടിയായി ഉയർന്നാലും സേവനം പ്രദാനം ചെയ്യാൻ പര്യാപ്തമാണ് എന്നാണ് ജിയോ അവകാശപ്പെടുന്നത്. അതായത് അവർ ഒരുക്കിയിരിക്കുന്ന അടിസ്ഥാനസൗകര്യത്തിൽ ഒന്നുമാത്രമാണ് ഉപയോഗിക്കപ്പെടുന്നത്. അങ്ങനെയെങ്കിൽ കൂടുതൽ വരിക്കാർ എത്തുമ്പോൾ വിലനിരക്കുകൾ കുറയ്ക്കുകയല്ലേ വേണ്ടത്? അതിന് അവർ നൽകുന്ന മറുപടി വിചിത്രമാണ്. മറ്റുള്ള സേവനദാതാക്കളുടെ സമ്മർദ്ദത്തിന് അവർക്ക് വഴങ്ങേണ്ടി വരുന്നു. അതുകൊണ്ടാണ് നിരക്കുകൾ ഉയർത്തുന്നത്. ഇതിനർത്ഥം, സ്വകാര്യമേഖലയ്ക്ക് 90 ശതമാനം മാർക്കറ്റ് ഷെയർ കിട്ടിയതോടെ അവരുടെ ഒരു സിൻഡിക്കേറ്റ് രൂപീകരിക്കപ്പെട്ടിരിക്കുന്നു. ഈ 'അവിശുദ്ധ' കൂട്ടുകെട്ട് ഉപഭോക്താക്കളെ പിഴിയാൻ തീരുമാനിച്ചിരിക്കുന്നുവെന്നുകൂടി ഓർക്കുക.

ഈ സന്ദർഭത്തിൽ അതീവഗൗരവമായി സമൂഹ

വും, സർക്കാരും കണക്കിലെടുക്കേണ്ട ചില കാര്യങ്ങ
ളുണ്ട്. ഇന്ന്, സമൂഹത്തിലെ ഇടത്തട്ടിലും, താഴെത്തട്ടി
ലുമുള്ള വിദ്യാർത്ഥികൾ, ഗവേഷകർ, തൊഴിലാളികൾ,
അന്യദേശത്തുനിന്ന് എത്തിയിട്ടുള്ളവർ, ചെറുകിട
സംരംഭകർ തുടങ്ങി എല്ലാ വിഭാഗക്കാർക്കും
മൊബൈൽ ഫോണിലൂടെ ലഭ്യമാകുന്ന സൗകര്യ
ങ്ങൾ അനിവാര്യമായി മാറിയിട്ടുണ്ട്. ലോകത്തെവിടെ
യുള്ള നൂതനവിജ്ഞാനം നൊടിയിടയിൽ ലഭ്യമാകു
ന്നുവെന്നതാണ് വിദ്യാർത്ഥികൾക്കും ഗവേഷകർക്കും
മൊബൈൽ ഫോൺ സേവനം ഒഴിവാക്കാനാകാത്തത്.
നോട്ട് പിൻവലിക്കലിലൂടെ ലക്ഷ്യമിട്ട 'കറൻസി
രഹിത' ധനകൈമാറ്റം ഓൺലൈനിൽ സർവ്വസാധാര
ണമായി മാറുന്ന അവസ്ഥയിൽ മൊബൈൽ ഫോൺ
സൗകര്യം ഒഴിവാക്കുന്നത് ചിന്തിക്കാനാവില്ല. തൊഴി
ലാളികൾക്കും മറ്റ് വിഭാഗങ്ങൾക്കും ആശയവിനിമയം
സാധ്യമാകുന്നത് സർവ്വവ്യാപിയായ മൊബൈൽ
ഫോൺ സൗകര്യമുള്ളതുകൊണ്ടാണ്. ഈ സാങ്കേതി




താമസംവിനാ ബി.എസ്.എൻ.എല്ലും വില നിരക്കുകൾ ഉയർത്തുമെന്ന് പറഞ്ഞുകേൾക്കുന്നു. ഇത് ശരിയെങ്കിൽ, സ്വകാര്യമേഖല കൂടുതൽ കരുത്ത് ആർജ്ജിക്കുകയേയുള്ളൂ.

കവിദ്യയ്ക്ക് അടിമയായി മാറിയതുകൊണ്ട്, സമൂഹ
ത്തിന് വില വർദ്ധനയിൽ പ്രതിഷേധിക്കാനോ, ലഭ്യ
മായ സൗകര്യങ്ങൾ വേണ്ടെന്നുവയ്ക്കാനോ കഴി
യുന്നില്ല. 5 ജി സൗകര്യം വരുന്നതോടെ കാര്യങ്ങൾ
കൂടുതൽ എളുപ്പമാകുമല്ലോ എന്ന ചിന്തയിലാണവർ.

പൊതുമേഖലാ സ്ഥാപനമായ ബി.എസ്.എൻ.എ
ല്ലിനെഈ അവസരത്തിൽ സമൂഹം തള്ളിപ്പറയുന്ന
തിൽ അതിശയിക്കേണ്ടതില്ല. അവസരത്തിനൊത്ത്
ഉയരാൻ അവർക്കാകാത്തതാണ് വരിക്കാരെ നഷ്ടപ്പെ
ടാൻ വഴിയൊരുക്കിയത്. 'തടിയുടെ വളവും, പണിക്കാ
രന്റെ കുറ്റവും'ഒരേ അളവിൽ ഈ പൊതുമേഖലാ
സംരംഭത്തിന് ബാധിച്ചിരിക്കുന്നു. നൂതനസാങ്കേതിക
വിദ്യയ്ക്കൊത്തുയരാനും അടിസ്ഥാനസൗകര്യങ്ങൾ
ഒരുക്കാനും ഈ സ്ഥാപനത്തിനായില്ല. ഒപ്പം, ജീവ
നക്കാരുടെ സേവനദാതാക്കൾ എന്ന നിലയിലുള്ള
ജനസമൂഹത്തിന്റെ വിപ്രതിപത്തി വിളിച്ചുവരുത്തി.
ഇത് ബി.എസ്.എൻ.എല്ലിനെതളർത്തുന്നതിൽ ഗണ്യ
മായ പങ്ക് വഹിച്ചിട്ടുണ്ട്. ഇതേസമയം 52 വയസ്സ് കഴി
ഞ്ഞവരെ വരെ വോളന്ററി റിട്ടയർമെന്റിലൂടെ ആനുകൂ
ല്യങ്ങൾ നൽകി വിടുതൽ നൽകാമെന്ന തീരുമാനം
ബി.എസ്.എൻ.എല്ലിനു പുത്തൻ ഉണർവ്വ് ഉണ്ടാക്കും
എന്നതിൽ സംശയമില്ല. ഒപ്പം, ബി.എസ്.എൻ.എല്ലും,
എം.ടി.എൻ.എല്ലും ലയിപ്പിച്ച് ഒറ്റസംരംഭമാക്കാമെന്ന
നിർദ്ദേശവും സ്വാഗതാർഹമാണ്.

താമസംവിനാ ബി.എസ്.എൻ.എല്ലും വില നിരക്കു
കൾ ഉയർത്തുമെന്ന് പറഞ്ഞുകേൾക്കുന്നു. ഇത് ശരിയെ
ങ്കിൽ, സ്വകാര്യമേഖല കൂടുതൽ കരുത്ത് ആർജ്ജിക്കുക
യേയുള്ളൂ. പകരം, ഇപ്പോഴത്തെ നിരക്കുകൾ നില
നിർത്തി, കാര്യക്ഷമമായ സേവനവും നൂതനസാങ്കേ
തിക വിദ്യയുടെ പ്രയോജനവും ലഭ്യമാക്കാനാണ് ബി.
എസ്.എൻ.എൽ ലക്ഷ്യമിടുന്നതെങ്കിൽ സ്വകാര്യകുത്ത
കകളുടെ വിലവർദ്ധനഎന്ന തന്ത്രം പാടെ പൊളിക്കാ
നാവും. ഇതിനായി സാങ്കേതികവിദ്യകൾ, ചലനാത്മക
മായ മത്സരസ്വഭാവങ്ങൾ, വിപണി യാഥാർത്ഥ്യങ്ങൾ
എന്നിവയിലെ വ്യത്യസ്തതകൾ യഥാവിധി തിരിച്ച
റിഞ്ഞ് കുറഞ്ഞ വില നിരക്കുകളിൽ കൂടുതൽ വരി
ക്കാരെ തിരിച്ചുപിടിക്കാനും, പുതുതായി ചേർക്കാനും
ബി.എസ്.എൻ.എൽ മാനേജ്മെന്റും കേന്ദ്ര സർക്കാരും
ശ്രദ്ധ വയ്ക്കേണ്ടതുണ്ട്. ഇന്ത്യൻ സമ്പദ്വ്യവസ്ഥയിലെ
വിദ്യാഭ്യാസം, ആരോഗ്യപരിപാലനം, കാർഷിക ഉൽപ്പാ
ദനം, ഇതര സേവനരംഗങ്ങളെല്ലാം നൂതനവിവര
വിനിമയ സാങ്കേതിക വിദ്യയുമായി ഇഴുകിച്ചേർന്നുക
ഴിഞ്ഞു. ഇവിടെ, ഉപഭോക്താവിനെപരമാവധി
ചൂഷണം ചെയ്ത് അമിതലാഭം നേടാനുള്ള സ്വകാര്യ
മേഖലയുടെ ചിന്തകൾക്ക് തടയിടാൻ മത്സരബുദ്ധി
യോടെ പൊതുമേഖലാ സംരംഭം മുന്നോട്ടുവന്നാലേ
മതിയാകൂ. വൻ നഷ്ടം നേരിടുന്നുവെന്ന സ്വകാര്യ
സേവനദാതാക്കളുടെ പ്രചാരണവും, അതുകൊ
ണ്ടാണ് വിലനിരക്കുകൾ വർദ്ധിപ്പിക്കുന്നത് എന്ന
വാദവും മുഖവിലയ്ക്കെടുക്കരുത്. കണക്കുകളിൽ
വെള്ളം ചേർക്കുന്നതിനും, ലാഭ-നഷ്ടങ്ങൾ
യഥേഷ്ടം മാറ്റി മറിക്കുന്നതിനും അക്കൗണ്ടിംഗിൽ
മൂല്യക്ഷയം ഉൾപ്പെടെ നിരവധി മാർഗ്ഗങ്ങളുണ്ട്.
ലോകത്ത് ഏറ്റവും കുറഞ്ഞ നിരക്കാണ് ഇൻഡ്യയി
ലേത് എന്നതും ശരിയല്ല. അമേരിക്കയിൽ പ്രതിമാസം
20 ഡോളറും, യൂറോപ്പിൽ 13 ഡോളറും കൊടുത്താൽ
ഇൻഡ്യയിൽ ലഭിക്കുന്നതിനേക്കാൾ മെച്ചപ്പെട്ട
സേവനം ലഭിക്കും. ഇപ്പറഞ്ഞ തുകകൾ രൂപയിൽ
മാറ്റി പെരുപ്പിച്ചിട്ട് കാര്യമില്ല. അവിടങ്ങളിൽ നാല്
ചായ ലഭിക്കുന്നതിനുള്ള തുകയാണിത് എന്നറി
ഞ്ഞാൽ മതി.

(9447103599)

കെ.ജി.രവി



**ആർ**.സി.ഇ.പി (*Regional Comprehensive Economic Partnership*) കരാറിൽ ഒപ്പിടാതെ ഇന്ത്യ പിൻമാറിയത് മൂലം നമ്മുടെ കാർഷിക മേഖല വൻദുരന്തത്തിൽ നിന്നും രക്ഷനേടിയിരിക്കുകയാണ്. 2019 നവംബർ ആദ്യവാരം തായ്‌ലന്റിന്റെ തലസ്ഥാനമായ ബാങ്കോക്കിൽ നടന്ന ഉച്ചകോടിയിൽ വച്ചാണ് ഇന്ത്യ പിൻമാറുന്നതായി പ്രധാനമന്ത്രി നരേന്ദ്രമോദി പ്രഖ്യാപിച്ചത്. ഇന്ത്യ ഉൾപ്പെടെ 16 രാജ്യങ്ങൾ പങ്കാളികളാകാനിരുന്ന ലോകത്തെ ഏറ്റവും വലിയ സ്വതന്ത്ര വ്യാപാര കരാറിനെതിരെ രാജ്യവ്യാപകമായി എതിർപ്പു പ്രകടിപ്പിച്ചതിനെ തുടർന്നാണ് പ്രധാനമന്ത്രിക്ക് ഇങ്ങനെയൊരു നിലപാടെടുക്കേണ്ടിവന്നത്.

ഈ കരാറിൽ ഒപ്പുവയ്ക്കുന്നതിനുള്ള താല്പര്യത്തോടുകൂടിയാണ് ഇന്ത്യ ഈ ഉച്ചകോടിയിൽ പങ്കെടുത്തത്. കരാറിനെതിരെ ഉയർന്നുവന്ന ജനവികാരം




# ആർ.സി.ഇ.പി കരാർ

## കാർഷികമേഖലയുടെ അന്തകനാകരുത്

കണ്ടില്ലെന്നു നടിക്കാൻ വയ്യാത്ത സാഹചര്യത്തിലാണ് ഇന്ത്യ പിൻമാറിയത്. കേരള നിയമസഭ ഈ കരാറിനെതിരെ ഏകകണ്ഠേനയാണ് പ്രമേയം പാസ്സാക്കിയത്. പൊതുവേ തകർന്നു തരിപ്പണമായിക്കൊണ്ടിരിക്കുന്ന കാർഷിക മേഖലയ്ക്ക് ഈ കരാർ കൂടുതൽ പ്രതിസന്ധി സൃഷ്ടിക്കുമെന്ന് പല കേന്ദ്രങ്ങളും ചൂണ്ടിക്കാട്ടിയിരുന്നു. കരാറിൽ നിന്നും തൽക്കാലം ഇന്ത്യ ഒഴിഞ്ഞുമാറിയത് ആശ്വാസം പകരുന്നതാണെങ്കിലും തൊട്ടയൽപക്കത്തെ രാജ്യങ്ങളുടെ തുറന്ന വ്യാപാര കൂട്ടായ്മയിൽ നിന്നും ഒഴിഞ്ഞുമാറി നിൽക്കുന്നത് ഭാവിയിൽ തിരിച്ചടിയാകുമെന്ന ആശങ്കയുണ്ട്.

വിപണി സാധ്യതകൾ മുതലെടുക്കാനാകും വിധം നിർമ്മാണ, സേവ മേഖലകളിൽ മത്സരക്ഷമത കൈവരിക്കേണ്ടത് നമ്മുടെ മുന്നിലുള്ള വലിയൊരു വെല്ലുവിളിയാണ്. ഇതിൽ ഏറ്റവും കൂടുതൽ പങ്ക് വഹിക്കാനുള്ളത് കാർഷിക മേഖലയ്ക്കാണ്. കേന്ദ്ര-സംസ്ഥാനസർക്കാരുകളുടെ നിർലോഭമായ പിന്തുണയും, സഹായവും ഉണ്ടെങ്കിൽ മാത്രമേ കർഷക സമൂഹത്തിന് മുന്നേറാൻ കഴിയൂ. കേരളം തന്നെ മാതൃകയായി നമുക്ക് ചൂണ്ടിക്കാട്ടാൻ കഴിയും.

2018, 2019 വർഷങ്ങളിലുണ്ടായ രണ്ട് പ്രളയക്കെടുതികളും ചുഴലിക്കാറ്റും അതിവർഷവും വരൾച്ചയും പോലുള്ള കാലാവസ്ഥാ വ്യതിയാനം മൂലം നമ്മുടെ കാർഷിക മേഖലയാകെ ഗുരുതരമായ പ്രതിസന്ധിയെ നേരിട്ടുവരികയാണ്. കൂടാതെ വിപണിയിലെ വിലത്തകർച്ചയും പണ ലഭ്യതക്കുറവും, വിളകൾക്കുണ്ടായ രോഗബാധകളും കൂടിയായപ്പോൾ കർഷകന് പിടിച്ചുനിൽക്കാൻ കഴിയുന്നില്ല. "കൂനിന്മേൽ കുരു" എന്ന പോലെ വായ്പ സമയത്ത് തിരിച്ചടയ്ക്കാൻ കഴിയാതെ വരുമ്പോഴുണ്ടാകുന്ന ബാങ്കുകളുടെ ജപ്തി ഭീഷണിയും തുടർ കൃഷി ചെയ്യാൻ കഴിയാത്ത സാമ്പത്തിക പ്രതിസന്ധിയും കർഷകരെ ആത്മഹത്യയിലേക്ക് പ്രേരിപ്പിക്കുന്നു. അഭിമാനിയാണ് കർഷകൻ എന്ന് നമ്മൾക്കറിയാം. ചിലരാകട്ടെ കടക്കെണിയിൽ പിടിച്ചുനിൽക്കാൻ കഴിയാതെ വന്നപ്പോൾ കൃഷി തന്നെ ഉപേക്ഷിച്ചു നഗരങ്ങളിലേക്ക് ചേക്കേറുകയാണ്.

പ്രളയ കെടുതിയാലും രോഗബാധയാലും കൃഷി നശിക്കുന്ന കർഷകനെസഹായിക്കേണ്ട സർക്കാർ വരുമാനനഷ്ടം കണക്കാക്കി നഷ്ടപരിഹാരം നൽകുന്നില്ല. തുച്ഛമായ നഷ്ടപരിഹാരമാണ് പലപ്പോഴും ഉദ്യോഗസ്ഥൻമാർ നൽകുന്നത്. എന്നാൽ നാമമാത്രമായ ഈ സഹായം പോലും ചുവപ്പു നാടയിൽ കുരുങ്ങി കർഷകന് യഥാസമയം ലഭിക്കുന്നില്ലെന്ന് വ്യാപകമായ പരാതികൾ നിയമസഭയ്ക്കകത്തും പുറത്തും കോളിളക്കം സൃഷ്ടിച്ചതാണ്.

ആർ.സി.ഇ.പി കരാറിൽ നിന്നുള്ള നമ്മുടെ പിന്മാറ്റം താല്ക്കാലിക ആശ്വാസം മാത്രമാണ്. അടുത്ത വർഷം വിയറ്റ്നാമിൽ കൂടുന്ന ഉച്ചകോടിയിൽ ഒപ്പുവയ്ക്കാൻ നമ്മൾ പ്രേരിതരാകുമെന്ന് മറ്റ് രാജ്യങ്ങൾ വിലയിരുത്തുന്നു. ആസിയാൻ കരാർ പ്രകാരം




ചൈനപോലുള്ള രാജ്യങ്ങൾ ഇന്ത്യൻ വിപണി കയ്യടക്കിയിട്ടും, നമുക്ക് ചൈനയുടെ വിപണിയിൽ കാര്യമായി ഒന്നും തന്നെ നേടാൻ കഴിഞ്ഞിട്ടില്ലെന്നുള്ള കാര്യം പ്രത്യേക ഓർക്കേണ്ടതാണ്.

കേന്ദ്ര കൃഷിമന്ത്രാലയത്തിന്റെ കണക്കുപ്രകാരം രാജ്യത്ത് ദിവസവും ആത്മഹത്യ ചെയ്യുന്നത് ശരാശരി 31 കർഷകരാണ്. ഏറ്റവും കൂടുതൽ കർഷക ആത്മഹത്യ നടക്കുന്നത് മഹാരാഷ്ട്രയിലാണ്. 2016 ൽ 3661 കർഷകർ അവിടെ ആത്മഹത്യ ചെയ്തു. 2016 ൽ മാത്രം കാർഷിക മേഖലയിലുള്ള 11,379 കർഷക ആത്മഹത്യകൾ നടന്നിട്ടുണ്ട്. 2017 മുതലുള്ള കണക്കുകൾ കേന്ദ്ര സർക്കാർ പുറത്തുവിട്ടിട്ടില്ല. കേരളത്തിൽ 321 പേർ ആത്മഹത്യ ചെയ്തിട്ടുണ്ട്. കേരളം 9-ാം സ്ഥാനത്താണ്.

ഇന്ത്യയുടെ ആശങ്കകൾക്ക് പ്രധാനകാരണങ്ങൾ ഇവയാണ്:-

1. ഈ ദശകത്തിൽ പ്രാബല്യത്തിൽ വന്ന മൂന്ന് സ്വതന്ത്ര വ്യാപാരകരാർ (ആസിയൻ, ജപ്പാൻ, കൊറിയ, ശ്രീലങ്ക, ഇന്ത്യ എന്നിവരുമായി ഉണ്ടാക്കിയ കരാർ) പ്രകാരം നമുക്ക് കാര്യമായ ഒരു നേട്ടവും ഉണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. ഇതിൽ വ്യാപാര കമ്മി വർദ്ധിക്കുകയും, ഇറക്കുമതി കൂടുകയും, കയറ്റുമതിക്ക് മാന്ദ്യം സംഭവിക്കുകയും ചെയ്തിരിക്കുകയാണ്.

ചൈനീസ് ഉല്പന്നങ്ങൾക്കു ഇന്ത്യൻ വിപണിയിൽ വർദ്ധിച്ചുവരുന്ന സ്വാധീനമുണ്ട്. ചൈനീസ് വിപണിയിലാകട്ടെ അല്പം പോലും നമുക്ക് കടന്നുകയറാൻ കഴിഞ്ഞിട്ടുമില്ല. എന്നാൽ അവർ നമ്മുടെ വിപണി തന്നെ കയ്യടക്കി കഴിഞ്ഞു. ഇന്നത്തെ നിലയിൽ ആർ.സി.ഇ.പി കരാറിൽ ഒപ്പിട്ടിരുന്നെങ്കിൽ ഇന്ത്യൻ വിപണിതന്നെ ചൈന കയ്യടക്കുമായിരുന്നു. 2012 ൽ യു.പി.എ സർക്കാരിന്റെ കാലത്ത് തുടങ്ങിയ ചർച്ചകളാണ്.

എന്നാൽ ഇന്ത്യയ്ക്കായി വിപണി തുറന്നിട്ടിരിക്കുകയാണെന്നാണ് ചൈനയും ആസ്ട്രേലിയയും തായ്ലന്റും അവകാശപ്പെടുന്നത്. ചൈനയും ഇന്ത്യയും വളർന്നുവരുന്ന വികസ്വര രാഷ്ട്രങ്ങളാണ്. 207 കോടി ജനതയുടേതായ വലിയ ശേഷിയുള്ള വിപണി. ആർ.സി.ഇ.പി കരാറിൽ മറ്റ് രാജ്യങ്ങൾ ഒപ്പിട്ടത് ചൈനയുടെ തന്ത്രപരമായ വിജയം കൂടിയാണ്. ഇന്ത്യയുടെ ഭാഗത്തുനിന്നും വേണ്ടത്ര ഗൃഹപാഠമോ പഠനമോ നടത്താതെയാണ് ഉച്ചകോടിയിൽ പങ്കെടുത്തതെന്ന് പരക്കെ ആക്ഷേപമുണ്ട്.

2. മറ്റൊരു കരാർ 1998 ഡിസംബറിൽ ഒപ്പിടുകയും 2010 മാർച്ചിൽ പ്രാബല്യത്തിൽ വന്നതുമായ ഇന്ത്യ- ശ്രീലങ്ക സ്വതന്ത്ര വ്യാപാര കരാറാണ്. ഈ കരാർ കേരളത്തിലെ തോട്ടം മേഖലയ്ക്ക് ഏറെ ദോഷകരമായിരുന്നു. തേയില, കാപ്പി, കുരുമുളക്, റബ്ബർ, ഏലം നാളീകേരം, അടയ്ക്ക എന്നിവയുടെ വിലയിടിവിനും ഇതിന് കാരണമായി. 2009 ലുണ്ടായ ആസിയൻ കരാറും ഇന്ത്യയ്ക്ക് ഏറെ ദോഷകരമായിരുന്നു. മലേഷ്യ, തായ്ലന്റ് തുടങ്ങിയ രാജ്യങ്ങളിൽ നിന്നും തോട്ടവിളകളും സുഗന്ധ വ്യഞ്ജനങ്ങളും കുറഞ്ഞ വിലയ്ക്ക് ഇന്ത്യയിലേക്ക് പ്രവഹിക്കുകയായിരുന്നു. ഇതുമൂലം നമ്മുടെ തോട്ടം മേഖലയുടെ നട്ടെല്ലൊടിക്കുകയാണുണ്ടായത്.

**യഥാർത്ഥത്തിൽ ഇന്ത്യക്കിപ്പോൾ വില പേശലിന്റെ വാതിൽ തുറന്നുകിട്ടിയിരിക്കുകയാണ്. ഈ സുവർണ്ണാവസരം പ്രയോജനപ്പെടുത്തുവാനുള്ള നയചാതുര്യം ഇന്ത്യ കാണിച്ചാൽ വലിയ നേട്ടമുണ്ടാക്കാൻ കഴിയും.**

ഇന്ത്യ ഒപ്പിട്ടില്ലെങ്കിലും കരാറുമായി മുന്നോട്ടുപോകാനാണ് മറ്റ് പതിനഞ്ച് രാജ്യങ്ങളുടെ തീരുമാനം. എന്നാൽ ജപ്പാൻ അവരുടെ നിലപാട് മാറ്റിയിരിക്കുകയാണ്. ഇന്ത്യ ഇല്ലാതെ കരാറുമായി മുന്നോട്ടുപോകുവാൻ തയ്യാറല്ലെന്ന് ജപ്പാൻ സാമ്പത്തിക വ്യാപാര വ്യവസായ ഉപമന്ത്രി ഹിസെക്കി മകിഥാര വ്യക്തമാക്കുകയുണ്ടായി.

യഥാർത്ഥത്തിൽ ഇന്ത്യക്കിപ്പോൾ വില പേശലിന്റെ വാതിൽ തുറന്നുകിട്ടിയിരിക്കുകയാണ്. ഈ സുവർണ്ണാവസരം പ്രയോജനപ്പെടുത്തുവാനുള്ള നയചാതുര്യം ഇന്ത്യ കാണിച്ചാൽ വലിയ നേട്ടമുണ്ടാക്കാൻ കഴിയും. ആർ.സി.ഇ.പി കരാർ ഒപ്പിടുന്നതിനു മുമ്പായി അംഗരാജ്യങ്ങളുടെ വിപണി പിടിച്ചെടുക്കുവാനായി ഭൗതികസാഹചര്യം ഒരുക്കി കാർഷിക മേഖലയേയും കർഷകനേയും പ്രാപ്തമാക്കണം. ഉല്പാദനശേഷി വർദ്ധിപ്പിക്കുക എന്നുള്ളതായിരിക്കണം പ്രധാനലക്ഷ്യം. കൂടാതെ കർഷകരിൽ ആത്മവിശ്വാസം വളർത്തണം. കൃഷിക്കാവശ്യമായ ജലസേചനം, വൈദ്യുതി, വളം, നല്ലയിനം വിത്തുകൾ, കീടനാശിനി, സാമ്പത്തിക സഹായം, നൂതനകൃഷി സമ്പ്രദായം, വിപണനസൗകര്യങ്ങൾ എന്നിവ ഒരുക്കി കർഷകനെപ്രാപ്തമാക്കാൻ സർക്കാരുകൾ തയ്യാറാകണം. എങ്കിൽ മാത്രമേ കരാറിൽ ഒപ്പുവെച്ചതുകൊണ്ട് നമുക്ക് നേട്ടങ്ങൾ ഉണ്ടാക്കാൻ കഴിയൂ. അല്ലെങ്കിൽ ഈ കരാറുകൾ നമ്മുടെ കാർഷിക മേഖലയുടെ അന്തകനായി മാറും. അതിനുള്ള ഇച്ഛാശക്തി കേന്ദ്ര സർക്കാർ കാണിക്കണം. ● (9447248617)

**നോവൽ 26**



*(കഴിഞ്ഞ ലക്കം തുടർച്ച)*

'തൊഴിലാളിയാണോ മുതലാളിയാണോ എന്നതൊന്നുമല്ല പ്രശ്നം. അടിസ്ഥാനപരമായി മനുഷ്യനാകുകയാണ് വേണ്ടത്. സകല വ്യത്യാസങ്ങൾക്കും ആശയസംഹിതകൾക്കും ഏറെ മുകളിലാണ് മഹത്തായ മാനവികത. മാനവികതയുടെ ബാലപാഠങ്ങൾ എന്നെ പഠിപ്പിച്ചത് എച്ച്പിപിയിലെ അന്തരീക്ഷമാണ്. ഏതു പ്രതികൂല സാഹചര്യത്തേയും മനസ്സാന്നിധ്യം കൊണ്ട് അനുകൂലമാക്കാൻ കഴിയുമെന്ന് ഞാൻ പഠിച്ചത് ചതുർവ്വേദിസാറിൽ നിന്നാണ്. എന്താണ് ജീവിതം എന്ന് എന്നെ പഠിപ്പിച്ചത് അദ്ദേഹമാണ്. ഒരു ഫാക്ടറി മുതലാളിയായി അദ്ദേഹത്തെ കാണാൻ എനിക്ക് കഴിയില്ല. അപാരമായ അറിവും ഭൂമിയോളം ക്ഷമയുമുള്ള അദ്ധ്യാപകനാണ് അദ്ദേഹം. ഉത്തർപ്രദേശിലെ വാരണാസി സ്വദേശിയായ ചതുർവ്വേദി സാറിനെയും കേരള

# സ്നേഹസാന്ദ്രം രവിനിവേശം

## വിഷ്ണുമംഗലം കുമാർ

ത്തിലെ പൊയിലൂർ ദേശക്കാരനായ എന്നെയും ബാംഗ്ലൂരിൽ വെച്ച് കണ്ടുമുട്ടാൻ അവസരം സൃഷ്ടിക്കുകയും ഞങ്ങളെ ആത്മസൗഹൃദത്തിലാക്കുകയും ചെയ്ത അജ്ഞാത പ്രതിഭാസത്തെ ഞാൻ നമിക്കുന്നു."

രവി വീണ്ടും നിർത്തി. സദസ്സ് നിശബ്ദമാണ്. ചതുർവ്വേദിയും വേദിയിലുള്ള മറ്റുള്ളവരും രവിയെ ശ്രദ്ധിച്ചുനോക്കുകയാണ്.

"നീണ്ട പതിനഞ്ചുവർഷമാണ് ഞാൻ എച്ച്പിപിയിൽ ചെലവിട്ടത്..." രവി തുടർന്നു. "എന്നിൽ സ്നേഹവും വാത്സല്യവും ചൊരിഞ്ഞ നിങ്ങളെല്ലാവരോടും ഞാൻ കടപ്പെട്ടിരിക്കുന്നു. ഇക്കാലമത്രയും എന്നെ സെക്രട്ടറിയായി നിലനിർത്തിയത് നിങ്ങളുടെ അളവറ്റ സ്നേഹവിശ്വാസങ്ങളാണ്. മറ്റേതോ നാട്ടിലെ പാവപ്പെട്ട തെങ്ങുകയറ്റക്കാരന്റെ മകനെയൂണിയൻ നേതാവായി വളർത്തിയത് നിങ്ങളുടെ ഒത്തൊരുമയും പ്രോത്സാഹനവുമാണ്. ഈ ഒത്തൊരുമ എന്നും നിലനിർത്തണം. ഞാനെന്റെ യൗവ്വനം ചെലവിട്ടത് നിങ്ങളോടൊപ്പം എച്ച്പിപിയുടെ ഫ്ളോറിലാണ്. ബാംഗ്ലൂർ വിട്ടുപോയാലും എന്റെ മനസ്സിൽ എന്നെന്നും നിങ്ങളുണ്ടാകും...

ജയ് എച്ച്പിപി

ജയ് ബിഎൽയു...." സദസ്സും ആവേശത്തോടെ അതേറ്റുവിളിച്ചു. കൂട്ടത്തിൽ യൂണിയൻ അംഗമല്ലാത്തവരും ഉണ്ടായിരുന്നു.

സദസ്സിലിരുന്ന രാധയുടെ കണ്ണുനിറഞ്ഞു. അവളുടെ അടുത്തിരുന്ന രേഷ്മമോളും അച്ഛന്റെ പ്രസംഗം ശ്രദ്ധിക്കുന്നുണ്ടായിരുന്നു.

### നഗരവലയത്തിൽ വീണ്ടും

**ദാ**സറഹള്ളി മെട്രോസ്റ്റേഷനിൽ നിന്നിറങ്ങുമ്പോൾ പുറത്തുകാത്തു നിന്നിരുന്ന ആളെ തിരിച്ചറിയാൻ രവിയ്ക്ക് പ്രയാസമുണ്ടായില്ല

"ശിവാനന്ദ്...." രവി വിളിച്ചു.

"രവിയണ്ണാ....!" ശിവാനന്ദ് രവീന്ദ്രന്റെ സമീപത്തേക്ക് ഓടിവന്നുകെട്ടിപ്പിടിച്ചു. രവിയുടെ കേരളീയവേഷം ശിവാനന്ദിൽ ആശ്ചര്യം ജനിപ്പിച്ചു.

"രവിയണ്ണാ താങ്കൾ തനി ഗ്രാമീണനായിരിക്കുന്നു...."

"നഗരവാസിയായ നീ വൃദ്ധനുമായിരിക്കുന്നു....!" ചെറുചിരിയോടെ രവി മറുപടി നൽകി.

ദിവസങ്ങൾ മാസങ്ങളായി, മാസങ്ങൾ വർഷങ്ങളായി എത്ര വേഗത്തിലാണ് ഓടിപ്പോയത്...! നീണ്ട പതിനെട്ടുവർഷങ്ങൾക്ക് ശേഷമാണ് അവരുടെ കൂടിക്കാഴ്ച. നാട്ടിലേക്ക് മടങ്ങി ഏറെ വൈകാതെ രവിയുടെ ബാംഗ്ലൂർ ബന്ധം മുറിഞ്ഞിരുന്നു. തന്റെ ജീവിതത്തിലെ അതിപ്രധാനമായ ബാംഗ്ലൂർ അദ്ധ്യായത്തിൽ നിന്ന് രവി ബോധപൂർവ്വം വിട്ടുനിൽക്കുകയായിരുന്നോ ഇത്രകാലം...?

ശിവാനന്ദിന് നന്നായി കഷണ്ടി കയറിയിട്ടുണ്ട്. ശിരസ്സിന്റെ വശങ്ങളിലും പിറകിലും അവശേഷിച്ച മുടി പാതിയും നരച്ചിട്ടുണ്ട്. എന്നാൽ മുഖത്തെ യൗവ്വനകാന്തി മങ്ങിയിട്ടില്ല.

ദാസറഹള്ളി തിരിച്ചറിയാൻ സാധിക്കാത്ത വിധം മാറിയിരിക്കുന്നു. ആറുവരിപ്പാതയ്ക്ക് മുകളിലൂടെ മെട്രോലൈനും എലിവേറ്റഡ് റോഡും സമാന്തരമായി കടന്നുപോകുന്നു. ജാലഹള്ളി ക്രോസ്സിലും ടൗണിന്റെ മദ്ധ്യഭാഗത്തുമായി രണ്ട് മെട്രോസ്റ്റേഷനുകൾ. ആളുകളും വാഹനങ്ങളും ഘോഷയാത്രപോലെ ഇടമുറിയാതെ അങ്ങോട്ടുമിങ്ങോട്ടും ഒഴുകുന്നു. ആറുവരിയാക്കിയ റോഡിന്റെ വീതി വളരെയേറെ വർദ്ധിച്ചിട്ടുണ്ട്. ഇരുഭാഗത്തും പുതുമോടിയിലുള്ള ബഹുനിലക്കെട്ടിടങ്ങളാണ്. രവിയുടെ പഴയ ദാസറഹള്ളി അങ്ങാടി അപ്രത്യക്ഷമായിരിക്കുന്നു. വളർന്നുവികസിച്ച ദാസറഹള്ളി, ബെംഗളൂരു ആയി പേരുമാറിയ ബാംഗ്ലൂർമഹാനഗരത്തിന്റെ പ്രധാനഭാഗമാണിപ്പോൾ. ആകാശംമുട്ടുന്ന പാർപ്പിട സമുച്ചയങ്ങൾ അകലെയായി കാണാം.

വലതുവശത്തെ സർവ്വീസ് റോഡിന്റെ മുക്കാൽ പങ്കും പച്ചക്കറിയും പഴവർഗ്ഗങ്ങളും വിൽക്കുന്ന വഴിയോരക്കച്ചവടക്കാർ കയ്യേറിയിരിക്കുന്നു. തൊട്ടുതൊട്ടായി അവർ കെട്ടിയുയർത്തിയ കൂടാരങ്ങൾ ചേർന്ന് വലിയ മാർക്കറ്റായി പരിണമിച്ചിരിക്കുന്നു.

അവർ മെട്രോസ്റ്റേഷന്റെ സമീപത്തുള്ള ഹോട്ടലിലെ ശീതീകരിച്ച മുറിയിലിരുന്നു.

രണ്ട് വെണ്ണമസാലയ്ക്ക് ഓർഡർ കൊടുത്തത് ശിവാനന്ദാണ്. കാലം മാറിയിട്ടും ബാംഗ്ലൂരിൽ വെണ്ണമസാല ഇല്ലാതായിട്ടില്ല. അത് കന്നഡനാടിന്റെ തനിരുചിയാണ്. ഇല്ലാതാവുകയുമില്ല.

ഇന്നലെയാണ് രവി ശിവാനന്ദിനെഫോണിൽ



വിളിച്ചത്. മോളോടൊപ്പം ഇലക്ട്രോണിക്സ് സിറ്റിയിൽ ഉണ്ടെന്നറിഞ്ഞപ്പോൾ അയാൾ ആശ്ചര്യം പ്രകടിപ്പിച്ചു.

"രവിയണ്ണയുടെ മകൾ ബാംഗ്ലൂരിലുണ്ടോ...?" രേഷ്മ കുഞ്ഞായിരിക്കുമ്പോൾ അയാൾ കണ്ടിട്ടുണ്ട്. രാധയെ നന്നായറിയാം.

ശിവാനന്ദിൽ നിന്ന് എച്ച്പിപിയിലെ വിശേഷങ്ങൾ രവി വിശദമായറിഞ്ഞു. ചെയർമാൻ ചതുർവ്വേദിസാർ വൻ ബിസിനസ്സ് സാമ്രാജ്യത്തിന്റെ അധിപനായിരിക്കുന്നു. അന്തർദേശീയ തലത്തിൽ പ്രസിദ്ധമായ റീത്തടെക് ഐടി കമ്പനിയും റീത്ത ഇലക്ട്രിക് കാർ ഫാക്ടറിയും അദ്ദേഹത്തിന്റേതാണെന്ന അറിവ് രവിയിൽ ആകാംക്ഷ ഉളവാക്കി.

ചതുർവ്വേദി ഐടി മേഖലയിലേക്ക് കടന്നിട്ട് പത്തുവർഷം കഴിഞ്ഞു. അനേകം ഏക്കർ വിസ്തൃതിയിൽ വ്യാപിച്ചുകിടക്കുന്ന റീത്താടെക് സർജാപൂർ റോഡിലാണ്. രണ്ടായിരത്തിലേറെ പേർ ജോലിയെടുക്കുന്ന സ്ഥാപനം. ഇലക്ട്രിക് കാർ ഫാക്ടറി ഹൊസകോട്ടെയിലാണ്. അവിടേയും ആയിരത്തോളം പേരുണ്ട്. രണ്ടിടത്തും ഒന്നുരണ്ടുതവണ ശിവാനന്ദ് പോയിട്ടുണ്ട്. പീന്യായിലെ എച്ച്പിപിയ്ക്ക് പഴയ പ്രതാപമില്ലെങ്കിലും നന്നായി നടക്കുന്നുണ്ട്. ചതുർവ്വേദിയുടെ മരുമകൻ രാകേഷ് ഷെറിനാണ് എച്ച്പിപി നോക്കിനടത്തുന്നത്. ചെയർമാൻ വല്ലപ്പോഴുമേ എച്ച്പിപിയിൽ വരാറുള്ളു. സർജാപൂർ റോഡിൽ റീത്താടെക് ക്യാമ്പസിലുള്ള കൊട്ടാരസദൃശമായ അഡ്മിൻ ബ്ലോക്കിലാണ് ചെയർമാന്റെ ആസ്ഥാനം. അവിടെ ദിവസവും പോകാറുണ്ട്. വീഡിയോ കോൺഫറൻസിലൂടെയാണ് ചെയർമാന്റെ പ്രധാനആശയവിനിമയം. വിസ്മയം നിറഞ്ഞ ബിസിനസ് ലോകം അദ്ദേഹത്തിന്റെ വിരൽത്തുമ്പിൽ കാത്തുനിൽക്കുന്നു.

രവി എല്ലാം കേട്ടുകൊണ്ടിരുന്നു.

രണ്ടുവർഷമായി ശിവാനന്ദ് ആണ് എച്ച്പിപിയിൽ യൂണിയൻ സെക്രട്ടറി. അയാൾ അടുത്തിടയൊന്നും ചെയർമാനെനേരിൽ കണ്ടിട്ടില്ല. അത്യാവശ്യഘട്ടങ്ങളിൽ രാകേഷ് ഷെറീന്റെ ക്യാബിനിലെ സ്ക്രീനിൽ ചെയർമാൻ പ്രത്യക്ഷപ്പെടും. യൂണിയനുമായി ഇടപെടുന്നത് രാകേഷ് ഷെറീനാണ്. കഴിഞ്ഞ രണ്ടു കരാറുകൾ ഒപ്പിട്ടത് അദ്ദേഹമാണ്. ഐടി കമ്പനിയിലും കാർ ഫാക്ടറിയിലും തൊഴിലാളിയൂണിയനുകളില്ല. ജീവനക്കാർ ഏറെയും എഞ്ചിനീയറിങ്ങ് ബിരുദമുള്ള യുവാക്കളാണ്. റീത്തടെകിന് മാന്യത പാർക്കിലും വൈറ്റ് ഫീൽഡിലും യൂണിറ്റുകളുണ്ട്. ചെയർമാന്റെ ഇളയമകൻ കൗശൽ ചതുർവ്വേദിയാണ് റീത്തടെക് സി.ഇ.ഒ. ഇലക്ട്രിക് കാർ നിർമ്മാണം മൂത്തമകൻ സൗമിത് ചതുർവ്വേദിയുടെ ഡ്രീം പ്രോജക്ടാണ്. ആ ഫാക്ടറി അദ്ദേഹം നോക്കിനടത്തുന്നു. പ്രായം എഴുപതുകഴിഞ്ഞിട്ടും യുവത്വത്തിന്റെ പ്രസരിപ്പോടെ സുദേവ് കുമാർ ചതുർവ്വേദി സർജാപൂർ റോഡിലെ ആസ്ഥാനത്തിരുന്ന് എല്ലാത്തിന്റേയും മേൽനോട്ടം വഹിക്കുന്നു എന്നറിഞ്ഞതിൽ രവിയ്ക്ക് അതിയായ സന്തോഷവും അഭിമാനവും തോന്നി.

തന്റെ ജീവിതത്തിൽ ചതുർവ്വേദിസാറിനെപ്പോലെ പ്രഭാവമുള്ള മറ്റൊരാളെ പരിചയപ്പെട്ടിട്ടില്ല. നവീനാശയങ്ങളുടെ അക്ഷയപാത്രമായ ആ വിശിഷ്ട വ്യക്തിത്വവുമായുള്ള അടുപ്പം ഇല്ലാതായിട്ട് പതിനെട്ടുവർഷമായിരിക്കുന്നു. പൊയിലൂരെ ഗ്രാമ്യജീവിതത്തിലേക്ക് തിരിച്ചുപോയപ്പോൾ രവി ചതുർവ്വേദിയെ എന്നല്ല എച്ച്പിപിയേയും ബാംഗ്ലൂർനഗരത്തെത്തന്നെയും മറന്നിരുന്നു. അഥവാ മറന്നതായി അഭിനയിച്ചിരുന്നു.

ബോധപൂർവ്വമായിരുന്നോ അഭിനയം? അങ്ങനെപറയാൻ സാധിക്കുകയില്ല. അതൊക്കെ അങ്ങനെസംഭവിച്ചു പോയി, അറിഞ്ഞും അറിയാതെയും എന്നേ പറയാനാവൂ. രവിയുടെ പൊയിലൂരെ ജീവിതം ഇത്തിരിവട്ടത്തിൽ ഒതുങ്ങിപ്പോയിരുന്നു. പൊയിലൂരെ പോസ്റ്റാഫീസിൽ പകരക്കാരനായി പോസ്റ്റ് മാസ്റ്ററുടെ പണിയെടുത്തു അഞ്ചാറുവർഷം. അതിനുശേഷം വിളക്കോട്ടൂരെ കൃഷിപ്പണിയ്ക്ക് തന്നെ സമയം തികഞ്ഞിരുന്നില്ല. രാധയുടെ അച്ഛന് രവി നല്ലൊരു കൂട്ടായി. സഹായിയുമായി. മണ്ണിൽ പൊന്നു വിളഞ്ഞുകൊണ്ടിരുന്നു.

കുടുംബത്തോടെയുള്ള രവീന്ദ്രന്റെ തിരിച്ചുവരവ് ദേവിയമ്മയെ ഏറെ സന്തോഷിപ്പിച്ചിരുന്നു. രാധയും രേഷ്മമോളും അവർക്ക് ഉന്മേഷം പകരുന്ന

കൂട്ടായി. കിടന്നുനരകിക്കാതെ രവിയെ ഒട്ടും വിഷമിപ്പിക്കാതെയാണ് ദേവിയമ്മ കടന്നുപോയത്.

"എന്നെ ഓറെ അടുത്ത്യേന്നെ വെക്കണേ മോനേ...." എന്ന ഒരു ആഗ്രഹമേ മരിക്കുംമുമ്പ് ദേവിയമ്മ രവിയോട് പറഞ്ഞിരുന്നുള്ളൂ. രവി അത് സാധിച്ചുകൊടുത്തു. കിഴക്കേപറമ്പിലെ തെക്കേക്കണ്ടത്തിൽ ഗോപാലന്റെ കുഴിമാടത്തിന്റെ തൊട്ടടുത്താണ് ദേവിയമ്മ അന്ത്യനിദ്രകൊള്ളുന്നത്.

വർഷം നാലുകഴിഞ്ഞു.

രേഷ്മമോൾ കൊച്ചിയിൽനിന്ന് സനീഷിനോടൊപ്പം ബാംഗ്ലൂരിലേക്ക് മാറിയപ്പോഴാണ് ചതുർവ്വേദിയും എച്ച്പിപിയും രവിയുടെ മനസ്സിൽ വീണ്ടും വന്നുനിറഞ്ഞത്. അപ്പോഴേക്കും പാലത്തിനടിയിലൂടെ വെള്ളമെത്രയോ ഒഴുകിപ്പോയിരുന്നു. രവി വാർദ്ധക്യത്തിലേക്ക് കാലെടുത്തുവെക്കുകയും ചെയ്തു.

പഴയ സഹപ്രവർത്തകരെപ്പറ്റി രവി ശിവാനന്ദിനോട് ചോദിച്ചു. ചിലർ റിട്ടയറായി. സേതുരാമകൃഷ്ണ രാജിവെച്ച് ദുബായിലേക്ക് പോയപ്പോഴാണ് ശിവാനന്ദ് യൂണിയൻ സെക്രട്ടറിയായത്.

അറുമുഖം, ഹനുമന്തരായപ്പ, ആഞ്ജനപ്പ, കൃഷ്ണമൂർത്തി, വിൻസെന്റ് എന്നിവർ ഈ ലോകം തന്നെ വിട്ടുപോയെന്നറിഞ്ഞപ്പോൾ രവിയുടെ മനസ്സ് വേദനിച്ചു.

തുടർച്ചയായി അരങ്ങേറുന്ന കലാപ്രകടനം പോലെയാണ് ജീവിതം. ചിലർ വേഗം ആടിത്തീർത്ത് യവനികയ്ക്കുള്ളിൽ മറയുന്നു. ചിലർ ആടിക്കൊണ്ടിരിക്കുന്നു. പുതിയ ആട്ടക്കാർ രംഗത്തെത്തുകയും ചെയ്യുന്നു.

എസ്.ആർ. റാവുവും നിക്കോളസും വിരമിച്ചശേഷം എച്ച്പിപിയിൽ തുടരുന്നുണ്ട്. തൊഴിലാളികളിൽ പകുതിയും രവി വിട്ടുപോയതിനുശേഷം ചേർന്ന യുവാക്കളാണ്.

ചതുർവ്വേദിസാർ നേരിട്ടുവരുന്നത് അപൂർവ്വമായാണെങ്കിലും ആദ്യം തുടങ്ങിയ ഫാക്ടറിയായതിനാൽ എച്ച്പിപിയോട് പ്രത്യേക താൽപ്പര്യം ഇപ്പോഴും കാട്ടുന്നുണ്ട്. യൂണിയന്റെ ആവശ്യങ്ങൾ തുറന്ന മനസ്സോടെ അംഗീകരിക്കും. ഒന്നിനും മുടക്കം വരാറില്ല. എന്നാൽ രവിയണ്ണയുമായുണ്ടായിരുന്ന ആത്മബന്ധം പിന്നെ മറ്റൊരു തൊഴിലാളിയോടും ചെയർമാൻ സാറിനുണ്ടായിട്ടില്ല. നിങ്ങളുടേത് സമാനതകളില്ലാത്ത സൗഹൃദമായിരുന്നല്ലോ...? രവിയുടെ മുഖത്ത് കണ്ണുനട്ടാണ് ശിവാനന്ദ് അത് പറഞ്ഞത്. എച്ച്പിപിയിലെ യന്ത്രങ്ങൾ കലപില കൂട്ടുന്ന മെഷീൻഷോപ്പും വർക്കേഴ്സ് റൂമിനടുത്തുള്ള യൂണിയൻ ഓഫീസും രവിയുടെ മനസ്സിൽ ഓടിയെത്തി.

വെണ്ണനിറമുള്ള സ്യൂട്ടണിഞ്ഞ്, കൈരണ്ടും പിന്നിൽ പിണച്ചിട്ട് മെഷീൻ ഷോപ്പിൽ റൗണ്ട്സ് നടത്തുന്ന സുദേവ്കുമാർ ചതുർവ്വേദി ഇൻസ്പെക്ഷൻ ഡിപ്പാർട്ടുമെന്റിലൂടെ കടന്നുപോയപ്പോൾ മൂക്കിലേക്ക് അരിച്ചുകയറിയ ചെയർമാന്റെ സുഗന്ധം വീണ്ടും അനുഭവവേദ്യമായതുപോലെ രവിയ്ക്ക് തോന്നി.

"രവിയണ്ണ വിട്ടുപോയതോടെ നിലച്ച ഒരു സംഗതിയുണ്ട്..."

അതെന്താണെന്ന സംശയത്തോടെ രവി ശിവാനന്ദിന്റെ മുഖത്തേക്ക് നോക്കി....

"മെയ്ദിനാഘോഷം. പിന്നീട് എച്ച്പിപിയിൽ മെയ്ദിനം ആഘോഷിച്ചിട്ടില്ല. സേതു സെക്രട്ടറി ആയിരിക്കെ ഞങ്ങളാ വിഷയം എടുത്തിട്ടപ്പോൾ ചെയർമാൻ പറഞ്ഞു:

"മെയ്ദിനാഘോഷം രവിയുടെ പ്രത്യേക താൽപ്പര്യപ്രകാരം നടത്തിയിരുന്നതാണ്. രവി വിട്ടുപോയ സ്ഥിതിയ്ക്ക് ഇനിയത് വേണ്ട. സ്റ്റേജ് കെട്ടി മൈക്ക് വെച്ച് എന്നെ ചീത്തപറയാൻ നിങ്ങളിലാർക്ക് സാധിക്കും....?" ഒരു പ്രത്യേക ഭാവത്തിലായിരുന്നു ചെയർമാന്റെ ചോദ്യം.

ഞങ്ങൾക്ക് മറുപടി ഉണ്ടായിരുന്നില്ല. രവിയണ്ണനെപ്പോലെ ചെയർമാൻ സാറിനെസ്വാധീനിക്കാൻ മറ്റാർക്കാണ് കഴിയുക...? യൂണിയനും പിന്നെ താൽപ്പര്യം കാട്ടിയില്ല. മെയ്ദിനം കേവലം ഒഴിവുദിനമായി ചുരുങ്ങി..."

എച്ച്പിപിയിൽ ജോലിചെയ്ത കാലത്തെ മാനസികാവസ്ഥയിലായിരുന്നു രവി.

മൂന്നരമാസം നീണ്ടുനിന്ന ഐതിഹാസിക തൊഴിൽസമരം. ആ സമരമാണ് രവിയെ സുദേവ്കുമാർ ചതുർവ്വേദിയുടെ ആത്മമിത്രമാക്കി മാറ്റിയത്. അതിൽപ്പിന്നെ സമന്വയത്തിന്റെ, സഹവർത്തിത്വത്തിന്റെ, ചെയർമാൻ കളിയാക്കി പറയാറുള്ള തൊഴിലാളി വർഗ്ഗാധിപത്യത്തിന്റെ പതിനഞ്ചുസംവത്സരങ്ങൾ !

ഏറ്റവും ഉപദ്രവകാരി എന്ന് മുദ്രകുത്തി എസ്.ആർ. റാവുവിന്റെ ശുപാർശയാൽ സർവ്വീസിൽ നിന്നും പിരിച്ചുവിടപ്പെട്ട കിഴക്കേപറമ്പത്ത് രവീന്ദ്രൻ.

ആ രവീന്ദ്രനെതിരിച്ചെടുക്കാൻ വേണ്ടിയാണ് എച്ച്പിപി സമരച്ചൂളയിലേക്ക് എടുത്തെറിയപ്പെട്ടത്. ആ ചൂളയിൽ വെന്ത് ഊതിക്കാച്ചിയ പൊന്നുപോലെ തിളങ്ങിയ രവീന്ദ്രനെയാണ് ചെയർമാൻ കണ്ടെടുത്തത്. ആ രവീന്ദ്രനാണ് അതിൽപ്പിന്നെ നീണ്ട പതിനഞ്ചുവർഷക്കാലം എച്ച്പിപി ഭരിച്ചത് !

ആ ചരിത്രയാഥാർത്ഥ്യം വിശ്വസിക്കാൻ ഇപ്പോൾ രവീന്ദ്രന് പ്രയാസം തോന്നുന്നു.

"താൻ തന്നെയായിരുന്നോ അത് ! രവി സ്വയംചോദിച്ചു.

"എച്ച്പിപിയിലേക്ക് പോകണ്ടേ....?" ഹോട്ടലിൽ നിന്ന് ഇറങ്ങുമ്പോൾ ശിവാനന്ദ് ചോദിച്ചു.

"ഇന്നുവേണ്ട. മറ്റൊരു ദിവസമാകട്ടെ. നമുക്ക് ആദ്യം ചൊക്കസാന്ദ്രയിലൊന്ന് ചുറ്റിക്കറങ്ങാം. എന്നിട്ട് പളനിസാമിയെ തേടിപ്പോകാം. പളനിയുടെ വിലാസമറിയാമല്ലോ....?"

"ഏകദേശമറിയാം. കുറേ ദൂരെയാണ്. ഹെസർഘട്ടയ്ക്ക് അപ്പുറം. ഗോപാലപുര...."

മെട്രോയുടെ പാർക്കിങ്ങ് ഏരിയായിൽ നിർത്തിയിട്ട ശിവാനന്ദിന്റെ ബൈക്കിൽ മറ്റൊരു ഹെൽമെറ്റ് കൂടിയുണ്ടായിരുന്നു. പിൻസീറ്റിലിരിക്കുന്നവർക്കും ഹെൽമെറ്റ് നിർബന്ധമാണ്. ഹൈവേസിഗ്നലിൽ നിന്നും ശിവാനന്ദ് വലത്തോട്ടുതിരിഞ്ഞ് സർവ്വീസ് റോഡിൽ കയറി.

ചൊക്കസാന്ദ്ര മെയിൻറോഡ് രവി തിരിച്ചറിഞ്ഞു. അവിശ്വസനീയമാ മാറ്റമുണ്ട്. പ്രവേശനകവാടത്തിന്റെ വലതുഭാഗത്ത് അഗർവാൾ ഹോട്ടൽ. ഇടതുഭാഗത്ത് പഴയബാറിനോട് ചേർന്ന് സ്വകാര്യആശുപത്രിയുടെ ബഹുനിലക്കെട്ടിടം. റോഡിന് വീതി കൂട്ടിയിട്ടുണ്ട്. പുതുതായി നിർമ്മിച്ചതോ പുതുക്കിപ്പണിതതോ ആയ വലിയ കടകളും ഓഫീസുകളുമാണ് രണ്ടുഭാഗത്തും.

നോക്കുന്നിടത്തെല്ലാം പ്രിന്റിങ്ങ്പ്രസ്സും ഡിസൈൻ സെന്ററും. റോഡിൽ പരിചിത മുഖങ്ങളൊന്നും കണ്ടില്ല. (തുടരും) (9739177560)

## ഫ്ളാറ്റുകളിലെ സുരക്ഷാ പാളിച്ച



**സം**സ്ഥാനത്തെ ഫ്ളാറ്റുകളിൽ സുരക്ഷാ സംവിധാനം പാളിച്ചകൾ നിറഞ്ഞതാണെന്ന പരാതി പരിഹരിക്കപ്പെടുന്നില്ല. അനേക നിലകളുള്ള ഫ്ളാറ്റ് സമുച്ചയങ്ങളിൽ ചട്ടപ്രകാരം നിഷ്ക്കർഷിച്ചിട്ടുള്ള സുരക്ഷാ മാർഗ്ഗങ്ങൾ നിർമ്മാണവേളയിൽ ഒഴിവാക്കി വരുന്നത് ഒട്ടേറെ അത്യാഹിതങ്ങൾക്കും അപകടങ്ങൾക്കും കാരണമാകുന്നുണ്ട്.

കേരളത്തിൽ പണിയുന്ന ഫ്ളാറ്റ് സമുച്ചയങ്ങളിൽ ജനൽപാളികൾ ഗ്ലാസുകൊണ്ടുള്ളതാണ്. ഇതിന് അഴികളോ മറ്റ് തടസ്സങ്ങളോ ഇല്ലാത്തതിനാൽ നിരക്കി മാറ്റിയാൽ ആളുകൾക്ക് പുറത്തേക്ക് കടക്കാവുന്ന രീതിയാണ്. പത്തും ഇരുപതും നിലകളുള്ള പടുകൂറ്റൻ ഫ്ളാറ്റുകൾ ഇത്തരത്തിൽ പണിയുന്നത് അപകടസാധ്യത വർദ്ധിപ്പിക്കുന്നു. കുട്ടികളും കൗമാരക്കാരും കൗതുകത്തിനായി ജനലുകളിലെ ഗ്ലാസ് പാളികൾ മാറ്റി അതിലിരിക്കുകയും താഴേക്കുള്ള കാഴ്ചകൾ കാണാൻ അൽപ്പം സാഹസത്തിനു മുതിരുകയും ചെയ്യും. ഇത് വലിയ അപകടമാണ് സൃഷ്ടിക്കുന്നത്. മുകളിൽ നിന്നും താഴേക്ക് വീണ് നിരവധി ജീവനുകൾ പൊലിയുന്നു.

ഫ്ളാറ്റുകൾ പണിയുമ്പോൾ മുറികളിൽ വശത്തുള്ള ജനലുകളും സിറ്റൗട്ടുകളും സുരക്ഷ മുൻകൂട്ടി കണ്ട് വേണ്ടതായ ഉറപ്പുകൾ വരുത്തേണ്ടതുണ്ട്. എന്നാൽ ലാഭത്തിനുവേണ്ടി ഇതൊന്നും നിർമ്മാതാക്കൾ ശ്രദ്ധിക്കാറില്ല.

## ക്രമക്കേടുകളും ചട്ടലംഘനങ്ങളും വർദ്ധിക്കുന്നു

**സ**ർക്കാർ വകുപ്പുകളിൽ അക്കൗണ്ടന്റ് ജനറലിന്റെ (എ.ജി) പരിശോധനപേരിനു മാത്രമായതോടെ പല ഓഫീസുകളിലും ചട്ട ലംഘനങ്ങളും ക്രമക്കേടുകളും വ്യാപകമാവുന്നതായി റിപ്പോർട്ടുകൾ. മുൻ കാലങ്ങളിൽ നടത്തിയിരുന്ന വിശദ പരിശോധനനാമമാത്രമാക്കി ചുരുങ്ങിയതോടെ ക്രമക്കേടു നടത്തുന്നവർക്ക് വലിയ സൗകര്യമായിരിക്കുകയാണ്.



ഒട്ടേറെ വകുപ്പുകളിൽ പദ്ധതി പ്രവർത്തനങ്ങളും പദ്ധതിയിതര ചെലവുകളും ക്രമവിരുദ്ധമായാണ് നടത്തുന്നതെന്ന കാര്യം ട്രഷറി ഉദ്യോഗസ്ഥർ അടിവരയിട്ട് പറയുന്നു. എന്നാൽ നൂറുകണക്കായ ഇത്തരം ചെയ്തികൾ മൊത്തം കണ്ടെത്താൻ തങ്ങൾക്കാകില്ലെന്ന നിസ്സഹായത ട്രഷറി വകുപ്പ് ഉദ്യോഗസ്ഥർ വെളിപ്പെടുത്തുന്നു. മുൻ കാലങ്ങളിൽ എ.ജിയുടെ പരിശോധനാ ഫയലുകൾ വിശദമായി പരിശോധിച്ച് ചട്ടലംഘനം അടിവരയിട്ടുള്ളതായിരുന്നു. എന്നാൽ ഇപ്പോൾ ട്രഷറിയിൽ എത്തുന്ന പണം അനുവദിച്ചുള്ള ഉത്തരവ് മാത്രം നോക്കിയുള്ള പരിശോധനാരീതിയാണ്. ഇതിന് വളച്ചൊടിച്ച മറുപടി നൽകാൻ ക്രമക്കേടു കാട്ടുന്ന ഉദ്യോഗസ്ഥർ വിരുതന്മാരാണ്.

കോടിക്കണക്കിന് രൂപയാണ് അവിഹിതമായി ചില സ്ഥാപനങ്ങൾ നേടിയെടുക്കുന്നത്. ചെയ്യാത്ത നിർമ്മാണപ്രവർത്തനങ്ങളിലെ ചില ഘടകങ്ങൾക്ക് തുക എഴുതി മാറ്റുകയും, അത് വീതംവെച്ചെടുക്കുന്ന രീതികളുമുണ്ട്. മൊത്തം കരാറിന്റെ ധനവിനിയോഗ സർട്ടിഫിക്കറ്റും, പൂർത്തീകരണ സർട്ടിഫിക്കറ്റും നൽകി തട്ടിപ്പ് മറച്ചുപിടിക്കും. ഇക്കാര്യത്തിലെ ഉദ്യോഗസ്ഥ- കരാറുകാരുടെ ഒത്തുകളി എ.ജിയോ, വകുപ്പുതല പരിശോധനാ വിഭാഗമോ കണ്ടെത്തുകയോ അന്വേഷിക്കുകയോ ചെയ്യാറില്ല.

## ചീഫ് എഞ്ചിനീയറെ നോക്കുകുത്തിയാക്കുന്നു

**ഇ**റിഗേഷൻ വകുപ്പിൽ നിയമനം, സ്ഥലം മാറ്റം, പ്രമോഷൻ എന്നിവയുടെ പേരിൽ ജീവനക്കാർ പ്രതിഷേധത്തിലാണ്. ബാഹ്യ ഇടപെടൽ അസഹ്യമായ ഇവിടെ ഫോണിലൂടെയുള്ള സ്ഥലം മാറ്റം, സത്യസന്ധരായ ജീവനക്കാർക്കെതിരേ അച്ചടക്ക നടപടി, മാനദാണ്ഡങ്ങൾ പാലിക്കാതെയുള്ള നിയമനരീതി എന്നിവ നിത്യസംഭവമാണെന്നാണ് ആക്ഷേപം.

വകുപ്പിന്റെ മുഖ്യ ചുമതലക്കാരൻ ചീഫ് എഞ്ചിനീയറാണെങ്കിലും അദ്ദേഹത്തെ അറിയിക്കാതെ കാര്യങ്ങൾ നടത്താൻ ഒന്നുരണ്ട് പേരെ പ്രത്യേകം ചുമതലപ്പെടുത്തിയിട്ടുള്ളതായാണ് അറിയുന്നത്. ഗസറ്റഡ് തസ്തികയിലെ പ്രമോഷനുകൾ യഥാസമയം നൽകുന്നതിനായി ഡി.പി.സി നോട്ട് തയ്യാറാക്കി സർക്കാരിലേക്ക് സമർപ്പിക്കുന്നില്ല. ഇതിനു പിന്നിൽ മറ്റു ചില താൽപ്പര്യങ്ങളാണെന്നാണ് ജീവനക്കാർ പറയുന്നത്. പരാതിപ്പെട്ടാലും ഫലമില്ലെന്ന് കണ്ട് പലരും പത്തിമടക്കിയിരിക്കുകയാണ്. മന്ത്രിയേയും തെറ്റിദ്ധരിപ്പിക്കാൻ വിരുതുള്ളവരാണ് ഇതിനു പിന്നിൽ പ്രവർത്തിക്കുന്നത്.

ഒടുവിലായി ഭരണകക്ഷി സംഘടനയായ കേരളാ ഗസറ്റഡ് ഓഫീസേഴ്സ് അസോസിയേഷൻ (കെ.ജി. ഒ.എ) പരസ്യമായി പ്രതിഷേധത്തിനിറങ്ങിയിരിക്കുകയാണ്.

കത്തുകൾ

### തകർച്ചയെ ബി.എസ്.പി അതിജീവിക്കണമെങ്കിൽ

സുശീലാമോഹൻ എഴുതിയ ബി.എസ്.പി തകർന്നടിയുകയാണോ? എന്ന ലേഖനമാണ്(ഡിസംബർ 1-15) ഈ കത്തിനാധാരം.

കേന്ദ്രസർവ്വീസിൽ ഉന്നതപദവിയിലിരിക്കെ ഒരു ഏപ്രിൽ 14 ന് മറ്റൊരു സഹപ്രവർത്തകൻ അവധിയെടുത്തതിന്റെ പേരിൽ മേലധികാരിയുടെ ശിക്ഷാനടപടി നേരിൽ കണ്ടതാണ് കാംഷിറാം ഉദ്യോഗം രാജിവച്ച് പല ഘട്ടങ്ങളിലായി ബഹുജൻ സമാജ് പാർട്ടി രൂപീകരിക്കുന്നതും അംബേദ്കറിസ്റ്റാവുന്നതും.

ഐ.എ.എസ് മോഹവുമായി കാൻഷിറാമിനെകണ്ട മായാവതിയോട് ഒരു ജില്ല ഭരിക്കേണ്ടവളല്ല നീ ഇന്ത്യ ഭരിക്കേണ്ടവളാണെന്ന അദ്ദേഹത്തിന്റെ തീരുമാനത്തിൽ നിന്നാണ് ഒന്നിലധികം തവണ മായാവതി യു.പി മുഖ്യമന്ത്രിയായത്.



ഉച്ചനേരത്തും സന്ധ്യാനേരത്തും ഗോതമ്പുപാടങ്ങളിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ അടുത്തേയ്ക്ക് കിലോമീറ്ററുകളോളം സൈക്കിൾ ചവിട്ടി ലളിതമായ ഭാഷയിൽ ഉദാഹരണങ്ങൾ സഹിതം നമ്മൾ ഭരിക്കപ്പെടേണ്ടവരല്ല ഭരിക്കേണ്ടവരാണ് എന്ന് ബോദ്ധ്യമാക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞു.

ജയിക്കുവാൻ സാദ്ധ്യതയില്ലാത്ത മണ്ഡലങ്ങളിൽ മാത്രം മത്സരിക്കുവാനിഷ്ടപ്പെട്ടിരുന്ന അദ്ദേഹം തന്റെ അണികളെ പാർലമെന്റിലും നിയമസഭകളിലും എത്തിക്കുവാനാണാഗ്രഹിച്ചത്. അദ്ദേഹം ആദ്യമായി പാർലമെന്റിലെത്തിയപ്പോൾ പ്രധാനമന്ത്രിയും പ്രതിപക്ഷവുമൊന്നടങ്കം കൈകൂപ്പി അദ്ദേഹത്തെ പാർലമെന്റിനുള്ളിലേക്ക് ആനയിച്ചിരുന്നു.

1994 ൽ മായാവതി ഉത്തർപ്രദേശ് മുഖ്യമന്ത്രിയായപ്പോൾ ലഖ്നൗവിൽ ചേർന്ന മഹാസമ്മേളനത്തിൽ (ഞാനും ഈ സമ്മേളനത്തിൽ പങ്കെടുത്തതാണ്) കാൻഷിറാം പറഞ്ഞത് 'എന്റെ ശബ്ദപരിധിക്കുള്ളിൽ ഏതെങ്കിലും ബ്രാഹ്മണൻ നിൽപ്പുണ്ടെങ്കിൽ അവർ ഇവിടം വിട്ടുപോകണം. എനിക്ക് അവരോടല്ല സംസാരിക്കുവാനുള്ളത്. എനിക്ക് ചുറ്റും കൂടിയിരിക്കുന്ന അധഃസ്ഥിതരോടാണ് എന്നാണ് പറഞ്ഞതെങ്കിൽ ഇന്ന് ബി.എസ്.പിയുടെ അഖിലേന്ത്യാ ഉപാദ്ധ്യക്ഷൻ സതീഷ്ചന്ദ്രമിശ്രയെന്ന തനി ബ്രാഹ്മണനെയാണ് മായാവതി നിയമിച്ചിട്ടുള്ളത്. കാൻഷിറാമിന്റെ ബഹുജൻ സമാജിൽ നിന്നും സർവ്വജൻ സമാജിലേക്കും ബ്രാഹ്മണിക്കൽ പോളിസികളിലേക്കും കടന്നുചെല്ലാൻ ഇനി അധികം ദൂരമില്ല എന്നതാണ് വസ്തുത.

ഇളം നിറമുള്ള ഷർട്ടും പാന്റും ഇട്ട് സാധാരണക്കാരനായി വേദിയിലെത്തി തന്റെ ജനത്തോട് സംസാരിച്ച കാൻഷിറാമിന്റെ പിൻമുറക്കാരിക്ക് പത്തടി ഉയരമുള്ള സ്റ്റേജും വർണ്ണാഭമായ കസേരയും മുമ്പിൽ ഒരു ടീപ്പോയും വേണം. ലക്ഷങ്ങൾ വിലയുള്ള കുർത്ത ധരിച്ച് വേദിയിൽ കാലിന്മേൽ കാൽ കയറ്റിവച്ച് ഇരിക്കുന്ന മായാവതിയെ കണ്ടാൽ കാൻഷിറാംജിയുടെ പ്രത്യയശാസ്ത്രതയോടുള്ള ജീവിതം എത്ര ലളിതമായിരുന്നുവെന്ന് മനസ്സിലാകും.

ഇന്ത്യയിലാദ്യമായി ബി.എസ്.പിക്ക് വിദ്യാർത്ഥി സംഘടന(ബഹുജൻ വിദ്യാർത്ഥി സമാജ്) രൂപീകരിച്ചു പ്രവർത്തിച്ച ആളാണ് ഇതെഴുതുന്ന ഞാൻ.

സുശീലാമോഹൻ ലേഖനത്തിൽ പറഞ്ഞിട്ടുള്ളത് പൂർണ്ണമായും വസ്തുതയാണ്. ബി.എസ്.പി തകർന്നടിയാതിരിക്കണമെങ്കിൽ പാർട്ടി കാൻഷിറാമിലേയ്ക്കും കല്ലറ സുകുമാരനിലേയ്ക്കും മടങ്ങുക മാത്രമാണ് പോംവഴി.

**ഷിബു കാക്കനാട്**
കോട്ടയം (9446119288)

### വിദ്യയുണ്ട്; വിവേകമില്ല; അറിവുണ്ട്; നെറിവില്ല

സുൽത്താൻ ബത്തേരി സർവ്വ ജനഹൈസ്ക്കൂളിലെ ഷഹ്‌ലാ ഷെറിൻ സർപ്പദംശനമേറ്റുമരിച്ചു. മനുഷ്യ മനഃസാക്ഷിയെ നടുക്കിയ സംഭവം. ഫാത്തിമയുടെ ദുരൂഹ സാഹചര്യത്തിലെ മരണം ഒരു കുടുംബത്തിന്റെ സ്വപ്നങ്ങളെല്ലാം തകർത്തു. (ഡിസംബർ 1-15). രണ്ട് മരണങ്ങൾക്കും കാരണക്കാരായവർ അദ്ധ്യാപകരും. ഷെഹ്‌ലായുടെ ജീവൻ നഷ്ടപ്പെടുത്തിയതിൽ ഡോക്ടർമാരും പങ്കാളിയായി. ഇന്ത്യയിൽ , ഏതാനും വർഷം മുമ്പുള്ള കണക്കനുസരിച്ച് 16,885 കോളേജുകളുണ്ട്. 18 കേന്ദ്ര സർവ്വകലാശാലകൾ, 205 സംസ്ഥാനസർവ്വകലാശാലകൾ, 95 കൽപ്പിത യൂണിവേഴ്സിറ്റികൾ. 18 ദേശീയ ഇൻസ്റ്റിറ്റ്യൂട്ടുകൾ, ഏഴ് സ്വകാര്യ സർവ്വകലാശാലകൾ. ഈ വിദ്യാഭ്യാസസ്ഥാപനങ്ങളെല്ലാം ഉണ്ടായിട്ടും അദ്ധ്യാപകർ കൂടുതൽ നന്നാകുന്നതിനു പകരം നിയന്ത്രണാതീതമായി വിഷളായി എന്നതിന്റെ തെളിവാണ് മേൽപ്പറഞ്ഞ ഇരു ജീവഹാനിയും.

ദൈവത്തിന്റെ സ്വന്തം നാട്. ഗോഡ്സ് ഓൺ കൺട്രി. കേരളം അങ്ങനെയാണെന്ന തോന്നലിന് ഷഹ്‌ലയുടെ ദാരുണ വേർപാടും ഇതരസംഭവങ്ങളും ക്ഷതം ഏൽപ്പിച്ചിരിക്കുന്നു. നമുക്ക് വിദ്യയുണ്ട്; വിവേകം ഇല്ല. അറിവുണ്ട്; നെറിവില്ല. വിവരമുണ്ട്; തിരിച്ചറിവില്ല. ബിരുദമുണ്ട്; വിരുതില്ല. പാണ്ഡിത്യമുണ്ട്; പേഴ്സാണാലിറ്റിയില്ല.

ശരിയായ അർത്ഥത്തിൽ 'ഫൂൾസ് ഓൺ കൺട്രി'. സ്ക്കൂൾ കോളേജ് പരീക്ഷകളിൽ മികച്ച പ്രകടനമായിരുന്നു ഫാത്തിമ കാഴ്ച വച്ചത്. പക്ഷേ, ജീവിതപരീക്ഷയിലും പരീക്ഷണങ്ങളിലും സുദർശനൻ പത്മനാഭനെപ്പോലുള്ളവരുടെ മുന്നിൽ ഫാത്തിമ ദയനീയമായി പരാജയപ്പെട്ടു. ഇവിടെയാണ് കുട്ടികൾ ജീവിതപാഠം പഠിക്കേണ്ട ആവശ്യകതയിലേക്ക് വിരൽ ചൂണ്ടുന്നത്. മാർക്ക്, ഗ്രേഡ്, റാങ്ക്, സർട്ടിഫിക്കറ്റ്, സിലബസ്, പരീക്ഷ ഇവയുടെ എല്ലാറ്റിന്റേയും മുകളിലാണ് ജീവിതമെന്നത് ഫാത്തിമ ഒരു നിമിഷം വിസ്മരിച്ചു. 21-ാം നൂറ്റാണ്ടിലെ തലമുറ 'തൊട്ടാവാടി'കളായി വളരുന്നതിന് പ്രതിവിധി കണ്ടെത്തേണ്ടിയിരിക്കുന്നുവെന്നാണ് ഫാത്തിമയുടെ ദുരന്തം



നൽകുന്ന സൂചന.രണ്ടു കുട്ടികളുടെയും മരണത്തിന് കാരണക്കാരെ യഥാവിധി ശിക്ഷിക്കേണ്ടതാണ്. രാഷ്ട്രീയ സ്വാധീനത്തിൽ കുറ്റക്കാരായ അദ്ധ്യാപകരും ഡോക്ടറും രക്ഷപ്പെടരുത്.

**ഫാ. ഡാർലി എടപ്പാങ്ങാട്ടിൽ,**
മുളന്തുരുത്തി (8547959951)

## കേരള ലോട്ടറി സമ്മാനഘടന പരിഷ്ക്കരിക്കണം

സംസ്ഥാനസർക്കാർ ലോട്ടറിയുടെ ഒരു ദിവസത്തെ ടിക്കറ്റിൽ, 12 സീരിയലുകളിലായി 108 ലക്ഷം ടിക്കറ്റുകളാണ് അച്ചടിക്കപ്പെടുന്നത്. അതിൽ ഒന്നും, രണ്ടും സമ്മാനങ്ങൾക്കും, സമാശ്വാസ സമ്മാനങ്ങൾക്കും പുറമെ, 5000, 2000, 1000,500, 200,100 രൂപാ സമ്മാനങ്ങൾ വീതം പരമാവധി 2 ലക്ഷം ടിക്കറ്റുകൾക്ക് മാത്രമേ സമ്മാനം കിട്ടുന്നുള്ളു. അതായത് ബാക്കി വരുന്ന 106 ലക്ഷം ടിക്കറ്റുകൾക്കും സമ്മാനമില്ലാത്ത അവസ്ഥ!

ലോട്ടറി വിൽപ്പനക്കാരുടെ സംഘടനകൾ പറയുന്നത്, ഈ സമ്മാനരാഹിത്യം ലോട്ടറി കച്ചവടത്തെ സാരമായി ബാധിച്ചിരിക്കുന്നുവെന്നും, ടിക്കറ്റുകൾ പഴയതുപോലെ വിറ്റുപോകുന്നില്ല എന്നുമാണ്. ജനങ്ങളെ ആകർഷിക്കുംവിധം സമ്മാനഘടനയിൽ പ്രകടമായ വർദ്ധനവ് വരുത്തിയെങ്കിൽ മാത്രമേ, ഈ കച്ചവടസംരംഭം ഇനി മുന്നോട്ട് പോകുകയുള്ളു.

സംസ്ഥാനത്തിന്റെ മുഖ്യ വരുമാനസ്രോതസ്സുകളായ ബാറും, ലോട്ടറിയും പുറകോട്ട് പോയാൽ അത് നിലനിൽക്കുന്ന സാമ്പത്തിക മാന്ദ്യത്തിന്റെ ആക്കം വർദ്ധിപ്പിക്കുമെന്ന കാര്യത്തിൽ സംശയമില്ല.

**വി.ജി. പുഷ്കിൻ**
തിരുവനന്തപുരം
(9446419893)

## അവർക്ക് ഒരു നിയമവും ബാധകമല്ല

നവംബർ 16-30 ലക്കം കൊച്ചിയിലെ ഫ്ളാറ്റുകളെക്കുറിച്ച് എഴുതിയിരുന്നത് വായിച്ചു. ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ രഹസ്യ അനുമതിയാണ് ഫ്ളാറ്റു നിർമ്മാതാക്കൾ ചൂഷണം ചെയ്ത്, അപകടകരമാംവിധം ഫ്ളാറ്റ് സമുച്ചയങ്ങൾ കെട്ടിപ്പൊക്കികൊണ്ടിരിക്കുന്നത്. മരടിലെ ഫ്ളാറ്റ് സമുച്ചയത്തിനെതിരെ സുപ്രീംകോടതിക്ക് ഇടപെടേണ്ടിവന്നപ്പോഴാണ് സമൂഹം ഫ്ളാറ്റുകളുടെ കടന്നുകയറ്റത്തെക്കുറിച്ച് ശ്രദ്ധിക്കുന്നതുതന്നെ.

കൊച്ചിയിൽ മാത്രമല്ല എല്ലാ ജില്ലകളിലും, ഫ്ളാറ്റുകളുടെ അനധികൃത നിർമ്മാണം നടക്കുന്നുണ്ട്. തിരുവനന്തപുരം നഗരസഭയിൽ കരമനആറ്റിൻ തീരത്ത് ഫ്ളാറ്റ് സമുച്ചയ നിർമ്മാണത്തിന് വഴിയൊരുക്കിയിട്ടുണ്ട്. ചില രാഷ്ട്രീയ പാർട്ടികൾക്കും നഗരസഭയിലെ ചില കൗൺസിലറന്മാർക്കും ഫ്ളാറ്റു നിർമ്മാതാക്കളുമായി അവിഹിത ഏർപ്പാടുകളുണ്ട്.

സാധാരണക്കാരന് ഒരു വീട് എന്ന സ്വപ്നം സാക്ഷാത്ക്കരിക്കാൻ ഏറെ കടമ്പകൾ കടക്കണം. എന്നാൽ ഫ്ളാറ്റ് നിർമ്മാതാക്കൾക്കും സമ്പന്നർക്കും യാതൊരു തടസ്സവും ഇല്ലാത്ത അവസ്ഥയാണുള്ളത്.

**അഡ്വ. പൂഴിക്കുന്ന് സുദേവൻ**
തിരുവനന്തപുരം
(9383424247)

## സ്നേഹസാന്ദ്രം രവിനിവേശം

'കേരളശബ്ദം' ബാംഗ്ലൂർ ലേഖകൻ ശ്രീ വിഷ്ണുമംഗലം കുമാർ എഴുതുന്ന 'സ്നേഹസാന്ദ്രം രവിനിവേശം' ഏറ്റവും മികച്ച നോവലാണ്.

തണൽമരങ്ങളുടെ നിഴൽ വിരിച്ച വീതിയും വൃത്തിയുള്ള റോഡുകളും പൂച്ചെടികളും സസ്യജാലങ്ങളും പുഞ്ചിരി പൊഴിക്കുന്ന ചെറുതും വലുതുമായ ധാരാളം ഉദ്യാനങ്ങൾ. അതേപോലെ നിരവധി ക്ഷേത്രങ്ങളും ആ ഏരിയായിലുണ്ട്. ചില വീടുകൾ സംഗീത-ശാസ്ത്രീയ നൃത്തവേദികളിലായി പരിണമിച്ചിരിക്കുന്നു ആർത്തിപിടിച്ച വാണിജ്യസംസ്കാരം മല്ലേശ്വരത്ത് കടന്നുതുടങ്ങിയിട്ടില്ല. ശാന്തിയും സമാധാനവും കളിയാടുന്ന സംഗീത സാന്ദ്രമായ നഗരഭാഗമാണിത്.

ശ്രീ. വിഷ്ണുമംഗലം കുമാറിറിന് അഭിനന്ദനങ്ങൾ

**പി.എസ്. ആർ. പിള്ള**
**കിളികൊല്ലൂർ, കൊല്ലം**

## ഭരണഘടന എല്ലാവർക്കുമുള്ളതാണ്

വിജ്ഞാനപ്രദവും, കാലിക പ്രസക്തിയുള്ളതുമായ നവംബർ 16 - 30 ലക്കത്തിലെ പ്രസാധകക്കുറിപ്പിന് അഭിനന്ദനങ്ങൾ. അയോദ്ധ്യയിലെ ബാബറി മസ്ജിദ് പ്രശ്നത്തിൽ പരമോന്നത കോടതിയുടെ വിധിന്യായം ഇന്ത്യ മുഴുവൻ നെഞ്ചേറ്റിയതിനെക്കുറിച്ചാണ് ആ കുറിപ്പ്. മതനിരപേക്ഷ ഭാരതത്തിന് വലിയൊരു ആശ്വാസമായ ഈ വിധിയിലൂടെ സുപ്രീംകോടതി ചീഫ് ജസ്റ്റിസ് ഗോഗോയ് ജനമനസ്സുകളിൽ ചിരപ്രതിഷ്ഠ നേടിയിരിക്കുന്നു. വിധിയെ എല്ലാവരും തത്വത്തിൽ അംഗീകരിച്ചെങ്കിലും ഇതിനെതിരേ പുന:പരിശോധനഹർജി വരുന്നുണ്ടെന്നാണ് ഇപ്പോൾ കേൾക്കുന്നുത്. അഖിലേന്ത്യാ മുസ്ലിം വ്യക്തിനിയമ ബോർഡും, ജംഇയ്യത്തുൽ ഉലമയുമാണത്രേ ഹർജി കൊടുക്കുന്നത്. എല്ലാം സമംഗളം തീർന്നെന്നു വിചാരിച്ച പ്രശ്നം ഉമിത്തീപോലെ ഇനിയും പുകഞ്ഞു കത്തുമോയെന്തോ? ഇന്ത്യൻ ഭരണഘടനഎല്ലാവർക്കുമുള്ളതാണ്. എല്ലാവരും അതിനെമാനിക്കണം എന്നു മാത്രമേ ഈയവസരത്തിൽ പറയാനാകൂ.

**സണ്ണി ജോസഫ്, മാള.**

ഡോ. കെ.പി. പൗലോസ്





# ഒന്നാം കൂനം

## പോർട്ടുഗീസ് ഏകാധിപത്യത്തി ക്രിസ്ത്യാനികൾ മട്ടാഞ്ചേരിയിൽ

കഴിഞ്ഞമാസം കോതമംഗലം യാക്കോബായ ചെറിയ പള്ളിയിൽ നൂറുകണക്കിന് സഭാവിശ്വാസികൾ, പള്ളിക്ക് പുറത്തുള്ള കുരിശിൽ കയർകെട്ടി അതിൽപ്പിടിച്ച് എല്ലാവരും യാക്കോബായ സഭയെ ജീവൻ കൊടുത്തും സംരക്ഷിക്കും എന്ന് മുദ്രാവാക്യങ്ങൾ മുഴക്കുകയുണ്ടായല്ലോ. ആയിരക്കണക്കിന് ജനങ്ങൾ അതിൽ പങ്കെടുത്തു. എന്നുമാത്രമല്ല കൊച്ചുകുട്ടികളെ അവരുടെ കൈമുറിച്ച് രക്തം കൊണ്ട് മുദ്രാവാക്യങ്ങൾ അന്ന് എഴുതിച്ചതിന് കേരള മനുഷ്യാവകാശ കമ്മീഷൻ കേസെടുത്തിട്ടുണ്ട്. ഇത് രണ്ടാം കൂനം കുരിശു സത്യമാണെന്നും, ഇതിൽ തോറ്റാൽ കേരളമാകെ തങ്ങൾ ജയിക്കുന്നതുവരെ സംഘർഷഭരിതമാക്കാനാണത്രേ ഇവരുടെ ഉദ്ദേശം. സെക്രട്ടറിയേറ്റിന് മുമ്പിൽ നടക്കുന്ന സമരം ആഴ്ചകൾ കടന്നിരിക്കുകയാണ്. ഓരോ ദിവസവും യാക്കോബായ സഭയിലെ വിവിധ ഭദ്രാസനാമെത്രാന്മാർ സമരം ആരംഭിക്കും. ഇവരോട് യോജിപ്പും അനുഭാവവുമുള്ള രാഷ്ട്രീയ നേതാക്കന്മാരെയും പങ്കെടുപ്പിക്കുന്നു. ശവശരീരം സംസ്കരിക്കുവാൻ ഒരാഴ്ചയായിട്ടും ഗവൺമെന്റ് ഒത്താശ ചെയ്യുന്നില്ലെന്നും ഇടവക വികാരികളും കൂട്ടരും സമ്മതിക്കുന്നില്ലെന്നുമുള്ള 'പച്ചക്കള്ളം' മാധ്യമങ്ങളിൽ കൂടിയും പത്രപ്രസ്താവനകൾ വഴിയും നടത്തുന്നു. 2017 ലെ കോടതി വിധി അനുസരിച്ച് പള്ളിയുടെയും പള്ളിവക സെമിത്തേരിയുടെയും നടത്തിപ്പിന്റെ അവകാശവും അധികാരവും പള്ളി വികാരിയ്ക്കാകുമ്പോൾ, അദ്ദേഹത്തിന്റെ അനുവാദമില്ലാതെ, അദ്ദേഹം അനുവദിക്കുന്ന വൈദികർ അല്ലാതെ മറ്റുള്ളവർ പ്രാർത്ഥനചൊല്ലി പള്ളിമുറ്റത്തുകൂടി സെമിത്തേരിയിൽ കയറണം എന്നുപറഞ്ഞാൽ കോടതി സമ്മതിക്കുമോ?

ദൈവത്തിന്റെ കയ്യൊപ്പു സിദ്ധിച്ചിട്ടുള്ള മെത്രാന്മാരും ക്രിസ്തുവിന്റെ പ്രതിപുരുഷന്മാരായ പാതിരിമാരും മുട്ടിപ്പായി പ്രാർത്ഥിച്ച് വി. റൂഹാ ആവഹിച്ച് ബലിപീഠത്തിലിരിക്കുന്ന അപ്പവും വീഞ്ഞും ക്രിസ്തുവിന്റെ ശരീരവും രക്തവും ആക്കിതീർക്കുവാനുള്ള വിശുദ്ധപ്രാർത്ഥനകൾ അടങ്ങിയ കുർബാന(ദിവ്യബലി) പബ്ലിക് റോഡിൽ, ഒരു മേശയും ഇട്ട്, മരക്കുരിശും വച്ച്, ആരാധനാവസ്ത്രങ്ങളും ധരിച്ച് ആലപിക്കുമ്പോൾ ഏത് ദൈവം കേൾക്കുമെന്നാണ് ഇക്കൂട്ടർ വിശ്വസിക്കുന്നത്? ഒന്നാം കൂനംകുരിശുസത്യത്തിന്റെ സത്യങ്ങളും, അതിനിടയാക്കിയ സംഭവപരമ്പരകളും താരതമ്യപ്പെടുത്തി നോക്കുമ്പോൾ, കോതമംഗലം ചെറിയ പള്ളിയിൽ നടന്ന രണ്ടാം കൂനംകുരിശുസത്യം ആഭാസമായിപ്പോയി.

ഒന്നാം കൂനംകുരിശു സത്യത്തിന്റെ ചരിത്രവും കാരണങ്ങളും അറിയണമെങ്കിൽ അതിനുമുമ്പ് ഉദയംപേരൂർ നടന്ന (ഇപ്പോൾ എറണാകുളം ജില്ലയിൽ) സുനഹദോസിനെപ്പറ്റി അറിയണം. എ.ഡി. 52 ൽ ഇന്ത്യ സന്ദർശിച്ച ക്രിസ്തുശിഷ്യൻ തോമാശ്ലീഹാ കേരളത്തിലെ കൊടുങ്ങല്ലൂരിൽ വന്നിറങ്ങിയെന്നാണ് സഭാചരിത്രം പറയുന്നത്. കേരളത്തിന്റെയും തമിഴ്നാടിന്റെയും നാനാഭാഗങ്ങളിൽ സഞ്ചരിച്ച് അനേകം ഹിന്ദുക്കളെ മതപരിവർത്തനം ചെയ്തതിനുശേഷം ക്രിസ്തുമത വിരോധികളുടെ കുന്തം കൊണ്ടുള്ള കുത്തേറ്റ് എ.ഡി. 72 ജൂലൈ 3 ന് അന്തരിച്ച്, മദ്രാസിലെ സെന്റ് തോമസ് മൗണ്ടിൽ അടക്കപ്പെട്ടു. അദ്ദേഹം കേരളത്തിൽ ഏഴര പള്ളികൾ സ്ഥാപിച്ചു. കൊടുങ്ങല്ലൂർ, പാലയൂർ, നിരണം, കോട്ടക്കാവ്(പറവൂർ), കൊക്കമംഗലം, നിലയ്ക്കൽ, കൊല്ലം, തിരുവിതാംകോട് എന്നിവയാണത്. തിരുവിതാംകോട് പള്ളി പൂർത്തിയാകാത്തതുകൊണ്ട് അരപ്പള്ളി എന്നു പറയുന്നു. യൂറോപ്പിലും അമേരിക്കയിലും പ്രസിദ്ധമായ ഒരു ടൂറിസ്റ്റ് പ്രാർത്ഥനാകേന്ദ്രമാണ് പാറശ്ശാലയ്ക്കടുത്തുള്ള തിരുവിതാംകോട് പള്ളി. സെന്റ് തോമസിന്റെ മരണശേഷം പല മതാചാര്യന്മാരും പേർഷ്യൻ രാജ്യങ്ങളിൽ നിന്നുവന്ന് ഇന്ത്യയിൽ സ്ഥിരതാമസമാക്കിയിട്ടുണ്ടെന്നുമാത്രമല്ല, പല ബിഷപ്പുമാരും (പാത്രിയാർക്കീസുമാർ അടക്കം) കേരളത്തിൽ വന്ന് ഇവിടുത്തെ സെന്റ് തോമസ് ക്രിസ്ത്യാനികൾക്ക് മാർഗ്ഗനിർദ്ദേശം ചെയ്യുകയും അവരുടെ ആരാധനകൾക്ക് നേതൃത്വം നൽകു



# കൂരിശുസത്യം

## നെതിരായി കേരളത്തിലെ
## നടത്തിയ പ്രതിഷേധം

കയും ചെയ്തിട്ടുണ്ട്.

ഈ സമയത്താണ് പോർട്ടുഗീസുകാർ 15-ാം നൂറ്റാണ്ടിൽ ഗോവയിൽ വന്നത്. ലാറ്റിൻ ഭാഷയിലായിരുന്നു അവരുടെ ക്രിസ്തീയ ശുശ്രൂഷകൾ. കൂടാതെ റോമിലെ പോപ്പിന്റെ സർവ്വാധിപത്യത്തിൽ വിശ്വസിച്ചിരുന്ന ബിഷപ്പ് അലക്സിസ് ഡി മെൻസിഡിനായിരുന്നു ഗോവയിലെ ചാർജ്ജ്. കേരളത്തിൽ ധാരാളം ക്രിസ്ത്യാനികൾ ഉണ്ടെന്നറിഞ്ഞപ്പോൾ അവരെയെല്ലാം റോമൻ കത്തോലിക്ക സഭയുടെ അടിമത്വത്തിൽ കൊണ്ടുവരണമെന്ന് തോന്നി. അന്ന് ഉദയംപേരൂർ കൊച്ചി സംസ്ഥാനത്തിലായിരുന്നു എന്നാണ് അഭ്യൂഹം. തിരുവിതാംകൂർ രാജാവ് മാർത്താണ്ഡവർമ്മയാണ് ഉദയംപേരൂർ വെട്ടിപ്പിടിച്ച് തിരുവിതാംകൂറിനോട് ചേർത്തത്. ഗോവ മെത്രാൻ കൊച്ചിരാജാവിന് പണവും സ്വർണ്ണവും അലങ്കാരവസ്തുക്കളും സമ്മാനമായി കൊടുത്ത് ഉദയംപേരൂർ പള്ളിയിൽ ഒരു സുനഹദോസ് ചേരുവാൻ തീരുമാനിച്ചു. കൊച്ചി രാജാവിന്റെ ഒത്താശകളുണ്ടായിരുന്നതുകാരണം കേരളത്തിലെ എല്ലാ പള്ളികളിലുള്ള പാതിരിമാരും അംഗങ്ങളും ചേർന്ന് 1599 ജൂൺ മാസം 20 ന് സുനഹദോസ് കൂടി.(Diamper Synod 1599) അന്നുവരെ നിലനിന്നിരുന്ന സെന്റ് തോമസ് മലബാർ ക്രിസ്ത്യൻസിന്റെ ആരാധനാക്രമങ്ങളും പ്രാർത്ഥനാപുസ്തകങ്ങളും നശിപ്പിച്ചു. അവർ ആചരിച്ചുകൊണ്ടിരുന്ന സകല പ്രാർത്ഥനകളും ദിവ്യ ആചാരങ്ങളും നിരോധിച്ചു. 6 ദിവസം കൊണ്ട് 600 ഡിക്രികൾ/ ആചാരങ്ങൾ അച്ചടിച്ചിറക്കി. വിശ്വാസപ്രമാണങ്ങൾ അടങ്ങിയ പല പുസ്തകങ്ങളും തീയിട്ടു. പല ഭാഷകളിലുള്ള നാൽപ്പതോളം പുസ്തകങ്ങൾ നിരോധിച്ചു.
അങ്ങനെഗോവ ബിഷപ്പ് കെട്ടിച്ചേൽപ്പിച്ച തീരുമാനങ്ങൾ സുനഹദോസിൽ സംബന്ധിച്ചിരുന്ന 130 ആചാര്യന്മാരും 660 പള്ളി പ്രതിപുരുഷന്മാരും മിണ്ടാതെ, സ്വരക്ഷയെ പേടിച്ച്, അംഗീകരിച്ചു.

**ഒന്നാം കൂനംകുരിശുസത്യത്തിന്റെ സത്യങ്ങളും, അതിനിടയാക്കിയ സംഭവപരമ്പരകളും താരതമ്യപ്പെടുത്തി നോക്കുമ്പോൾ, കോതമംഗലം ചെറിയ പള്ളിയിൽ നടന്ന രണ്ടാം കൂനംകുരിശുസത്യം ആഭാസമായിപ്പോയി.**

നിർബന്ധിച്ചേൽപ്പിച്ച ഈ പരിഷ്കാരങ്ങൾ, റോമാപോപ്പിന്റെ നിയന്ത്രണത്തിലാക്കിയ ഈസ്റ്റേൺ കാതലിക് സിറിയൻ കാത്തലിക് സഭയിലേക്ക് എല്ലാവരുംതന്നെ ചേർന്നെങ്കിലും, പലർക്കും മുറുമുറുപ്പുണ്ടായിരുന്നു. ഈ സമയത്ത് ചില വിശ്വാസികൾ പേർഷ്യൻ സഭാധികാരികളുമായി ബന്ധപ്പെട്ടു. തുടർന്ന് അന്തോഖ്യയിൽ നിന്നും മാർ അഹത്തുള്ള എന്ന ഒരു ബിഷപ്പ് കൊച്ചിയിലെത്തിയെങ്കിലും തൽപ്പരകക്ഷികളുടെ കുത്സിത പ്രയോഗങ്ങൾ കൊണ്ട് കൊച്ചി തുറമുഖത്ത് അദ്ദേഹത്തെ ഇറക്കിയില്ല. സൂററ്റിൽ അദ്ദേഹം ഇറങ്ങിയെന്നു പറയപ്പെടുന്നു-1652) ഈ വാർത്ത കേട്ടതോടുകൂടി പോർട്ടുഗീസുകാർക്കെതിരായി മാർതോമാ ക്രിസ്ത്യാനികൾ ഒന്നായി ബഹളങ്ങളുണ്ടാക്കി. അഹത്തുള്ളയെ പോർട്ടുഗീസുകാർ വധിച്ചു എന്നുകൂടി കേട്ടപ്പോൾ രോഷാകുലരായ ജനങ്ങൾ 1653 ജനുവരി 3 ന് മട്ടാഞ്ചേരി പള്ളിയിൽ ഒന്നിച്ചുകൂടി അവിടുത്തെ മുറ്റത്തുനിൽക്കുന്ന കുരിശിൽ തൊട്ട് ഗോവ കത്തോലിക്കരോട് ഒരു കാരണവശാലും യോജിക്കുകയില്ല എന്നും, തങ്ങൾ നേരത്തെ വിശ്വസിച്ചിരുന്ന വിശ്വാസങ്ങൾ

ജീവൻ കൊടുത്താലും പിന്തുടരും എന്ന് സത്യം ചെയ്തു.

അതിനുശേഷം കേരള ക്രിസ്തീയ സഭ രണ്ടായി പിരിഞ്ഞു. കാത്തലിക് സിറിയൻ ക്രിസ്ത്യൻസ്(റോമയുടെ കീഴിലുള്ളത്) എന്നും, സെന്റ് തോമസ് മലബാർ ക്രിസ്ത്യൻസ് എന്നും രണ്ടു വിഭാഗങ്ങളുണ്ടായി. (പഴയ കൂറ്റുകാരും പുത്തൻ കൂറ്റുകാരും). ഈ വിഭജനം എ.ഡി 345 ൽ കാനായ ദേശത്തുനിന്നും 72 കുടുംബങ്ങളോടുകൂടി കൊടുങ്ങല്ലൂരിൽ കുടിയേറിയ 'കാനാനായക്കാരെയും' ബാധിച്ചു. ഇപ്പോൾ ക്നാനായ കത്തോലിക്കരും ക്നാനായ യാക്കോബായക്കാരുമുണ്ട്.

കാലഘട്ടങ്ങൾ പലതുകഴിഞ്ഞു. പല പാത്രിയാർക്കീസുമാരും കേരളത്തിൽ വന്നു. ചിലർ ഇവിടെ മരിച്ചു, ഇവിടത്തെ പള്ളികളിൽ കബറടക്കപ്പെട്ടു. അന്ത്യോഖ്യാപാത്രിയാർക്കീസിന്റെ പൂർണ്ണാധികാരത്തിൽ മാർതോമാ സിറിയൻ ഓർത്തഡോക്സ് സഭാംഗങ്ങൾ ജീവിച്ചു. അപ്പോഴാണ് പൂർണ്ണാധികാരത്തോടെ ഇന്ത്യയിൽ ഒരു 'കാതോലിക്കേറ്റ് (പാത്രിയാർക്കീസിന്റെ നിയന്ത്രണത്തിലല്ലാതെ) 1912 ൽ സ്ഥാപിക്കപ്പെട്ടത്. പാത്രിയാർക്കീസിന് ആത്മീയാധികാരം കൊടുത്തു. ഈ കൂട്ടരെ മെത്രാൻ കക്ഷികൾ എന്നും പാത്രിയാർക്കീസിന്റെ പൂർണ്ണാധികാരത്തിൽ വിശ്വസിക്കുന്നവരെ ബാവാകക്ഷികൾ എന്നും പറയപ്പെടുന്നു. മലങ്കര സിറിയൻ ഓർത്തഡോക്സ് സഭ എന്നും, യാക്കോബായ സിറിയൻ ക്രിസ്ത്യൻസ് എന്ന് പറയാം. പള്ളിക്കേസുകൾ പലതായി. കോടാനുകോടി രൂപ വക്കീലന്മാർക്കായി ചെലവായി. പല കോടതികളിലും കേസുകളുണ്ടായി. അവസാനം സുപ്രീംകോടതി 2017 ജൂലൈയിൽ സർവ്വാധികാരവും ഭരണസ്വാതന്ത്ര്യവും കേരളത്തിലെ എല്ലാ പള്ളികളിലും കാതോലിക്കേറ്റിന്റെ തലവനായ സിറിയൻ ഓർത്തഡോക്സ് മലങ്കര മെത്രാപ്പോലീത്തയ്ക്ക് ആണെന്ന് വിധിച്ചു. ഇനി ഒരു അപ്പീലിനും സാദ്ധ്യതയില്ല. ഇങ്ങനെവന്നപ്പോൾ പാർത്രിയാർക്കീസ് കക്ഷിക്കാർക്ക് ജനപക്ഷമുള്ള പള്ളികളിൽപോലും ഭരണാധികാരം ശത്രുക്കളായ മെത്രാൻ കക്ഷിക്കാർക്ക് (ഓർത്തഡോക്സ്) കിട്ടിയതിന്റെ ചൊരുക്കാണ് ഇന്നീ കാണുന്ന സർവ്വാപലനീയമായ പ്രകടനങ്ങൾക്കും പ്രഘോഷണങ്ങൾക്കും സത്യാഗ്രഹത്തിനും മനുഷ്യ സൂര്യഗ്രഹത്തിനും മനുഷ്യ-മെത്രാൻ- ആചാര്യ നവോത്ഥാനചങ്ങലകൾക്കും കാരണം.

ഈ രണ്ട് കക്ഷികൾ പിളർന്നത് ഇപ്പോഴാണ്.



മാർതോമസ് സിറിയൻ സഭയിൽനിന്ന് 1890 കളിൽ മാർതോമാസഭക്കാർ, ചില ആചാരങ്ങളുടെ പേരും പറഞ്ഞ് വിട്ടുപോയി. മാർതോമയിൽനിന്നും 1962 കളിൽ ഇവാൻജലിസ്റ്റ് മാർതോമാസഭയുണ്ടായി. 1930 ൽ പോപ്പിന്റെ ആധിപത്യം സ്വീകരിച്ച് മലങ്കര സിറിയൻ ക്രിസ്ത്യൻ സഭയിൽ നിന്ന് മലങ്കര കത്തോലിക്കാ സഭയുണ്ടായി. കേരളത്തിൽ ജനസംഖ്യയുടെ 18 ശതമാനം വരുന്ന ക്രിസ്ത്യാനികൾ അങ്ങനെകേരളാകോൺഗ്രസുപോലെ പിരിയുകയാണ്. വിവിധ ക്രിസ്ത്യാനി സമൂഹത്തിന്റെ എണ്ണം നോക്കുകയാണെങ്കിൽ മലങ്കരസിറിയൻ കത്തോലിക്കസഭ- 24 ലക്ഷം, ലാറ്റിൻ കാത്തലിക് 9.3 ലക്ഷം, ഓർത്തഡോക്സ് 25 ലക്ഷം, യാക്കോബായ 12 ലക്ഷം, മാർതോമ്മാക്കാർ 10 ലക്ഷം, മാർതോമാ ഇവാൻജലിസ്റ്റ്- 1 ലക്ഷം, ക്നാനായ 3 ലക്ഷം, മലങ്കര കാത്തലിക് 5 ലക്ഷം. സി.എസ്.ഐ 2.7 ലക്ഷം എന്നിങ്ങനെയാണത്.

**മരിച്ച ക്രിസ്തുവിന്റെ അങ്കി പട്ടാളക്കാർ പങ്കിട്ടതുപോലെ ക്രിസ്തുവിന്റെ ഓരോ അവയവവും വെട്ടിനുറുക്കി ഓരോരുത്തർ പങ്കിടുകയാണ്. ഒന്നാം കൂനംകുരിശു സത്യം പോലെയാണോ വെറും പ്രഹസനമായ രണ്ടാം കൂനംകുരിശുസത്യം.**

മരിച്ച ക്രിസ്തുവിന്റെ അങ്കി പട്ടാളക്കാർ പങ്കിട്ടതുപോലെ ക്രിസ്തുവിന്റെ ഓരോ അവയവവും വെട്ടിനുറുക്കി ഓരോരുത്തർ പങ്കിടുകയാണ്. ഒന്നാം കൂനംകുരിശു സത്യംപോലെയാണോ വെറും പ്രഹസനമായ രണ്ടാം കൂനംകുരിശുസത്യം.

അവസാനമായി ഒരു അഭിപ്രായം ഇവിടെ എഴുതുകയാണ്. വലത്തേ കരണത്തടിച്ചാൽ ഇടത്തേ കരണം അടിക്കുവൻ കാണിച്ചുകൊടുക്കുക. തന്നെത്താൻ താഴ്ത്തപ്പെട്ടവൻ സ്വർഗ്ഗരാജ്യത്തിൽ ഉയർത്തപ്പെടും. ദൈവത്തിന്റെ വചനത്തിൽ വിശ്വസിക്കാത്ത സക്കറിയ ദീർഘദർശി യോഹന്നാന്റെ ജനനം വരെ ഊമയായിരുന്നു എന്ന വചനങ്ങൾ ഓർക്കുക. ഇപ്പോഴും പാത്രിയാർക്കീസന്മാരെ ഓർത്തഡോക്സുകാരുടെ പ്രാർത്ഥനകളിൽ സ്മരിക്കുന്നുണ്ട്. അങ്ങനെയാണെങ്കിൽ പണ്ട് ചെയ്തിരുന്നതുപോലെ പാത്രിയാർക്കീസിനെ ആത്മീയപിതാവായി അംഗീകരിച്ചാലെന്താണ് കുഴപ്പം? പ്രോട്ടോക്കോളിന്റെ പേരും പറഞ്ഞ്, ആത്മീയ പിതാവായ പരിശുദ്ധ പാത്രിയാർക്കീസ് കേരളം സന്ദർശിച്ചപ്പോൾ നമ്മുടെ കാതോലിക്കാ ബാവാ അദ്ദേഹത്തെ കാണാതിരുന്നത് ബാലിശമായിപ്പോയെന്നാണ് എന്റെ അഭിപ്രായം. കോടതിയുടെ നിയമങ്ങളും മാത്രം നോക്കിനിന്നാൽ ഭാവിയിൽ സഭകളിൽ വിശ്വാസികൾ കാണുകയില്ലെന്നുമാത്രം. ഇങ്ങനെ എഴുതിയത് അപരാധമാണെങ്കിൽ ക്ഷമിക്കുക.

(9526769777)

● പുസ്തകപരിചയം ● സി.ടി. സതീഷ്

# അനുഭവങ്ങളുമായി ബന്ധിപ്പിച്ച നന്മയുടെ ഇന്നലെകൾ

**നാ**ട്ടുനന്മകൾ പലതും ഗൃഹാതുരത ഉണർത്തുന്ന ഓർമ്മകളാണ്. പൈതൃക സംസ്ക്കാരവുമായി ബന്ധപ്പെട്ടു കിടക്കുന്ന ആ നന്മയുടെ ഇന്നലെകളെ വ്യക്തിയനുഭവങ്ങളുമായി ബന്ധപ്പെടുത്തി ഡോ.സി.വി. ആനന്ദബോസ് രചിച്ച പുസ്തകമാണ് 'നാട്ടുനന്മകൾ കേട്ടുതീരുമോ?' യഥാർത്ഥത്തിൽ ഈ കൃതി 'പറയാതിനി വയ്യ' എന്ന ശീർഷകത്തിൽ 'കേരളശബ്ദം' വാരികയിൽ പ്രസിദ്ധീകരിച്ച ആത്മകഥയുടെ രണ്ടാം ഭാഗമാണെന്ന് പറയാം. ഗ്രന്ഥകാരൻ കടന്നുവന്ന വഴികളിൽ കണ്ടുമുട്ടി കൺമറഞ്ഞ മുഖങ്ങൾ, നാട്ടിലെ കാഴ്ചകൾ, നാട്ടിൻപുറ വൈചിത്ര്യങ്ങൾ, മനുഷ്യരുടെ ഭാവവ്യത്യാസങ്ങൾ, ഇതിനിടയിൽ ഒളിഞ്ഞിരിക്കുന്ന മാന്നാനംകാരുടെ മാന്നാനത്വവും ഇതിൽ രസാനുഭവമാക്കി ഉൾച്ചേർത്തിരിക്കുന്നു. ആത്മകഥാപരമ്പരയെ അപ്പാടെ പുസ്തകമാക്കി മാറ്റുന്ന പ്രവണതയിൽനിന്ന് വേറിട്ട്, അതിൽ മലയാളത്തനിമയുള്ള, നാട്ടിൻപുറത്തിന്റെ രുചിയും മണവുമുള്ള ഏതാനും ഏടുകൾ അടർത്തിയെടുത്താണ് ഈ പുസ്തകം പ്രസിദ്ധീകരിച്ചിരിക്കുന്നത്.




നാട്ടുനന്മകളിൽ പരസ്പര വിശ്വാസം, സ്നേഹം, ത്യാഗം, സഹിഷ്ണുത, അനുതാപം, ദയ ഇങ്ങനെപല പല ഗുണഭേദങ്ങൾ അടങ്ങിയിട്ടുണ്ട്. അതിനെവെറും കാൽപ്പനികമോഹം എന്നു പറഞ്ഞ് ആർക്കും തള്ളിക്കളയാനാകില്ല. കൂട്ടുകുടുംബങ്ങളിലെ പാരസ്പര്യം ഒരു പരിധിവരെ നാട്ടുകുടുംബങ്ങളിലേയ്ക്കും വ്യാപിച്ചിരിക്കുന്നു എന്നതാണ് സത്യം. കരയും കരക്കാരും അതിലൊരു വൈകാരിക സ്നിഗ്ധത അനുഭവപ്പെടുത്തിയിരുന്നു. നാട്ടുവഴക്കുകൾപോലും മനുഷ്യത്വത്തിലും സ്നേഹത്തിലും അധിഷ്ഠിതമായിരുന്നു. അവ തീർപ്പാക്കാനെത്തുന്ന നാട്ടു പ്രമാണിമാർ, നാട്ടിലെ രോഗം അകറ്റുന്ന നാട്ടുവൈദ്യന്മാർ, പാവങ്ങൾക്ക് പുരകെട്ടിമേഞ്ഞുകൊടുക്കുന്ന നാട്ടുകാരുടെ കൂട്ടായ്മ, ഗൃഹനാഥൻ അറിയാതെ വീട്ടമ്മമാർ അയൽവീടുകളിൽ അരിയും പഞ്ചസാരയും വായ്പ കൊടുക്കുന്ന നാടൻ ശൈലി തുടങ്ങി നാട്ടിൻപുറത്തെ പഴയകാല നന്മകളെ ഓർമ്മയിൽ എത്തിക്കുക എന്ന മഹനീയ കർമ്മം ഈ പുസ്തകത്തിനുണ്ട്. മനസ്സിൽ മതങ്ങളുടെ വിഭാഗീയത സൂക്ഷിക്കുന്നവർ ഒരുകാലത്ത് പരസ്പര സഹകരണത്തോടെ, സ്നേഹത്തോടെ നാട്ടിൻപുറത്തെ ജനങ്ങൾ നടത്തിയ അമ്പലങ്ങളിലെ പറയെഴുന്നെള്ളിപ്പും,



വെളിച്ചപ്പാടുതുള്ളലും, പള്ളിയിലെ മെഴുകുതിരി ഘോഷയാത്രയുമൊക്കെ ഒരിക്കൽക്കൂടി ഓർമ്മയിൽ ഉണർത്തണം. അവർക്ക് ഓണവും ക്രിസ്തുമസ്സും റംസാനുമൊക്കെ ദുഷ്ചിന്തകളുടെ മതിലുകൾ സൃഷ്ടിക്കാത്ത തുല്യപ്രാധാന്യത്തോടുകൂടിയ ആഘോഷദിനങ്ങളായിരുന്നു. മതത്തെ മനുഷ്യത്വത്തെക്കാളുപരി സ്വാർത്ഥതാപൂർണ്ണമായി ആശ്ലേഷിക്കുന്നവരെ പുനർവിചിന്തനത്തിന് പ്രേരിപ്പിക്കുന്ന കൃതികൂടിയാണിത്. നന്മനിറഞ്ഞ നാട്ടിൻ പുറങ്ങളിലേയ്ക്ക് ഒരു വട്ടംകൂടി മനസ്സുകൊണ്ട് സഞ്ചരിക്കാൻ ഇത് പ്രേരിപ്പിക്കുകയും ചെയ്യുന്നു. വിശ്വസാഹിത്യത്തിന്റേയും ലോകചരിത്രത്തിന്റേയും വിജ്ഞാനത്തിന്റേയും മേഖലകളിൽ അനായാസം കയറിയിറങ്ങുന്ന ഗ്രന്ഥകാരൻ വലിയ ലോകത്തെ എങ്ങനെചെറിയ വാക്കുകളിൽ ഒതുക്കാം എന്നു കാട്ടിത്തരുന്നു. ആത്മകഥാംശമുള്ള ഈ രചനയിൽ താൻ ജീവിച്ചുവളർന്ന സമൂഹത്തിന്റെ ജീവചൈതന്യം തുടിക്കുന്നു. ശൈലിയുടെ ലാളിത്യംകൊണ്ടും പ്രതിപാദ്യത്തിലെ വൈവിധ്യം കൊണ്ടും എല്ലാ വായനക്കാരെയും ആകർഷിക്കുന്ന കൃതിയാണിത്.

---

**നാട്ടുനന്മകൾ കേട്ടുതീരുമോ?**
(ഓർമ്മ)
ഡോ.സി.വി. ആനന്ദബോസ്
വില– 450 രൂപ
പൂർണ പബ്ലിക്കേഷൻസ്,
കോഴിക്കോട്

●




മൈക്കിൾ വർഗ്ഗീസ്
ചെങ്ങാടക്കരി


# സ്ഥാനമാറ്റം അഴിമതിക്കാരുടെ ആവശ്യം

## സൗമിനി ജെയിൻ (കൊച്ചി മേയർ)

പേരുപോലെ തന്നെ സൗമ്യമായ പെരുമാറ്റം. സൗഹാർദ്ദപരമായ സമീപനം. പ്രശ്നങ്ങളുടെ പ്രക്ഷുബ്ധത മുഖത്തു പ്രതിഫലിക്കാറേയില്ല. നഗരഭരണാധികാരിയുടെ ക്ലേശങ്ങളല്ല തികഞ്ഞ ആത്മാവിശ്വാസമാണ് മുഖത്തുള്ളത്. ഇത് സൗമിനി ജയിൻ - കൊച്ചി മേയർ. രാഷ്ട്രീയമായ വേട്ടയാടലുകളുടെ ഇര. പ്രതിപക്ഷമല്ല ഭരണകക്ഷി തന്നെയാണ് ഈ വേട്ടയാടലിന് നേതൃത്വം കൊടുക്കുന്നതെന്നതാണ് വിരോധാഭാസം. ഒളിയമ്പുകളും നേരമ്പു

> പാർട്ടിക്കുള്ളിലെ പ്രശ്നമാണെങ്കിലും എന്റെ വ്യക്തിപരമായ വിഷയമാണെങ്കിലും, അതൊന്നും എന്റെ പ്രവർത്തനമണ്ഡലത്തെ ഒരു തരത്തിലും ബാധിക്കാറില്ല. അതിനു ഞാൻ അനുവദിക്കുകയുമില്ല.

**പാർലമെന്ററി ബോർഡിൽ കൂടിയ എസ്റ്റിമേറ്റും വിശദവിവരങ്ങളും അവതരിപ്പിച്ചു. എല്ലാ അംഗങ്ങളും ഐകകണ്ഠേന അതിനെ അനുകൂലിച്ച് ഒപ്പിടുകയും ചെയ്തു. പക്ഷേ ഇതെല്ലാം മറന്ന് പ്രതിപക്ഷം തന്നെ ഇതിനെ പിന്നീട് എതിർത്തു.**

കളും ഒരുപോലെ ഏറ്റിട്ടും പതറാത്ത വ്യക്തിത്വം. പാളയത്തിലെ പടപ്പുറപ്പാടിനു സാക്ഷിയാകുമ്പോഴും തികഞ്ഞ നിസ്സംഗത.

ഇന്ദിരാഗാന്ധിയുടെ രക്തസാക്ഷിത്വ സ്മരണ പുതുക്കുന്ന വേളയിൽ ഔചിത്യ മര്യാദകളുടെ എല്ലാ സീമകളും ലംഘിച്ച് പരസ്യമായ ആക്രമണം അഴിച്ചുവിടാൻ ശ്രമിക്കുന്നതിനും കേരളം സാക്ഷിയായി. ഇതിനെക്കുറിച്ചു പിന്നീടു സൗമിനി ജെയിൻ പ്രതികരിച്ച ഒരു വാചകം ഒരായിരം വാക്കുകളുടെ ശക്തിയുൾക്കൊള്ളുന്നതായിരുന്നു.

"ഇന്ദിരാഗാന്ധിയെ വെടിവെച്ചുകൊന്നത് സ്വന്തം സെക്യൂരിറ്റിക്കാരാണ്"

സംരക്ഷിക്കാൻ ചുമതലപ്പെട്ടവർ തന്നെയാണ് തന്നെ ആക്രമിക്കുന്നതെന്നു ഭംഗ്യന്തരേണ പറഞ്ഞുവയ്ക്കുകയായിരുന്നു അവർ.കൊച്ചിയിലെ കോൺഗ്രസ് പടലപിണക്കങ്ങൾ എല്ലാ സീമകളും ലംഘിക്കുന്ന അവസ്ഥയാണിപ്പോൾ. ഹൈബി ഈഡൻ എം.പി.യേപ്പോലുള്ളവർ പരസ്യമായി ആക്ഷേപം പ്രകടിപ്പിക്കാൻ തയ്യാറാകുന്നു. മേയറെ മാറ്റണമെന്ന് ഒരു വിഭാഗം ശക്തമായി ആവശ്യപ്പെടുന്നു. എന്നാൽ കെ.പി.സി. സി അദ്ധ്യക്ഷൻ മുല്ലപ്പള്ളി രാമചന്ദ്രൻ ഇക്കാര്യങ്ങളിൽ മൃദുസമീപനമാണു സ്വീകരിച്ചിരിക്കുന്നത്. മേയറെ മാറ്റേണ്ട സാഹചര്യമില്ല എന്ന് അദ്ദേഹം പരസ്യപ്രസ്താവനനടത്തുകയും ചെയ്തു. പക്ഷേ ആ ഒറ്റ വാചകത്തിൽ എതിർ സ്വരമുയർത്തുന്നവരുടെ വായ്മൂടിക്കെട്ടാൻ കഴിയുമെന്നു തോന്നുന്നില്ല. ഒളിഞ്ഞും തെളിഞ്ഞും അമ്പയയ്ക്കുകയും ആവനാഴിയിൽ അമ്പു നിറയ്ക്കുകയുമാണവർ.

എന്താണു കൊച്ചിയിലെ കോൺഗ്രസ്സിന്റെ യഥാർത്ഥ പ്രശ്നം? മേയറെ മാറ്റുന്നതെന്തിനു വേണ്ടിയാണ്?പ്രതിപക്ഷം പോലും നേരിട്ട് ഒരാക്രമണത്തിനു മുതിരാതിരിക്കുമ്പോൾ ഭരണപക്ഷം തന്നെ കൂരമ്പുകളുമായി വേട്ടയാടുന്നതെന്തിനുവേണ്ടിയാണ്? ഈ ചോദ്യങ്ങൾക്കെല്ലാം ഉത്തരം തേടിയാണ് നേരിട്ട് മേയറുടെ ഓഫീസിലെത്തിയത്. ഏറെ തിരക്കുകൾക്കിടയിലും ഒരു അഭിമുഖസംഭാഷണത്തിനു മേയർ തയ്യാറായി. സമകാലീനപ്രശ്നങ്ങളെ മുൻനിർത്തി കൊച്ചി മേയർ സൗമിനി ജെയിൻ 'കേരളശബ്ദ'ത്തോടു സംസാരിക്കുന്നു.



*ഹൈബി ഈഡൻ എം.പി*

**എനിക്ക് വ്യക്തിപരമായി ആരോടും പകയോ വിദ്വേഷമോ ഇല്ല. എന്നോടുണ്ടോ എന്നറിയില്ല.**

*? കേരളസർക്കാരിന്റെ സ്വപ്നപദ്ധതികൾ- സിറ്റി ഗ്യാസ്, ലൈഫ് മിഷൻ- തുടങ്ങിയവ ഉൾപ്പാർട്ടി പ്രശ്നങ്ങൾ കാരണം മേയർക്കു ശ്രദ്ധിക്കാൻ കഴിയുന്നില്ല എന്ന് പ്രതിപക്ഷം ആരോപിക്കുന്നുണ്ടല്ലോ?*

പാർട്ടിക്കുള്ളിലെ പ്രശ്നമാണെങ്കിലും എന്റെ വ്യക്തിപരമായ വിഷയമാണെങ്കിലും, അതൊന്നും എന്റെ പ്രവർത്തനമണ്ഡലത്തെ ഒരു തരത്തിലും ബാധിക്കാറില്ല. അതിനു ഞാൻ അനുവദിക്കുകയുമില്ല. എല്ലാവർക്കും പലവിധ പ്രശ്നങ്ങളുണ്ടാകും. പക്ഷേ നമ്മുടെ കർമ്മമേഖലയിലേക്ക് അതൊന്നും കടന്നുവരില്ല. ഒരു വലിയ ജനസമൂഹം നമ്മുടെ സേവനം ആവശ്യപ്പെടുമ്പോൾ മറ്റൊന്നും ചിന്തിക്കാൻ കഴിയില്ല എന്നതാണു സത്യം. അതേസമയം സമയബന്ധിതമായി നടപ്പാക്കേണ്ട പല പ്രവർത്തനങ്ങളും അട്ടിമറിച്ചത് പ്രതിപക്ഷമാണെന്നതാണ് വസ്തുത.

*? എന്തു പദ്ധതിയാണ് പ്രതിപക്ഷം അട്ടിമറിച്ചത്?*

ഒട്ടേറെയുണ്ട്. അതിൽ എനിക്ക് ഏറെ മാനസിക ബുദ്ധിമുട്ടുണ്ടാക്കിയ ഒരെണ്ണം ചുരുക്കിപ്പറയാം; ഒട്ടേറെ വിശദീകരിക്കേണ്ടതുണ്ടെങ്കിലും. ഇരുനൂറോളം കുടുംബങ്ങൾ പാർപ്പിടമില്ലാതെ വലയുന്നുണ്ടായിരുന്നു; മട്ടാഞ്ചേരിയിൽ. അവർക്ക് ഫ്ളാറ്റ് കെട്ടിക്കൊടുക്കുവാൻ പദ്ധതിയിട്ടു. റേ (രാജീവ് ആവാസ് യോജന) പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് അതു തുടങ്ങിയത്. പിന്നീട് പ്രധാനമന്ത്രിയുടെ പി.എം .എ.വൈ (പ്രധാനമന്ത്രി ആവാസ് യോജന) പദ്ധതിയിലേക്ക് അതുമാറ്റി. പതിനാലുകോടിരൂപയാണ് തുക വകയിരുത്തിയിരുന്നത്. പക്ഷേ കോൺട്രാക്ടർമാർ പരിശോധിച്ചപ്പോൾ ആ തുകയ്ക്കു തീരില്ലെന്നുവന്നു. ടെണ്ടർ വിളിച്ച് വിശ്വസ്തനായ കോൺട്രാക്ടറെയാണ് ഞങ്ങൾ ഏല്പിച്ചത്. ആറു നിലയുള്ള ഫ്ളാറ്റാണ്. അടിത്തറയൊക്കെ ഏറെ ബലപ്പെടുത്തേണ്ടതുണ്ട്. പണിയുന്ന പ്രദേശത്തിന്റെ സ്വഭാവമനുസരിച്ച് കൂടുതൽ സിമന്റും കമ്പിയുമൊക്കെ ആവശ്യമായി വന്നു.

വ്യക്തമായ പരിശോധനയുടെ അടിസ്ഥാനത്തിൽ ഞങ്ങൾ സമ്മതിച്ചു. പണിതുടർന്നു. പാർലമെന്ററി ബോർഡിൽ കൂടിയ എസ്റ്റിമേറ്റും വിശദവിവരങ്ങളും അവതരിപ്പിച്ചു. എല്ലാ അംഗങ്ങളും ഐകകണ്ഠേന അതിനെഅനുകൂലിച്ച് ഒപ്പിടുകയും ചെയ്തു. പക്ഷേ ഇതെല്ലാം മറന്ന് പ്രതിപക്ഷം തന്നെ ഇതിനെപിന്നീട് എതിർത്തു. പണി തീർക്കാൻ പറ്റാത്ത അവസ്ഥയും വന്നു. ഇത്രയും കുടുംബ ങ്ങൾ പ്രതീക്ഷയോടെ കാത്തിരിക്കുകയാണ്. അവരെ നിരാശപ്പെടുത്താനും വയ്യ. ഒടുവിൽ ഞാൻ മറ്റൊരു പോംവഴി കണ്ടുപിടിച്ചു. സ്മാർട്ട് സിറ്റി പദ്ധതിയ്ക്ക് സ്ലം ഏരിയ പുനരുദ്ധരിക്കുന്നതിനു വേണ്ടി ഒരു ഫണ്ടുണ്ട്. 240 കോടിരൂപ പദ്ധതിയിലു ണ്ട്. മേയർ എന്ന നിലയിൽ ഞാനും സ്മാർട്ട് സിറ്റി പദ്ധതി കമ്മറ്റിയിൽ അംഗമാ ണ്. ഞാൻ ഈ പദ്ധതി അതിൽ ഉൾപ്പെടുത്താൻ സമ്മർദ്ദം ചെലുത്തി. അവർ സമ്മതിക്കുകയും ചെയ്തു. അങ്ങനെയാണ് ആ ഹൗസിംഗ് പദ്ധതി നടപ്പിൽ വന്നത്. ജന ക്ഷേമപദ്ധതി എന്ന പരിഗണന പോലും നൽകാതെയാണ് നേരത്തെ എടുത്ത നിലപാടിൽ നിന്നും അവർ പിന്നോക്കം പോയത്.

*? മേയറെ മാറ്റണം എന്നൊ രാവശ്യം സ്വന്തം പാർട്ടിക്കു ള്ളിൽ നിന്നുതന്നെ ശക്തമാ ണല്ലോ! നേരത്തെ ഇതുസംബ ന്ധിച്ച മുൻധാരണ വല്ലതുമു ണ്ടായിരുന്നോ ?*

ഒരു ധാരണയും ഉണ്ടായി രുന്നതായി എനിക്കറിയില്ല. എന്നോട് വ്യക്തിപരമായി ആരും ഇക്കാര്യം പറഞ്ഞിട്ടുമില്ല. എല്ലാ അംഗങ്ങളും രാജിവയ്ക്കു കയാമെങ്കിൽ ഞാനും രാജിവയ്ക്കാൻ തയ്യാറാണ് എന്നതാണ് എന്റെ നിലപാട്.

*? ഇന്ദിരാഗാന്ധിയുടെ രക്ത സാക്ഷിത്വ ദിനാചരണത്തോടനു ബന്ധിച്ച് നടന്ന സമ്മേളനത്തിൽ വച്ച് ഒരു ബ്ലോക്ക് വൈസ് പ്രസിഡന്റായ നോർമൻ ജോസഫ് പരസ്യമായി ആക്രമിക്കാനും ആക്ഷേപിക്കാനും തയ്യാറായല്ലോ? മേയർമാറ്റം ആയിരുന്നു അവിടെയും വിഷയം അല്ലേ?*

ആ ചടങ്ങിന്റെ പാവനതയും പരിശുദ്ധതയും കളഞ്ഞുകുളിക്കുന്ന രീതിയിലാണ് അയാൾ പെരു മാറിയത്. യാതൊരു ഔചിത്യവുമില്ലാതെ അയാൾ പ്രകോപനം സൃഷ്ടിക്കുകയായിരുന്നു. ഖദർ ഇട്ടതു കൊണ്ടുമാത്രം ഒരാൾക്കും കോൺഗ്രസ് പാരമ്പര്യം കൈവരില്ല എന്നു നിങ്ങൾക്കറിയാമല്ലോ? ഈ പ്രശ്നമുണ്ടാക്കിയ നോർമൻ ജോസഫ് രാഷ്ട്രീയ പ്രവർത്തനത്തിന്റെ മറവിൽ മാഫിയ പ്രവർത്തന ങ്ങൾ നടത്തുന്നയാളാണെന്നാണ് എനിക്കു കിട്ടിയ അറിവ്. ജനസേവനമല്ല. റിയൽ എസ്റ്റേറ്റ് ഇടപാടുകളാ ണത്രേ ഇയാൾക്കു മുഖ്യം.

*? രാഷ്ട്രീയമായ വിയോജിപ്പു പ്രകടിപ്പിക്കുന്നതിനു പകരം വ്യക്തിപരമായി ആക്രമിക്കാനുള്ള ശ്രമമാണല്ലോ അവിടെ കണ്ടത്?*

അതെ,വ്യക്തിപരമായ വിരോധമുള്ളതുകൊ ണ്ടുതന്നെയാകും അത്. അയാളുടെ ഒരു ഭൂമി കയ്യേറ്റം ഞാൻ തടഞ്ഞു അതാണ് പ്രധാനകാരണം.

അതായത് മറ്റൊരാളുടെ ഭൂമി വിൽക്കാനുള്ള ഒരു പവർ ഓഫ് അറ്റോർണി ഇയാൾ എഴുതിമേടിച്ചു. ആ ഭൂമി കലൂർ-കതൃക്കടവ് റോഡിനു സമീപമാണ്. കോടികൾ വിലമതിക്കുന്ന ആ ഭൂമിയോട് ചേർന്ന് ഒരു തോട് ഒഴുകു ന്നുണ്ട്. ഇയാൾ ഈ തോട് കയ്യേറി. വിശാലമായ ആ തോട് മൂന്നര മീറ്ററിലേക്കൊതുക്കി മണ്ണിട്ടു നികത്താൻ തുടങ്ങി. ഞാൻ ഇടപെട്ട് അത് നിർത്തി വയ്പിച്ചു. അതിന്റെ വൈരാഗ്യമുണ്ട്. അല്ലാതെ തന്നെ ക്രിമിനൽ പശ്ചാത്തലമുള്ളയാളുമാ ണ്. മറ്റൊരു കയ്യേറ്റം തടഞ്ഞതിന് ദീപാമോൾ എന്നൊരു ബിൽഡിംഗ് ഇൻസ്പെക്ടറുടെ മുഖത്തടിക്കു കയും ആക്രമിക്കുകയും ചെയ്തു എന്ന പേരിൽ ഇയാൾക്കെതിരെ കേസുണ്ടായിരുന്നു. അതിന്റെ ഭാഗ മായി ഒരു മാസത്തോളം ഒളിവിലു മായിരുന്നു. ഇങ്ങനെയുള്ള ഒരാ ളുടെ വിമർശനത്തിനു നമ്മൾ വിലകൊടുക്കേണ്ടതില്ലല്ലോ?

*? ഇത്രയും ക്രിമിനൽ പശ്ചാത്ത ലമുള്ളയാളെ പാർട്ടിയിൽ തുടരാൻ അനുവദിക്കുന്നതെന്തിനാണ്?*

ഇപ്പോഴത്തെ സാഹ ചര്യം നിങ്ങൾക്കും അറിയാവുന്ന തല്ലേ? ആദർശരാഷ്ട്രീയമൊന്നും ഒരു രാഷ്ട്രീയ കക്ഷിയും ഇപ്പോൾ പിന്തുടരുന്നില്ല, പ്രായോഗിക രാഷ്ട്രീയമാണ് പലർക്കും വലുത്. നിലനില്പിനായി അവർ ആരേയും കൂട്ടുപിടിക്കും. ഇങ്ങനെയുള്ളവർ നിലനിൽക്കുന്നത് ഈ സാഹചര്യ ത്തിലാണ്.

*? അഴിമതി എല്ലാ മേഖലയിലും ഇന്നു പിടിമുറുക്കിയിരിക്കുന്നു എന്നതും ഒരു വസ്തുതയല്ലേ? കൊച്ചി കോർപ്പറേഷനും അതിൽനിന്നും മുക്തമല്ല എന്നു പറഞ്ഞാൽ നിഷേധി ക്കുമോ?*

ഇല്ല, നാടൻ ശൈലിയിൽ പറഞ്ഞാൽ പലർക്കും ഇതൊരു ചക്കരക്കുടമാണ്. അതു തുറന്നു സമ്മതിക്കാൻ എനിക്കു മടിയില്ല. ഈ അഴിമതികളെ കഴിയുന്നത്ര ചെറു ക്കാൻ ഞാൻ ശ്രമിക്കുന്നുണ്ട് എന്നത് പരമാർത്ഥമാണ്. ഒരർത്ഥത്തിൽ ഞാൻ ഇപ്പോൾ അനുഭവിക്കുന്ന പല പ്രശ്നങ്ങളും അതിന്റെ ഭാഗമാണെന്നും പറയാം.

*? കോടിക്കണക്കിനു രൂപയാണ് നഗരവികസനത്തി നായി ഓരോ വർഷവും കോർപ്പറേഷൻ ചെലവഴിക്കുന്ന ത്. പക്ഷേ അതൊന്നും ജനങ്ങൾക്കു ഗുണകരമായി ഭവി*



**നാടൻശൈലിയിൽ പറ ഞ്ഞാൽ പലർക്കും ഇതൊരു ചക്കരക്കുടമാ ണ്. അതു തുറന്നു സമ്മ തിക്കാൻ എനിക്കു മടിയില്ല.**

*ക്കുന്നു എന്നു പറയാൻ കഴിയില്ലല്ലോ?*

സത്യമാണ്. അതുതന്നെയാണ് ഞാൻ നേരത്തെ പറഞ്ഞതും. ഒരു കാര്യം ഞാൻ അടിവരയിട്ടു പറയാം. കൊച്ചി കോർപ്പറേഷൻ ജനകീയ പദ്ധതികൾക്കായി മുടക്കുന്ന തുകയുടെ 60% എങ്കിലും പദ്ധതികൾക്കുവേണ്ടി ചെലവഴിച്ചിരുന്നെങ്കിൽ കൊച്ചി സിറ്റി സിംഗപ്പൂർ നഗരത്തിന് സമാനമാകുമായിരുന്നു. തുടക്കം മുതൽ ഒടുക്കം വരെ ദ്വാരങ്ങളുള്ള ഒരു പൈപ്പിൽ വെള്ളം നിറയ്ക്കാനുള്ള പരിശ്രമത്തിന്റെ ഫലം എന്തായിരിക്കും? അതുതന്നെയാണ് ഇവിടെയും നടക്കുന്നത്.

*? ഹൈബി ഈഡൻ എം.പി. വ്യക്തിപരമായ രീതിയിൽ ചില പരാമർശങ്ങൾ നടത്തിയല്ലോ? ഗ്രൂപ്പു സമവാക്യങ്ങൾക്കപ്പുറം വ്യക്തിപരമായി വല്ല പ്രശ്നവും അദ്ദേഹവുമായുണ്ടോ?*

എനിക്ക് വ്യക്തിപരമായി ആരോടും പകയോ വിദ്വേഷമോ ഇല്ല. എന്നോടുണ്ടോ എന്നറിയില്ല. അതൊക്കെ കഴിഞ്ഞ കാര്യങ്ങളാണ്. ഇനി അതെക്കുറിച്ചൊരു ചർച്ചയ്ക്കു പ്രസക്തിയുണ്ടെന്നെനിക്കു തോന്നുന്നില്ല.



**അധികാരക്കൊതി കൊണ്ടോ അഴിമതി ചെയ്യാനോ അല്ല ഞാൻ കസേരയിലിരിക്കുന്നത്.**

*? പല ഭാഗത്തുനിന്നും മേയർ മാറണമെന്ന ആവശ്യം ഉണ്ടായിട്ടും അതൊക്കെ അവഗണിക്കുകയോ നിരാകരിക്കുകയോ ആണല്ലോ ചെയ്തത്?*

അതെ. അധികാരത്തോടുള്ള ഭ്രമം കൊണ്ടോ മറ്റെന്തെങ്കിലും നേട്ടത്തിനു വേണ്ടിയോ അല്ല അത്. ഈ കസേരയിലിരുന്നിട്ടു നാലു വർഷമായി. എന്തെങ്കിലുമൊക്കെ ജനോപകാരപ്രദമായ കാര്യങ്ങൾ ചെയ്തിട്ട് ഇറങ്ങിപ്പോകണമെന്നുണ്ട്. നോക്കൂ ഞാനൊരു മേയർ മാത്രമല്ല, വീട്ടമ്മ കൂടിയാണ്. ഒരു വീട് സംരക്ഷിക്കുന്നതിന്റെ ഭാഗമായി പലതും ചെയ്യേണ്ടിവരും. ചെലവു ചുരുക്കൽ, അച്ചടക്കം എന്നിവയൊക്കെ. കോർപ്പറേഷൻ ഭരണവും അങ്ങനെതന്നെയാണ്.

*? പക്ഷേ വീട്ടിൽ വരുത്തുന്ന ലാഘവത്തോടെ നിയന്ത്രണങ്ങൾ ഏർപ്പെടുത്താൻ കോർപ്പറേഷനിൽ കഴിയുമോ?*

ശ്രമിക്കുന്നുണ്ട്. പക്ഷേ എളുപ്പമല്ല. അതിന്റേതായ പ്രശ്നങ്ങളാണ് ഇപ്പോൾ ഞാൻ അനുഭവിച്ചുകൊണ്ടിരിക്കുന്നതും.

*? മേയർ മാറണമെന്ന് ആവശ്യപ്പെടുന്നതിനു പിന്നിലും അഴിമതി സാധ്യതപോലുള്ള രഹസ്യ അജണ്ട ഉണ്ടാകുമോ?*

ഉണ്ടാകണം. ഇല്ലെങ്കിൽ ഇനി ഒരു വർഷം മാത്രം ശേഷിക്കെ അങ്ങനെയൊരാവശ്യം ഉന്നയിക്കില്ലല്ലോ? മറ്റെന്തെങ്കിലും കാരണം ഉള്ളതായി ആരും പറഞ്ഞുകേട്ടിട്ടുമില്ല.

*? പ്രതിപക്ഷമല്ല ഇങ്ങനെയൊരു ആവശ്യം ഉന്നയിക്കുന്നത് എന്നതാണ് പ്രധാനം. ഭരണപക്ഷത്തുള്ളവർ തന്നെയല്ലേ?*

അതെ. എന്റെ പ്രവർത്തനമികവിന്റെ കുറവാണെങ്കിൽ ആദ്യം ഈ ആവശ്യം ഉന്നയിക്കേണ്ടിയിരുന്നത് പ്രതിപക്ഷമല്ലേ? ഭരണകക്ഷിയുടെ പ്രവർത്തനങ്ങളെ വിമർശിക്കാനും എതിർക്കാനുമുള്ള ചുമതലയും അവർക്കുണ്ട്. എങ്കിലും നയപരിപാടികളെ എതിർക്കുന്നു എന്നതല്ലാതെ സ്ഥാനമാറ്റമൊന്നും അവർപോലും ആവശ്യപ്പെട്ടിട്ടില്ല. ഇതിൽ നിന്നുതന്നെ കാര്യം വ്യക്തമല്ലേ? അനധികൃത നേട്ടങ്ങൾ ഉണ്ടാക്കാൻ ശ്രമിക്കുന്ന ആർക്കൊക്കെയോ ഞാൻ തടസ്സമാണ്. അത്രയേയുള്ളൂ.

*? ഇത്രയും പ്രതിസന്ധികൾക്കിടയിലും ശക്തമായ നിലപാടു സ്വീകരിക്കുകയും ഉറച്ചുനിൽക്കുകയും ചെയ്യുന്നുണ്ടല്ലോ?*

അത് വ്യക്തമായ ലക്ഷ്യബോധമുള്ളതുകൊണ്ടാണ്. ഞാൻ നേരത്തെ സൂചിപ്പിച്ചല്ലോ. അധികാരക്കൊതി കൊണ്ടോ അഴിമതി ചെയ്യാനോ അല്ല ഞാൻ കസേരയിലിരിക്കുന്നത്. തുടങ്ങിവച്ച കാര്യങ്ങൾ പൂർത്തീകരിക്കുക എന്ന ലക്ഷ്യത്തോടെയാണ്. ഞാൻ ഇപ്പോൾ ഇറങ്ങിപ്പോയാൽ അതെല്ലാം താറുമാറാകും. അതു പറ്റില്ല. ഒട്ടേറെ പദ്ധതികൾ തുടങ്ങിവച്ചിട്ടുണ്ട്. അതിൽ ഒരെണ്ണമായിരുന്നു പള്ളുരുത്തിയിലെ സ്നേഹ ഭവൻ.

*? അതൊരു വൻസംരംഭമായിരുന്നല്ലോ? ഇരുന്നൂറിലേറെ പ്രായപൂർത്തിയാകാത്ത കുട്ടികളെ സംരക്ഷിക്കുകയും അവർക്കു ജീവിതമാർഗം കാണിച്ചുകൊടുക്കുകയും ചെയ്യുന്ന പദ്ധതി. അതിന്റെ ഉദ്ഘാടനം പോലും ലളിതമായിരുന്നല്ലോ?*

അതെ, പബ്ലിസിറ്റിക്കുവേണ്ടിയല്ല ഞാനതു ചെയ്തത്. ആരോരുമില്ലാത്ത അഥവാ അനാഥബാല്യങ്ങൾക്കു ഒരു തണൽ നല്കാൻ വേണ്ടിയാണ്. അവരുടെ സ്നേഹവും സംതൃപ്തിയുമാണ് നമ്മുടെ സന്തോഷം. അതുമാത്രമല്ല ഇതുപോലുള്ള ഒട്ടേറെ പദ്ധതികൾ തുടങ്ങി വച്ചിട്ടുണ്ട്. അത് ഇനിയുള്ള ഒരു വർഷം കൊണ്ടു പൂർത്തീകരിക്കേണ്ടതുണ്ട്. അവയുടെ സാക്ഷാത്കാരത്തിനായാണ് ഞാൻ ഇപ്പോൾ പരിശ്രമിക്കുന്നത്. അതിനിടയിൽ ഒരു സ്ഥാനമാറ്റം പദ്ധതികൾ അട്ടിമറിക്കുന്നതിനു തുല്യമാണ്. അതുകൊണ്ടാണ് ഞാൻ അതിനു മുതിരാത്തത്. കുറച്ചുനല്ല ലക്ഷ്യങ്ങൾക്കുവേണ്ടിയാണ് ഞാൻ നിലകൊള്ളുന്നത്. അതു കാലം തെളിയിക്കും.

(9447725649)

## പുതിയ രാജ്യം, പുതിയ ലോകം...




ഒരാൾക്ക് സ്വന്തമായി ഭൂമി വാങ്ങി, സ്വന്തം രാജ്യം പ്രഖ്യാപിക്കാൻ ഇപ്പോൾ സാധിക്കുമോ...? അങ്ങനെ സാധിക്കുമെന്നാണ് അടുത്ത കാലത്ത് പുറത്ത് വന്ന വാർത്തകൾ പറയുന്നത്. ബലാത്സംഗ കേസുകളിൽ കുപ്രസിദ്ധനായ സ്വയം പ്രഖ്യാപിത വിവാദ ആൾദൈവം നിത്യാനന്ദ പാസ്പോർട്ടില്ലാതെ ഇന്ത്യയിൽ നിന്ന് ഒളിച്ചോടി ഇക്വഡോറിനടുത്ത് ഒരു ദ്വീപ് വാങ്ങി കൈലാസ എന്ന രാജ്യം പ്രഖ്യാപിച്ചു എന്നാണ് വാർത്ത. സ്വന്തമായി ഭരണഘടനയും പതാകയും പാസ്പോർട്ടുമെല്ലാം നിത്യാനന്ദയുടെ ഈ രാജ്യത്തിനുണ്ട് എന്നും അവരുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ച തായാണ് വാർത്ത കൾ. എന്നാൽ നിത്യാനന്ദയ്ക്ക് അഭയം നൽകു കയോ, ദക്ഷിണ അമേരിക്കയിൽ ഭൂമി സ്വന്തമാ ക്കാൻ സഹായി ക്കുകയോ



നിത്യാനന്ദ

ചെയ്തിട്ടില്ലെന്നാണ് ഇക്വഡോർ ഭരണകൂടം വ്യക്തമാക്കിയത്. നിത്യാനന്ദയുടെ യഥാർത്ഥ പേര് രാജശേഖരൻ എന്നാണ്. 2005 ൽ ബാംഗ്ലൂരിൽ സ്വന്തമായി ധ്യാനപീഠം എന്ന ആശ്രമം തുടങ്ങിയതോടെ പ്രശസ്തനായി. 2012ൽ ഒരു ചലച്ചിത്ര താരവുമായുള്ള വീഡിയോ പ്രചരിക്കാൻ തുടങ്ങിയതോടെ നിത്യാനന്ദ വാർത്തകളിൽ നിറഞ്ഞു. തുടർന്ന് ഇയാൾക്കെതിരെ ബലാത്സംഗ ആരോപണങ്ങളുടെ പ്രളയമായിരുന്നു. മുൻപും ഇത്തരത്തിൽ പുതിയ രാജ്യം രൂപീകരിച്ച ചരിത്രം തന്നെ ഉണ്ടായിട്ടുണ്ട്. യുഎസിലെ ഏറ്റവും കുപ്രസിദ്ധരിൽ ഒരാളായിരുന്ന ആത്മീയ ഗുരു ജിം ജോൺസിനും സമാനമായി ജോൺസ്ടൗൺ എന്ന പേരിൽ സ്വന്തം രാജ്യം പ്രഖ്യാപിച്ചിരുന്നു. സ്വന്തമായി ആരാധനാരീതികൊണ്ടു വന്ന ജിം ജോൺസും ആയിരക്കണക്കിന് ശിഷ്യൻമാരെ സംഘടിപ്പിച്ചു. ജിം ജോൺസ് തന്റെ അനുയായികളെ കൂട്ട ആത്മഹത്യയ്ക്ക് പ്രേരിപ്പിച്ചു. 1978ൽ തൊള്ളായിരത്തോളം അനുയായികളെ ജോൺസ്ടൗണിൽ മരിച്ച നിലയിൽ കണ്ടെത്തി. ഇത് പിന്നീട് 9/11 ആക്രമണത്തിന് മുൻപ് നടന്ന ഏറ്റവും വലിയ കൂട്ടക്കൊലയായി കണക്കാക്കപ്പെട്ടു. രണ്ടാമതായി ഓഷോയും സ്വന്തമായി ഒരു നഗരം സ്ഥാപിക്കുകയുണ്ടായി. ഓഷോയുടെ അനുയായികൾ വാസ്കോ കൗണ്ടിയിൽ (ഒറിഗോൺ), ഏകദേശം 60 കോടി ഡോളർ മുടക്കി വാങ്ങിയ 64000 ഏക്കർ വിസ്തൃതിയുള്ള മേച്ചിൽ പ്രദേശം നിയമപരമായി രജനീഷ്പുരം എന്ന നഗരമായി സംഘടിപ്പിച്ചു. 1981 മധ്യത്തോടെ ഓഷോ അവിടെ എത്തുകയും അടുത്ത നാലു വർഷങ്ങൾ അവിടെ കഴിയുകയും ചെയ്തു. 1980ൽ നഗരപദവി ലഭിച്ചതിന് ശേഷം അവിടെ കുറ്റകൃത്യങ്ങൾ പെരുകി. അതോടെ രജനീഷ്പുരം ഇല്ലാതായി. സന്യാസിമാർ രാജ്യം വിട്ടു. ആദ്യം ജോൺസ്ടൗൺ. പിന്നെ രജനീഷ്പുരം. ഇപ്പോഴിതാ കൈലാസയും

## കേരളാ ഹൗസിലെ ജനാധിപത്യം

കേരളത്തിന്റെ ഡൽഹിയിലെ എംബസിയാണ് കേരളാ ഹൗസ്. അവിടെ ഇപ്പോൾ സ്ഥിരം അസ്വാരസ്യങ്ങളാണ്. ഡൽഹി മലയാളികൾ കൂട്ടത്തോടെ കേരളാ ഹൗസ് ബഹിഷ്ക്കരിക്കാൻ തുടങ്ങിയത് വലിയ ചർച്ചയായിരുന്നു. അതിന് പരിഹാരം എന്ന നിലയിൽ സർക്കാർ ഒരു പ്രത്യേക പ്രതിനിധിയെ നിയമിച്ചു. നവംബർ ഒന്നിന് തുടക്കം കുറിച്ച കേരള പിറവി ആഘോഷങ്ങൾ വിജയിപ്പിക്കാൻ ഡൽഹിയിലെ എല്ലാ മലയാളി സംഘടനകളേയും ക്ഷണിച്ച് ഒരു കമ്മിറ്റി ഉണ്ടാക്കുന്നതിന് കേരളത്തിന്റെ പ്രത്യേക പ്രതിനിധി ഡോ. എ സമ്പത്ത് എടുത്ത ശ്രമം വിജയിച്ചു. പക്ഷെ നവംബർ ഒന്നിന് തന്നെ പ്രശ്നങ്ങൾ വഷളായി. കേരള ഹൗസിലെ ചിലർ ഫാഷൻ പരേഡ് നടത്തുന്ന വേദിയായി എന്ന ആക്ഷേപം വരെ ഉണ്ടായി. ഡൽഹി മലയാളികളുടെ പ്രതിനിധികളെ വേദിയിൽ കയറ്റുന്നതിനെച്ചൊല്ലി വേദിയിൽ തന്നെ തർക്കമുണ്ടായി. ഒടുവിൽ വേദിയിൽ ഇരിക്കുവാൻ മാത്രം പ്രവാസി മലയാളി നേതാക്കൾക്ക് അനുമതി നൽകി പ്രശ്നം അവസാനിപ്പിച്ചു. ഡൽഹി മലയാളികൾ ഒറ്റക്കെട്ടായി പ്രതിഷേധിച്ച റസിഡന്റ് കമ്മിഷണറെ, ഡൽഹി മലയാളികളുടെ പ്രിയപ്പെട്ട എന്ന വിശേഷണം കൊടുത്തപ്പോൾ കൂവലുണ്ടായി. രണ്ടാം ദിവസം മുതൽ പൊതുജനങ്ങൾക്കായുള്ള നറുക്കെടുപ്പ് അവസാനിച്ചു. ഏഴ് ദിവസത്തേയ്ക്ക് അച്ചടിച്ച കൂപ്പണുകൾ കെട്ടായി ഓഫീസിൽ വിശ്രമം. പങ്കെടുത്ത കുട്ടികൾക്കും കലാകാരൻമാർക്കുമുള്ള സർട്ടിഫിക്കറ്റിൽ ഒപ്പിടില്ലെന്ന് റസിഡന്റ് കമ്മീഷണർ പറഞ്ഞ് അഞ്ഞൂറോളം സർട്ടിഫിക്കറ്റുകൾ തിരിച്ചയച്ചപ്പോൾ രണ്ടാമതും പുതുതായി അച്ചടിക്കേണ്ടി വന്ന ചളിപ്പിലാണ് ഇൻഫർമേഷൻ ഡിപ്പാർട്ട്മെന്റ്. പരിപാടി കഴിഞ്ഞതോടെ മലയാളി സംഘടനാ നേതാക്കളെ കേരള ഹൗസിൽ നിന്ന് പുറത്താക്കി എന്നാണ് ആക്ഷേപം. സുരക്ഷാ കാരണങ്ങളാണ് കേരളാ ഹൗസിൽ നിയന്ത്രണങ്ങൾ കൊണ്ടു വന്നതെന്ന് റസിഡന്റ് കമ്മീഷണർ തുടച്ചയായി ഇൻഫർമേഷൻ വകുപ്പ് വഴി മാധ്യമങ്ങളിൽ വിശദീകരണം നൽകുകയുണ്ടായി. സംസ്ഥാനസർക്കാരിന്റെ വളരെ സുരക്ഷാ പ്രാധാന്യമുള്ള കേരളാ ഹൗസ് പാർക്കിംഗ് ഗ്രൗണ്ട് ആയി ഉപയോഗിക്കാൻ അനുവദിക്കാത്തതിന്റെ പേരിൽ തൽപ്പരകക്ഷികൾ നടത്തുന്ന ദുഷ്പ്രചരണം

മാത്രമാണ് മലയാളികൾക്ക് പ്രവേശനമില്ല എന്ന കുപ്രചരണമെന്ന് റസിഡന്റ് കമ്മീഷണർ പറയുന്നു. ചായ പോലും കൊടുക്കരുതെന്ന് റെസിഡന്റ് കമ്മീഷണറുടെ ഓർഡറുണ്ടെന്നാണ് ന്യായീകരണം. പ്രശ്നം അതീവ ഗുരുതരമായി കക്ഷി രാഷ്ട്രീയത്തിന് അതീതമായി ഉയരുകയാണിപ്പോൾ. പ്രവാസി മലയാളികളുടെ പ്രതിഷേധ കത്തുകൾ മുഖ്യമന്ത്രി തൊട്ട് താഴോട്ട് പ്രവഹിക്കുകയുമാണ്. കേരളാ സർക്കാരിന് വലിയ ചീത്തപ്പേരുണ്ടാക്കുന്ന പരിഷ്ക്കാരങ്ങളാണ് നടക്കുന്നത്.

### ഡൽഹിയിലെ തീപിടിത്തം ഒരു ചൂണ്ടു പലക മാത്രം

ഡൽഹിയിൽ കരോൾ ബാഗിന് സമീപം അനാജ് മണ്ഡിയിൽ നടന്ന വൻ തീപിടിത്തത്തിൽ 43 പേർ മരിച്ചു. സ്വാതന്ത്ര്യം കിട്ടുന്നതിനു മുമ്പു തന്നെ ധാന്യ മാർക്കറ്റ് എന്ന നിലയിൽ പ്രശസ്തമായ സ്ഥലമായിരുന്നു അനാജ് മണ്ഡി. എന്നാൽ 1990 കളോടെ സ്ഥിതി മാറി. പതിയെ ധാന്യ മാർക്കറ്റും ധാന്യ മില്ലുകളും അപ്രത്യക്ഷമായി. അവിടെ ചെറിയ നിർമ്മാണ യൂണിറ്റുകൾ അനധികൃതമായി തുടങ്ങി. മൂന്നോ നാലോ പേർ മാത്രമാണ് തീപിടുത്തത്തിൽ മരിച്ചതെന്നും ബാക്കിയുള്ളവർ വിഷവാതകമായ കാർബൺ മോണോക് സൈഡ് ശ്വസിച്ച് ശ്വാസംമുട്ടിയാണ് മരിച്ചതെന്നുമാണ് അധികൃതർ പറയുന്നത്. 60ലേറെ പേരെ അഗ്നിശമനസേനാംഗങ്ങൾ രക്ഷപ്പെടുത്തി. ഡൽഹിയിലെ സമീപ സംസ്ഥാനങ്ങളിൽ നിന്നും ദാരിദ്ര്യം സഹിക്കാതെ ഡൽഹിയിലേയ്ക്ക് ജോലി ചെയ്യാൻ കുടിയേറിയവരാണ് മരണപ്പെട്ടവർ.

പോലീസിനും, അഗ്നിശമനസേനയ്ക്കും രക്ഷാപ്രവർത്തനം നടത്താൻ പ്രയാസമുള്ള സ്ഥലങ്ങളിലാണ് ഡൽഹിയിലെ പല കോളനികളിലുമായുള്ള പതിനായിരക്കണക്കിന് വീടുകൾ ഉള്ളത്. ഒരാൾക്ക് നടക്കുവാൻ മാത്രം വലുപ്പമുള്ള ഇടവഴികൾ വലിയ അപകടങ്ങൾ ഭാവിയിലും വിളിച്ച് വരുത്തും എന്ന കാര്യത്തിൽ സംശയമില്ല. വായുസഞ്ചാരമില്ലാത്ത മുറികളാണ് പല വീടുകൾക്കുമുള്ളത്. അശാസ്ത്രീയമായ രീതിയിൽ നാലും അഞ്ചും നിലകൾ പടുത്തുയർത്തിയ ഇവിടേയ്ക്ക് വൈദ്യുതി നൽകുന്നു. അപകട കരമായ വിധത്തിലുള്ള കെട്ടിടങ്ങൾക്ക് അംഗീകാരം ലഭിക്കുന്നത് നേരായ വഴിക്കല്ല. മുനിസിപ്പാലിറ്റിയും, പോലീസും ഒരേപോലെ ഇതിൽ കുറ്റക്കാരാണ്. അപകടങ്ങൾ വരുന്ന അവസരത്തിൽ പരസ്പരം പഴിചാരുന്ന കാഴ്ചയും ജനം കാണുന്നുണ്ട്. പതിവുപോലെ ജുഡീഷ്യൽ അന്വേഷ ണങ്ങൾ പ്രഖ്യാപിക്കും. അതിന് ഒരു തീർപ്പും ഉണ്ടാകുക പതിവില്ല. പല ഇടനാഴികളിലൂടെ യാത്ര ചെയ്യുമ്പോഴും ആകാശം കാണുവാൻ സാധിക്കാത്ത തരത്തിൽ വൈദ്യുതിയുടേയും മറ്റും കേബിളുകൾ തലയ്ക്ക് മുകളിലൂടെ പോകുന്നത് കാണാം. കൃത്യമായ വായുസഞ്ചാരമില്ലാത്ത ഡൽഹിയിലെ പല കോളനികളും വലിയ ഭീഷണി തന്നെയാണ്. ശക്തമായ ഒരു ഭൂകമ്പം സംഭവിച്ചാൽ സംഗതി അതീവ ഗുരുതരമായിരിക്കും..

## തീഹാറിൽ ആരാച്ചാരെ തേടുന്നു


രവികുമാർ

തന്നെ ആരാച്ചാരാക്കൂ എന്ന് അഭ്യർത്ഥി ച്ചുകൊണ്ട് ഷിംല സ്വദേശി രവികുമാർ രാഷ്ട്രപതി രാംനാഥ് കോവിന്ദിന് കത്തയച്ച് കാത്തിരിക്കുകയാണ്. നിർഭയ കേസിലെ പ്രതികളെ തൂക്കിലേറ്റുമെന്ന കാര്യത്തിൽ ഏതാണ്ട് തീർപ്പായിരിക്കുന്നു എന്നാണ് കരുതപ്പെടുന്നത്. ഹൈദ്രബാദിലെ ബലാത്സംഗ പ്രതികളെ വെടിവെച്ച് കൊന്നപ്പോൾ രാജ്യവ്യാപകമായി അനുകൂല പ്രതികരണങ്ങൾ ഉണ്ടായത് അതിന് കൂടുതൽ സാധ്യത കൽപ്പിക്കുന്നു. ഇന്ത്യയിലെ നീതി നിർവ്വഹണത്തിൽ ജനങ്ങൾക്ക് സംശയമുള്ളതു കൊണ്ടാണ് ഇങ്ങനെ ഒരു സ്ഥിതി ഉണ്ടായതെന്നാണ് വിലയിരുത്തപ്പെടുന്നത്. തീഹാർ ജയിലിൽ ആരാച്ചാർ ഇല്ലെന്ന വാർത്തകൾ പുറത്ത് വന്നതോടെയാണ് രവികുമാർ തന്റെ സമ്മതം പരസ്യമായി പ്രഖ്യാപിച്ച് വാർത്തകളിൽ ഇടംനേടിയത്. ദയാ ഹർജികൾ തള്ളിയതോടെ 2019ൽ തന്നെ തൂക്കുമരം ഉപയോഗിക്കേണ്ടി വരുമെന്ന സംസാരം വ്യാപകമാണ്. ഇതൊക്കെ നിലനിൽക്കെ തന്നെ തീഹാർ ജയിൽ അധികൃതർ ആരാച്ചാരിനായി അയൽ സംസ്ഥാനങ്ങളിലെ അഭ്യന്തര വകുപ്പുമായി ചർച്ച നടത്തിയിരിക്കുകയാണ്.

2013 മുൽ മുംബയ് ഭീകരാക്രമണക്കേസിൽ പ്രതിയായ അഫ്സൽഗുരുവിനെ തൂക്കിലേറ്റിയ ശേഷം നടക്കുന്ന ശിക്ഷാ നടപടിക്കാണ് തീഹാർ ഒരുങ്ങുന്നത്. ഉത്തർ പ്രദേശിനോട് ചേർന്ന് ബീഹാറിലെ ബുക്സർ സെൻട്രൽ ജയിലിലാണ് തടവുകാർ തൂക്കുകയർ ഉണ്ടാക്കുന്നത്. പത്ത് കയറുകൾ ഉണ്ടാക്കുവാൻ ഓർഡർ കിട്ടയതായി ജയിൽ അധികൃതർ വെളിപ്പെടുത്തിയിട്ടുണ്ട്.

## പ്രതികരണവേദി

# സാമ്പാറിന്റെ സവാള ഗണിതവും ജനങ്ങളെ പരിഹസിക്കുന്ന 'ഇന്ത്യൻ മേരി'യും

സി.കെ.ശശി. കൊടുങ്ങല്ലൂർ

സവാളയ്ക്കും മുരിങ്ങക്കായ്ക്കും അമിതമായി വില വർദ്ധിച്ചതിനെത്തുടർന്ന് സാമ്പാറിന് പ്രത്യേക വില നൽകണമെന്ന് ഹോട്ടലുടമകൾ! പുര കത്തുമ്പോൾ കഴുക്കോലൂരുന്ന തീവെട്ടിക്കൊള്ളയെല്ലാതെ മറ്റെന്താണിത്? സമ്പാർ നമ്മുടെ കറിയായിരുന്നില്ല. തമിഴന്റേതായിരുന്നു അത്. അവർണ്ണരുടെ ശുചിത്വക്കുറവിനും അതു കാരണമായ അയിത്തത്തിനും ഹേതു അവരുടെ ശുചിത്വനിഷ്ക്കർഷയില്ലാത്ത മത്സ്യ-മാംസഭോജനവും മദ്യപാനവുമാണെന്ന് കണ്ടറിഞ്ഞ ശ്രീനാരായണഗുരു അവയുടെ വർജ്ജനത്തിന് പരിഹാരമായി കൊണ്ടുവന്ന കറിയാണ് തമിഴന്റെ സാമ്പാർ. അതുപോലെ 'അഷ്ടാംഗഹൃദയ'ത്തിൽ നിന്ന് പകർത്തിയ മദ്യവിരോധവും. സാമ്പാർ നമ്മുടെ ഭക്ഷണശീലമായത് ശ്രീനാരായണഗുരുവിന്റെ കാലഘട്ടത്തോടെയാണ്. അതുപോലെ നിത്യസ്നാനവും ശുചിത്വ സംബന്ധമായ ദിനചര്യകളും. നായന്മാർക്ക്, വിശിഷ്യാ നായർസ്ത്രീകൾക്ക് മാനാഭിമാനം നൽകിയത് ബഹുഭർത്തൃത്വവും സംബന്ധവും വിലക്കിയ ടിപ്പുസുൽത്താനാണെന്നതുപോലെ ഈഴവരാദികളെ കുളി പഠിപ്പിച്ചത് കുളിസംഘമുണ്ടാക്കി പൊതുകുളങ്ങളിലെ സ്നാനം വിലക്കിയ നാരായണഗുരുവാണ്.



ഗുരു കേരളത്തിന് സാമ്പാർ പരിചയപ്പെടുത്തുമ്പോൾ ഉള്ളിയും സവാളയും മുരിങ്ങക്കായയും കേരളത്തിന് പരിചിതമായിരുന്നില്ല. തികച്ചും അന്യമായ അവകളില്ലാതെയാണ് സാമ്പാർ ഉണ്ടാക്കിയിരുന്നത്. സവാള കേരളത്തിൽ ജനകീയമായത് സുമാർ 50 കൊല്ലം മുമ്പ് മാത്രമാണ്. അതുപോലെ തക്കാളി, ബീറ്റ്റൂട്ട്, കാരറ്റ്, കാബേജ്, കോളിഫ്ളവർ തുടങ്ങിയവയും. മുരിങ്ങക്കായ കേരളത്തിലെ ഒരു സീസണിലെ പച്ചക്കറി മാത്രമാണ്. അതും തീരദേശ മേഖലകളിൽ വിളയുന്ന, മകരം മുതൽ മേടം വരെ കിട്ടുന്ന പച്ചക്കറി. തമിഴ്നാടുമായുള്ള വാണിജ്യപരമായ നിത്യസമ്പർക്കം കൊണ്ടുമാത്രമാണ് മുരിങ്ങക്കായ ഉൾപ്പെടെ പല പച്ചക്കറികളും ഋതുഭേദമെന്യേ നമുക്കു ലഭ്യമായതും തീൻമേശയിലെ വിഭവങ്ങളായതും. അതിനുമുമ്പ് പരിപ്പ്എരിശ്ശേരിയും, ചക്കക്കൂട്ടാനുമൊക്കെയായിരുന്നു മുഖ്യകറികൾ. 'ആറുമാസം ചക്കേം മാങ്ങേം പിന്നത്തെ ആറുമാസം തട്ടീം മുട്ടീം'

എന്നാണല്ലോ പഴമൊഴി. പരിപ്പ്, കടല, പയർ, എന്നിവയും ചമ്മന്തിയും പച്ചമുളകുമായിരുന്നു കറികൾ. അരിഭക്ഷണം പോലും അന്യമായിരുന്ന അക്കാലത്ത് പഴങ്കഞ്ഞി പച്ചമുളക് രുചിച്ചാണ് ഉള്ളവർ പോലും പ്രാതൽ കഴിച്ച് പശി അടക്കിയിരുന്നത്.

നമ്പൂതിരിമാരും ആഢ്യന്മാരും കണ്ടിയെന്ന് പുച്ഛിച്ച് വർജ്ജിച്ചിരുന്ന പുട്ട്, അപ്പം, മുളകുവട, പരിപ്പുവട എന്നിവ ചായപ്പീടികയിലെ തീൻമേശയിൽ സ്ഥലം പിടിച്ച അപൂർവ്വഭക്ഷ്യവിഭവങ്ങളായിരുന്നു. പുട്ടും കടലയും, പുട്ടും പയറും, അപ്പവും ഭേദപ്പെട്ട തൊഴിലാളികളുടെ ഭക്ഷണങ്ങളാണെങ്കിലും പുട്ടും പപ്പടവും കൊണ്ട് തൃപ്തിപ്പെട്ടവരായിരുന്നു ഏഴകളിൽ ബഹുഭൂരിപക്ഷവും. എന്നാൽ സ്ത്രീകൾക്ക് ഇതെല്ലാം കിട്ടാക്കനിയായി നിഷേധിക്കപ്പെട്ടിരുന്നു. ചായ കുടിക്കാൻ ഭാഗ്യം സിദ്ധിച്ച സ്ത്രീകൾ വിരലിലെണ്ണാവുന്നവർ മാത്രമായിരുന്നു അക്കാലത്ത്. ചേന,ചേമ്പ്,ചക്ക, മാങ്ങ എന്നീ തദ്ദേശീയ വിഭവങ്ങൾകൊണ്ടുള്ള ഭക്ഷ്യ വിഭവങ്ങളായിരുന്നു കേരളത്തിലെ കറികൾ. മുരിങ്ങക്കായ് മൂന്നുമാസക്കാലത്തെ കറിയിലെ ചേരുവ മാത്രം. സവാള പേരിനുപോലും ഉണ്ടായിരുന്നില്ല. വസ്തുതകൾ ഇതായിരിക്കെ സവാളയില്ലാത്ത, മുരിങ്ങക്കായ ഇല്ലാത്ത സാമ്പാർ അന്യമല്ലാത്ത കേരളീയർക്ക് ആ രീതിയിൽ സാമ്പാറുണ്ടാക്കി വിളമ്പി വിലക്കയറ്റം ചെറുക്കുകയാണ് സാമൂഹിക പ്രതിബദ്ധതയുള്ള ഹോട്ടലുടമകൾ ചെയ്യേണ്ടത്. വെളിച്ചെണ്ണയ്ക്ക് പകരം മറ്റു എണ്ണകൾ ഉപയോഗിക്കുന്നവർ പ്രത്യേകിച്ചും. അല്ലാതെ കൂനിന്മേൽ കുരു എന്നപോലെ വില വർദ്ധനഅടിച്ചേൽപ്പിക്കുകയല്ല വേണ്ടത്. ഇതൊന്നുമറിയല്ലാത്ത പച്ചപ്പാവങ്ങളല്ല ഹോട്ടലുടമകൾ. പക്ഷെ വിലകൂട്ടാനുള്ള ഒരു സുവർണ്ണാവസരം കാരണമായി വീണുകിട്ടുമ്പോൾ എന്തിനതു പാഴാക്കണമെന്ന ചിന്തയാണ് സാമ്പാറിന് വില നൽകണമെന്ന ആവശ്യത്തിന് പിന്നിൽ. കാറ്റുള്ളപ്പോൾ തൂറ്റണമെന്നാണല്ലോ പഴമൊഴി. ഇപ്പോൾ വില വർദ്ധിച്ച സവാളയും മുരിങ്ങക്കായും ആഴ്ചകൾക്കുള്ളിൽ പഴയ അവസ്ഥയിലേക്ക് താഴുമ്പോൾ കൂട്ടിയ വില കുറയ്ക്കേണ്ടി വരില്ലെന്ന ഉറച്ച ബോദ്ധ്യമാണ് ഈ സാമൂഹിക ദ്രോഹത്തിന് അവരെ പ്രേരിപ്പിക്കുന്ന ചാലകശക്തി. മരപ്പട്ടിക്ക് ഈനാംപേച്ചി കൂട്ടെന്നതുപോലെ ഹോട്ടലുടമകൾക്ക് തുണയായി മരടിലെ ഫ്ളാറ്റുകാർക്ക് എന്നപോലെ രാഷ്ട്രീയ പാർട്ടികൾ ഉണ്ടെന്നതാണ് അവരുടെ കരുത്ത്.

നമ്മുടെ ഭക്ഷണത്തിലെ പ്രമുഖ ഉപദംശമാണ്

Printed, published and owned by Madhu Balakrishnan R, Basil, Residency Nagar 137 A, Asramam P O, Kollam 691 002 and printed at M/s Pioneer Press (P) Ltd, 21 E, Thiruthangal Road, Sivakasi, Tamilnadu and published at Keralasabdam Fortnightly, Krishnaswamy Avenue, Andamukkam Ward, Convent Road, Kollam 691 001, Kerala. Editor: Madhu Balakrishnan R.

അവിയൽ. അതിനോളം കിടപിടി ക്കാൻപോന്ന രുചികരവും പോഷക സമൃദ്ധവുമായ മറ്റൊന്നില്ല കേരളീയ ഭക്ഷണ വിഭവങ്ങളിൽ. ഉണ്ടെങ്കിലത് നാരായണഗുരു മലയാളിക്ക് പരിചയപ്പെ ടുത്തിയ സവാളയും മുരിങ്ങക്കായയും ഇല്ലാത്ത സാമ്പാർ മാത്രമാണ്. വെള്ള രിക്ക പച്ചപ്പയർ, പടവലങ്ങ, പച്ചക്കായ, അമര, കത്തിരിക്ക, ചേന, കാച്ചിൽ, മുരി ങ്ങക്കായ, കോവയ്ക്ക, വഴുതനങ്ങ എന്നിവയാണ് അതിലെ ചേരുവകൾ. പിന്നീട് അതിൽ തമിഴന്റെ ഉരുളക്കി ഴങ്ങും കാരറ്റും ചേർത്തു എന്നുമാ ത്രം. ഈ സമ്പൂർണ്ണ സമ്പുഷ്ട വിഭവം ഒരു പിശുക്കന്റെ കണ്ടുപിടി ത്തമാണെന്നാണ് ഐതിഹ്യം. പിശു ക്കനായ ഒരു പ്രമാണിയുടെ 60-ാം പിറന്നാളാഘോഷത്തിന് തയ്യാറാ ക്കിയ എരിശ്ശേരി, കാളൻ, പച്ചടി, കിച്ചടി, തോരൻ, ഓലൻ എന്നി വയ്ക്കു നുറുക്കിയ ചേരുവകളുടെ തുമ്പും മറ്റും മുറിയുടെ മൂലയിൽ പാഴ്വസ്തുക്കളായി കുന്നുകൂട്ടിയി രുന്നു പാചകക്കാർ. പച്ചക്കറി സാധ നങ്ങളുടെ തൊലിപോലും കളയു ന്നത് സഹിക്കാൻ കഴിയാത്ത ലുബ്ധ നായ പ്രമാണി അതെല്ലാം ചേർത്ത് ഒരു കറിയുണ്ടാക്കാൻ ആജ്ഞാപിച്ചു. അങ്ങനെയുണ്ടായതാണത്രെ സദ്യ യിലെ നടുവിഭവമായ അവിയൽ. അതിൽ കേരളീയ പച്ചക്കറികളല്ലാതെ പരദേശി ചേരുവകൾ ഒന്നുമില്ല. അംഗഹീനർക്കും ഗർഭിണി കൾക്കും അവിയലുണ്ടാക്കാൻ വിലക്കുണ്ടായിരുന്നു.



**വരേണ്യർക്ക് നിഷിദ്ധമായ ഉള്ളിയും സവാളയും കഴിക്കാത്തതിനാൽ അവയുടെ വിലക്കയറ്റത്തെക്കുറിച്ച് അജ്ഞത നടിച്ച് കേമത്തം കാണിച്ച കേന്ദ്ര ധനകാര്യമന്ത്രി നിർമ്മലാ സീതാരാമൻ പ്രകടിപ്പിച്ചത് പദവിക്ക് നിരക്കാത്ത ധിക്കാരമാണ്.**

നാസ്തികർക്കും മദ്യപാനികൾക്കും ഈശ്വരവിശ്വാസികൾക്കുമാണ് അതു ണ്ടാക്കാനുള്ള അനുമതി. ഭക്ഷ്യക്ഷാമം കൊടുംപിരിക്കൊണ്ട 1960 കളിൽ വിവാ ഹത്തിൽ പങ്കെടുക്കുന്നവർ താന്താങ്ങ ളുടെ റേഷനരി വിഹിതം കൊണ്ടുവരണ മെന്ന് ക്ഷണക്കത്തുകളിൽ ഓർമ്മിപ്പിച്ചി രുന്നുവത്രെ. (അന്നവിചാരങ്ങൾ-വിനോ ദ്കുമാർ. പുറം 32,ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്)

വരേണ്യർക്ക് നിഷിദ്ധമായ ഉള്ളിയും സവാളയും കഴിക്കാത്തതിനാൽ അവയുടെ വിലക്കയറ്റത്തെക്കുറിച്ച് അജ്ഞത നടിച്ച് കേമത്തം കാണിച്ച കേന്ദ്ര ധനകാര്യമന്ത്രി നിർമ്മലാ സീതാരാമൻ പ്രകടിപ്പി ച്ചത് പദവിക്ക് നിരക്കാത്ത ധിക്കാ രമാണ്. റൊട്ടിക്ക് വേണ്ടി ബഹളം കൂട്ടിയ പാവങ്ങളെനോക്കി റൊട്ടി യില്ലെങ്കിൽ കേക്ക് തിന്നരുതോ എന്ന് ചോദിച്ച ഗില്ലറ്റിനാൽ വധി ക്കപ്പെട്ട ഫ്രഞ്ച് രാജ്ഞി മേരി അന്റോണൈറ്റിനെയാണ് ഇതോർമ്മപ്പെടുത്തുന്നത്. വളർച്ച വിളർച്ചയിലേക്ക് കൂപ്പുകുത്തി യിട്ടും സാമ്പത്തിക മാന്ദ്യമില്ലെന്ന് ഉറച്ച നിലപാടിലാണ് മന്ത്രി. മസ്തിഷ്ക്കവും ഹൃദയവും നില ച്ചിട്ടും രോഗി മരിച്ചിട്ടില്ലെന്ന് സമർത്ഥിക്കുന്ന അന്റോണൈറ്റി രാജ്ഞിയുടെ പുനരവതാരമായ ധനമന്ത്രി ഭാരതത്തിന്റെ ദുരന്തവും പാവങ്ങളുടെ മുന്നിലെ വെല്ലുവിളിയുമാണ്.

(9446049849 )


## തപാലിൽ ലഭിക്കാൻ

കേരളശബ്ദം

വരിസംഖ്യാനിരക്ക്

| | 1 വർഷം | 2 വർഷം |
|---|---|---|
| ഇന്ത്യയിൽ | 410 രൂപ | 820 രൂപ |
| വിദേശത്ത് | 2160 രൂപ | 4320 രൂപ |

For Online Payment visit: www.nanafilmweekly.com

പേര്: ..............................................................

മേൽവിലാസം: ......................................................

..............................................................

..............................................................

പിൻകോഡ്: ...................... ഫോൺ: ........................

ഇ-മെയിൽ : ..............................................................

നിലവിലുള്ള വരിക്കാർ സബ്സ്ക്രിപ്ഷൻ നമ്പർ (..............................) എഴുതുക

Please send the DD/Cheque/MO in favour of **KERALASABDAM WEEKLY**

കേരളശബ്ദം, ലക്ഷ്മിനട, കൊല്ലം- 691013 E-mail: subscription@nanafilmweekly.com

Keralasabdam Fortnightly R.No. 5983/62 Date of Release 13-12-2019 Price Rs.20/-

